# വിധിന്യായങ്ങൾ

## ബഹു. സുപ്രീം കോടതി മുമ്പാകെ

ക്രിമിനൽ ആദ്യാധികാരിത

റിട്ട് പെറ്റീഷൻ (ക്രിമിനൽ) നം. 129/2006

**ലക്ഷ്മി** : ഹർജിക്കാരി(കൾ)

അഭി

ഭാരതസർക്കാരും മറ്റുള്ളവരും : എതിർകക്ഷി(കൾ)

**ഉത്തരവ്**

കേന്ദ്ര രാസ-വളം മന്ത്രാലയത്തെ സഹകരിപ്പിച്ചു കൊണ്ട് സംസ്ഥാന സർക്കാരുകളുടെ ചീഫ് സെക്രട്ടറിമാരുടെയും/ ബന്ധപ്പെട്ട സെക്രട്ടറിമാരുടെയും കേന്ദ്രഭരണപ്രദേശങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാരുടെയും ഒരു യോഗം വിളിച്ചു ചേർത്ത് മറ്റ് പലതിനുമൊപ്പം ഇനിപ്പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് ആഭ്യന്തര മന്ത്രാലയത്തിലെ ആഭ്യന്തര സെക്രട്ടറിയ്ക്ക് ഒരു നിർദ്ദേശം 6-02-2013-ൽ നൽകിയിരുന്നു:

(i) സംസ്ഥാനങ്ങളിലും / കേന്ദ്രഭരണ പ്രദേശങ്ങളിലും ആസിഡിന്റെ വില്പന ഫലപ്രദമായി ക്രമീകരിക്കുന്നതിന് ഉചിതമായ വ്യവസ്ഥകൾ ഉണ്ടാക്കുക.

(ii) ആസിഡ് ആക്രമണത്തിനു ഇരയായവർക്ക് ശരിയായ ചികിത്സയ്ക്കും അനന്തര ശ്രുശ്രൂഷയ്ക്കും ശ്രദ്ധയ്ക്കും പുനരധിവാസത്തിനും ആസിഡ് ആക്രമണത്തിനു ഇരയായവരുടെ ഒഴിവാക്കാൻ വയ്യാത്ത ആവശ്യങ്ങൾക്കുമുള്ള മാർഗ്ഗങ്ങൾക്കും.

(iii) സംസ്ഥാനം ആസിഡ് ആക്രമണ ഇരകൾക്ക് നൽകേണ്ടതായ നഷ്ടപരിഹാരം/അല്ലെങ്കിൽ ആസിഡ് ആക്രമണ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ഒരു പ്രത്യേക ഫണ്ടിന്റെ രൂപീകരണം.

2. 6-02-2013- ലെ ഉത്തരവിനെ തുടർന്ന് ഈ കോടതി 16-4-2013, 09-07-2013, 16-07-2013 എന്നീ തീയതികളിൽ മൂന്ന് തുടർ ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി.

3. വിവിധ സംസ്ഥാന സർക്കാരുകളും/കേന്ദ്രഭരണപ്രദേശങ്ങളും അവരുടെ സത്യവാങ്മൂലങ്ങൾ സമർപ്പിയ്ക്കുകയുണ്ടായി. ഭാരത സർക്കാർ 17-07-2013-ൽ അന്തിമ സത്യവാങ്മൂലം സമർപ്പിച്ചു. ആ സത്യവാങ്മൂലത്തോടൊപ്പം, "2013-ലെ വിഷം കൈവശംവയ്ക്കലും വില്പനയും ചട്ടങ്ങൾ" എന്ന് ചുരുക്കപ്പേരുള്ള കരട് മാതൃകാ ചട്ടങ്ങളും (ചുരുക്കത്തിൽ "മാതൃകാ ചട്ടങ്ങൾ") റെക്കാർഡായി സമർപ്പിക്കുകയുണ്ടായി. ഇന്നുമുതൽ ഒരാഴ്ചക്കുള്ളിൽ 1919-ലെ വിഷം സംബന്ധിച്ച ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ആസിഡിന്റെയും മറ്റ് വിഷമയ പദാർത്ഥങ്ങളുടെയും വില്പന ക്രമീകരിക്കുന്നതിനുള്ള മാതൃകാ ചട്ടങ്ങൾ എല്ലാ സംസ്ഥാന സർക്കാരുകൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്രസർക്കാർ സർക്കുലേറ്റ് ചെയ്യുന്നതാണെന്ന് സോളിസിറ്റർ ജനറൽ ശ്രീ. മോഹൻ പരാശരൻ പ്രസ്താവിക്കുകയുണ്ടായി. ആസിഡിനെ ഏത് അവസ്ഥയിൽ (ദ്രവരൂപമോ പരൽരൂപമോ ഗാഢലായനിയോ) ശേഖരിച്ചു വെയ്ക്കാമെന്നും വിൽക്കാമെന്നും ലൈസൻസ് നൽകാവുന്നതെന്നും വ്യക്തികൾക്കും വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെ വകുപ്പുകൾക്കും അത് സംഭരിക്കുന്ന വിധവും മറ്റു പലതിനുമൊപ്പം മാതൃകാ ചട്ടങ്ങളിൽ ഉൾപ്പെടുന്നതാണെന്നും അദ്ദേഹം പറയുകയുണ്ടായി. മേൽ പ്രസ്താവിച്ച പ്രകാരം സോളിസിറ്റർ ജനറൽ നടത്തിയ പ്രസ്താവന ഞങ്ങൾ അംഗീകരിക്കുന്നു.

4. സംസ്ഥാനങ്ങളെയും കേന്ദ്രഭരണപ്രദേശങ്ങളെയും സംബന്ധിച്ചിടത്തോളം മഹാരാഷ്ട്ര, കർണ്ണാടക, കേരളം, ഹരിയാന, പഞ്ചാബ്, മദ്ധ്യപ്രദേശ്, സിക്കിം, അരുണാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ആസിഡിന്റെയും മറ്റ് വിഷമയ പദാർത്ഥങ്ങളുടെയും വില്പ്പന നിയന്ത്രിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളതായി ഞങ്ങളെ അറിയിച്ചു. മേഘാലയ സംസ്ഥാനത്തെ സംബന്ധിച്ച്, ലഭ്യമായ രേഖകളിൽ നിന്നും ഞങ്ങൾ കാണുന്നത് കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിന്റെ ഒരു പകർപ്പ് കോടതിയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതുമാണ്.

5. ആസിഡിന്റെയും മറ്റ് വിഷമയ പദാർത്ഥങ്ങളുടെയും വിൽപ്പന ക്രമപ്പെടുത്തുന്നതിനുള്ള ചട്ടം ഇന്നുമുതൽ രണ്ട് മാസത്തിനകം ഉണ്ടാക്കുന്ന താണെന്ന് തമിഴ്നാട് സർക്കാരിനുവേണ്ടിയുള്ള അഭിഭാഷകൻ ഞങ്ങൾക്ക് മുമ്പാകെ പ്രസ്താവിക്കുകയുണ്ടായി.

6. ഞങ്ങളുടെ അഭിപ്രായത്തിൽ, ഇതുവരെ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ലാത്ത എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും ആസിഡിന്റെയും മറ്റ് വിഷമയ പദാർത്ഥങ്ങളുടെയും വിൽപ്പന നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാർ ഉണ്ടാക്കിയിട്ടുള്ള മാതൃകാ ചട്ടത്തിന്റെ രീതിയിലുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ശ്രമിയ്ക്കേണ്ടതാണ്. ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളതും എന്നാൽ ഈ ചട്ടങ്ങൾ കേന്ദ്രസർക്കാർ ഉണ്ടാക്കിയിട്ടുള്ള മാതൃകാ ചട്ടത്തിലുള്ളതുപോലെ കർശനവ്യവസ്ഥകളില്ലാത്തതുമായ സംസ്ഥാനങ്ങൾ, മാതൃകാ ചട്ടത്തിന്റെ രീതിയിൽ അവയെ കൊണ്ടുവരുന്നതിന് അവരുടെ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാരും കേന്ദ്ര ഭരണപ്രദേശത്തെ അഡ്മിനിസ്ട്രേറ്റർമാരും മുകളിൽ പറഞ്ഞത് പാലിക്കുന്നുണ്ടോയെന്ന് എത്രയും വേഗം ഉറപ്പ് വരുത്തേണ്ടതും ആയത് കേന്ദസർക്കാരിൽനിന്നും കരട് മാതൃകാ ചട്ടങ്ങൾ ലഭ്യമായ തീയതി മുതൽ യാതൊരു സംഗതിയിലും മൂന്ന് മാസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്.

7. കേന്ദ്രവും സംസ്ഥാനങ്ങളും/കേന്ദ്രഭരണപ്രദേശങ്ങളും 1919-ലെ വിഷം സംബന്ധിച്ച ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം അനുവദിയ്ക്കുവാൻ പാടില്ലാത്തതുമായ കുറ്റങ്ങളാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

8. ആസിഡിന്റെയും മറ്റ് വിഷമയ പദാർത്ഥങ്ങളുടെയും വിൽപ്പന നിയന്ത്രിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രവർത്തനത്തിൽ ഇല്ലാത്തതോ ഇതുവരെയും അപ്രകാരമുള്ള ചട്ടങ്ങൾ ഉണ്ടാക്കുകയോ പ്രവർത്തനത്തിൽ കൊണ്ടുവരികയോ ചെയ്തിട്ടില്ലാത്തതുമായ സംസ്ഥാനങ്ങളിലും/കേന്ദ്രഭരണ പ്രദേശങ്ങളിലും ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാരും/കേന്ദ്ര ഭരണപ്രദേശങ്ങളുടെ അഡ്മിനിസ്ട്രേറ്റർമാരും താഴെപറയുന്ന നിർദ്ദേശങ്ങൾ ഉടനടി പാലിക്കുന്നുണ്ടോ യെന്ന് ഉറപ്പ് വരുത്തേണ്ടതാണ്:

(i) ആസിഡ് ഏത് വ്യക്തിക്കാണോ/വ്യക്തികൾക്കാണോ വിറ്റതെന്നുള്ള അവരുടെ വിശദവിവരങ്ങളും എത്ര അളവാണ് വിറ്റതെന്നും രേഖപ്പെടുത്തുന്ന ഒരു ലോഗ് ബുക്ക് / രജിസ്റ്റർ വിൽപ്പനക്കാരൻ സൂക്ഷിച്ചു പോരുന്നില്ലെങ്കിൽ ചില്ലറ വിൽപ്പനയിലൂടെയുള്ള ആസിഡിന്റെ വിൽപ്പന പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. ഇത് ആർക്കാണോ വിറ്റത് ആ ആളിന്റെ മേൽവിലാസം ലോഗ് ബുക്ക്/രജിസ്റ്ററിൽ ഉണ്ടായിരിക്കേണ്ടതാണ്.

(ii) വാങ്ങുന്ന ആൾ താഴെപ്പറയുന്നവ കാണിച്ചതിനുശേഷം മാത്രമേ എല്ലാ വിൽപനക്കാരും, ആസിഡ് വിൽക്കാൻ പാടുള്ളൂ:

(എ) ആളിന്റെ മേൽവിലാസം രേഖപ്പെടുത്തി സർക്കാർ നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്.

(ബി) ആസിഡ് വാങ്ങുന്നതിനുള്ള കാരണം/ആവശ്യം വ്യക്ത മാക്കുന്നത്.

(iii) ബന്ധപ്പെട്ട സബ്ഡിവിഷണൽ മജിസ്ട്രേറ്റിനോട് 15 ദിവസത്തിനുള്ളിൽ ആസിഡിന്റെ എല്ലാ കരുതൽ ശേഖരത്തെ സംബന്ധിച്ചും വില്പനക്കാരൻ, ബോധ്യപ്പെടുത്തിയിരിക്കേണ്ടതാണ്.

(iv) 18 വയസ്സിൽ താഴെ പ്രായമുള്ള ഏതൊരാളിനും ആസിഡ് വിൽക്കാൻ പാടുള്ളതല്ല.

(v) ആസിഡിന്റെ കരുതൽ ശേഖരത്തെ സംബന്ധിച്ച് ബോധ്യപ്പെടുത്തി യിട്ടില്ലാത്ത സംഗതിയിൽ ബന്ധപ്പെട്ട സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് പ്രസ്തുത കരുതൽശേഖരം കണ്ടുകെട്ടുന്നതിനും അങ്ങനെയുള്ള വിൽപനക്കാരനുമേൽ 50000/- രൂപ വരെയുള്ള പിഴ ചുമത്താവുന്നതുമാണ്.

(vi) മേൽപ്പറഞ്ഞ ഏതെങ്കിലും നിർദ്ദേശങ്ങൾ ലംഘിക്കുന്ന ഏതൊരാളിന്മേലും ബന്ധപ്പെട്ട സബ്ഡിവിഷണൽ മജിസ്ട്രേറ്റിന് 50,000/- രൂപ വരെയുള്ള പിഴ ചുമത്താവുന്നതാണ്.

9. ആസിഡ് സൂക്ഷിക്കേണ്ടതും ശേഖരിക്കേണ്ടതും ആവശ്യമായി വരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും ഗവേഷണ പരീക്ഷണശാലകളും ആശുപത്രികളും

സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളിലെ വകുപ്പുകളും ഇനിപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:

(i) ആസിഡിന്റെ ഉപഭോഗം സംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിച്ചു പോരേണ്ടതും അത് ബന്ധപ്പെട്ട സബ്ഡിവിഷണൽ മജിസ്ട്രേറ്റിന് സമർപ്പിക്കേണ്ടതുമാണ്.

(ii) ഒരാൾ ആസിഡ് കൈവശം വെയ്ക്കുന്നതിനും അത് അയാളുടെ പരിസരത്ത് സുരക്ഷിതമായി സൂക്ഷിക്കുന്നതിനും അയാളെ ഉത്തരവാദിയാക്കേണ്ടതാണ്.

(iii) ഈ ആളിന്റെ മേൽനോട്ടത്തിൽ ആസിഡ് സൂക്ഷിക്കേണ്ടതും ആസിഡ് ഉപയോഗിക്കുന്നതായ പരീക്ഷണശാലയിൽ നിന്നോ ആസിഡ് സംഭരിച്ചിരിക്കുന്ന സ്ഥലത്തു നിന്നോ പുറത്തേക്കിറങ്ങുന്ന വിദ്യാർത്ഥികളേയും ആളുകളേയും നിർബന്ധമായും പരിശോധിച്ചിരി ക്കേണ്ടതുമാണ്.

10. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ നിരാകരിക്കൽ/വീഴ്ച വരുത്തൽ/ലംഘനം എന്നിവയിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സബ്ഡിവിഷണൽ മജിസ്ട്രേറ്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

11. 2009-ലെ 5-ാം ആക്റ്റ് മുഖേന, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ 31-12-2009 മുതൽ പ്രാബല്യത്തോടുകൂടി 357 എ വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. മറ്റു പലതിന്റേയും കൂട്ടത്തിൽ, ഈ കുറ്റത്തിന്റെ ഫലമായി നഷ്ടമോ ക്ഷതമോ സംഭവിച്ച ഇരയ്ക്കും അല്ലെങ്കിൽ അയാളുടെ ആശ്രിതർക്കും പുനരധിവാസം ആവശ്യമായിട്ടുള്ളവർക്കും നഷ്ടപരിഹാരം ലഭ്യമാക്കുന്ന ആവശ്യത്തി ലേയ്ക്കായി ഒരു നിധി രൂപീകരിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുന്നതിനും ഈ വകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

12. ഈ വ്യവസ്ഥയെ തുടർന്ന് 17 സംസ്ഥാനങ്ങളും 7 കേന്ദ്രഭരണ പ്രദേശങ്ങളും 'വിക്ടിം കോംപൻസേഷൻ സ്കീം' (ചുരുക്കത്തിൽ സ്കീം) തയ്യാറാക്കിയിട്ടുണ്ട് എന്ന് ഞങ്ങളെ അറിയിച്ചിട്ടുണ്ട്. ആസിഡ് ആക്രമണത്തിന് ഇരയായവരെ സംബന്ധിച്ച് ഈ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഉണ്ടാക്കിയിട്ടുള്ള

സ്കീമിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടപരിഹാരം ഏകതോതിലല്ല. അങ്ങനെയുള്ള സ്കീമിൽ ബീഹാർ സംസ്ഥാനം നഷ്ടപരിഹാരമായി നൽകുന്നതിന് 25,000 രൂപ വ്യവസ്ഥ ചെയ്യുമ്പോൾ രാജസ്ഥാൻ സംസ്ഥാനം വ്യവസ്ഥ ചെയ്യുന്ന നഷ്ടപരിഹാരം 2,00,000 രൂപയാണ്. ഞങ്ങളുടെ കാഴ്ചപ്പാടിൽ, ഭൂരിഭാഗം സംസ്ഥാനങ്ങളും/ കേന്ദ്ര ഭരണപ്രദേശങ്ങളും സ്കീമിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നഷ്ടപരിഹാരം അപര്യാപ്തമാണ്. ആസിഡ് ആക്രമണത്തിന് ഇരയായവർക്ക് നിരവധി പ്ലാസ്റ്റിക് സർജറികളുടെയും മറ്റ് ശരിയാക്കൽ ചികിത്സകളുടെയും ഒരു നിര തന്നെ ചെയ്യേണ്ടതായി വരും എന്നുള്ളത് അവഗണിക്കുവാൻ സാധിക്കുന്നതല്ല. ഈ പ്രശ്നം പരിഗണിച്ച് ആസിഡ് ആക്രമണത്തിനിര യായവർക്ക് അനന്തര ശ്രുശ്രൂഷയ്ക്കും ശ്രദ്ധയ്ക്കും പുനരധിവാസ ചെലവുകൾക്കുമായി നൽകുന്ന നഷ്ടപരിഹാരം ഏറ്റവും കുറഞ്ഞത് മൂന്നുലക്ഷം രൂപയെങ്കിലുമായി ഉയർത്തണമെന്ന് സോളിസിറ്റർ ജനറൽ ഞങ്ങളോട് ആവശ്യപ്പെടുകയുണ്ടായി. സോളിസിറ്റർ ജനറലിന്റെ ആവശ്യം തികച്ചും ന്യായമാണ്.

13. തദനുസരണം, ബന്ധപ്പെട്ട സംസ്ഥാന സർക്കാർ/കേന്ദ്രഭരണ പ്രദേശം ആസിഡ് അക്രമണത്തിന് ഇരയായവർക്ക് അനന്തര ശുശ്രൂഷയ്ക്കും ശ്രദ്ധയ്ക്കും പുനരധിവാസ ചെലവുകൾക്കുമായി ഏറ്റവും കുറഞ്ഞത് മൂന്ന് ലക്ഷം രൂപയെങ്കിലും നഷ്ടപരിഹാരം നല്കണമെന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു. അങ്ങനെയുള്ള ഇരയ്ക്ക്, ഈ തുകയിൽ നിന്ന്, ഒരു ലക്ഷം രൂപ അത്തരം സംഭവം നടന്ന് പതിനഞ്ച് ദിവസത്തിനുള്ളിൽ (അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ/കേന്ദ്രഭരണ പ്രദേശത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വരുമ്പോൾ) ഇത് സംബന്ധിച്ചുള്ള അടിയന്തിര ചികിത്സ ത്വരിതപ്പെടുത്തുന്നതിനും ചെലവുകൾക്കുമായി നൽകേണ്ടതാണ്. ബാക്കി തുകയായ രണ്ട് ലക്ഷം രൂപ കഴിയുന്നത്ര വേഗത്തിലും അവശ്യം രണ്ട് മാസത്തിനുള്ളിലും നല്കിയിരിക്കേണ്ട താണ്. മേൽ നിർദ്ദേശം പാലിക്കപ്പെടുന്നുവെന്ന് സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാരും കേന്ദ്രഭരണ പ്രദേശങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാരും ഉറപ്പു വരുത്തേണ്ടതാണ്.

14. ഈ ഉത്തരവ് പ്രാദേശികഭാഷയിലേയ്ക്ക് പരിഭാഷപ്പെടുത്തേണ്ടതും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി അത് ഉചിതമായി പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാരും കേന്ദ്ര ഭരണപ്രദേശങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാരും സ്വീകരിക്കേണ്ടതുമാണ്.

15. ഈ വിഷയം 2013 ഡിസംബർ 3-ാം തീയതിയിലേയ്ക്ക് ലിസ്റ്റ് ചെയ്യുക.

**(ജസ്റ്റിസ് ആർ. എം. ലോധ)**

(ജസ്റ്റിസ് ഫക്കീർ മുഹമ്മദ് ഇബ്രാഹിം കലീഫുള്ള)

ന്യൂഡൽഹി,

18 ജൂലൈ, 2013.

## സുപ്രീംകോടതി മുമ്പാകെ

*ബഹു. ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ,*

*ബഹു. ജസ്റ്റിസ് ദീപക് മിശ്ര*

**എൻവിയോൺമെന്റ് ആന്റ് കൺസ്യൂമർ പ്രൊട്ടക്ഷൻ ഫൗണ്ടേഷൻ**

**അഭി**

**ഡൽഹി അഡ്മിനിസ്ട്രേഷനും മറ്റുള്ളവരും**

**റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 631/2004**

2012, ഒക്ടോബർ 3-ന് വിധി പ്രസ്താവിച്ചത്

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദങ്ങൾ 21 എ, 226- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് (2009-ലെ 35), 34-ാം വകുപ്പ് - വിദ്യാഭ്യാസത്തിനുള്ള കുട്ടിയുടെ അവകാശം - സ്കൂളുകളിൽ ആവശ്യമായ അടിസ്ഥാന ഘടകങ്ങളുടെയും സൗകര്യങ്ങളുടെയും അപര്യാപ്തത - ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മൂത്രപ്പുര സൗകര്യങ്ങൾ, കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ, ആവശ്യമായത്ര പഠനമുറികൾ, അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനങ്ങൾ മുതലായവ ആറു മാസത്തിനുള്ളിൽ അവശ്യം ഏർപ്പെടുത്തിയിരിക്കണമെന്ന് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി - സർക്കാർ സ്കൂളുകൾ, സ്വകാര്യ സ്കൂളുകൾ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകൾ, ന്യൂനപക്ഷവും ന്യൂനപക്ഷ വുമല്ലാത്ത സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകൾക്കും ബാധകമാക്കുന്നതിന് നിർദ്ദേശം നൽകി.**

*ബഹു. ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ:*

ഭാരതത്തിന്റെ ഭരണഘടനയുടെ 21 എ അനുച്ഛേദം അനുശാസിക്കുന്ന സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഒരു യാഥാർത്ഥ്യ മാക്കുന്നതിലേയ്ക്കായി സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് സ്കൂളുകളുടെയും തദ്ദേശാധികാരസ്ഥാനങ്ങൾ നടത്തുന്ന സ്കൂളുകളുടെയും അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി നിരവധി നിർദ്ദേശങ്ങൾ നൽകുന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 32-ാം അനുച്ഛേദ പ്രകാരമുള്ള ഈ കോടതിയുടെ അധികാരിത അഭ്യർത്ഥിച്ചുകൊണ്ട്, രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ധർമ്മ സംഘമായ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നു. ഈ റിട്ട് പെറ്റീഷൻ 2004-ൽ ഫയൽ ചെയ്തിട്ടുള്ളതും അടിസ്ഥാന സൗകര്യങ്ങളായ മൂത്രപ്പുര സൗകര്യങ്ങളും കുടിവെള്ളവും പഠനമുറികളും അദ്ധ്യാപകരുടെ നിയമനവും മറ്റ് എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തണമെന്നും അതുവഴി വൃത്തിയുള്ളതും ആരോഗ്യകരവുമായ പരിതസ്ഥിതിയിൽ കുട്ടികൾക്ക് പഠിക്കുന്നതിന് കഴിയുന്നതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് അന്നു മുതൽ നിരവധി ഇടക്കാല ഉത്തരവുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും നൽകിയി ട്ടുള്ളതുമാണ്. ഈ സംഗതി ഈ കോടതിയുടെ പരിഗണനയിൽ ഇരിയ്ക്കുന്ന സമയത്ത് ***സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009*** പാർലമെന്റ് പാസ്സാക്കുകയുണ്ടായി (ചുരുക്കത്തിൽ ആർ.ടി.ഇ.ആക്റ്റ്). ആർ.ടി.ഇ. ആക്റ്റിന്റെ ഭരണഘടന സാധുതയെ ഈ കോടതി മുമ്പാകെ ചോദ്യം ചെയ്തിട്ടുള്ളതും ഈ കോടതി രാജസ്ഥാനിലെ അൺഎയ്ഡഡ്-സ്വകാര്യ സ്കൂളുകൾക്ക് വേണ്ടിയുള്ള സൊസൈറ്റിയും യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും ((2012) 6 എസ്സിസി 1: എഐആർ 2012 എസ്സി 3445: 2012 എഐആർ എസ്സി. ഡബ്ല്യൂ 3400) തമ്മിലുള്ള കേസ്സിലെ 12-04-2012-ലെ വിധിന്യായത്തിൽ ഈ ആക്റ്റിന്റെ സാധുതയെ ഉയർത്തിക്കാട്ടിയിട്ടുള്ളതും നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. അവയിൽ ചില നിർദ്ദേശങ്ങൾ ഇനിപ്പറയുന്നവ ആണ്:

(എ) ആർ.ടി.ഇ. ആക്റ്റിലെ 38-ാം വകുപ്പു പ്രകാരം അതത് സർക്കാരുകളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് ഈ ആക്റ്റിലെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി പ്രത്യേകിച്ചും, ആർ.ടി.ഇ. ആക്റ്റിലെ 38-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കായി സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്.

(ബി) ആർ.ടി.ഇ. ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം കേന്ദ്രസർക്കാരും അതത് സർക്കാരുകളും അല്ലെങ്കിൽ അങ്ങനെയുള്ള മറ്റ് ക്ഷമതയുള്ള അധികാരസ്ഥാനങ്ങളും, കഴിയുന്നത്ര വേഗത്തിൽ, ഏതൊരു സംഗതിയിലും, ഈ വിധിന്യായം പ്രസ്താവിച്ച തീയതി മുതൽ ആറുമാസത്തിൽ കവിയാതെയുള്ള ഒരു കാലയളവിനുള്ളിൽ നിർദ്ദേശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ചട്ടങ്ങളും ഉണ്ടാക്കേണ്ടതാണ്.

(സി) ആർ.ടി.ഇ. ആക്റ്റിലെ 34-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് സംസ്ഥാന ഉപദേശക കൗൺസിൽ രൂപീകരിച്ചിട്ടില്ലാത്ത എല്ലാ സംസ്ഥാന സർക്കാരുകളും ഇന്നുമുതൽ മൂന്നുമാസത്തിനകം പ്രസ്തുത കൗൺസിൽ രൂപീകരിക്കേണ്ടതാണ്. അങ്ങനെ രൂപീകരിക്കപ്പെട്ട കൗൺസിൽ, ആക്റ്റിലെ 34-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് അതിന് ആവശ്യമായ ചുമതലകൾ ഏറ്റെടുക്കേണ്ടതും അതിനുശേഷം, എത്രയുംപെട്ടെന്ന്, ഈ ഉത്തരവിലെ (6)-ഉം (7)-ഉം (8)-ഉം ഖണ്ഡങ്ങളിലെ നിബന്ധനകൾ അനുസരിച്ച് സർക്കാരിന് ഉപദേശം നൽകേണ്ടതുമാണ്.

(ഡി) ആക്റ്റിലെയും അതിലെ വ്യവസ്ഥകളുടെയും മേൽനോട്ടത്തിനും ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും അതിന്റെ നടപ്പാക്കലിനുമായി ഉചിതമായ ഒരു റഗുലേറ്ററി അതോറിറ്റി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും സ്ഥാപിക്കേണ്ടതാണ്.

3. ആയതിനാൽ, ഈ വിധിന്യായം പ്രസ്താവിച്ച തീയതി മുതൽ ആറുമാസ കാലയളവിനുള്ളിൽ ആർ.ടി.ഇ. ആക്റ്റിലെ വ്യവസ്ഥകൾ പൂർണ്ണമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കേണ്ടതാണെന്ന് കേന്ദ്ര സർക്കാരിനും അതത് സർക്കാരുകൾക്കും ആർ. ടി. ഇ. ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്ന മറ്റ് അധികാരസ്ഥാനങ്ങൾക്കും ഈ കോടതി നിർദ്ദേശം നൽകി. കൂടാതെ, ഈ വിധിന്യായത്തിന്റെ തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ സംസ്ഥാന ഉപദേശക കൗൺസിൽ രൂപീകരിക്കേണ്ട താണെന്ന് എല്ലാ സംസ്ഥാന സർക്കാരുകൾക്കും ഈ കോടതി നിർദ്ദേശം നൽകി. അങ്ങനെ രൂപീകരിക്കപ്പെട്ട ഉപദേശക കൗൺസിലുകൾ ആർ.ടി.ഇ. ആക്റ്റിലെ 34-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് അവരുടെ ചുമതലകൾ നിർവ്വഹിക്കേണ്ടതാണെന്നും ഈ കോടതി ഉത്തരവിലെ (6)-ഉം (7)-ഉം (8)-ഉം ഖണ്ഡങ്ങളിലെ നിബന്ധനകൾ അനുസരിച്ച് സർക്കാരിന് ഉപദേശം നൽകേണ്ട

താണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ആർ. ടി. ഇ. ആക്റ്റിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും അതിന്റെ നടപ്പാക്കലിനുമായി ഉചിതമായ ഒരു റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന്റെ ആവശ്യകതയും എടുത്തു പറഞ്ഞിട്ടുള്ളതുമാണ്. ആർ.ടി.ഇ. ആക്റ്റ് ഫലപ്രദമായി നടപ്പിലാക്കുന്ന തിലേക്കായി, പ്രസ്തുത ആക്റ്റിലെ 38-ാം വകുപ്പു പ്രകാരമുള്ള അധികാരം വിനിയോഗിച്ചു കൊണ്ട്, ചട്ടങ്ങൾ ഉണ്ടാക്കണമെന്ന് കേന്ദ്ര സർക്കാരിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

4. ഈ റിട്ട് പെറ്റീഷനിൽ ഈ കോടതി നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, ചില സംസ്ഥാനങ്ങൾ അവരുടെ സംസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളിൽ ലഭ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിശദ വിവരങ്ങൾ നൽകിയിട്ടുണ്ട്. ചില സ്കൂളുകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യമായ മൂത്രപ്പുര സൗകര്യങ്ങൾ ഏർപ്പെടുത്തിയി ട്ടില്ലായെന്നും ചില സ്കൂളുകളിൽ കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾപോലും ഏർപ്പെടുത്തിയിട്ടില്ല എന്നും ഈ കോടതി നിരീക്ഷിക്കുകയുണ്ടായി. ഈ കോടതി, 29-04-2011-ലും 22-09-2011-ലും വിശദമായ ഇടക്കാല ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. 18-10-2011-ൽ ഈ കോടതി ഇനിപറയുന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്:

‘‘കക്ഷികൾക്ക് വേണ്ടിയുള്ള അഭിഭാഷകരുടെ വാദം കേട്ടു. എല്ലാ സ്കൂളുകളും അടിയന്തിരമായി മൂത്രപ്പുര സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മൂത്രപ്പുര സൗകര്യങ്ങൾ ഏർപ്പെടുത്തിയില്ലാത്ത ഒരു സ്കൂളിലും രക്ഷാകർത്താക്കൾ അവരുടെ കുട്ടികളെ അയയ്ക്കുന്നില്ല (പ്രത്യേകിച്ച് പെൺകുട്ടികളെ) എന്ന് അനുഭവമൂലമായ ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു. ഭരണഘടനയുടെ അനുച്ഛേദം 21-എ ഉറപ്പാക്കിയിട്ടുള്ള സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശത്തെ ഇത് വ്യക്തമായും ലംഘിക്കുന്നു. 2011 നവംബർ 30-ാം തീയതിയിലോ അതിനു മുൻപായോ എല്ലാ സ്കൂളുകളിലും മൂത്രപ്പുര സൗകര്യങ്ങൾ ലഭ്യമാക്കി യിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്ര ഭരണ പ്രദേശങ്ങളോടും ഞങ്ങൾ നിർദ്ദേശിക്കുന്നു. 2011 നവംബർ 30-ാം തീയതിയിലോ അതിനു മുൻപായോ സ്കൂളുകളിൽ സ്ഥിരം മൂത്രപ്പുര സംവിധാനങ്ങൾ നിർമ്മിക്കുവാൻ സാധിക്കാത്ത സംഗതികളിൽ, താത്ക്കാലിക മൂത്രപ്പുര

സൗകര്യങ്ങളെങ്കിലും ഏർപ്പേടുത്തേണ്ടതും 2011 ഡിസംബർ 31-നകം സ്ഥിരമായ മൂത്രപ്പുര സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

2011 നവംബർ 30-നോ അതിനു മുൻപായോ എല്ലാ സംസ്ഥാനങ്ങളിലെയും/കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാരും/ അഡ്മിനിസ്ട്രേറ്റർമാരും അവരുടെ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണെന്നും ഞങ്ങൾ നിർദ്ദേശിക്കുന്നു''.

5. 05-12-2011-ൽ വീണ്ടും ഈ കോടതി ഇനിപ്പറയുന്ന നിർദ്ദേശങ്ങൾക്ക് ഊന്നൽ നൽകി ആവർത്തിക്കുകയുണ്ടായി.

''18-10-2011 തീയതിയിലെ ഞങ്ങളുടെ മുൻഉത്തരവിൽ, എല്ലാ സ്കൂളുകളും അടിയന്തിരമായി മൂത്രപ്പുര സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് ഞങ്ങൾ വ്യക്തമായി സൂചിപ്പിക്കുകയുണ്ടായി; മൂത്രപ്പുര സൗകര്യങ്ങൾ ഏർപ്പാടാക്കി യിട്ടില്ലാത്ത ഒരു സ്കൂളിലും രക്ഷകർത്താക്കൾ അവരുടെ കുട്ടികളെ (പ്രത്യേകിച്ച് പെൺകുട്ടികളെ) അയയ്ക്കുന്നില്ല എന്ന് അനുഭവമൂലമായ ഗവേഷണങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഇത് ഭരണഘടനയുടെ അനുച്ഛേദം 21-എ-യിൽ ഉറപ്പാക്കിയിട്ടുള്ള സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശത്തെ ഇത് വ്യക്തമായും ലംഘിക്കുന്നു. 2011 ഡിസംബർ 3-ാം തീയതിയിലെ ആഫീസ് റിപ്പോർട്ട് സൂചിപ്പിക്കുന്നത് അവസരം നൽകിയിട്ടും തമിഴ്നാട്, ഗുജറാത്ത്, ഛത്തിസ്ഗഡ്, മേഘാലയ, വെസ്റ്റ് ബംഗാൾ, അരുണാചൽ പ്രദേശ്, പഞ്ചാബ്, ഗോവ, ത്രിപുര എന്നീ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപും സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലെന്നാണ്. ഈ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശത്തിനും അവരുടെ സത്യവാങ്മൂലം സമർപ്പിക്കുന്നതിന് ഒരു അവസരം കൂടി നൽകുന്നു. ഇന്നു മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിന് അനുവദിക്കുന്നു. ഈ ആവശ്യത്തിനായി ഇനി കൂടുതൽ സമയം അനുവദിയ്ക്കുന്നതല്ല.

കുടിവെള്ളവും ശുചീകരണവും മന്ത്രാലയമാണ് ബന്ധപ്പെട്ട മന്ത്രാലയം എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. രാജ്യത്തെ കുടിവെള്ള പ്രശ്നത്തിന്റെ അവസ്ഥ സംബന്ധിച്ച് കുടിവെള്ളവും ശുചീകരണവും മന്ത്രാലയത്തിൽ നിന്നും നിർദ്ദേശങ്ങൾ തേടേണ്ടതും ഇന്ന് മുതൽ നാല് ആഴ്ചയ്ക്കകം അതിന്റെ ഇപ്പോഴത്തെ അവസ്ഥ കാണിച്ചുകൊണ്ട് ഒരു സത്യവാങ്മൂലം

സമർപ്പിക്കേണ്ടതാണെന്നും ഭാരത സർക്കാരിനു വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറലിനോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു".

6. 13-01-2012-ൽ ഈ കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ കുറച്ചു സംസ്ഥാനങ്ങളിൽ നിന്നും ഞങ്ങൾക്കു ലഭിച്ച സ്ഥിതി വിവരം സംബന്ധിച്ച് വിശദമായി ഞങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ചില സംസ്ഥാനങ്ങൾ അനുകൂല നടപടികൾ സ്വീകരിച്ചിട്ടുണ്ട്, എന്നാൽ ചില സംസ്ഥാനങ്ങൾ ഇപ്പോഴും പിറകിലോട്ട് തന്നെയാണ്. ഈ കാര്യങ്ങളെല്ലാം കണക്കിലെടുത്തു കൊണ്ട് 12-03-2012-ൽ ഈ കോടതി ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ പ്രസക്ത ഭാഗം ഇനിപ്പറയും പ്രകാരമാണ്.

''2012 മാർച്ച് 31-നോ അതിനു മുൻപായോ വിവിധ സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാർ അവരുടെ ബന്ധപ്പെട്ട എല്ലാ സ്കൂളുകളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുരയ്ക്കുള്ള സ്ഥിരം സൗകര്യങ്ങൾ നിർമ്മിക്കേണ്ടതാണെന്നും മൂത്രപ്പുരയ്ക്കുള്ള സ്ഥിരം സംവിധാനം നിർമ്മിക്കാൻ സാധിക്കാത്ത സംഗതികളിൽ 2012 ഫെബ്രുവരി 28-നോ അതിനുമുൻപായോ താൽക്കാലിക മൂത്രപ്പുര സൗകര്യങ്ങളെങ്കിലും ലഭ്യമാക്കണമെന്നും അപ്രകാരമുള്ള ഒരു സത്യവാങ്മൂലം എല്ലാ ചീഫ് സെക്രട്ടറിമാരും 2012 ഫെബ്രുവരി 28-നോ അതിനുമുൻപായോ സമർപ്പിക്കേണ്ട താണെന്നും നിർദ്ദേശിക്കുന്നു.

ഈ കോടതിയുടെ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്കനുസൃതമായി, ഉത്തർപ്രദേശ്, ആസ്സാം, മേഘാലയ, മിസോറാം, ഛത്തീസ്ഗഡ്, പഞ്ചാബ്, നാഗാലാന്റ്, വെസ്റ്റ് ബംഗാൾ, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഉത്തരാഖണ്ഡ്, ഒഡീഷ, കർണ്ണാടക, ഝാർക്കണ്ഡ്, ഹിമാചൽ പ്രദേശ്, ഗോവ എന്നീ സംസ്ഥാനങ്ങളും ഡൽഹി മുനിസിപ്പൽ കോർപ്പറേഷനും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപും സത്യവാങ്മൂലം സമർപ്പിക്കുകയുണ്ടായി. ഈ സംസ്ഥാനങ്ങളും/ കേന്ദ്രഭരണ പ്രദേശങ്ങളും അവരുടെ ബന്ധപ്പെട്ട സത്യവാങ്മൂലത്തിൽ അവർ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മൂത്രപ്പുര സൗകര്യങ്ങൾ നിർമ്മിക്കുമെന്നും അല്ലെങ്കിൽ ആയത് നിശ്ചയിച്ചിട്ടുള്ള തീയതിയായ 2012 മാർച്ച് 31-നു മുമ്പായി പൂർത്തിയാക്കും എന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

2012 മാർച്ച് 3-ാം തീയതിയിലെ ആഫീസ് റിപ്പോർട്ട് അനുസരിച്ച്, ഇനിപ്പറയുന്ന സംസ്ഥാനങ്ങൾ അവരുടെ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലാത്ത താണ്.

1. ത്രിപുര
2. തമിഴ്നാട്
3. സിക്കിം
4. ഗുജറാത്ത്
5. ബീഹാർ
6. രാജസ്ഥാൻ
7. ജമ്മു & കാശ്മീർ
8. മദ്ധ്യപ്രദേശ്
9. കേരളം

നിയമപാലനത്തിന്റെ സംരക്ഷണാർത്ഥം, ഇന്നു മുതൽ രണ്ട് ആഴ്ചയ്ക്കകം ഈ സംസ്ഥാനങ്ങൾക്ക് അവരുടെ ബന്ധപ്പെട്ട സത്യവാങ്മൂലങ്ങൾ സമർപ്പിക്കുന്ന തിന് ഒരു അവസരം കൂടി ഞങ്ങൾ അനുവദിക്കുന്നു. ഇതിൽ വീഴ്ച വരുത്തിയാൽ അടുത്ത വിചാരണ തീയതിയിൽ ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ ചീഫ് സെക്രട്ടറി ഈ കോടതി മുമ്പാകെ ഹാജരാകേണ്ടതാണ്. സത്യവാങ്മൂലം സമർപ്പിക്കു ന്നതിന് ഇനി സമയം അനുവദിക്കുന്നതല്ല.

കൂടിവെള്ളവും ശുചീകരണവും മന്ത്രാലയത്തിനു വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ, ഭാരത സർക്കാരിന്റെ കൂടിവെള്ളവും ശുചീകരണവും മന്ത്രാലയത്തിന്റെ ഡയറക്ടർ (ജലം), സുജോയ് മജുംദാറിന്റെ, ഒരു സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതാണ്. ഗ്രാമപ്രദേശങ്ങളിൽ കണ്ടെത്തിയിട്ടുള്ള നിലവിലുള്ള സർക്കാർ സ്കൂളുകളെയും അംഗൻവാടികളെയും ഉൾപ്പെടുത്തികൊണ്ട് അവർക്ക് സാമ്പത്തിക സഹായവും സാങ്കേതിക പിൻബലവും നൽകികൊണ്ട് ഗ്രാമ പ്രദേശങ്ങളിൽ ശുചീകരണത്തിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്ന സംസ്ഥാനത്തിന്റെ ശ്രമങ്ങളെ കേന്ദ്ര സർക്കാരിന്റെ ''സമ്പൂർണ്ണ ശുചീകരണ പ്രചാരണ പരിപാടി'' (റ്റി.എസ്.സി) പ്രകാരം കേന്ദ്ര സർക്കാർ കൂടുതൽ പരിപോഷിപ്പിക്കും എന്നാണ് ഈ സത്യവാങ്മൂലത്തിൽ പറഞ്ഞിരിക്കുന്നത്. നിലവിൽ റ്റി.എസ്.സി പദ്ധതി പ്രകാരം 30 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്ന 607 ജില്ലകളിൽ സ്കൂൾ

സാനിട്ടേഷൻ ഹൈജീൻ എഡ്യൂക്കേഷൻ പ്രോഗ്രാം പ്രവർത്തന സജ്ജമായിട്ടുണ്ടെന്നും റ്റി.എസ്.സി. പദ്ധതിയിൻ കീഴിൽ ആകെ 11,99,117 സ്കൂൾ മൂത്രപ്പുരകൾ നിർമ്മിക്കുന്നതിനായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും സത്യവാങ്മൂലത്തിൽ തുടർന്നും ബോധിപ്പിച്ചിരിക്കുന്നു. 29.02.2012 വരെ രാജ്യത്തൊട്ടാകെ റ്റി.എസ്.സി പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകി നിർമ്മിച്ചിട്ടുള്ള സ്കൂൾ മൂത്രപ്പുര യൂണിറ്റ് ബ്ലോക്കുകളുടെ വർദ്ധിക്കുന്ന പുരോഗതിയുടെ കണക്കുകൾ ഇനിപറയും പ്രകാരമാണ്.

പദ്ധതി ലക്ഷ്യമിടുന്നത് - 13,14,636

പദ്ധതി നടപ്പിലാക്കിയത് - 11,99,117

പുരോഗതിയുടെ ശതമാനം - 91.21%

സംസ്ഥാനങ്ങൾ അവരവർക്ക് ലഭിച്ചിട്ടുള്ള റ്റി.എസ്.സി വിഹിതത്തിൽ നിന്നാണ് സർക്കാർ സ്കൂളുകളിലെ ശുചീകരണ സൗകര്യങ്ങൾ ഏർപ്പാടാക്കി യിട്ടുള്ളതെന്ന് പ്രസ്തുത സത്യവാങ്മൂലത്തിന്റെ 9-ാം ഖണ്ഡികയിൽ പ്രസ്താവിച്ചിരിക്കുന്നു. റ്റി.എസ്.സി പദ്ധതി പ്രകാരം സ്കൂൾ ശുചീകരണ പ്രവർത്തനങ്ങൾക്കായി അംഗീകരിച്ചു നൽകിയിട്ടുള്ള മൊത്തം 3068.51 കോടി രൂപയിൽ സംസ്ഥാനങ്ങൾ ചെലവാക്കിയിട്ടുള്ളതായും ഉപയോഗിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുള്ളത് 2268.28 കോടി രൂപയാണ് (വർദ്ധിച്ച് വരുന്നത്). 29-02-2012 വരെ റ്റി.എസ്.സി പദ്ധതി പ്രകാരം, സാമ്പത്തിക പുരോഗതിയുടെയും ഉപയോഗത്തിന്റെയും സംസ്ഥാനം തിരിച്ചുള്ള വിശദവിവരങ്ങൾ പട്ടിക രൂപത്തിലാക്കിയിട്ടുള്ളതും സത്യവാങ്മൂലത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ളതു മാണ്.

മാനവ വിഭവശേഷി മന്ത്രാലയത്തിലെ സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പ് ലഭ്യമാക്കിയിട്ടുള്ള വിവരം അനുസരിച്ച്, അവരുടെ ഡിസ്ട്രിക്റ്റ് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യൂക്കേഷൻ (ഡി.ഐ.എസ്.ഇ) 2010-11 വർഷത്തിൽ ലഭ്യമാക്കിയ വിവരപ്രകാരം, ശുചീകരണ സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള സർക്കാർ സ്കൂളുകളുടെ എണ്ണം ഇനിപ്പറയും പ്രകാരമാണെന്ന് സത്യവാങ്മൂലത്തിന്റെ 10-ാം ഖണ്ഡികയിൽ പ്രസ്താവിച്ചിരിക്കുന്നു.

| | |
|---|---|
| സർക്കാർ സ്കൂളുകളുടെ ആകെ എണ്ണം | 10,96,064 |
| പെൺകുട്ടികൾക്കായുള്ള മൂത്രപ്പുര സൗകര്യങ്ങൾ ഉള്ള സർക്കാർ സ്കൂളുകൾ | 6,24,074 |
| ആൺകുട്ടികൾക്ക്/പൊതുവായ മൂത്രപ്പുര സൗകര്യങ്ങൾ ഉള്ള സർക്കാർ സ്കൂളുകൾ | 8,24,605 |

ഇന്നുമുതൽ ഒരാഴ്ചയ്ക്കുള്ളിൽ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും വേണ്ടി ഹാജരാകുന്ന അഭിഭാഷകർക്ക് സത്യവാങ്മൂലത്തിന്റെ പകർപ്പുകൾ രജിസ്ട്രറി നൽകേണ്ടതാണ്.

സർക്കാർ സ്കൂളുകളിലെ വിദ്യുച്ഛക്തിയും ശുദ്ധമായ കുടിവെള്ളവും, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക മൂത്രപ്പുര സൗകര്യങ്ങൾ എന്നീ പ്രശ്നങ്ങൾ ഈ കോടതി കൈകാര്യം ചെയ്തതിന് ശേഷവും ഇപ്പോഴും മിക്ക സ്ക്കൂളുകളിലും നിലനിൽക്കുന്ന മറ്റൊരു കാതലായ പ്രശ്നം അദ്ധ്യാപകരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവം സംബന്ധിച്ചുള്ള താണെന്നാണ് പരാതിക്കാരനുവേണ്ടി ഹാജരായ അഭിഭാഷകൻ രബീന്ദ്രബാണ ബോധിപ്പിച്ചത്. ഭരണഘടനയുടെ 21 എ അനുച്ഛേദം പാലിയ്ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി യോഗ്യതയുള്ള അദ്ധ്യാപകരും അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങളും സ്കൂളുകളിൽ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

സ്കൂളുകളിലെ അദ്ധ്യാപകരുടെയും അടിസ്ഥാനസൗകര്യങ്ങളുടെയും ലഭ്യതയെ സംബന്ധിച്ച് നാളിതുവരെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സത്യവാങ്മൂലം സമർപ്പിക്കുന്നതാണെന്ന് നാഷണൽ യൂണിവേഴ്സിറ്റി ഫോർ എഡ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് എഡ്യൂക്കേഷനുവേണ്ടി ഹാജരായ അഭിഭാഷകൻ സമ്മതിച്ചിട്ടുണ്ട്.

ഇന്നുമുതൽ മൂന്ന് ആഴ്ചയ്ക്കകം സ്കൂളിലെ അദ്ധ്യാപകരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും ലഭ്യത സംബന്ധിച്ചുള്ള സമഗ്രമായ ഒരു സത്യവാങ്മൂലം, പരാതിക്കാരന്റെയും സംസ്ഥാനങ്ങളുടെയും/കേന്ദ്രഭരണ പ്രദേശങ്ങളുടെയും അഭിഭാഷകർക്ക് മുൻകൂറായി പകർപ്പ് നൽകിയതിനു ശേഷം എല്ലാ സംസ്ഥാനങ്ങളും/കേന്ദ്രഭരണ പ്രദേശങ്ങളും സമർപ്പിക്കേണ്ടതാണ്".

7. സൊസൈറ്റി ഫോർ അൺ എയിഡഡ് പ്രൈവറ്റ് സ്കൂൾ ഓഫ് രാജസ്ഥാൻ കേസ്സിൽ (എ.ഐ.ആർ. 2012 എസ്‌സി 3445: 2012 എ.ഐ.ആർ. എസ്.സി ഡബ്ല്യു 3400) (മുകളിൽ ഉദ്ധരിച്ച) ഈ കോടതി നൽകിയ നിർദ്ദേശങ്ങളും അതുപോലെ ആർ.റ്റി.ഇ. ആക്റ്റിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളും ചില സംസ്ഥാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല എന്നുള്ളതും ഞങ്ങൾ ശ്രദ്ധിക്കുന്നു. ആർ.ടി.ഇ. ആക്റ്റ് ശരിയായി നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് നിരവധി നിർദ്ദേശങ്ങൾ ഈ കോടതി മുമ്പ് നൽകിയിട്ടുണ്ടെന്നുള്ള വസ്തുത പരിഗണിക്കുമ്പോൾ, ഈ റിട്ട് പെറ്റീഷൻ തീർപ്പാക്കാതിരിക്കുന്നതിൽ ഒരു കാരണവുമില്ല.

ആർ.ടി.ഇ. ആക്റ്റിലെ 31-ാം വകുപ്പ്, കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന ദേശീയ കമ്മീഷനും സംസ്ഥാന കമ്മീഷനും ചില ചുമതലകൾ നിർവ്വഹിക്കുന്നതിനായി അധികാരം നൽകുന്നതായും ഞങ്ങൾ കാണുന്നു.

31-ാം വകുപ്പ് ഇനിപ്പറയും പ്രകാരമാണ്:

‘‘31. *വിദ്യാഭ്യാസത്തിനുള്ള കുട്ടിയുടെ അവകാശത്തെ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കൽ.-* (1) 2005-ലെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷണ കമ്മീഷൻ ആക്റ്റിലെ 3-ാം വകുപ്പു പ്രകാരം രൂപീകരിച്ചിട്ടുള്ള കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ദേശീയ കമ്മീഷനോ 17-ാം വകുപ്പു പ്രകാരം രൂപീകരിച്ചിട്ടുള്ള കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള സംസ്ഥാന കമ്മീഷനോ, അതതു സംഗതി പോലെ, ഈ ആക്റ്റ് പ്രകാരം അവർക്ക് ഏൽപ്പിച്ചു കൊടുത്തിട്ടുള്ള ചുമതലകൾക്കു പുറമെ, ഇനി പറയുന്ന ചുമതലകളും കൂടി നിർവ്വഹിക്കേണ്ടതാണ്, അതായത്:-

(എ) ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള അവകാശങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നത് പരിശോധിക്കുകയും അവലോകനം ചെയ്യുകയും അവയുടെ ഫലപ്രദമായ നടപ്പിലാക്കലിനായി വേണ്ട നടപടികൾ ശുപാർശ ചെയ്യുകയും ചെയ്യുക;

(ബി) കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണം നടത്തുക; കൂടാതെ,

(സി) കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷൻ ആക്റ്റിലെ 15-ഉം 24-ഉം വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ ആവശ്യമായ നടപടികൾ എടുക്കുക.

(2) പ്രസ്തുത കമ്മീഷന്, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റിലെ (1)-ാം ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം പ്രസ്തുത അവകാശങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഗതികളെക്കുറിച്ച് അന്വേഷണം നടത്തുമ്പോൾ കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷൻ ആക്റ്റിലെ 14-ഉം 24-ഉം വകുപ്പുകൾ പ്രകാരം അവർക്ക് അനുവദിച്ചു നൽകിയിട്ടുള്ളതുപോലെയുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(3) ഏതൊരു സംസ്ഥാനത്താണോ കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിച്ചിട്ടില്ലാത്തത് അവിടെ അതതു സർക്കാരുകൾക്ക്, (1)-ാം ഉപവകുപ്പിലെ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്ന ആവശ്യത്തിലേയ്ക്കായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, അത്തരം അധികാരസ്ഥാനം രൂപീകരിക്കാവുന്നതാണ്".

ഈ നിയമാധിഷ്ഠിത അധികാരസ്ഥാനങ്ങൾ കുട്ടികളുടെ അവകാശങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നത് പരിശോധിക്കുമെന്നും അവലോകനം നടത്തുമെന്നും അവയുടെ കാര്യക്ഷമമായ നടപ്പാക്കലിനായി ആവശ്യമായ നടപടികൾ ശുപാർശ ചെയ്യും എന്നും ഞങ്ങൾക്ക് പൂർണ്ണ വിശ്വാസം ഉണ്ട്.

9. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മൂത്രപ്പുര സൗകര്യങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, മതിയായ പഠനമുറികൾ, അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ എന്നിവ പോലെയുള്ളവ ഏർപ്പെടുത്തണമെന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ ഈ കോടതി എല്ലാ സംസ്ഥാനങ്ങൾക്കും നേരത്തെ നൽകിയിട്ടുള്ളത് പ്രാവർത്തികമാക്കണമെന്നും, ഇതുവരെ ലഭ്യമായിട്ടില്ലായെങ്കിൽ, ഇന്നു മുതൽ ആറുമാസത്തിനകം അവ ലഭ്യമാക്കണം എന്നുള്ള ഒരു നിർദ്ദേശം നൽകിക്കൊണ്ട് ഈ റിട്ട് പെറ്റീഷൻ തീർപ്പാക്കാൻ ഞങ്ങൾ താൽപര്യ പ്പെടുന്നു. ഈ നിർദ്ദേശങ്ങൾ സർക്കാർ, സ്വകാര്യ, എയിഡഡ് അല്ലെങ്കിൽ അൺ എയിഡഡ്, ന്യൂനപക്ഷം അല്ലെങ്കിൽ ന്യൂനപക്ഷമല്ലാത്തതുമായ എല്ലാ

സ്കൂളുകൾക്കും ബാധകമാണെന്ന് ഞങ്ങൾ വ്യക്തമാക്കുന്നു. റിട്ട് പെറ്റീഷൻ തീർപ്പാക്കിയതിനാൽ ഇടപെടൽ അപേക്ഷകളിലും കക്ഷിചേർക്കുന്നതിനുള്ള അപേക്ഷകളിലും ഒരു ഉത്തരവും ആവശ്യമില്ലാത്തതും ആ അപേക്ഷകളും തീർപ്പാക്കിയിരിക്കുന്നു.

10. ഈ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയില്ലായെങ്കിൽ സങ്കട കക്ഷികൾക്ക് ഉചിതമായ ഉത്തരവുകൾക്കായി ഈ കോടതിയെ സമീപിക്കാവുന്നതാണ് എന്നും ഞങ്ങൾ വ്യക്തമാക്കുന്നു.

## സുപ്രീം കോടതി മുമ്പാകെ

*ബഹു. ജസ്റ്റിസ് പി. സദാശിവം,*

*ബഹു. ജസ്റ്റിസ് ജെ. എസ്. കേഹാർ*

**യൂണിയൻ ഓഫ് ഇന്ത്യ**

**അഭി**

**അനിൽ കുമാർ സർക്കാർ**

**സിവിൽ അപ്പീൽ നമ്പർ 2537/2013**

2013, മാർച്ച് 15-ന് വിധി പ്രസ്താവിച്ചത്

**ഉദ്യോഗം - കുറ്റപത്രം നൽകുന്ന മുറയ്ക്ക് മാത്രമെ ശിക്ഷണ നടപടികൾ ആരംഭിക്കുകയുള്ളൂ-ഡി.പി.സി. പരിഗണിക്കുന്ന ദിവസം ജീവനക്കാരനെ ഉദ്യോഗത്തിൽ നിന്നും താല്ക്കാലികമായി നീക്കിയിട്ടില്ലെങ്കിലോ (സസ്പെൻഡ് ചെയ്തിട്ടില്ലെങ്കിലോ) അദ്ദേഹത്തിന് കുറ്റപത്രം നൽകിയിട്ടില്ലെങ്കിലോ, അദ്ദേഹം ആ സമയത്ത് ക്രിമിനൽ വ്യവഹാര നടപടികൾ ഒന്നും തന്നെ നേരിടുന്നില്ലെങ്കിലോ, ജീവനക്കാരന് ഉദ്യോഗകയറ്റം നിഷേധിക്കുവാൻ പാടുള്ളതല്ല.**

### വിധിന്യായത്തിന്റെ ചുരുക്കക്കുറിപ്പ്

നിവേദന പത്രികയിലെ ഖണ്ഡിക 2 പ്രകാരം, ഉദ്യോഗ കയറ്റത്തിനായി സർക്കാർ ജീവനക്കാരെ പരിഗണിക്കുന്ന സമയത്ത്, വിവിധ വിഭാഗങ്ങളിൽ ഉദ്യോഗകയറ്റത്തിനായുള്ള പരിഗണനാ മേഖലയിൽ സർക്കാർ ജീവനക്കാരുടെ ഇനിപറയുന്ന വിശദവിവരങ്ങൾ ഡി.പി.സി. (ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി)-യുടെ ശ്രദ്ധയിൽ പ്രത്യേകമായി കൊണ്ടുവരേണ്ടതാണ്. (i) സർക്കാർ ജീവനക്കാരനെ ഉദ്യോഗത്തിൽ നിന്നും താല്ക്കാലികമായി നീക്കിയിട്ടുണ്ടോ; (ii) സർക്കാർ ജീവനക്കാരന് കുറ്റപത്രം നൽകിയിട്ടുണ്ടോ; (iii) ശിക്ഷണ നടപടികൾ

തീർപ്പാകാതെ കിടക്കുന്നുണ്ടോ; (iv) സർക്കാർ ജീവനക്കാരൻ ക്രിമിനൽ ചാർജിന് ക്രിമിനൽ നടപടി നരിടുന്നുണ്ടോ എന്നും അത്തരം നടപടികൾ തീർപ്പാകാതെ കിടക്കുന്നുണ്ടോയെന്നും. ഹൈക്കോടതി ശരിയായ രീതിയിൽ നിരീക്ഷിച്ചതു പോലെ, മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും ഒരു അവസ്ഥ ഉണ്ടെങ്കിൽ, 'മുദ്ര വെച്ച കവർ നടപടി' ഡി.പി.സി ബാധകമാക്കേണ്ടതാണ്. ഈ വ്യവഹാരത്തിൽ, പ്രസക്തമായ തീയതി 21-04-2013 എന്നുള്ളത് തർക്കമില്ലാത്ത സംഗതിയാണ്. എതിർകക്ഷിയുടെ സഹപ്രവർത്തകർക്ക് ഉദ്യോഗകയറ്റം കിട്ടിയപ്പോൾ, ആ തീയതിയിൽ എതിർകക്ഷിയെ ഉദ്യോഗത്തിൽ നിന്നും താല്ക്കാലികമായി നീക്കിയിരുന്നില്ല എന്നതും, അദ്ദേഹത്തിനെതിരെ കുറ്റപത്രം നൽകിയിരുന്നില്ല എന്നതും, മാത്രമല്ല എതിർകക്ഷി ക്രിമിനൽ നടപടികൾ ഒന്നും തന്നെ നേരിട്ടിരുന്നില്ല എന്നതും തർക്കമില്ലാത്ത സംഗതിയാണ്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ, ഡി.പി.സി-യുടെ ശുപാർശ ആദരിക്കപ്പെടേണ്ടതും 'മുദ്ര വെച്ച കവർ നടപടി' അവിടെ ബാധകമാകാത്തതുമാണ്. കുറ്റപത്രം നൽകിയതിനുശേഷം മാത്രമെ ശിക്ഷണ നടപടികൾ ആരംഭിക്കുകയുള്ളൂ. കുറ്റപത്രം നൽകിയതിനു ശേഷം മാത്രമെ വകുപ്പുതല നടപടികൾ ആരംഭിച്ചതായി പറയാൻ സാധിക്കുകയുള്ളൂ.

## കേരള ഹൈക്കോടതി മുമ്പാകെ

*ബഹു. ജസ്റ്റിസ്. തോട്ടത്തിൽ.ബി. രാധാകൃഷ്ണൻ,*

*ബഹു. ജസ്റ്റിസ്. എ.കെ. ജയശങ്കരൻ നമ്പ്യാർ*

**റെജിമോൻ. പി.ജെ**

***അഭി***

**കേരള സർക്കാരും മറ്റുള്ളവരും**

**ഒ. പി. (കെ.എ.റ്റി) നമ്പർ 33/2014**

2014 ജനുവരി 29-ാം തീയതി വിധി പ്രസ്താവിച്ചത്

**വിധിന്യായം**

*ബഹു. ജസ്റ്റിസ്. എ.കെ. ജയശങ്കരൻ നമ്പ്യാർ:*

2545/2013-ാം നമ്പർ ഒ.എ-യിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ (ഇതിനുശേഷം കെ.എ.റ്റി. എന്നാണ് പരാമർശിക്കപ്പെടുക) 18-11-2013-ാം തീയതിയിലെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ഭാരതത്തിന്റെ ഭരണഘടനയുടെ 227-ാം അനുച്ഛേദ പ്രകാരം ഫയൽ ചെയ്തതാണ് ഈ അസ്സൽ ഹർജി. പാലക്കാട് ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പിൽ എച്ച്. എസ്. എ (മലയാളം) - യുടെ തസ്തികയിലേയ്ക്കുള്ള അനുബന്ധം എ3 ഉദ്യോഗാർത്ഥി കളുടെ റാങ്ക് പട്ടികയിൽ ഹർജിക്കാരനെ കൂടി ഉൾപ്പെടുത്തുന്നതിന് 2-ഉം 3-ഉം എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്നും അതല്ലെങ്കിൽ ഹർജിക്കാരൻ സമർപ്പിച്ച അനുബന്ധം എ 8 നിവേദനം തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ഫയൽ ചെയ്ത അപേക്ഷ പ്രസ്തുത ഉത്തരവ് പ്രകാരം കെ.എ.റ്റി. തള്ളുകയുണ്ടായി.

2. കെ.എ.റ്റി-യുടെ 18-11-2013-ാം തീയതിയിലെ ഉത്തരവിലേയ്ക്ക് നയിച്ച വസ്തുതകളുടെ ചുരുക്കം ഇപ്രകാരമാണ്:

എച്ച്.എസ്.എ (മലയാളം)-യുടെ തസ്തികയിലേയ്ക്ക് പരിഗണിയ്ക്കുന്നതിനു വേണ്ടി സംസ്ഥാന പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ (ഇതിനുശേഷം പി.എസ്.സി എന്നാണ് പരാമർശിക്കപ്പെടുക) അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഹർജിക്കാരൻ ക്രിസ്ത്യൻ ചേരമർ സമുദായക്കാരനായിരുന്നു. പി.എസ്.സി അപേക്ഷകൾ കൈപ്പറ്റുന്നതിനായി നിശ്ചയിച്ചിരുന്ന അവസാന തീയതിയായ 18-07-2007 വരെ പോലും അദ്ദേഹത്തിന്റെ ജാതിയുടെ പദവി അങ്ങനെ തന്നെയായിരുന്നു. അതിനു ശേഷം, 09-12-2008-ൽ അദ്ദേഹം ഹിന്ദു മതം സ്വീകരിച്ചതായും അതിന്റെ ഫലമായി ഹിന്ദു ചേരമർ സമുദായത്തിലെ ഒരംഗമായി മാറുകയും ചെയ്തതായി കാണുന്നു. സംസ്ഥാനത്തെ സർവ്വീസുകളിലേയ്ക്കുള്ള നിയമനങ്ങളുടെ സംഗതിയിൽ സംവരണനയം നടപ്പിലാക്കുന്ന ആവശ്യത്തിലേയ്ക്കായി കേരള സംസ്ഥാനത്തിനുള്ളിൽ ഹിന്ദു ചേരമർ സമുദായത്തിന് പട്ടികജാതി പദവിയാണ് നൽകപ്പെട്ടിട്ടുള്ളത്. ഹിന്ദു മതത്തിലേയ്ക്ക് പരിവർത്തനം നടത്തിയതിന്റെ ഫലമായി, 12-05-2010-ൽ അദ്ദേഹത്തിന്റെ സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്കായി ഹാജരാകുന്നതിന് പരാതിക്കാരനോട് ആവശ്യപ്പെട്ടപ്പോൾ, "മറ്റ് ക്രിസ്ത്യാനി" വിഭാഗത്തിലെ ഒരു ഉദ്യോഗാർത്ഥിയായി പരിഗണിക്കുന്നതിനുള്ള തന്റെ അവകാശവാദത്തെ സാധൂകരിക്കുന്നതിന് ആവശ്യമായ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. തൽഫലമായി, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ (ഇതിനുശേഷം കെ.എസ്.ആന്റ് എസ്.എസ്.ആർ എന്നാണ് പരാമർശിക്കപ്പെടുക) 14-ാം ചട്ടത്തിലെ വ്യവസ്ഥകൾ അനുസരിച്ച് തയ്യാറാക്കിയ തിരഞ്ഞെടുത്ത പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി അദ്ദേഹത്തിന്റെ ഉദ്യോഗാർത്ഥിത്വം പി.എസ്.സി പരിഗണിച്ചപ്പോൾ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ "മറ്റ് ക്രിസ്ത്യാനി" ഉദ്യോഗാർത്ഥി യായുള്ള അദ്ദേഹത്തിന്റെ ഉദ്യോഗാർത്ഥിത്വം അംഗീകരിക്കുവാൻ കഴിയാതെവരികയും അദ്ദേഹം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ പട്ടികജാതിയിലുള്ള ഉദ്യോഗാർത്ഥിയാണെന്നുള്ള അവകാശവാദം ഉന്നയിച്ചിട്ടില്ലാത്തതിനാൽ പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥിയായി പരിഗണിക്കുവാൻ കഴിയാതെ വരികയും ചെയ്തിട്ടുള്ളതാണ്. അതിനാൽ, പി. എസ്. സി, 26-09-2011-ലെ ഉത്തരവ് മുഖേന രണ്ട് വിഭാഗത്തിലും സംവരണം ലഭിക്കണമെന്നുള്ള അദ്ദേഹത്തിന്റെ

അവകാശവാദത്തെ നിരസിക്കുകയും തിരഞ്ഞെടുത്ത പട്ടിക തയ്യാറാക്കിയപ്പോൾ അദ്ദേഹത്തെ ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

3. പി.എസ്.സി.-യുടെ പ്രസ്തുത ഉത്തരവിനെ ഹർജിക്കാരൻ ഈ കോടതി മുമ്പാകെ ഒരു റിട്ട് ഹർജി മുഖേന (പിന്നീടൊരു ഒ.എ ആക്കി മാറ്റുകയും കെ.എ.റ്റി. യിലേയ്ക്ക് കൈമാറുകയും ചെയ്തു) ചോദ്യം ചെയ്തെങ്കിലും ആ ഫോറം മുമ്പാകെ ആ ചോദ്യം ചെയ്യൽ വിജയിക്കുകയുണ്ടായില്ല. വീണ്ടുമൊരു ശ്രമമെന്ന നിലയിൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 227-ാം അനുച്ഛേദപ്രകാരം ഒരു അസ്സൽ ഹർജി മുഖേന ഈ കോടതി മുമ്പാകെ നടത്തിയ ശ്രമവും വിജയം കണ്ടില്ല. എന്നിരുന്നാലും, ഒരു നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്ന മുറയ്ക്ക് "മറ്റ് ക്രിസ്ത്യാനി" സമുദായത്തിന് ബാധകമായ സംവരണാനുകൂല്യത്തിനുള്ള അദ്ദേഹത്തിന്റെ അവകാശവാദം സാധൂകരിക്കുന്നതിന് ഒരു നിവേദനം മുഖേന ഉചിതമായ അധികാരികളെ സമീപിക്കുന്നതിനുള്ള സ്വാതന്ത്ര്യം കോടതി നൽകിയിരുന്നു. പ്രസ്തുത വിധിന്യായത്തിനെതിരെ ഹർജിക്കാരൻ സമർപ്പിച്ച എസ്.എൽ.പി. സുപ്രീംകോടതി തള്ളിയതോടെ ഈ കോടതിയുടെ വിധിന്യായം (ഈ അസ്സൽ ഹർജിയിൽ അനുബന്ധം എ5 ആയി ഹാജരാക്കിയത്) അന്തിമമായി തീർന്നു. ഈ അസ്സൽ ഹർജിയിൽ സുപ്രീം കോടതിയുടെ ഉത്തരവ് അനുബന്ധം എ6 ആയി ഹാജരാക്കിയിട്ടുണ്ട്.

4. അനുബന്ധം എ 5 വിധിന്യായത്തിൽ ഈ കോടതി അനുവദിച്ച പരിമിതമായ സ്വാതന്ത്ര്യത്തിന്റെയും സുപ്രീംകോടതിയുടെ അനുബന്ധം എ 6 ഉത്തരവിന്റെയും ഉറപ്പിൻ മേലാണ് ഹർജിക്കാരൻ, തനിക്ക് പിന്നീട് ലഭിച്ചിട്ടുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ, അയാളെ "മറ്റ് ക്രിസ്ത്യാനി" വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥിയായി റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തണമെന്ന അവകാശവാദം പരിഗണിക്കണമെന്നുള്ള അഭ്യർത്ഥനയുമായി പി.എസ്.സി-യെ സമീപിച്ചിട്ടുള്ളതെന്ന് കാണുന്നു. അത് ഈ അസ്സൽ ഹർജിയോടൊപ്പം അനുബന്ധം എ-8 ആയി ഹാജരാക്കിയിട്ടുള്ള നിവേദനം മുഖേനയാണ്. പി.എസ്.സി-യിൽ നിന്നും മറുപടി ഒന്നും ലഭിക്കാത്തതിനാൽ, ഈ അസ്സൽ ഹർജിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള ഉത്തരവ് വഴി തീർപ്പാക്കിയിട്ടുള്ള ഒ.എ.നം. 2545/2013 മുഖേന ഹർജിക്കാരൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിട്ടുള്ളതാണ്.

5. ഹർജിക്കാരനുവേണ്ടി ഹാജരായ അഭിഭാഷകൻ അഡ്വ. ശ്രീ. കാളീശ്വരം രാജിനേയും, പി.എസ്.സി - യ്ക്കുവേണ്ടി ഹാജരായ സ്റ്റാൻഡിംഗ് കൗൺസിലായ അഡ്വ. ശ്രീ. പി. സി. ശശിധരനേയും ഞങ്ങൾ കേൾക്കുകയുണ്ടായി.

6. ഹർജിക്കാരന് ലഭിച്ചിട്ടുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ ബലത്തിൽ "മറ്റ് ക്രിസ്ത്യാനി" വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥിയായി ഉൾപ്പെടുത്തണമെന്നുള്ള അദ്ദേഹത്തിന്റെ അവകാശവാദത്തെ പരിഗണിക്കണമെന്ന് പി.എസ്.സി-യ്ക്ക് നിർദ്ദേശം നൽകാത്ത കെ.എ.റ്റി. ഉത്തരവ് നിയമവിരുദ്ധ മാണെന്നാണ് ശ്രീ. കാളീശ്വരംരാജ് വാദിച്ചത്. അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത് എന്തെന്നാൽ പി.എസ്.സി-യോട് ഹർജിക്കാരന്റെ അവകാശവാദം പരിഗണിക്കുന്നതിന് നിർദ്ദേശിക്കുന്നത് അനാവശ്യമാണെന്നും, ഹർജിക്കാരന് ലഭിച്ചിട്ടുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള അവസാനദിവസം അദ്ദേഹത്തിന്റെ പദവി "മറ്റ് ക്രിസ്ത്യാനി" ഉദ്യോഗാർത്ഥിയാണെന്ന് തെളിയിക്കുന്നതിൽ ഹർജിക്കാരൻ വിജയിച്ചാൽ പോലും ആയത് പിന്നീട് അദ്ദേഹം ജോലിയിൽ ചേരുവാൻ പോകുന്ന തസ്തികയിലേയ്ക്കുള്ള സംവരണം ലഭിക്കണമെന്നുള്ള അദ്ദേഹത്തിന്റെ അവകാശവാദം വ്യർത്ഥമായ ഒരു പ്രവൃത്തിയാണെന്നും ഒ.എ.നം. 2545/2013 തീർപ്പ് കൽപ്പിക്കുമ്പോൾ കെ. എ. റ്റി. കാണുകയുണ്ടായി എന്നാണ്. അത് എന്തു കൊണ്ടെന്നാൽ, അദ്ദേഹത്തിന് നിയമനം ലഭിക്കുന്ന ദിവസം, അദ്ദേഹം ആ സമുദായത്തിലെ ഒരംഗമല്ലാതായി തീർന്നിരിക്കാം. ഹർജിക്കാരന്റെ അഭിഭാഷകന്റെ അഭിപ്രായത്തിൽ, ചേരമർ സമുദായത്തിൽപ്പെട്ട ഒരംഗമെന്ന നിലയിൽ ഹർജിക്കാരന് അർഹതയുണ്ടായിരുന്ന സംവരണത്തിന്റെ ആനുകൂല്യം ആ സമുദായത്തിലെ അംഗങ്ങൾ അഭിമുഖീകരിക്കുന്ന പിന്നോക്കാവസ്ഥയിൽ നിന്നും ലഭിച്ചിട്ടുള്ള ഒന്നാണെന്നുമാണ്. അദ്ദേഹം പിന്നീട് ഹിന്ദു മതം സ്വീകരിച്ചു എന്ന വസ്തുത മാത്രം കണക്കിലെടുത്ത് ഹർജിക്കാരനിൽ നേരത്തെ നിക്ഷിപ്തമായിട്ടുള്ള സംവരണാനുകൂല്യം ഇല്ലാതാക്കുന്നതിന് സാധിക്കുന്നതല്ല. ഭരണഘടനയുടെ 25-ാം അനുച്ഛേദം എല്ലാ ആളുകൾക്കും മന:സാക്ഷിയ്ക്കും സ്വതന്ത്രമായ മതവിശ്വാസത്തിനും മതാചരണത്തിനും മതപ്രചാരണത്തിനുമുള്ള സ്വാതന്ത്ര്യം നൽകുമ്പോൾ, ക്രിസ്തുമതത്തിൽ നിന്നും മതപരിവർത്തനം നടത്തി ഹിന്ദുമതം സ്വീകരിക്കുന്നത് ഒരു പ്രത്യേക സമുദായത്തിലെ, ഈ കേസ്സിൽ ചേരമർ, അംഗങ്ങളുടെ പിന്നോക്കാവസ്ഥയെ ബാധിക്കുന്നതിന് അതിന് കഴിയുകയില്ലെന്നും ഹർജിക്കാരന്റെ അഭിഭാഷകൻ കൂട്ടിച്ചേർക്കുകയുണ്ടായി.

കെ. എസ്. ആന്റ് എസ്.എസ്.ആർ-ലെ ചട്ടം 17 സി-യിലെ വ്യവസ്ഥകളും സുപ്രീം കോടതിയുടെ അശോക് കുമാർ ശർമ്മയും മറ്റുള്ളവരും ചന്ദേർ ശേഖറും മറ്റൊരാളും ((1997) 4 എസ്.സി.സി.18) എന്ന കേസ്സിലെ വിധി ന്യായവും കൂട്ടി വായിച്ച പ്രകാരം, അപേക്ഷ സ്വീകരിക്കുന്ന അവസാനദിവസം ഹർജിക്കാരൻ "മറ്റ് ക്രിസ്ത്യാനി" സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയാണെന്ന് ഒരിക്കൽ ബോദ്ധ്യപ്പെടുത്തിയാൽ, ഹിന്ദു മതത്തിലേയ്ക്ക് പിന്നീടുള്ള അദ്ദേഹത്തിന്റെ മത പരിവർത്തനവും തൽഫലമായുള്ള "മറ്റ് ക്രിസ്ത്യാനി" എന്ന പദവിയുടെ നഷ്ടവും "മറ്റ് ക്രിസ്ത്യാനി"യായുള്ള സംവരണത്തിനുള്ള ഹർജിക്കാരന്റെ അവകാശവാദത്തിനും യാതൊരുവിധ ബന്ധവുമില്ല എന്നാണ് ശ്രീ. കാളീശ്വരം രാജ് വീണ്ടും വാദിച്ചത്.

7. നേരെ മറിച്ച്, കെ.എസ്.ആന്റ് എസ്.എസ്.ആർ-ലെ വ്യവസ്ഥകൾ മുഖേന നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനത്തിന്റെ സംവരണനയം കണക്കിലെടുക്കുന്നത് നിശ്ചയിച്ച പ്രകാരം കണ്ടെത്തിയിട്ടുള്ള സമുദായങ്ങളിലെ അംഗങ്ങൾ നേരിടുന്ന പിന്നോക്കാവസ്ഥയെയാണെന്നും ആ സമുദായത്തിലെ അംഗങ്ങൾക്കുവേണ്ടി മാത്രമാണ് ഈ സംവരണാനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളതെന്നും പി.എസ്. സി-യുടെ അഭിഭാഷകനായ ശ്രീ.പി.സി. ശശിധരൻ ചൂണ്ടികാണിക്കുകയുണ്ടായി. അങ്ങനെ നോക്കുമ്പോൾ, ഹർജിക്കാരൻ മതപരിവർത്തനം നടത്തിയത് വഴി, ചേരമർ ക്രിസ്ത്യൻ സമുദായത്തിലെ തന്റെ അംഗത്വം പരിത്യജിച്ചിട്ടുള്ളതും, ഹിന്ദുചേരമർ സമുദായത്തിലെ ഒരംഗമായി തീർന്നിട്ടുള്ളതുമാണ്. "മറ്റ് ക്രിസ്ത്യാനികൾ"ക്ക് ബാധകമായതുപോലുള്ള സംവരണാനുകൂല്യം ലഭിക്കണ മെന്നുള്ളതായിരുന്നു അപേക്ഷ സമർപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ അവകാശവാദ മെന്നതിനാൽ ഹിന്ദുമതത്തിലേയ്ക്ക് പരിവർത്തനം നടത്തി ക്രിസ്ത്യാനിയെന്നുള്ള പദവി നഷ്ടപ്പെട്ടതിനാൽ ഹർജിക്കാരന് ആ ആനുകൂല്യം നൽകാൻ സാധിക്കുന്നതല്ല. "മറ്റ് ക്രിസ്ത്യാനി" എന്ന വിഭാഗത്തിൻ കീഴിൽ തിരഞ്ഞെടുത്ത പട്ടികയിൽ അദ്ദേഹത്തെ ഉൾപ്പെടുത്തണമെന്നുള്ള അവകാശവാദം പരിഗണിക്കുന്നതിന് സാദ്ധ്യമല്ല, എന്തെന്നാൽ, അപേക്ഷ സമർപ്പിക്കുന്ന അവസാന ദിവസത്തിൽ "മറ്റ് ക്രിസ്ത്യാനി"യായിട്ടുള്ള തരം തിരിക്കലിനുള്ള മാനദണ്ഡം അദ്ദേഹം നിറവേറ്റിയിരുന്നു എന്നുള്ള വസ്തുത ശരിയാണെങ്കിലും നിയമനം

നടത്തുന്ന തീയതിയിൽ അദ്ദേഹം "മറ്റ് ക്രിസ്ത്യാനി" എന്ന വിഭാഗത്തിൽ ആയിരുന്നില്ല എന്നതാണ്.

8. ഇരു ഭാഗത്തെയും വാദങ്ങൾ ഞങ്ങൾ പരിഗണിയ്ക്കുകയുണ്ടായി. ഞങ്ങളുടെ മുമ്പാകെ നിരത്തിയിട്ടുള്ള വാദങ്ങളുടെ സ്വഭാവം കണക്കിലെടുക്കുമ്പോൾ ഞങ്ങൾക്ക് തോന്നുന്നത് സംസ്ഥാനത്തെ സർവ്വീസുകളിലെ തസ്തികകളിലേയ്ക്കുള്ള സംവരണനയം ഭാരതത്തിന്റെ ഭരണഘടനയുടെ 15(4)-ഉം 16 (4)-ഉം അനുച്ഛേദങ്ങളിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കി എടുത്തിട്ടുള്ളതാണെന്നു ചൂണ്ടിക്കാണിക്കുന്നത് ഉചിതമായിരിക്കുമെന്നാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകൾ, സ്വയമേവ, ഭരണഘടനയുടെ അനുച്ഛേദം 15(1) പ്രകാരം ഉറപ്പാക്കിയിട്ടുള്ള വിവേചനത്തിനെതിരായുള്ള മൗലികാവകാശത്തിനും ഭരണഘടനയുടെ അനുച്ഛേദം 16(1) പ്രകാരം ഉറപ്പാക്കിയിട്ടുള്ള പൊതു ജീവനത്തിന്റെ കാര്യങ്ങളിൽ സമത്വത്തിനുള്ള മൗലികാവകാശങ്ങളുടെയും ഒഴിവാക്കലുകളാണ്. ആയതിനാൽ, ഈ വ്യവസ്ഥകളുടെ ആനുകൂല്യം ലഭിക്കുന്നതിനായി സംസ്ഥാനം കണ്ടെത്തിയിട്ടുള്ള ആളുകൾക്ക് മാത്രമാണ് ഭരണഘടനാപരമായ ഈ സംരക്ഷണം ലഭിക്കുന്നതെന്ന് ഉറപ്പു വരുത്തുന്ന തരത്തിലാണ് സംവരണത്തിനു വേണ്ടി സംസ്ഥാനം ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകളെ, കർശനമായി വ്യാഖ്യാനിക്കേണ്ടത്. ഈ കേസ്സിൽ, കെ.എസ്. ആന്റ് എസ്.എസ്. ആർ-ലെ ചട്ടങ്ങൾ 14-ഉം, 16-ഉം പ്രകാരം "മറ്റു പിന്നോക്ക വിഭാഗങ്ങൾ"ക്കായി വിഭാവനം ചെയ്തിട്ടുള്ള സംവരണത്തിൽ, "ക്രിസ്ത്യാനികളായി മതപരിവർത്തനം നടത്തിയ പട്ടിക ജാതി"ക്കാരും അതിൽ ഉൾപ്പെട്ടുവരുന്നതാണ്. ഈ ചട്ടങ്ങൾ പ്രകാരമുള്ള പട്ടികജാതിക്കാരെ സംവരണത്തിന്റെ ആവശ്യത്തിലേയ്ക്കായി പ്രത്യേകമായി പരിഗണിയ്ക്കുന്നതാണ്. ഞങ്ങളുടെ കാഴ്ചപ്പാടിൽ, "പട്ടികജാതി"ക്കാരേയും ക്രിസ്ത്യാനികളായി പരിവർത്തനം ചെയ്ത പട്ടികജാതിക്കാരേയും, അവർ രണ്ടുപേരേയും വ്യക്തമായി പ്രതിപാദിക്കുന്ന സംവരണനയം നടപ്പിലാക്കുന്ന തിനായി സംസ്ഥാനം ചട്ടങ്ങൾ ഉണ്ടാക്കിയപ്പോൾ, ചേരമർ സമുദായത്തിലെ ഒരംഗത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അദ്ദേഹം അല്ലെങ്കിൽ അവർ സ്വീകരിച്ചിട്ടുള്ള മതത്തിനെ അടിസ്ഥാനപ്പെടുത്തി വ്യത്യാസപ്പെടും എന്നാണ് പറഞ്ഞിട്ടുള്ളത്. ഇത് എന്തുകൊണ്ടെന്നാൽ, ഏതെങ്കിലും പ്രത്യേക സമുദായത്തിന്റെ സാമൂഹിക പിന്നോക്കാവസ്ഥ കണ്ടെത്തുക എന്നത് സംസ്ഥാനം നടത്തിയ ഒരു ഉദ്യമമാകുന്നതും ഏതെങ്കിലും പ്രത്യേക സമുദായത്തെയോ

അതിന്റെ ഉപവിഭാഗത്തെയോ സംബന്ധിച്ച് സംസ്ഥാനം നടത്തിയിട്ടുള്ള ഇനം തിരിച്ചുള്ള വിവരണത്തിൽ സാദ്ധ്യമാകുന്ന എല്ലാ പരിവർത്തന ജാതികളെയും ഉൾപ്പെടുത്തുന്നതിനായി അതിനെ സാമാന്യവൽക്കരിക്കുന്നതിന് കഴിയുന്നതല്ല. ഈ കേസ്സിൽ, സംവരണത്തിന്റെ ആവശ്യങ്ങൾക്കായി ചേരമർ സമുദായത്തിലെ അംഗങ്ങളിൽ ഹിന്ദുവിശ്വാസം സ്വീകരിച്ചിട്ടുള്ളവരെ പട്ടികജാതിക്കാരായി തരംതിരിച്ചിട്ടുള്ളതും ക്രിസ്ത്യൻ വിശ്വാസം സ്വീകരിച്ചിട്ടുള്ളവരെ "ക്രിസ്ത്യാനികളായി പരിവർത്തനം ചെയ്ത പട്ടിക ജാതിക്കാരാ"യും (ചിലപ്പോൾ "മറ്റു ക്രിസ്ത്യാനികൾ" എന്നാണ് പരാമർശിക്കപ്പെടുക) തരംതിരിച്ചിട്ടുള്ളതുമാണ്. ആയതിനാൽ, ഹർജിക്കാരന് ലഭ്യമാകുന്ന ആനുകൂല്യം ഏതെങ്കിലും ഒരു വിഭാഗത്തിന്റേതായിരിക്കും അല്ലാതെ രണ്ട് വിഭാഗത്തിന്റെയും അല്ല.

9. കെ.എസ്. ആന്റ്. എസ്. എസ്. ആർ-ലെ ചട്ടം 17 സി-യുടെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ വാദത്തിലേയ്ക്ക് വരുമ്പോൾ, ഈ കേസ്സിൽ, ഹർജിക്കാരന്റെ രക്ഷയ്ക്കായി മേല്പറഞ്ഞ വ്യവസ്ഥ വരുന്നതല്ല എന്ന് ഞങ്ങൾ കാണുന്നു. ഒരു ഉദ്യോഗാർത്ഥി സംവരണത്തിനായുള്ള ഒരു അവകാശത്തിന് ഊന്നൽ കൊടുക്കുമ്പോൾ പ്രശ്നവിഷയമായ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള തസ്തികയിലേക്കുള്ള റാങ്ക് പട്ടികയുടെ പൂർത്തീകരണത്തിന് മുമ്പ് ഏത് ഘട്ടത്തിലും സംവരണത്തിനുള്ള അവകാശവാദം ഉന്നയിക്കുന്ന ഒരു ഉദ്യോഗാർത്ഥിയ്ക്ക് തന്റെ അവകാശവാദം സാധൂകരിക്കുന്നതിനായി രേഖകൾ ഹാജരാക്കുവാൻ സഹായകരമാകുന്ന ഒരു വ്യവസ്ഥയാണ് ചട്ടം 17 സി. ചട്ടം 17 സി ഇനിപ്പറയും പ്രകാരമാണ്:

> "**17 സി.** ചട്ടം 10-ലെ ഉപചട്ടങ്ങൾ (സി)-യിലും ((ഡി)-യിലും (ഡി ഡി)-യിലും) ചട്ടം 14-ലും, ചട്ടം 17എ- യിലും, ചട്ടം 17 ബി-യിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ പിന്നോക്ക വിഭാഗങ്ങൾ/പട്ടിക ജാതിക്കാർ/പട്ടികവർഗ്ഗക്കാർ എന്നിവയിലെ ഒരംഗമായതിനാൽ നിയമനങ്ങളിൽ/പ്രത്യേക നിയമനങ്ങളിൽ വയസ്സിളവിന്റെ/സംവരണത്തിന്റെ ആനുകൂല്യങ്ങളിൽ അവകാശ വാദം ഉന്നയിക്കുന്ന ഒരു ഉദ്യോഗാർത്ഥി അപേക്ഷയിലുള്ള തന്റെ അവകാശവാദം തെളിയിക്കുന്നതിനായി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ആവശ്യപ്പെടുന്ന പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും/

പ്രസക്തമായ രേഖകളും കമ്മീഷനെ ബോദ്ധ്യപ്പെടുത്തുന്ന തിനായും, ഏതൊരു സംഗതിയിലും, ബന്ധപ്പെട്ട തസ്തിക യിലേക്കുള്ള റാങ്ക് പട്ടിക പൂർത്തീകരിക്കുന്നതിനു മുമ്പായും, ഹാജരാക്കേണ്ടതാണ്".

അപേക്ഷയിലുള്ള അവകാശവാദത്തെ തെളിയിക്കുന്നതിനായി രേഖകൾ ഹാജരാക്കുന്നതിനുള്ള അവസാന ഘട്ടം എന്നത് റാങ്ക് പട്ടിക അന്തിമമാക്കുന്നതിന് തൊട്ട് മുമ്പുള്ള ഘട്ടമാണ് എന്നാണ് ചട്ടത്തിൽ പരാമർശിക്കുന്നത് എന്നതിൽ യാതൊരു സംശയവുമില്ല. ആ തീയതിയിൽ ഒരു ഉദ്യോഗാർത്ഥിയ്ക്ക് ലഭിച്ചിട്ടുള്ള അവകാശങ്ങളെ അദ്ദേഹത്തിന്റെ മതപരമായ അവസ്ഥയിൽ പിന്നീടുണ്ടാകുന്ന ഒരു മാറ്റം ബാധിക്കുകയില്ല എന്നുള്ളതു കൂടി അത് പരാമർശിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടായിരുന്നു മുകളിൽ പരാമർശിച്ച അശോക് കുമാർ ശർമ്മയുടെ കേസിലെ സുപ്രീംകോടതിയുടെ വിധിന്യായത്തെ ഹർജിക്കാരന്റെ അഭിഭാഷകൻ ആശ്രയിച്ചിട്ടുള്ളത്. ജമ്മുകാശ്മീർ സംസ്ഥാനത്ത് ജൂനിയർ എൻജിനീയർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് ഒരു ഉദ്യോഗാർത്ഥിയുടെ യോഗ്യതയെ ചോദ്യം ചെയ്ത ആ കേസിൽ സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുള്ളത് എന്തെന്നാൽ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി ഒരു പ്രത്യേക തീയതി നിശ്ചയിച്ചിട്ടുള്ളിടത്ത്, ഉദ്യോഗാർത്ഥികളുടെ യോഗ്യത ആ നിശ്ചിത ദിവസത്തെ മാത്രം അടിസ്ഥാനമാക്കി നിർണ്ണയിക്കേണ്ടതാണെന്നാണ്. ഒരാൾ, അങ്ങനെ നിശ്ചയിച്ചിട്ടുള്ള തീയതിയ്ക്ക് ശേഷം നിർണ്ണയിച്ചിട്ടുള്ള യോഗ്യത നേടിയാൽ അയാളെ പരിഗണിക്കാൻ പാടില്ല എന്നു കൂടി കോടതി വിധിച്ചിട്ടുള്ളതാണ്. മുകളിൽ പറഞ്ഞ കേസ്സിനോട് ഈ കേസ്സിന് സമാനതയുണ്ടെന്ന് വരുത്തിത്തീർക്കുന്നതിനുള്ള ശ്രമം വാദിയുടെ അഭിഭാഷകൻ നടത്തിയിട്ടുള്ളതും, കെ.എസ് ആന്റ് എസ്.എസ്.ആർ-ലെ ചട്ടം 14-ന്റെയും 17 <u>സി</u> - യുടെയും പശ്ചാത്തലത്തിൽ, ചട്ടം 17 <u>സി</u> - യിൽ നിർദ്ദേശിച്ചിട്ടുള്ള അവസാന തീയതിയിൽ അദ്ദേഹത്തിന്റെ "മറ്റ് ക്രിസ്ത്യാനി" എന്ന പദവിയെ അദ്ദേഹം പിന്നീട് ഹിന്ദുമതം സ്വീകരിച്ചതിനാൽ ബാധിക്കുന്നതല്ലാത്തതാണെന്നും തത്ഫലമായി, പിന്നീട് അദ്ദേഹം മതപരിവർത്തനം ചെയ്തിട്ടുണ്ട് എന്നിരുന്നാലും, പി.എസ്.സി തയ്യാറാക്കിയിട്ടുള്ള റാങ്ക് പട്ടികയിലെ അദ്ദേഹത്തിന്റെ സ്ഥാനം "മറ്റ് ക്രിസ്ത്യാനി"കൾക്ക് ബാധകമാകുന്ന തരത്തിലായിരിക്കുമെന്ന് വാദിക്കുകയു മുണ്ടായി.

10. പ്രസ്തുത വാദം ഞങ്ങൾക്ക് അംഗീകരിക്കുവാൻ സാധിക്കുന്നതല്ല എന്ന് കാണുന്നു. മുകളിൽ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ചട്ടം 17 സി എന്നത് അധികാരപ്പെടുത്തുന്ന വ്യവസ്ഥയുടെ സ്വഭാവത്തിലുള്ളതാണ്. ഈ വ്യവസ്ഥയെ നേടിയെടുക്കേണ്ടതായ ഉദ്ദേശ്യത്തിന്റെ പശ്ചാത്തലത്തിൽ കെ.എസ്. ആന്റ് എസ്.എസ്.ആർ-ലെ മറ്റ് വ്യവസ്ഥകളോടൊപ്പം കൂട്ടി വായിക്കേണ്ട താണ്. അപ്രകാരം വായിക്കുമ്പോൾ, സംവരണത്തിന്റെ ആനുകൂല്യം തേടുന്ന ഒരാൾക്ക് റാങ്ക് പട്ടിക പൂർത്തീകരിക്കുന്നതിന് തൊട്ട് മുമ്പുള്ള ഏത് ഘട്ടത്തിലും അദ്ദേഹത്തിന്റെ അവകാശവാദം തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുന്നതിന് ഈ ചട്ടം സാദ്ധ്യമാക്കുന്നു. ഈ ആവശ്യം നിറവേറ്റുന്നതിലേയ്ക്കായി, സംസ്ഥാനത്തെ സർവ്വീസുകളിൽ ബന്ധപ്പെട്ട സമുദായത്തെ പ്രതിനിധീകരിച്ചുകൊണ്ട് സംവരണ ലക്ഷ്യം ഉദ്യോഗാർത്ഥി നിറവേറ്റുമ്പോൾ, ഉദ്യോഗാർത്ഥിയുടെ അപേക്ഷയിൽ പറഞ്ഞിട്ടുള്ള അദ്ദേഹത്തിന്റെ അവകാശവാദം അദ്ദേഹത്തിന്റെ നിയമനത്തിന്റെ ഘട്ടംവരെ സാധുവായിരിക്കേണ്ടതാണ്. ഈ കേസിൽ, "മറ്റ് ക്രിസ്ത്യാനി" എന്ന പദവിയിൽ അദ്ദേഹം തുടർന്നിരുന്നുവെങ്കിൽ "മറ്റ് ക്രിസ്ത്യാനി" എന്ന നിലയിലുള്ള സംവരണത്തിനായുള്ള അദ്ദേഹത്തിന്റെ അവകാശവാദം തെളിയിക്കുന്നതിനായി ചട്ടം 17 സി സഹായകരമാകുമായിരുന്നതും ക്രിസ്ത്യൻ ചേരമർ സമുദായത്തിലെ ഒരംഗം എന്ന നിലയിൽ നിയമനം ലഭിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഹിന്ദു മതത്തിലേയ്ക്ക് പരിവർത്തനം നടത്തിയ അദ്ദേഹത്തിന്റെ സ്വമേധയായുള്ള പ്രവർത്തിയും ഒരു പട്ടിക ജാതിക്കാരന്റെ (ഹിന്ദു ചേരമർ) പദവിയിലേയ്ക്ക് അങ്ങനെ പരിവർത്തനം നടത്തിയതുകൊണ്ട് "മറ്റ് ക്രിസ്ത്യാനി" വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്ക് മാത്രമായി സംവരണം ചെയ്തിട്ടുള്ള ഒരു തസ്തിക യിലേയ്ക്കുള്ള അവകാശം നേടുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി "മറ്റ് ക്രിസ്ത്യാനി" വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി യാണെന്നുള്ള തുടർച്ചയായ പദവി അദ്ദേഹത്തിന് നഷ്ടമായിട്ടുള്ളതും ആണ്. "മറ്റ് ക്രിസ്ത്യാനി" എന്ന പദവിയിൽ നിന്നും "ഹിന്ദു ചേരമർ" എന്ന പദവിയിലേയ്ക്ക് അദ്ദേഹം സ്വമേധയാ പരിവർത്തനത്തിന് വിധേയ മായപ്പോൾ, അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയിൽ അപേക്ഷകന്റെ പദവി "മറ്റ് ക്രിസ്ത്യാനി" ആയിരുന്നു എന്ന കാരണത്താൽ മാത്രം "മറ്റ് ക്രിസ്ത്യാനി"കൾക്ക് ബാധകമാകുമായിരുന്ന

സംവരണത്തിന്റെ ആനുകൂല്യം തുടർന്നും തനിയ്ക്ക് ലഭിയ്ക്കണമെന്ന് പറയുന്ന ഹർജിക്കാരന്റെ വാദം അനുവദിക്കാൻ സാധിക്കുന്നതല്ല. ഭരണഘടന വിഭാവന ചെയ്തിട്ടുള്ള സംവരണ നയത്തിന്റെ ഉദ്ദേശത്തിന് വിരുദ്ധമാണ് അത്തരത്തിലുള്ള ഒരു വാദം.

ഈ ഒറിജിനൽ പെറ്റീഷനിൽ ചോദ്യം ചെയ്തിട്ടുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ ഇടപെടുന്നതിന് ഞങ്ങൾ യാതൊരു കാരണവും കാണുന്നില്ല. ആയതിനാൽ, ഒ.പി. (കെ.എ.ടി), ചെലവ് സംബന്ധിച്ച് യാതൊരു ഉത്തരവുമില്ലാതെ, തള്ളുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

*ബഹു. ചീഫ് ജസ്റ്റിസ് ജസ്റ്റിസ് മഞ്ജുള ചെല്ലൂർ,*

*ബഹു. ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ*

**ജോർജ്ജ്**

**അഭി**

**കേരള സർക്കാർ**

**റിട്ട് പെറ്റീഷൻ (സി) നമ്പർ 27358/2012**

2013, ഫെബ്രുവരി 22-ാം തീയതി വിധി പ്രസ്താവിച്ചത്

**1978-ലെ ഗവൺമെന്റ് ലാ ആഫീസർമാരുടെ (നിയമനവും സേവന വ്യവസ്ഥകളും) കേസ്സ് നടത്തിപ്പു ചട്ടങ്ങൾ, (കേരള), ചട്ടം 4-സർക്കാർ അഭിഭാഷകരായി പട്ടികജാതിയിലോ പട്ടിക ഗോത്ര വർഗ്ഗത്തിലോപ്പെട്ട ഉദ്യോഗസ്ഥർക്ക് സംവരണം നൽകുന്നതിനായി നിർബന്ധിത ചട്ടങ്ങൾ ഇല്ല.**

**വിധിന്യായം**

ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ

ഹർജിക്കാരൻ, ഈ കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഒരു അഭിഭാഷകൻ, അദ്ദേഹം സ്വയം പൊതു താത്പര്യത്തിൽ ഫയൽ ചെയ്യുന്നതായി ഭാവിച്ചുകൊണ്ട്, ഈ കോടതിയിൽ സർക്കാരിനുവേണ്ടി കേസ്സ് നടത്തുന്നതിന് സർക്കാർ നിയമിച്ചിട്ടുള്ള സർക്കാർ അഭിഭാഷകർക്കിടയിൽ പട്ടികജാതി/പട്ടികഗോത്രവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് മതിയായ പ്രാതിനിധ്യം നൽകിയിട്ടില്ല എന്ന പ്രശ്നം ഉന്നയിക്കുന്നു.

2. ഹർജിക്കാരൻ പട്ടികഗോത്രവർഗ്ഗ സമുദായത്തിൽപ്പെട്ട ഒരംഗവും അഡ്വക്കേറ്റ് ജനറൽ സർക്കാരിലേയ്ക്ക് അയച്ച പാനലിൽ ഉൾപ്പെട്ടിട്ടുള്ള അഭിഭാഷകരിൽ ഒരാളുമാണ്; എന്നാൽ സർക്കാർ അദ്ദേഹത്തിന് നിയമനം നൽകിയിട്ടില്ലാത്തതാണ്. ആയതിനാൽ, ഇത് ഒരു പൊതുതാൽപര്യ ഹർജിയാണെന്ന് ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടില്ല. 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസർമാരുടെ (നിയമനവും സേവനവ്യവസ്ഥകളും) കേസ്സ് നടത്തിപ്പും ചട്ടങ്ങളിലെ ചട്ടം 4-ന്റെ ക്ലിപ്തനിബന്ധന പ്രകാരം പട്ടികജാതിയിലും/പട്ടികഗോത്ര വർഗ്ഗത്തിലുമുൾപ്പെട്ട ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു ഹർജിക്കാരൻ വാദിക്കുന്നു. എന്നാൽ ആയത് പാലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഇനിപ്പറയുന്ന നിവൃത്തികൾ ആവശ്യപ്പെടുന്നു:-

(i) കേരള പബ്ലിക് സർവ്വീസസ് ആക്റ്റും ഗവൺമെന്റ് ലാ ആഫീസേഴ്സ് ചട്ടങ്ങളും പ്രകാരം കേരള ഹൈക്കോടതിയിൽ ഗവൺമെന്റ് ലാ ആഫീസർമാരെ നിയമിക്കുന്നതിൽ പട്ടിക ജാതിക്കാർക്കും പട്ടിക ഗോത്ര വർഗ്ഗക്കാർക്കും മതിയായ സംവരണം ലഭിക്കുന്നതിന് ഭരണഘടനാപരമായി അർഹതയുണ്ടെന്ന് ഒരു പ്രഖ്യാപനം പുറപ്പെടുവിക്കുക.

(ii) ബഹു. ഹൈക്കോടതിയിൽ ഗവൺമെന്റ് ലാ ആഫീസർമാരെ നിയമിക്കുന്ന സംഗതിയിൽ പട്ടികജാതിയിലും പട്ടികഗോത്ര വർഗ്ഗത്തിലും പെട്ട അഭിഭാഷകരെ സംബന്ധിച്ച് പൊതു നിയമനങ്ങളിൽ ബാധകമായിട്ടുള്ള നിർബന്ധിത ചട്ടങ്ങളും സംവരണവും പാലിക്കണമെന്ന് ഒരു മൻഡാമസ് റിട്ട് മൂലം എതിർകക്ഷികളോട് ആജ്ഞാപിക്കണമെന്നും എക്സിബിറ്റുകൾ പി1-ലും പി2-ലും അപേക്ഷിച്ചിട്ടുള്ളതുപോലെ നിയമനം നടത്തുന്നതിനായി ഹർജിക്കാരന്റെ യോഗ്യതയും പരിഗണിക്കണമെന്നും.

(iii) എക്സിബിറ്റ് പി3-ൽ 37, 171, 236, 348, 468, 525 എന്നീ ക്രമനമ്പറുകളിൽ പട്ടികജാതി അംഗങ്ങളായും ക്രമനമ്പർ 136-ൽ പട്ടിക ഗോത്രവർഗ്ഗ അംഗമായും കാണിച്ചിട്ടുള്ള മറ്റെല്ലാ പട്ടികജാതി/ പട്ടികഗോത്രവർഗ്ഗ അഭിഭാഷകരെയും ഗവൺമെന്റ് ലാ ആഫീസർ ആയോ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായോ സ്റ്റാന്റിംഗ് കൗൺസിൽ ആയോ, അതത് സംഗതിപോലെ, പരിഗണിക്കുന്നതിന് ഒരു മൻഡാമസ് റിട്ട് പുറപ്പെടുവിക്കുക.

ഞങ്ങളെ സംബന്ധിച്ചിടത്തോളം, (ii)-ാം നിവൃത്തി മേല്പറഞ്ഞ കേസ്സിനെ പൊതുതാത്പര്യ ഹർജിയുടെ പരിധിയിൽനിന്നും, എടുത്തു കളയുന്നു.

3. മേൽപ്പറഞ്ഞ ചട്ടപ്രകാരം നടത്തിയ നിയമനങ്ങളിൽ പട്ടികജാതിക്കാർക്കും പട്ടിക ഗോത്രവർഗ്ഗക്കാർക്കുമുള്ള സംവരണത്തിനായി എന്തെങ്കിലും നിർബന്ധിത ചട്ടങ്ങൾ ഉണ്ടെന്ന് ഞങ്ങൾക്കും ബോദ്ധ്യമായിട്ടില്ലാത്തതും സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിനുവേണ്ടി കേസ്സുകൾ നടത്തുന്നതിന് സാമർത്ഥ്യമില്ലാത്ത അഭിഭാഷകരെ നിയമിക്കണമെന്ന് സർക്കാരിനെ നിർബന്ധിക്കുവാൻ കഴിയുന്നതല്ലാത്തതുമാണ്. റിപ്പോർട്ട് ചെയ്തിട്ടുള്ള ഓരോ പത്ത് ഒഴിവുകൾക്കും പട്ടികജാതി/പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി കളുടെ, ഏറ്റവും കുറഞ്ഞത് രണ്ടു പേരുകൾ ഉൾപ്പെടുത്തണം എന്നുമാത്രമാണ് ചട്ടം 4-ന്റെ ക്ലിപ്തനിബന്ധനയിൽ നിഷ്കർഷിച്ചിട്ടുള്ളത്. ചട്ടത്തെ അതിന്റെ ക്ലിപ്ത നിബന്ധനയോടൊപ്പം ഇതിനു ശേഷം ഉദ്ധരിക്കുന്നു:-

‘‘4. ഹൈക്കോടതിയിലെ ഗവൺമെന്റ് ലാ ആഫീസർമാരുടെ നിയമനരീതി.-- പബ്ലിക് പ്രോസിക്യൂട്ടറായോ സീനിയർ ഗവൺമെന്റ് പ്ലീഡറായോ ഗവൺമെന്റ് പ്ലീഡറായോ ലെയ്സൺ ആഫീസറായോ ഉള്ള നിയമനം അഡ്വക്കേററ് ജനറൽ സമർപ്പിക്കുന്ന അഭിഭാഷകരുടെ പട്ടികയിൽനിന്നും സർക്കാർ നടത്തേണ്ടതാണ്. പബ്ലിക് പ്രോസിക്യൂട്ടറായുള്ള നിയമനം ഹൈക്കോടതിയുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണ്:

എന്നാൽ അഡ്വക്കേറ്റ് ജനറൽ അഭിഭാഷകരുടെ പട്ടിക സമർപ്പിക്കുമ്പോൾ റിപ്പോർട്ട് ചെയ്തിട്ടുള്ള ഓരോ പത്ത് ഒഴിവുകൾക്കും പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗ സമുദായത്തിൽപ്പെട്ടവരുടെ ഏറ്റവും കുറഞ്ഞത് 2 പേരുകൾ ഉൾപ്പെടുത്തേണ്ടതാണ്.’’

4. ബഹു. അഡ്വക്കേറ്റ് ജനറൽ അയച്ചുതന്നിട്ടുള്ള ഒരു പട്ടികയിൽനിന്നും 110 അഭിഭാഷകരെ ഗവൺമെന്റ് പ്ലീഡർമാർ/സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാർ/ സീനിയർ ഗവൺമെന്റ് പ്ലീഡർമാർ എന്നിവരായി നിയമിച്ചിട്ടുണ്ടെന്ന് വാദിച്ചുകൊണ്ട് സർക്കാർ ഒരു എതിർ- സത്യവാങ്മൂലം സമർപ്പിക്കുകയുണ്ടായി. പട്ടികജാതിയിലും പട്ടിക-ഗോത്ര വർഗ്ഗത്തിലുംപെട്ട 21 ആളുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു എന്നത് സമ്മതിച്ചിട്ടുള്ള സംഗതിയാണ്. ആത്യന്തികമായി

നിയമിച്ചിട്ടുള്ള ആളുകളുടെ എണ്ണം പരിശോധിയ്ക്കുമ്പോൾ, ഞങ്ങളെ സംബന്ധിച്ചിടത്തോളം, ചട്ടം 4-ന്റെ ക്ലിപ്തനിബന്ധന പാലിച്ചിട്ടുണ്ട്. എന്നിരുന്നാലും, 21 എസ്സ്. സി./എസ്.ടി. ഉദ്യോഗാർത്ഥികളിൽനിന്നും സർക്കാരിന്റെ കേസ്സ് നടത്തുന്നതിനായി 6 പേരെ മാത്രമാണ് സർക്കാർ നിയമിച്ചത്.

5. ചട്ടം 6 പ്രകാരം ഹൈക്കോടതിയിൽ ഗവൺമെന്റ് ലാ ആഫീസർമാരുടെ നിയമനം മൂന്ന് വർഷത്തേയ്ക്ക് മാത്രമാണ്. എന്നിരുന്നാലും, മൂന്നു വർഷത്തിൽ അധീകരിയ്ക്കാത്ത ഒരു കാലയളവിലേയ്ക്ക് കൂടി സർക്കാരിന് അവരെ പുനഃനിയമനം നടത്തുന്നതിനുള്ള അവകാശമുണ്ടെന്നും ഞങ്ങൾ കാണുന്നു. ഒരു മാസത്തെ നോട്ടീസോ അപ്രകാരമുള്ള നോട്ടീസിന് പകരമായി ഒരു മാസത്തെ ശമ്പളമോ നൽകി അവരുടെ നിയമനം അവസാനിപ്പിക്കാമെന്ന ഒറ്റ വ്യവസ്ഥയിന്മേൽ മാത്രം നിയമന കാലാവധിക്കു മുൻപ് എന്തെങ്കിലും കാരണം കാണിയ്ക്കാതെ നിയമനം അവസാനിപ്പിക്കുന്നതിന് ചട്ടം 17-ഉം വ്യവസ്ഥ ചെയ്യുന്നു.

6. ഈ കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച് മുഹമ്മദ് അഷറഫും കേരള സർക്കാരും തമ്മിലുള്ള (1991(2) കെഎൽടി 818) കേസ്സിൽ ചില ഗവൺമെന്റ് പ്ലീഡർമാരെ പിരിച്ചുവിട്ടത് അനുച്ഛേദം 14-ന്റെ ലംഘനമാണെന്ന് തർക്കിച്ച സാഹചര്യത്തിൽ ചട്ടം 17 പരിഗണിക്കുകയുണ്ടായി. പ്രസ്തുത വിധി ന്യായത്തിന്റെ 16-ാം ഖണ്ഡിക ഞങ്ങൾ ഉദ്ധരിക്കുന്നു:

"സുപ്രീംകോടതി ശ്രീലേഖ വിദ്യാർത്ഥിയുടെ കേസ്സ് പരിഗണിക്കുമ്പോൾ ഗവൺമെന്റ് പ്ലീഡർമാരുടെ സേവനം അവസാനിപ്പിയ്ക്കുന്ന ഉത്തരവ് ഏതൊക്കെ സാഹചര്യങ്ങളിൽ പ്രത്യക്ഷത്തിൽ ഏകപക്ഷീയമാണെന്ന് കണക്കാക്കാൻ കഴിയുമെന്ന് പ്രസ്താവിച്ചപ്പോൾ, അപ്രകാരമുള്ള പിരിച്ചുവിടലിന് എപ്പോൾ മതിയായ കാരണങ്ങൾ ഉള്ളതായി എപ്പോഴൊക്കെ കണക്കാക്കാൻ സാധിക്കുമെന്ന് ഈ കോടതിയുടെ വിധിന്യായങ്ങളിൽ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഞങ്ങൾ ഇപ്പോൾ അവയെക്കുറിച്ച് പരാമർശിക്കാം. ഉത്കൃഷ്ടവും പാണ്ഡിത്യമുള്ളതുമായ ഒരു തൊഴിൽ ചെയ്യുന്ന ബാറിലെ ഒരംഗത്തിന് തനിക്ക് സർക്കാർ അഭിഭാഷകനായി നിയമനം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള ഒരു അപേക്ഷ സമർപ്പിക്കുവാൻപോലും പാടില്ലാത്തതാണ് എന്ന് പ്രസ്താവിച്ചിട്ടുണ്ട്. സർക്കാരും അവരുടെ അഭിഭാഷകരും തമ്മിലുള്ള ബന്ധത്തിനും മുതലാളിയും തൊഴിലാളിയും തമ്മിലുള്ള ബന്ധത്തിനും സാരമായ വ്യത്യാസമുണ്ട്. ഇത് തീർച്ചയായും പരസ്പര

വിശ്വാസവും ഉത്തരവാദിത്വവും ആവശ്യമുള്ള ഒരു കാര്യമാണ്: (ബേബി ജോർജ്ജും കേരള സർക്കാരും 1973 കെഎൽടി 1009 = 1973 കെ.എൽ.ജെ. 923). അങ്ങനെയാണെങ്കിൽ, അഭിഭാഷകന്റെ പെരുമാറ്റത്തെയോ സേവനങ്ങളെയോ സംബന്ധിച്ച് നേരിയ അസംതൃപ്തി തോന്നുന്ന നിമിഷം ആ തൊഴിൽ ചെയ്യുന്ന ഒരംഗം ഫയലിനെയോ കക്ഷിയേയോ ആശ്രയിച്ചു നിൽക്കുവാൻ പാടുള്ളതല്ല. (റ്റി. ഡി. രാജലക്ഷ്മിയും കേരള സർക്കാരും തമ്മിലുള്ള കേസ്സ് 08-10-1984 തീയതിയിലെ ഒ.പി നമ്പർ 8374/1984-എഫ്). ഒരു സർക്കാർ അഭിഭാഷകൻ ചെയ്യേണ്ട ജോലിയുടെ യുക്തി നോക്കുമ്പോൾ യാതൊരു കാരണവും കാണിയ്ക്കാതെ അവരുടെ സേവനം അവസാനിപ്പിയ്ക്കുന്നതിന് സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നത് മാത്രമാണ് ഉചിതമായിട്ടുള്ളത്. മതിയായ കാരണം യഥാർത്ഥത്തിൽ മറ്റുവിധത്തിൽ നിലനിൽക്കുന്നുണ്ടെങ്കിലോ പ്രത്യക്ഷത്തിൽ ഉണ്ടായിരിക്കുകയോ ചെയ്താൽ പിരിച്ചുവിടൽ ഉത്തരവിൽ യഥാർത്ഥത്തിൽ അവ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽകൂടി വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതാണെന്ന് 20-11-1984-ലെ റ്റി. ഡി. രാജലക്ഷ്മിയും കേരളസർക്കാരും (ഡി.ബി), തമ്മിലുള്ള റിട്ട് അപ്പീൽ നമ്പർ 497/1984-ൽ ഞങ്ങൾ പരിഗണിച്ചിട്ടുള്ളത്. വിശ്വാസാധിഷ്ടിത ബന്ധം ആയതിനാൽ അത് ഉന്നത തലത്തിലുള്ളതും വ്യത്യസ്തമായ സാഹചര്യത്തിലും വ്യത്യസ്തമായ നിലവാരത്തിലും ഉള്ളതുമാണ്. ഇത് സർക്കാരിന് കീഴിലുള്ള ഒരു ആഫീസ് ആയിരിക്കുമെങ്കിലും അസാധാരണമായ നിലയിലുള്ള വിശ്വാസം സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമുള്ള ഒന്നാണ്. മറ്റ് സാഹചര്യങ്ങൾ കണക്കിലെടുക്കാതെ ഒരു ലാ ആഫീസറെകൊണ്ട് തുടർന്നും കേസ്സ് നടത്തിയ്ക്കുവാൻ നിർബന്ധിക്കുന്നത് സർക്കാരിനുമേൽ ഒരു ലാ ആഫീസറുടെ സേവനം ഏകപക്ഷീയമായി അടിച്ചേൽപ്പിക്കുന്നതിന് തുല്യമായിരിക്കുന്നതും അത് പൊതു നയത്തിന് എതിരായിരിക്കാവുന്നതും കൂടിയാണ്: (കുഞ്ഞു കൃഷ്ണൻനായരും കേരള സർക്കാരും തമ്മിലുള്ള കേസ്സ് (1988 (2) കെഎൽടി 1015). സർക്കാരിന് വിശ്വാസമുള്ള ഒരു ആൾ ആയിരിക്കണം ഒരു അഭിഭാഷകൻ: (പി.കെ.കുഞ്ഞുകൃഷ്ണൻ നായരും കേരള സർക്കാരും തമ്മിലുള്ള കേസ്സ് (ഡി.ബി) 26-06-1989 തീയതിയിലെ റിട്ട് അപ്പീൽ നമ്പർ 240/1989'').

7. സർക്കാർ അഭിഭാഷകന്റെ തസ്തിക സർക്കാരിനു കീഴിൽ ഉള്ള ഒരു ആഫീസർ ആണെങ്കിലും ഇതിന് അസാധാരണ നിലയിലുള്ള ആത്മവിശ്വാസം ആവശ്യമുള്ളതാണെന്നും ഒരു മുതലാളി-തൊഴിലാളി ബന്ധത്തിൽനിന്നും

സാരമായ വ്യത്യാസമുള്ള ഒന്നാണെന്നുമുള്ള വിവിധ വിധിന്യായങ്ങളിലെ പ്രഖ്യാപനങ്ങളോടും ഞങ്ങൾ പൂർണ്ണമായും യോജിയ്ക്കുന്നു. കക്ഷിയുടെ ആഗ്രഹത്തിന്/ തീരുമാനത്തിന് വിരുദ്ധമായി ഒരു അഭിഭാഷകനും വക്കാലത്ത് നിലനിർത്താമെന്ന് പ്രതീക്ഷിക്കാവുന്നതല്ല. ഒരു സർക്കാർ അഭിഭാഷകൻ വിശ്വാസത്തിലധിഷ്ടിതമായ ഒരു സ്ഥാനത്താണ് നിലകൊള്ളുന്നത്. സർക്കാരിന്റെ തീരുമാനത്തിന് വിരുദ്ധമായി ഈ സ്ഥാനം വഹിക്കുവാൻ കഴിയുന്നതല്ല. അതാണ് ചട്ടം 17-ൽ വ്യവസ്ഥചെയ്തിട്ടുള്ള പിരിച്ചുവിടലിന്റെ സാഹചര്യത്തിൽ ഡിവിഷൻ ബെഞ്ച് തീരുമാനിച്ചിട്ടുള്ളത്. പിരിച്ചുവിടലിൽ എപ്രകാരമാണോ അപ്രകാരംതന്നെയാണ് നിയമനത്തിലും സ്വീകരിക്കേണ്ടത്. ജോലിക്കുവേണ്ടി അപേക്ഷിച്ച് ജോലിനേടുന്നത് വർഷങ്ങളായി അഭിഭാഷകവൃത്തിയിൽ വേരൂന്നിയ പാരമ്പര്യത്തിനും മൂല്യത്തിനും മങ്ങലേൽപ്പിക്കുന്നതിനും ആയതിനെ ബാർ കൗൺസിൽ ഓഫ് ഇൻഡ്യ ചട്ടങ്ങളിലെ അദ്ധ്യായം II-ലെ ഭാഗം VI - ലെ VI-ാം ചട്ടം നിയമാധിഷ്ടിതമായി തടയുകയും ചെയ്യുന്നു. ഒരാൾക്ക് അയാളുടെ ഇഷ്ടപ്രകാരം തെരഞ്ഞെടുത്ത അഭിഭാഷകനാൽ പ്രതിനിധീകരിക്കപ്പെടുക എന്നത് ഭാരതത്തിന്റെ ഭരണഘടനയുടെ III-ാം അദ്ധ്യായത്തിൽ വിഭാവന ചെയ്തിട്ടുള്ള അവകാശമാണ്. കേസ്സുകളുടെ എണ്ണം ഏതു സമയത്ത് പരിശോധിക്കുമ്പോഴും പരമാവധി എണ്ണം കേസ്സുകളിലും കക്ഷിയായ സർക്കാരിന് ഇപ്രകാരമുള്ള പ്രത്യേകാവകാശം നിഷേധിയ്ക്കുവാൻ സാധിക്കുന്നതല്ല.

8. ജോർജ്ജ് വർഗ്ഗീസും കേരള സർക്കാരും തമ്മിലുള്ള കേസ്സിൽ (2002 (2) കെഎൽടി 263) മറ്റൊരു ഡിവിഷൻ ബെഞ്ചിന്, മേല്പറഞ്ഞ ചട്ടത്തിൽ വിഭാവന ചെയ്തിട്ടുള്ള ''യഥാർത്ഥ പ്രക്ടീസ്'' പരിശോധിയ്ക്കുന്ന സമയത്ത് സർക്കാർ അഭിഭാഷകന്റെ ജോലിയെക്കുറിച്ച് പഠിയ്ക്കുന്നതിന് വീണ്ടും അവസരം ഉണ്ടായി എന്നത് സന്ദർഭോചിതമാണ്. അതിൽ ഡിവിഷൻ ബെഞ്ച് ഇനി പറയും പ്രകാരം വിധിക്കുകയുണ്ടായി:

''യോഗ്യതയുള്ളവരും ക്ഷമതയുള്ളവരുമായ ആളുകൾക്കിടയിൽനിന്നും സർക്കാർ അഭിഭാഷകരെ തിരഞ്ഞെടുക്കുന്നത് പൊതുതാൽപര്യാർത്ഥമാണ്. ആയതിനാൽ, സർക്കാരിന്റെയും പൊതുജനത്തിന്റെയും താൽപര്യങ്ങളെ ഹാനികരമായി ബാധിയ്ക്കുന്നില്ല.'' സംസ്ഥാന സർക്കാരിലേയ്ക്ക് ശുപാർശയ്ക്ക് അയയ്ക്കുന്ന പാനലിൽ ഉൾപ്പെടുത്തുന്നതിന് മതിയായത്ര എണ്ണം പട്ടികജാതി–

പട്ടികഗോത്രവർഗ്ഗ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ അപ്രകാരമുള്ള കുറവിനെ ചട്ടം 4-ലെ ക്ലിപ്ത നിബന്ധനയുടെ ലംഘനമായി കരുതുവാൻ കഴിയുന്നതല്ല എന്നും വിധിയ്ക്കുകയുണ്ടായി. നിലവിലുള്ള ഈ കേസ്സിൽ ക്ലിപ്ത നിബന്ധനയിലെ വ്യവസ്ഥ പാലിച്ചിട്ടുള്ളതായി ഞങ്ങൾ മനസ്സിലാക്കുന്നു. എന്നിരുന്നാലും, ഈ കോടതി മുമ്പാകെ കേസ്സുകൾ നടത്തുന്നതിന് സർക്കാർ അഭിഭാഷകരെ നിയമിക്കുന്നതിൽ സർക്കാർ അതിന്റെ വിവേചനാധികാരം ഉപയോഗിച്ചിട്ടുള്ളതും അവരുടെ ഇഷ്ടാനുസരണം നിയമിച്ചിട്ടുള്ളതുമായ അവർ സർക്കാരിന്റെ അഭിപ്രായത്തിൽ വിശ്വാസയോഗ്യരും ക്ഷമതയുള്ളവരു മാണ്. ഒഴിവാക്കപ്പെട്ട അഭിഭാഷകർ വിശ്വാസയോഗ്യരല്ലായെന്ന് ഒരു നിമിഷത്തേയ്ക്കുപോലും പറയാവുന്നതല്ല; എങ്കിലും സർക്കാരിന്റെ വിശ്വാസം അവർ ആർജ്ജിച്ചിട്ടില്ലാത്തതും ഈ കോടതി മുമ്പാകെയുള്ള കൂടുതൽ കേസ്സുകളിലേയും വിഷയം സർക്കാരിന്റെ നയങ്ങൾ ആയിരിയ്ക്കുകയും ചെയ്യുന്നതിനാലും പ്രത്യേകിച്ച്, നിയമനത്തിന് സംവരണ ചട്ടങ്ങൾ ഇല്ലാത്ത സാഹചര്യത്തിലും ഏതെങ്കിലും സമുദായത്തിലോ വർഗ്ഗത്തിലോ പെട്ട ആളുകളെ നിയമിക്കുന്നതിന് നിർദ്ദേശിയ്ക്കുവാൻ ഈ കോടതിയ്ക്ക് സാധിയ്ക്കുന്നതല്ല. ഈ നിയമനം ഒരു സാഹചര്യത്തിലും സ്ഥിരനിയമനം അല്ല. ഹർജിക്കാരന്റെ സ്വകാര്യ സങ്കട നിവൃത്തിയ്ക്ക് പരിഹാരം കാണുന്നതിനോ പ്രത്യക്ഷത്തിൽ ഇതിൽ എന്തെങ്കിലും പൊതുതാൽപര്യം ഉള്ളതായോ ഞങ്ങൾക്ക് ബോദ്ധ്യമായിട്ടില്ല.

മുകളിൽ പരാമർശിച്ച സാഹചര്യങ്ങളിൽ, കഴമ്പില്ലാത്തതായ ഈ റിട്ട് ഹർജി ഞങ്ങൾ തള്ളുന്നു. കക്ഷികൾ അവരവരുടെ കോടതി ചെലവ് വഹിക്കേണ്ടതാണ്.

## കേരള ഹൈക്കോടതി മുമ്പാകെ

*ബഹു. ചീഫ് ജസ്റ്റിസ് ജസ്റ്റിസ് മഞ്ജുള ചെല്ലൂർ,*

*ബഹു. ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ*

**റോബിൻ ചാക്കോ**

**അഭി**

**കേരള സർക്കാർ**

**റിട്ട് പെറ്റീഷൻ (സിവിൽ) നമ്പർ 211/2012**

2013, ജനുവരി 23-ാം തീയതി വിധി പ്രസ്താവിച്ചത്

**2000-ലെ (കേരള) ശബ്ദ മലിനീകരണം (ക്രമീകരിക്കലും നിയന്ത്രണവും) ചട്ടങ്ങൾ, ചട്ടം 2 (സി) - പ്രത്യേക മതവിഭാഗങ്ങൾ മൈക്രോഫോണുകളും ഉച്ചഭാഷിണികളും ഉപയോഗിക്കുന്നത് നിർണ്ണയിക്കപ്പെട്ടിട്ടുള്ള പരിധിയ്ക്കുള്ളിൽ ആയിരിക്കണമെന്ന്.**

### വിധിന്യായം

*ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ*

പത്തനംതിട്ട ജില്ലയിലെ മാക്കാംകുന്നിലെ താമസക്കാരനായ ഹർജിക്കാരൻ 5-ഉം 6-ഉം എതിർകക്ഷികൾ കാരണം ഉണ്ടായിട്ടുള്ള അതികഠിനമായ ശബ്ദമലിനീകരണത്തിനെതിരെ, ഈ പൊതു താത്പര്യ ഹർജിയിലൂടെ അദ്ദേഹത്തിനും ആ പ്രദേശത്തെ മറ്റ് താമസക്കാർക്കും ഉണ്ടായിട്ടുള്ള സങ്കടം നിവർത്തിക്കുന്നതിന് ശ്രമിക്കുന്നു. 5-ാം എതിർകക്ഷി ഒരു ക്ഷേത്രവും 6-ാം എതിർകക്ഷി ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെടുന്നവരുമാണ്. ഇരുവരും മത പ്രാർത്ഥനകൾ നടത്തുന്നതിനും ഭക്തിഗീതങ്ങൾ കേൾപ്പിക്കുന്നതിനും ആയി ഉച്ചഭാഷിണി വിവേചനമില്ലാതെ ഉപയോഗിച്ച് ആ പ്രദേശത്ത് ശബ്ദമലിനീകരണം സൃഷ്ടിക്കുന്നതായി ആരോപിക്കുന്നു. ഹർജിക്കാരൻ ജില്ലയിലെ വിവിധ

അധികാരസ്ഥാനങ്ങൾ മുമ്പാകെയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനേയും സമീപിച്ചിട്ടും ശബ്ദമലിനീകരണം ശമിപ്പിക്കുന്നതിന് കഴിയാത്തതിനാലാണ് ഈ കോടതി മുമ്പാകെ വന്നിട്ടുള്ളത്.

2. 2000-ലെ കേരള ശബ്ദമലിനീകരണം (ക്രമീകരിക്കലും നിയന്ത്രണവും) ചട്ടങ്ങളിലെ 2(സി) ചട്ടപ്രകാരം, ഉച്ചഭാഷിണികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും/നിരോധിക്കുന്നതിനും ഉത്തരവാദപ്പെട്ട അധികാരസ്ഥാനം ജില്ലാ മജിസ്ട്രേറ്റ്, പോലീസ് കമ്മീഷണർ അല്ലെങ്കിൽ പോലീസിലെ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പദവിയിൽ കുറയാത്ത മറ്റേതെങ്കിലും ഉദ്യോഗസ്ഥനാണെന്ന് പ്രസ്താവിച്ചു കൊണ്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഒരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആരോപിക്കപ്പെടുന്ന ഏതെങ്കിലും ശബ്ദമലിനീകരണത്തിനെതിരായി എന്തെങ്കിലും നടപടിയെടുക്കാൻ കഴിയാത്ത ബോർഡിന്റെ നിസ്സഹായാവസ്ഥ അത് ബോധിപ്പിച്ചു. എന്നാൽ, ഉച്ചഭാഷിണികളിൽനിന്നും പുറപ്പെടുന്ന ശബ്ദം അളക്കുന്നതിന് ശബ്ദമലിനീകരണം (ക്രമീകരിക്കലും നിയന്ത്രണവും) ചട്ടങ്ങൾക്കു കീഴിലുള്ള അധികാരസ്ഥാനത്തിനെ സഹായിക്കാമെന്ന സന്നദ്ധത എക്സിബിറ്റ് പി3 മുഖേന ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

3. രാത്രി സമയങ്ങളിൽ ശബ്ദഭാഷിണി ഉപയോഗിക്കാറില്ലെന്നും, ശബ്ദഭാഷിണി ഉപയോഗിക്കുമ്പോഴെല്ലാം ആ പ്രദേശത്തെ ആളുകൾക്ക് യാതൊരു ശല്യവും ഉണ്ടാക്കാതെയാണ് അത് ഉപയോഗിക്കുന്നതെന്നും പ്രസ്താവിച്ചു കൊണ്ട് അഞ്ചാം എതിർകക്ഷി ഒരു സത്യവാങ്മൂലം ഫയൽ ചെയ്യുകയുണ്ടായി.

4. 6-ാം എതിർകക്ഷി അഭിഭാഷകൻ മുഖേനയാണ് ഹാജരായതെങ്കിലും റിട്ട് ഹർജിയിലെ ആരോപണങ്ങളെ നിഷേധിക്കുകയുണ്ടായില്ല.

5. ആ പ്രദേശത്തിന്റെ അധികാരപരിധിയിലുള്ള പോലീസ് സർക്കിൾ ഇൻസ്പെക്ടർ, 5-ഉം 6-ഉം എതിർകക്ഷികളുടെ ഭാരവാഹികളെ സമൻസ് അയച്ച് വിളിപ്പിക്കുകയും ശബ്ദ മലിനീകരണം ഒഴിവാക്കണമെന്നുള്ള നിർദ്ദേശം നൽകിയതായും കാണിച്ചുകൊണ്ട് പത്തനംതിട്ട ജില്ലാ പോലീസ് ചീഫ് ഒരു പത്രിക ഫയൽ ചെയ്യുകയുണ്ടായി. ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കണമെന്ന് 5-ഉം 6-ഉം എതിർകക്ഷികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു എന്നും പ്രസ്തുത പത്രികയിൽ പ്രത്യേകം പറയുന്നു.

6. ഈ സാഹചര്യത്തിൽ, ചർച്ച് ഓഫ് ഗോഡും കെ.കെ.ആർ മജസ്റ്റിക്ക് കോളനി വെൽഫയർ അസോസ്സിയേഷനും (2000(3) കെഎൽറ്റി 651 (എസ്സി)) തമ്മിലുള്ള കേസ്സിൽ ബഹു. സുപ്രീം കോടതിയുടെ വിധിന്യായം റഫർ ചെയ്യുന്നത് ഉചിതമായിരിക്കുന്നതും ആയതിൽ ആംപ്ലിഫയർ മുഖേന പ്രാർത്ഥനകൾ നിർവ്വഹിക്കണമെന്ന് ഒരു മതവും നിഷ്കർച്ചിട്ടില്ലായെന്നും മൈക്രോഫോണും ഉച്ചഭാഷിണികളും ഉപയോഗിക്കുമ്പോൾ പരിസ്ഥിതി നിയമങ്ങളും പോലീസ് ആക്റ്റും നിർണ്ണയിച്ചിട്ടുള്ള പരിധിക്കുള്ളിലായിരിക്കണമെന്നും ബഹു. ന്യായാധിപൻമാർ സ്പഷ്ടമായി വിധി പ്രസ്താവിച്ചിട്ടുണ്ട്. ശബ്ദമലിനീകരണം (ക്രമീകരിക്കലും നിയന്ത്രണവും) ചട്ടങ്ങളിൽ നിർവ്വചിച്ചിട്ടുള്ളതുപോലെ "രാത്രി സമയം" എന്നത് രാത്രി 10 മണിക്കും രാവിലെ 6 മണിക്കും ഇടയ്ക്കാണെന്നും ചട്ടം 5 പ്രകാരം രാത്രി സമയങ്ങളിൽ പൊതു ഉച്ചഭാഷിണി സംവിധാനം (പൊതു അഡ്രസ് സിസ്റ്റം) ഉപയോഗിക്കുന്നതിന് സമ്പൂർണ്ണ നിരോധനമുണ്ടെന്നും പരാതിക്കാരന്റെ അഭിഭാഷകൻ ചൂണ്ടിക്കാണി ക്കുകയുണ്ടായി.

7. ജില്ലാ പോലീസ് ചീഫ് പത്രിക ഫയൽ ചെയ്ത സാഹചര്യത്തിൽ, ഉച്ചഭാഷിണികൾ വിവേചനമില്ലാതെ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ശബ്ദമലിനീകരണം സംബന്ധിച്ച് പ്രദേശവാസികളിൽ നിന്നും എന്തെങ്കിലും പരാതി ലഭിക്കുന്ന പക്ഷം, അങ്ങനെയുണ്ടായ മലിനീകരണം കുറയ്ക്കുന്നതിനും അത് ഇല്ലാതാക്കുന്നതിനുമായി നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് ഔദ്യോഗിക എതിർകക്ഷികൾക്ക് നിർദ്ദേശം നൽകി കൊണ്ട് റിട്ട് ഹർജി തീർപ്പാക്കിയിരിക്കുന്നു.

മുകളിൽ പറഞ്ഞ പ്രകാരം റിട്ട് ഹർജി തീർപ്പാക്കിയിരിക്കുന്നു. ചെലവ് സംബന്ധിച്ച് ഉത്തരവില്ല.

*കേരള ഹൈക്കോടതി മുമ്പാകെ*

*ബഹു. ജസ്റ്റിസ് ആന്റണി ഡൊമിനിക്ക്,*

*ബഹു. ജസ്റ്റിസ് പി.ഡി. രാജൻ*

**എം. ഡി. ഡേവിഡ്**

**അഭി**

**കെ.ജി. മേഴ്സി**

**മാട്രിമോണിയൽ അപ്പീൽ നമ്പർ 696/2007**

2013, ആഗസ്റ്റ് 20-ാം തീയതി വിധി പ്രസ്താവിച്ചത്

**1869-ലെ വിവാഹമോചന ആക്റ്റ് (1869-ലെ 4), 10 (എക്സ്) വകുപ്പ് - വിവാഹമോചനം - മാനസിക ക്രൂരത - ആത്മഹത്യ ചെയ്യുന്നതിന് ഭാര്യ നടത്തിയ ശ്രമങ്ങളും ആത്മഹത്യ ചെയ്യുമെന്നുള്ള അവരുടെ ഭീഷണികളും- മാനസിക ക്രൂരതയാകുന്നതാണ്.**

**വിധിന്യായം**

*ബഹു. ജസ്റ്റിസ് പി.ഡി. രാജൻ:*

ഏറ്റുമാനൂരുള്ള കോട്ടയം കുടുംബകോടതിയുടെ 2005-ലെ 72-ഉം 235-ഉം നമ്പർ അസ്സൽ ഹർജികളിലെ വിധിന്യായത്തിനെതിരെ ഭർത്താവ് ഫയൽ ചെയ്തതാണ് 696/2007-ഉം 356/2008-ഉം നമ്പറുകളായ മാട്രിമോണിയൽ അപ്പീലുകൾ. 696/2007-ാം നമ്പർ മാട്രിമോണിയൽ അപ്പീലിൽ അദ്ദേഹത്തിന്റെ ഭാര്യയാണ് എതിർകക്ഷി, 356/2008-ാം നമ്പർ മാട്രിമോണിയൽ അപ്പീലിൽ ഭാര്യയും അപ്പീൽ വാദിയുടെ കുട്ടികളുമാണ് 1 മുതൽ 3 വരെ എതിർകക്ഷികൾ.

2. ഇന്ത്യൻ വിവാഹ മോചന ആക്റ്റിലെ 10-ാം വകുപ്പുപ്രകാരം ഭർത്താവ് ഫയൽ ചെയ്ത അസ്സൽ ഹർജിയാണ് 72/2005. ശാശ്വത നിരോധന ഉത്തരവിനായി

ഭർത്താവിനും അദ്ദേഹത്തിന്റെ കുട്ടികൾക്കുമെതിരെ ഭാര്യ ഫയൽ ചെയ്തതാണ് 235/2005-ാം നമ്പർ അസ്സൽ ഹർജി.

3. 72/2005-ാം നമ്പർ അസ്സൽ ഹർജിയിൽ അപ്പീൽവാദിയുടെ കേസ്സ് എന്തെന്നാൽ 08-10-1999-ൽ അദ്ദേഹത്തിന്റെ ആദ്യ ഭാര്യ മരിച്ചു പോയിട്ടുള്ളതും അതിനുശേഷം 13-11-2000-ൽ, ക്രിസ്തീയ ആചാര മനുസരിച്ചുള്ള ചടങ്ങുകൾ പ്രകാരം എതിർകക്ഷിയെ വിവാഹം ചെയ്ത് ഭർതൃഭവനത്തിൽ ഒരുമിച്ചു താമസിക്കുകയും ചെയ്തിട്ടുള്ളതാണ്. അങ്ങനെയിരിക്കെ, എതിർകക്ഷി, അപ്പീൽവാദിയുടെ വസ്തുവിന്റെ ഓഹരി ആവശ്യപ്പെടുകയും അദ്ദേഹത്തിന് ആദ്യ ഭാര്യയിൽ ജനിച്ച കുട്ടികളുമായി വഴക്കുണ്ടാക്കുകയും ചെയ്തു. വിവാഹ സമയത്ത്, എതിർകക്ഷി അവരുടെ ഗർഭപാത്രം നീക്കം ചെയ്ത വിവരം മറച്ചു വെച്ചിരുന്നു. 1996-ൽ അപ്പീൽവാദി കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നും വിരമിച്ചതിനുശേഷം ഒരു പള്ളിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു വരികയും, ആ കാലയളവിൽ, എതിർകക്ഷി അപ്പീൽവാദിയുമായി വഴക്കുണ്ടാക്കുകയും പള്ളിയുടെ അക്കൗണ്ടു ബുക്കുകൾ വലിച്ചെറിയുകയും അദ്ദേഹത്തെ അനുസരിക്കാതിരിക്കുകയും ചെയ്തു. അവർ എല്ലായ്പ്പോഴും വളരെ ക്രൂരമായി പെരുമാറിയതായും വനിതാ കമ്മീഷൻ, ലോകായുക്ത പോലെയുള്ള വിവിധ ഫോറങ്ങൾ മുമ്പാകെ വ്യാജ പരാതികൾ സമർപ്പിച്ചതായും അദ്ദേഹത്തിനെതിരെ ഇന്ത്യൻ ശിക്ഷാനിയമ സംഹിതയിലെ 498 എ വകുപ്പ് പ്രകാരം ക്രിമിനൽ കേസ്സുകൾ ഫയൽ ചെയ്തതായും 2002-ൽ ആത്മഹത്യ ചെയ്യുന്നതിന് അവർ ശ്രമിച്ചതായും ആരോപിക്കുന്നു. ആ സംഭവത്തിനുശേഷം, ഒരു അനുരഞ്ജന ചർച്ച നടക്കുകയും അതിലുണ്ടായ ഒത്തു തീർപ്പു വ്യവസ്ഥയനുസരിച്ച് മൂന്നര സെന്റ് വസ്തുവും ഒരു വീടും എതിർകക്ഷിയ്ക്ക് താമസിക്കുന്നതിനായി വിലയ്ക്ക് വാങ്ങുകയും ചെയ്തു. ഇത്രയൊക്കെ ചെയ്തിട്ടും, അവർ വിവാഹമോചനത്തിന് തയ്യാറല്ലായിരുന്നതും അപ്പീൽവാദി ചെലവിനായി മാസം തോറും ആയിരം രൂപ ഇപ്പോൾ നൽകി വരുന്നതുമാണ്. അവരുടെ ക്രൂരതയും പീഡനവും മൂലം ഭർതൃഗൃഹത്തിൽ എതിർകക്ഷിയോടൊത്ത് താമസിക്കുവാൻ സാധിക്കുകയില്ലെന്ന് തിരിച്ചറിഞ്ഞപ്പോൾ ഒരു വാടക വീട്ടിലേക്ക് അദ്ദേഹം മാറുകയും അവിടെ താമസിച്ചു വരുകയുമായിരുന്നു. ആയതിനാലാണ്, വിവാഹ മോചനത്തിനായുള്ള ഈ ഹർജി.

4. കീഴ്കോടതിയിൽ, എതിർകക്ഷി അവരുടെ ആക്ഷേപം ഫയൽ ചെയ്യുകയും വിവാഹസമയത്ത് വസ്തുതകളൊന്നും മറച്ചു വെച്ചിട്ടില്ലായെന്നും

വാദിക്കുകയുണ്ടായി. വിവാഹശേഷം മൂന്ന് മാസത്തിനുള്ളിൽ ഒരേക്കർ വസ്തുവും വീടും അവർക്ക് നൽകാമെന്ന് വിവാഹസമയത്ത് അപ്പീൽവാദി സമ്മതിച്ചിരുന്നുവെന്നാണ് അവരുടെ വാദം. ആ കരാർ പ്രകാരം, 89.4 സെന്റ് വസ്തു ഒരു സെറ്റിൽമെന്റ് ആധാരപ്രകാരം അവർക്ക് നൽകിയിട്ടുള്ളതും പിന്നീട് 31-10-2003-ൽ അപ്പീൽവാദി അതിനെ റദ്ദാക്കുകയും ചെയ്തിട്ടുള്ളതാണ്. അങ്ങനെ താമസിച്ചു വരുമ്പോൾ, അപ്പീൽവാദി അവരെ വീട്ടിൽ നിന്ന് പുറത്താക്കുന്നതിന് ഒരു ശ്രമം നടത്തുകയും അവരുടെ വീട്ടിലേക്കുള്ള ടെലിഫോൺ ബന്ധവും വൈദ്യുതി ബന്ധവും വിച്ഛേദിക്കുകയും പത്ര വിതരണവും പാൽവിതരണവും നിർത്തി വെയ്ക്കുകയും ചെയ്തുകൊണ്ട് അവരോട് ക്രൂരതയോടെ പെരുമാറുകയുണ്ടായി. 09-04-2004-ൽ, ഹർജിക്കാരനും അദ്ദേഹത്തിന്റെ കുട്ടികളും ചേർന്ന് ഭർതൃഗൃഹത്തിന്റെ ഗേറ്റ് പൂട്ടിയിടുകയും അവർ ഒരു ഏണി ഉപയോഗിച്ച് വീട്ടിൽ പ്രവേശിക്കുകയും നാലു ദിവസം ആ വീട്ടിൽ ചെലവഴിക്കുകയും ചെയ്തു. തുടർന്ന് പോലീസിന്റെ സഹായത്തോടെ ഗേറ്റ് തുറക്കുകയും ചെയ്തിട്ടുള്ളതാണ്.

5. ഭർതൃഭവനത്തിൽ നിന്നും ബലമായി തന്നെ പുറത്താക്കുന്നതിൽ നിന്നും എതിർകക്ഷികളെ വിലക്കുന്നതിനുള്ള ശാശ്വത നിരോധന ഉത്തരവ് ആവശ്യപ്പെട്ടുകൊണ്ടാണ് അവർ 235/2005-ാം നമ്പർ അസ്സൽ ഹർജി ഫയൽ ചെയ്തത്. അപ്പീൽവാദി 235/2005-ാം നമ്പർ അസ്സൽ ഹർജിയിൽ രേഖാമൂലമുള്ള ആക്ഷേപം ഫയൽ ചെയ്യുകയും പരാതിക്കാരി അപേക്ഷിച്ചിരിക്കുന്ന ശാശ്വത നിരോധന ഉത്തരവ് അനുവദിക്കത്തക്കതല്ലെന്നും അവർക്ക് ഹർജി പട്ടിക വസ്തുവിൽ താമസി ക്കുന്നതിനുള്ള ഒരവകാശവും ഇല്ലെന്നും വാദിക്കുകയുണ്ടായി. അദ്ദേഹം 235/2005-ാം നമ്പർ അസ്സൽ ഹർജിയിൽ ഒരു പ്രത്യവകാശവാദം (കൗണ്ടർ ക്ലെയിം) ഫയൽ ചെയ്യുകയും കരാർ വ്യവസ്ഥ പ്രകാരം അന്യായപട്ടിക വസ്തുവിൽ നിന്നും വിട്ടൊഴിഞ്ഞുപോകുവാൻ എതിർകക്ഷി ബാദ്ധ്യസ്ഥയാണെന്ന് വാദിക്കുകയും അദ്ദേഹം ഒരു നിർബന്ധിത ഉത്തരവും നിരോധന ഉത്തരവും ആവശ്യപ്പെടുകയും ചെയ്തു.

6. എതിർകക്ഷി പ്രത്യവകാശവാദത്തിന് ഒരു മറുപടി (റപ്ലിക്കേഷൻ) ഫയൽ ചെയ്യുകയും അവർ അന്യായപട്ടിക വസ്തുവിൽ നിന്ന് വിട്ടൊഴിയാമെന്ന് ഒരിക്കലും സമ്മതിച്ചിട്ടില്ലായെന്നും വാദിക്കുകയുണ്ടായി.

7. രണ്ടു കേസ്സുകളും (72/2005-ഉം 235/2005-ഉം നമ്പർ അസ്സൽ ഹർജികൾ) സംയുക്തമായി വിചാരണ നടത്തുകയും 72/2005-നമ്പർ അസ്സൽ ഹർജിയിൽ

തെളിവു രേഖപ്പെടുത്തുകയും ചെയ്തു. പി.ഡബ്ല്യൂ 1 മുതൽ 4 വരെയും ആർ. ഡബ്ല്യൂ 1- ന്റെയും വാക്കാലുള്ള തെളിവും എക്സിബിറ്റ് എ - 1 മുതൽ എ - 36 വരെയും എക്സിബിറ്റ് ബി - 1 മുതൽ ബി - 4 വരെയുമുള്ള രേഖാമൂലമായ തെളിവുകളും ഉൾക്കൊള്ളുന്നതാണ് തെളിവുകൾ. റിക്കാർഡിലുള്ള തെളിവുകളുടെ വിശദമായ പരിശോധനയ്ക്കുശേഷം, കുടുംബകോടതി 72/2005 -ാം നമ്പർ അസ്സൽ ഹർജി തള്ളുകയും 235/2005-ാം നമ്പർ അസ്സൽ ഹർജി ഭാഗികമായി അനുവദിക്കുകയും ചെയ്തു. രണ്ടു കേസ്സുകളിലും കുടുംബ കോടതിയുടെ ഈ പൊതുവായ വിധിന്യായത്തെ ചോദ്യം ചെയ്തു കൊണ്ടാണ് ഈ അപ്പീലുകൾ ഫയൽ ചെയ്തിട്ടുള്ളത്.

8. ഇരു ഭാഗങ്ങളേയും കേൾക്കുകയുണ്ടായി. 697/2007-ാം നമ്പർ മാട്രിമോണിയൽ അപ്പീലിൽ പരാതിയിൽ പരാമർശിച്ചിട്ടുള്ള മാനസിക ക്രൂരത സംബന്ധിച്ച നിരവധി സംഭവങ്ങൾ അപ്പീൽവാദിയ്ക്കു വേണ്ടിയുള്ള അഭിഭാഷകൻ ഉയർത്തിക്കാട്ടുകയുണ്ടായി. ചോദ്യം ചെയ്യപ്പെടാനാവാത്ത തെളിവുകളിലൂടെ മാനസിക ക്രൂരതയുടെ ഓരോ സംഭവവും കുടുംബകോടതി മുമ്പാകെ തെളിയിച്ചിട്ടുള്ളതാണെന്ന് അദ്ദേഹം വാദിയ്ക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, വിവാഹ ജീവിതത്തിന്റെ തുടക്കം മുതൽതന്നെ, അങ്ങേയറ്റം ക്രൂരതയോടെയാണ് ഭാര്യ അപ്പീൽവാദിയോട് പെരുമാറിയിരുന്നതെന്നാണ് രേഖാമൂലമായ തെളിവുകൾ കാണിക്കുന്നതെന്നും എന്നാൽ ആയത് കുടുംബ കോടതി പരിഗണിച്ചിട്ടില്ലാത്തതുമാണ്. അതുകൊണ്ട്, മാനസിക ക്രൂരതയുടെ കാരണത്താൽ വിവാഹമോചനത്തിനുള്ള ഒരു ഡിക്രിയ്ക്കും നിരോധന ഉത്തരവ് നീക്കി കിട്ടുന്നതിനും അദ്ദേഹം അപേക്ഷിക്കുകയുണ്ടായി.

9. നേരേമറിച്ച്, മാനസിക ക്രൂരതയായി പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുള്ള സംഭവങ്ങൾ കുടുംബകോടതിയിൽ വാദിക്കുകയും തെളിയിക്കുകയും ചെയ്തി ട്ടില്ലായെന്ന് എതിർകക്ഷിക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷക വാദിക്കുക യുണ്ടായി. അവർ പറയുന്നതെന്തെന്നാൽ, ചെറിയ ചെറിയ സംഭവങ്ങളും കുടുംബ ജീവിതത്തിൽ സാധാരണ ഉണ്ടാകാറുള്ള ഉരസലുകളും മാനസിക ക്രൂരതയുടെ സംഭവങ്ങളായി ഉയർത്തിക്കാട്ടിയെന്നും മാനസിക ക്രൂരത സംബന്ധിച്ച തെളിവ് പരാതിയിൽ ഇല്ലാത്തപ്പോഴും, മാനസിക ക്രൂരതയെന്ന തന്റെ കേസ്സ് തെളിയി ക്കുന്നതിൽ അപ്പീൽവാദി പരാജയപ്പെട്ടെന്നും അനുമാനിക്കേണ്ടതുണ്ടെന്നാണ്. വിവാഹത്തിനുശേഷം, അപ്പീൽവാദി നിസ്സംഗമായ രീതിയിൽ പെരുമാറുകയും അവരുടെ ജീവിതത്തിൽ നിരവധി പ്രശ്നങ്ങളുണ്ടാക്കുകയും തെറ്റായ

പ്രസ്താവനകൾ നടത്തുകയും കുടുംബകോടതി മുമ്പാകെ ഹർജി സമർപ്പിക്കുകയുണ്ടായെന്നും അഭിഭാഷക വാദിക്കുകയുണ്ടായി. അതിനാൽ, അപ്പീൽ തള്ളിക്കളയുന്നതിന് അവർ അപേക്ഷിക്കുകയുണ്ടായി.

10. വിവാഹമോചനം ലഭിക്കുന്നതിനായി 'ക്രൂരത' എന്ന കാരണമാണ് അപ്പീൽവാദി അദ്ദേഹത്തിന്റെ കേസ്സിൽ ആരോപിക്കുന്നത്. ക്രൂരതയുടെ തെളിവുകൾ വിശകലനം ചെയ്യുന്നതിന് മുൻപായി ഞങ്ങൾ 1869-ലെ വിവാഹമോചന ആക്റ്റിലെ 10-ാം വകുപ്പ് പരിഗണിക്കുന്നതാണ്, ആയത് ഇപ്രകാരമാണ്:

10. *വിവാഹബന്ധം വേർപെടുത്തുന്നതിനുള്ള കാരണങ്ങൾ.*--(1) 2001-ലെ ഇൻഡ്യൻ വിവാഹമോചന (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പോ അതിനു ശേഷമോ, ചടങ്ങനുസരിച്ച് നടന്ന ഏതൊരു വിവാഹവും, വിവാഹം നടന്നതുമുതൽ,-

(i) മുതൽ (ix) xxxxxxx xxx

(x) എതിർകക്ഷിയോടൊപ്പം ഹർജിക്കാരൻ ജീവിക്കുന്നത് ഹാനികരമോ ദോഷകരമോ ആണെന്ന് ഹർജിക്കാരന്റെ മനസ്സിൽ ന്യായമായ ആശങ്ക ഉളവാക്കുംവിധം ഹർജിക്കാരനോട് അത്തരത്തിലുള്ള ക്രൂരതയോടെ പെരുമാറുകയുണ്ടായി,

എന്ന കാരണത്താൽ ഭർത്താവോ ഭാര്യയോ ജില്ലാ കോടതിയിൽ സമർപ്പിക്കുന്ന ഒരു പരാതിയിൽമേൽ ചടങ്ങനുസരിച്ച് നടന്ന വിവാഹബന്ധം വേർപിരിയാവുന്നതാണ്. " 1869-ലെ വിവാഹമോചന ആക്റ്റിൽ 2001-ൽ വന്ന ഭേദഗതിയ്ക്കു ശേഷം മേൽ പ്രസ്താവിച്ച 10 (1) (എക്സ്) വകുപ്പ് ഇനി പറയും പ്രകാരമാണ്: "എതിർകക്ഷിയോടൊപ്പം ഹർജിക്കാരൻ ജീവിക്കുന്നത് ഹാനികരമോ ദോഷകരമോ ആണെന്ന് ഹർജിക്കാരന്റെ മനസ്സിൽ ന്യായമായ ആശങ്ക ഉളവാക്കുംവിധം ഹർജിക്കാരനോട് അത്തരത്തിലുള്ള ക്രൂരതയോടെ പെരുമാറുകയുണ്ടായി. "

11. വിവാഹ ജീവിത പ്രശ്നങ്ങളിൽ നിവർത്തികൾക്കുള്ള ഒരു കാരണമായി 'ക്രൂരതയെ' നിരവധി ഇൻഡ്യൻ നിയമങ്ങളിൽ പരിഗണിച്ചിട്ടുള്ളതും ക്രൂരതയെന്ന

സങ്കൽപ്പം കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുള്ളതുമാണ്. 'ക്രൂരത' എന്ന വാക്കിന് കൃത്യമായ ഒരു നിർവ്വചനം നൽകിയിട്ടില്ലാത്തതും ആയത് ശാരീരികമോ മാനസികമോ ആകാവുന്നതും വാക്കുകൾകൊണ്ടോ അംഗവിക്ഷേപങ്ങൾക്കൊണ്ടോ നിശബ്ദതമൂലമോ പെരുമാറ്റത്തിലുള്ള ഹീനമായ പ്രവൃത്തികൾകൊണ്ടോ ഉണ്ടാകാവുന്നതുമാണ്. ക്രൂരതയെ സംബന്ധിച്ച് അപ്രകാരമുള്ള നിരവധി സന്ദർഭങ്ങളുണ്ടാകാം. ആയതിനാൽ, ജീവനോ ആരോഗ്യത്തിനോ ശരീരത്തിനോ മനസ്സിനോ ഹാനിയുണ്ടാക്കുകയോ ഹാനിയുണ്ടാകുമെന്ന ആശങ്ക ഉളവാക്കുകയോ ചെയ്യുന്ന അങ്ങനെയുള്ള ഒരു പെരുമാറ്റമാണ് ക്രൂരത. എതിർകക്ഷി സ്വാർത്ഥനോ അസ്വസ്ഥതയുണ്ടാക്കുന്ന അയാളോ വികാരങ്ങളെ മാനിയ്ക്കാത്തയാളോ ആണെന്നുള്ള വസ്തുത ക്രൂരതയായി കണക്കാക്കുന്നതിന് പര്യാപ്തമല്ലാത്തതാണ്. അതുപോലെതന്നെ, അവഗണിക്കുന്നതോ സ്നേഹം കാണിക്കാത്തതോ വിദ്വേഷം പ്രകടമാക്കുന്നതോ മാത്രം ക്രൂരത ഉളവാക്കുന്ന സ്വഭാവവിശേഷങ്ങൾ ആകുന്നില്ല. ശോഭാറാണിയും മധുകർ റെഡ്ഡിയും തമ്മിലുള്ള കേസിൽ (1988 (1) എസ് സി സി 105): (എ ഐ ആർ 1988 എസ് സി 121) പരമോന്നതകോടതിയ്ക്ക് ഹിന്ദുവിവാഹ ആക്റ്റിലെ 13(1)(iഎ) വകുപ്പിൻ കീഴിലുള്ള ക്രൂരതയെന്ന സങ്കല്പത്തെ പരിശോധിക്കുന്നതിനുള്ള അവസരം ഉണ്ടായിട്ടുള്ളതാണ്. കോടതി ഇനി പറയും പ്രകാരം അതിൽ വിധി പ്രസ്താവിച്ചിട്ടുണ്ട്:

"ഹിന്ദു വിവാഹ ആക്റ്റിൽ 'ക്രൂരത' യെന്ന പദത്തിനെ നിർവ്വചിച്ചിട്ടില്ലാത്തതാണ് എന്നു കാണുന്നു. ദാമ്പത്യജീവിതവുമായി ബന്ധപ്പെട്ടിട്ടുള്ളതോ സംബന്ധിച്ചുള്ളതോ ആയ കർത്തവ്യങ്ങളിൽ അല്ലെങ്കിൽ കടപ്പാടുകളിൽ മനുഷ്യന്റെ സ്വഭാവത്തിന്റെയും പെരുമാറ്റത്തിന്റെയും പശ്ചാത്തലത്തിൽ ആക്റ്റിലെ 13 (1) (iഎ) വകുപ്പിൽ ഇത് ഉപയോഗിച്ചുവരുന്നു. ഇത് ദമ്പതിമാരിൽ ഒരാളുടെ പെരുമാറ്റ ക്രമമാണ് ആയത് ദമ്പതിമാരിൽ മറ്റേയാളെ പ്രതികൂലമായി ബാധിക്കുന്നതുമാണ്. ക്രൂരത, മാനസികമോ ശാരീരികമോ മന:പൂർവ്വമോ മന:പൂർവുമല്ലാത്തതോ ആകാവുന്നതാണ്. അത് ശാരീരിക മാണെങ്കിൽ, അതിന്റെ ആധിക്യം എത്രത്തോളമെന്നുള്ളത് പ്രസക്തമാണ്. അത് മാനസികമാണെങ്കിൽ, ക്രൂരമായ പെരുമാറ്റത്തിന്റെ സ്വഭാവത്തെ സംബന്ധിച്ചും പിന്നീട് ആ പെരുമാറ്റം മറ്റേ ദമ്പതിയുടെ മനസ്സിൽ എത്രത്തോളം ആഘാതം ഉണ്ടാക്കി എന്നതിനെ സംബന്ധിച്ചും അന്വേഷണം ആരംഭിക്കേണ്ടതാണ്. മറ്റേ ആളിനോടൊപ്പം ജീവിക്കുന്നത് ഹാനികരമാണോ ക്ഷതമുണ്ടാക്കുന്നതാണോ

എന്നും അത് ന്യായമായ ആശങ്ക ഉളവാക്കിയിട്ടുണ്ടോ എന്നും, അന്തിമമായി, പെരുമാറ്റരീതിയുടെ സ്വഭാവവും പരാതിപ്പെടുന്ന ഭാര്യയിൽ/ഭർത്താവിൽ അത് ഉണ്ടാക്കിയിട്ടുള്ള ഫലത്തെയും കണക്കിലെടുത്തുകൊണ്ട് നിഗമനത്തിലെത്തേണ്ട ഒരു സംഗതിയാണ്.

36. എന്നിരുന്നാലും, പരാതിപ്പെട്ടിട്ടുള്ള പെരുമാറ്റം തന്നെ മോശ മായതും നിയമമനുവദിയ്ക്കാത്തതോ നിയമവിരുദ്ധമായിട്ടുള്ളതോ ആയതുമായ സംഗതികൾപോലും ആകാം. അങ്ങനെയാണെങ്കിൽ മറ്റേ ദമ്പതിയ്ക്കുണ്ടായ ആഘാതത്തെ പ്പറ്റിയോ ദോഷകരമായ ഫലത്തെപ്പറ്റിയോ അന്വേഷിക്കുകയോ കണക്കി ലെടുക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. അങ്ങനെയുള്ള സംഗതികളിൽ, പെരുമാറ്റം തെളിയിയ്ക്കപ്പെടുകയോ സമ്മതിക്കുകയോ ചെയ്യുകയാണെങ്കിൽ ക്രൂരത ഉണ്ടായതായി തെളിയിയ്ക്കപ്പെടുന്നതാണ്. മനുഷ്യരുടെ സംഗതിയിൽ സാധാരണ ഗതിയിലുള്ള വിവേചനശക്തി പ്രകാരം നോക്കുമ്പോൾ പരാതിപ്പെട്ടിട്ടുള്ള പ്രവൃത്തി മറ്റൊരു തരത്തിൽ ക്രൂരതയായി പരിഗണിയ്ക്കാമെങ്കിൽ, ഉദ്ദേശം ഇല്ലായിരുന്നു എന്നത് ഈ സംഗതിയിൽ യാതൊരു വ്യത്യാസവും വരുത്തുന്നതല്ല. കുറ്റം ചെയ്യുവാനുള്ള മനസ്സുണ്ടോ എന്നത് ക്രൂരതയ്ക്ക് അവശ്യം വേണ്ടാത്ത ഘടകം ആണ്. കരുതിക്കൂട്ടിയുള്ളതോ മന:പൂർവ്വ മായതോ ആയ മോശമായ പെരുമാറ്റം ഉണ്ടായിരുന്നില്ല എന്ന കാരണത്താൽ കക്ഷിയ്ക്കുള്ള നിവർത്തി നിരസിക്കപ്പെടാൻ പാടുള്ളതല്ല".

വി. ഭഗത്തും ഡി. ഭഗത്തും തമ്മിലുള്ള കേസിൽ (1994 (1) എസ്സ് സി സി 337): (എ. ഐ. ആർ 1994 എസ് സി 710) ആക്റ്റിലെ 13 (1) (iഎ) വകുപ്പ് പ്രകാരമുള്ള 'മാനസിക ക്രൂരത' പരിഗണിക്കുന്നതിനുള്ള അവസരം പരമോന്നത കോടതിക്ക് ഉണ്ടായിട്ടുള്ളതും ഇതിനുശേഷം പറയും പ്രകാരം വിധിച്ചിട്ടുള്ളതുമാണ്:

"ദമ്പതികളിൽ ഒരാൾക്ക് മറ്റേ ആളിനൊപ്പം ഒരുമിച്ച് ജീവിയ്ക്കുവാൻ സാധ്യമല്ലാതാക്കുന്ന വിധത്തിലുള്ള മാനസിക വേദനയും കഷ്ടപ്പാടുകളും മറ്റേ ആളിൽ ഏൽപ്പിക്കുന്ന തരത്തിലുള്ള പെരുമാറ്റമാണെന്ന് 13 (1) (iഎ) വകുപ്പിലുള്ള മാനസിക ക്രൂരതയെ വിശാലമായി നിർവ്വചിക്കുവാൻ കഴിയുന്നതാണ്. മറ്റുവിധത്തിൽ പറഞ്ഞാൽ, ദമ്പതികൾ ഒരുമിച്ച് ജീവിക്കുമെന്ന് ന്യായമായും പ്രതീക്ഷിക്കുവാൻ കഴിയാത്ത തരത്തിലുള്ള മാനസിക ക്രൂരതയായിരിക്കേണ്ട താണ്. തെറ്റുകാരനായ കക്ഷിയോട് അങ്ങനെയുള്ള പെരുമാറ്റം ഉപേക്ഷിക്കണ മെന്നും മറ്റേ കക്ഷിയോടൊപ്പം ഒരുമിച്ച് ജീവിക്കണമെന്നും പറയുവാൻ

ന്യായമായും കഴിയാത്ത ഒരു സാഹചര്യം ഉണ്ടായിരിയ്ക്കേണ്ടതാണ്. 'ക്രൂരത' യിൽ ഉദ്ദേശ്യം ഒരു അവശ്യഘടകം അല്ലാത്തതാണ്. കരുതി ക്കൂട്ടിയുള്ളതോ മന:പൂർവ്വമായതോ ആയ മോശമായ പെരുമാറ്റമോ സ്വഭാവമോ ഇല്ലായിരുന്നു എന്നും തുടർന്നും ഒരുമിച്ചു ജീവിക്കുന്നില്ലായെന്ന കാരണത്താലും മറ്റേ കക്ഷിയ്ക്ക് നിവർത്തി നിരസിക്കുന്നതിന് സാധിക്കുന്നതല്ല. ഹർജിക്കാരിയുടെ ആരോഗ്യത്തെ ഹാനികരമായി ബാധിയ്ക്കുന്നതരത്തിലുള്ളതായിരുന്നു മാനസിക ക്രൂരത എന്ന് തെളിയിക്കേണ്ട ആവശ്യമില്ല. അങ്ങനെയുള്ള ഒരു തീരുമാന ത്തിലെത്തുമ്പോൾ, കക്ഷികളുടെ സാമൂഹികമായ നിലവാരം, വിദ്യാഭ്യാസ നില, അവർ ജീവിയ്ക്കുന്ന സമൂഹം, അവർ വേർപിരിഞ്ഞ് താമസിച്ചു വരികയാണെങ്കിൽ എന്നെങ്കിലും അവർ ഒരുമിച്ച് ജീവിക്കുന്നതിനുള്ള സാധ്യതയും വിശദമായി പ്രതിപാദിക്കുന്നതിന് സാധ്യമായതും ആവശ്യമായതുമായ മറ്റെല്ലാ പ്രസക്തമായ സംഗതികളും സാഹചര്യങ്ങളും സവിസ്തരം പരിഗണിയ്ക്കേണ്ട താണ്. ഒരു കേസ്സിൽ ക്രൂരതയാകുന്ന ഒന്ന് മറ്റൊരു കേസ്സിൽ ക്രൂരത ആകണമെന്നില്ല. ഇത്, ഓരോ കേസിലും ആ കേസിലെ സംഗതികളും സാഹചര്യങ്ങളും കണക്കിലെടുത്ത് തീരുമാനിയ്ക്കേണ്ട ഒരു കാര്യമാണ്. കുറ്റാരോപണങ്ങളും/ആരോപണങ്ങളുമുള്ള ഒരു കേസാണെങ്കിൽ, അവ നടത്താ നുണ്ടായ സാഹചര്യങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്."

സാവിത്രി പാണ്ഡെയും പ്രേമചന്ദ്ര പാണ്ഡെയും തമ്മിലുള്ള കേസിൽ (2002) 2 എസ് സി സി 73): (എ ഐ ആർ 2002 എസ് സി 591) പരമോന്നത കോടതി ഇനിപറയുംപ്രകാരം വിധിക്കുകയുണ്ടായി. ഖണ്ഡിക 6-ൽ അത് ഇപ്രകാരമാണ്:

6. " ആക്റ്റിലെ 13 (1) (iഎ) വകുപ്പു പ്രകാരം, പരാതിക്കാരനോട് ക്രൂരമായി പെരുമാറുന്നു എന്നത് വിവാഹമോചനത്തിനുള്ള ഒരു കാരണമാണ്. ക്രൂരത എന്നത് ആക്റ്റിൽ നിർവ്വചിച്ചിട്ടില്ല. എന്നാൽ ദാമ്പത്യജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരാതിക്കാരൻ എതിർകക്ഷിയുമൊത്ത് ജീവിക്കുന്നത് അപകടത്തിലാക്കുന്ന തരത്തിലുള്ള പെരുമാറ്റമാണെന്ന് പ്രതീക്ഷിക്കാവുന്നതാണ്. ജീവനും അവയവങ്ങൾക്കും ആരോഗ്യത്തിനും അപകടമുണ്ടാക്കുന്ന പ്രവർത്തികൾ ഉൾപ്പെടുന്നതാണ് ക്രൂരത. ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി ക്രൂരത എന്നാൽ ദമ്പതികളിലൊരാൾ മറ്റേ ആളെ ശാരീരിക ക്ഷതമോ ശാരീരിക ക്ഷതം ഉണ്ടാക്കുമെന്ന് ന്യായമായ ആശങ്കയോ കഷ്ടതകളോ ആരോഗ്യത്തിനു ഹാനിയോ ഉണ്ടാകുന്ന തരത്തിൽ മറ്റേ ആളിനോട് പെരുമാറുകയോ

പ്രകടമാക്കുകയോ ചെയ്യുക എന്നാണ് അർത്ഥമാക്കുന്നത്. ക്രൂരത ശാരീരികമോ മാനസികമോ ആകാവുന്നതാണ്. മാനസികമായ ക്രൂരത എന്നത് ദമ്പതികളിൽ ഒരു കക്ഷിയ്ക്ക് മാനസിക വ്യഥയോ വൈവാഹിക ജീവിതത്തിൽ ഭയമോ ഉണ്ടാക്കുന്ന തരത്തിലുള്ള മറ്റേ കക്ഷിയുടെ പെരുമാറ്റമാണ്. അതിനാൽ, 'ക്രൂരത' എന്നത് മറ്റേ കക്ഷിയോടൊപ്പം ജീവിക്കുന്നത് ആപത്ക്കരവും ഹാനികരവുമാണെന്ന ആശങ്ക ഉളവാക്കും വിധമുള്ള പെരുമാറ്റം പരാതിക്കാരന് അവരിൽ നിന്ന് ഉണ്ടാകുക എന്നതാണ്. എന്നിരുന്നാലും 'ക്രൂരത' എന്നതിനെ കുടുംബജീവിതത്തിൽ സാധാരണയായുള്ള ഉരസലുകളിൽ നിന്നും കേടുപാടുകളിൽ നിന്നും വ്യത്യാസപ്പെടുത്തി കാണേണ്ടതാണ്. ഇതിനെ ഹർജിക്കാരന്റെ പെട്ടെന്നുള്ള ക്ഷോഭത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിയ്ക്കാവുന്നതല്ലാത്തതും പൊതുവായി ദമ്പതികളിൽ ഒരാൾക്ക് മറ്റേ ആളോടൊപ്പം ജീവിയ്ക്കുന്നത് അപകടകരമാവുന്ന രീതിയിലുള്ള പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ തീർപ്പാക്കേണ്ടതാണ്. ഈ കേസിൽ ഭാര്യ എതിർകക്ഷിയിൽ ആരോപിച്ചിട്ടുള്ള 'ക്രൂരത' തെളിയിക്കുന്നതിൽ പരാജയപ്പെട്ടു എന്നാണ് കീഴ്ക്കോടതിയും ഹൈക്കോടതിയും വസ്തുതകളിൽ നിന്നും കാണുകയുണ്ടായത്. ഭാരതത്തിന്റെ ഭരണഘടനയുടെ 136-ാം അനുച്ഛേദ പ്രകാരമുള്ള അധികാരം വിനിയോഗിച്ചു കൊണ്ട് ഈ കോടതിയ്ക്ക്, കോടതികൾ ഒരേപോലെ തീരുമാനിച്ചിട്ടുള്ള സംഗതിയിൽ മാറ്റം വരുത്തുവാൻ കഴിയുന്നതല്ല. മറ്റൊരു തരത്തിൽ പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും അതിനെ ബലപ്പെടുത്തുന്നതിനുള്ള തെളിവുകളും വ്യക്തമായി കാണിക്കുന്നതെന്തെന്നാൽ ആരോപണങ്ങൾ, തെളിയിയ്ക്കപ്പെട്ടതായി കണ്ടാലും, അതിനെ അപ്പീൽവാദിയുടെ പെരുമാറ്റം മൂലമുള്ള എതിർകക്ഷിയുടെ പെട്ടെന്നുള്ള ക്ഷോഭമായി മാത്രം കണ്ടാൽ മതിയെന്നും ആയതിനെ കുടുംബജീവിതത്തിൽ സാധാരണയായുള്ള ഉരസലുകളും വഴക്കുകളും മാത്രമാണെന്നും അതിൽ കൂടുതലായി ഒന്നും കാണുവാൻ കഴിയുന്നതല്ല എന്നുമാണ്".

പ്രവീൺ മേത്തയും ഇന്ദ്രർജിത്ത് മേത്തയും തമ്മിലുള്ള കേസിൽ ((2002) 5 എസ് സി സി 706): (എ ഐ ആർ 2002 എസ്സ് സി 2582) പരമോന്നത കോടതി ക്രൂരതയെ 21-ാം ഖണ്ഡികയിൽ ഇനിപ്പറയും പ്രകാരം നിർവ്വചിച്ചിട്ടുണ്ട്:

" 21. 13 (1) (iഎ) വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി ക്രൂരതയെ ദമ്പതിമാരിൽ ഒരാൾക്ക് മറ്റേ ആളിനോടൊപ്പമുള്ള വൈവാഹിക ബന്ധം തുടരുന്നത് സുരക്ഷിതമല്ല എന്ന് രണ്ടാമത്തെയാളുടെ മനസിൽ ന്യായമായ

ആശങ്ക ഉളവാക്കുന്ന പെരുമാറ്റമായി കണക്കാക്കാവുന്നതാണ്. മാനസിക ക്രൂരത എന്നത് ഒരു മാനസികാവസ്ഥയും ഒരു ആളുടെ പെരുമാറ്റവും പെരുമാറ്റരീതിയും മൂലം മറ്റേ ആളിനോടുള്ള വികാരവുമാണ്. ശാരീരികമായ ക്രൂരതയിൽ നിന്നും വ്യത്യസ്തമായി മാനസികമായ ക്രൂരതയെ സംബന്ധിച്ച് പ്രത്യക്ഷമായ തെളിവുകൾ ഹാജരാക്കി സ്ഥാപിക്കുവാൻ പ്രയാസമാണ്. ഇത്, കേസ്സിലെ വസ്തുതകളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും തീർച്ചയായും അനുമാനിയ്ക്കേണ്ട ഒരു കാര്യമാണ്. തീവ്രമായ മാനസിക വേദനയും നിരാശയും ഇച്ഛാഭംഗവും ദമ്പതിമാരിൽ ഒരാൾക്ക് മറ്റേ ആളിന്റെ പെരുമാറ്റം മൂലം ഉണ്ടായതിനെ പരിഗണിയ്ക്കുവാൻ കഴിയുന്നത് വിവാഹ ജീവിതത്തിൽ രണ്ടുപങ്കാളികളും നേരിടുന്ന വസ്തുതകളെയും സാഹചര്യങ്ങളെയും കണക്കിലെടുത്തു കൊണ്ടാണ്. കണ്ടെത്തിയിട്ടുള്ള കാര്യങ്ങളെയും സാഹചര്യങ്ങളെയും കൂട്ടായി പരിഗണിച്ചതിനു ശേഷം ഒരു അനുമാനത്തിൽ എത്തിച്ചേരാവുന്നതാണ്. മാനസികമായ ക്രൂരതയുടെ സംഗതിയിൽ, മോശമായി പെരുമാറിയ ഏതെങ്കിലും ഒറ്റപ്പെട്ട സംഭവം മാത്രം കണക്കിലെടുക്കുകയും എന്നിട്ട് അങ്ങനെയുള്ള പെരുമാറ്റം മാത്രം മാനസികമായ ക്രൂരതയായി കണക്കാക്കാൻ പര്യാപ്തമാണോ എന്ന ചോദ്യം ഉന്നയിക്കുന്നതും ശരിയായ സമീപനമല്ല. രേഖയിലുള്ള തെളിവിൽ നിന്നും ഉയർന്നു വന്നിട്ടുള്ള വസ്തുതകളുടെയും സാഹചര്യങ്ങളുടെയും മൊത്തത്തിലുള്ള ഫലം കണക്കിലെടുക്കേണ്ടതും വിവാഹമോചന ഹർജിയിലെ ഹർജിക്കാരിയെ മറ്റേയാളുടെ പെരുമാറ്റം മാനസിക ക്രൂരതയ്ക്ക് വിധേയയാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ന്യായമായ നിഗമനത്തിൽ എത്തിച്ചേരുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്".

എ. ജയചന്ദ്രയും അനീൽ കൗറും തമ്മിലുള്ള കേസിൽ ((2005) 2 എസ് സി സി 22): (എ ഐ ആർ 2005 എസ് സി 534) ഇതിനുശേഷം പറയും പ്രകാരം കോടതി നിരീക്ഷിക്കുകയുണ്ടായി:

"ക്രൂരത എന്ന പദം ആക്റ്റിൽ നിർവ്വചിച്ചിട്ടില്ല. ക്രൂരത മാനസികമോ ശാരീരികമോ ആകാവുന്നതാണ്. ജീവനോ അവയവങ്ങൾക്കോ ആരോഗ്യ ത്തിനോ അപകടമുണ്ടാക്കുന്നതോ ശാരീരികമോ മാനസികമോ ആയതോ അപ്രകാരമുള്ള ഒരു അപകടമുണ്ടാകുമെന്നുള്ള ന്യായമായ ആശങ്ക ഉളവാക്കുന്നതോ ആയ മനഃപൂർവ്വമായതും ന്യായീകരിയ്ക്കത്തക്ക തല്ലാത്തതുമായ മറ്റേയാളുടെ പെരുമാറ്റം വിവാഹബന്ധം വേർപെടുത്തുന്ന തിനുള്ള ഒരു കാരണമായി ക്രൂരതയെ നിർവ്വചിയ്ക്കാവുന്നതാണ്. കക്ഷികൾ ഏത്

വിഭാഗത്തിൽപ്പെട്ട ആളുകളായാലും ആ സമൂഹത്തിലെ വിവാഹ ബന്ധവുമായി ബന്ധപ്പെട്ട നിയമങ്ങളെയും അവരുടെ സാമൂഹിക മൂല്യങ്ങളെയും സാമൂഹിക സ്ഥിതിയെയും അവർ ജീവിക്കുന്ന പരിസ്ഥിതിയെയും കണക്കിലെടുക്കേണ്ടതും അതിന്റെ വെളിച്ചത്തിൽ മാനസിക ക്രൂരതയെ പരിഗണിയ്ക്കേണ്ടതുമാണ്. ടവെവാഹിക ബന്ധവുമായി ബന്ധപ്പെട്ട കുറ്റങ്ങളുടെ പരിധിയിൽ വരുന്ന മാനസിക ക്രൂരത മുകളിൽ പറഞ്ഞ ക്രൂരതയിൽ ഉൾപ്പെടുന്നതാണ്. ക്രൂരത ശാരീരികമാകണമെന്നില്ല. ദമ്പതിമാരിൽ ഒരാളുടെ പെരുമാറ്റത്തിൽനിന്നും ആയത് സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ദമ്പതിമാരിൽ ഒരാളുടെ പെരുമാറ്റം മറ്റേ ആളുടെ മനസിൽ അവരുടെ അല്ലെങ്കിൽ അദ്ദേഹത്തിന്റെ മാനസിക ആരോഗ്യത്തെപ്പറ്റി ഒരു ആശങ്ക ഉളവാക്കുന്ന പ്രകാരമുള്ളതാണെന്ന നിഗമനത്തിൽ എത്തുവാൻ കഴിയുന്നതാണെങ്കിൽ അപ്പോൾ ആ പെരുമാറ്റം ക്രൂരത ആകുന്നതാണ്. ദാമ്പത്യബന്ധം പോലെ അതിസൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട മാനുഷിക ബന്ധങ്ങളിൽ, കേസിന്റെ എല്ലാ സാദ്ധ്യതകളെ സംബന്ധിച്ചും ഒരാൾ മനസ്സിലാക്കേണ്ടതാണ്. സംശയാതീതമായി തെളിയിക്കപ്പെടണം എന്ന ആശയം ക്രിമിനൽ വിചാരണകളിൽ മാത്രം പ്രാവർത്തികമാക്കേണ്ടതും സിവിൽ വിഷയങ്ങളിലും തീർച്ചയായും ഭാര്യാ ഭർതൃബന്ധം പോലെയുള്ള സ്വകാര്യബന്ധങ്ങളിലും അത് ബാധകമാക്കാൻ പാടുള്ളതല്ലാത്തതുമാണ്.

ആയതിനാൽ, ഒരു കേസിലെ സാധ്യതകൾ എന്തൊക്കെയാണെന്ന് നോക്കേണ്ടതും ക്രൂരതയെ വസ്തുതകളുടെ അടിസ്ഥാനത്തിൽ മാത്രമല്ലാതെ പരാതിക്കാരായ ദമ്പതിമാരിൽ ഒരാളുടെ മനസിൽ മറ്റേ ആളിന്റെ പ്രവർത്തികൾ മൂലമോ ഉപേക്ഷ കാരണമോ ഏല്പിക്കപ്പെട്ടിട്ടുള്ള ആഘാതത്തെ അടിസ്ഥാനപ്പെടുത്തി നിയമത്തിൻ കീഴിൽ വരുന്ന ക്രൂരതയെ കണ്ടെത്തേണ്ടതാണ്. ക്രൂരത ശാരീരികമോ ഭൗതികമോ മാനസികമോ ആകാവുന്നതാണ്. ശാരീരിക ക്രൂരതയുടെ കാര്യത്തിൽ, നേരിട്ടു കാണാവുന്നതും തൊട്ടറിയാവുന്നതുമായ തെളിവുകൾ കാണാൻ കഴിയും. എന്നാൽ, അതേസമയം, മാനസിക ക്രൂരതയുടെ കാര്യത്തിൽ നേരിട്ടുള്ള തെളിവുകൾ ഉണ്ടായിരിക്കുകയില്ല. തെളിവുകൾ ഇല്ലാത്ത സംഗതിയിൽ, തെളിവുകളിലൂടെ വെളിച്ചത്തുകൊണ്ടുവന്നിട്ടുള്ള സംഭവങ്ങളുടെ മാനസിക വ്യാപാരങ്ങളിലേയ്ക്കും മാനസിക ഫലങ്ങളിലേയ്ക്കും അന്വേഷണം നടത്തേണ്ടതാണ്. ഈ കാഴ്ചപ്പാടിലായിരിക്കണം ഒരാൾ വൈവാഹിക ബന്ധവുമായി ബന്ധപ്പെട്ട തർക്കങ്ങളിൽ തെളിവിനെ കൈകാര്യം ചെയ്യേണ്ടത്. സമർ ഘോഷും ജയാ ഘോഷും തമ്മിലുള്ള കേസിൽ ((2007) 4

എസ് സി സി 511) പരമോന്നതകോടതിയുടെ മൂന്നംഗ ബഞ്ച് ഇനി പറയും പ്രകാരം വിധിച്ചിട്ടുള്ളതാണ്:

" മാനസിക ക്രൂരത സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുമ്പോൾ പ്രസക്തമായേക്കാവുന്ന മനുഷ്യരുടെ പെരുമാറ്റ രീതിയുടെ ചില സന്ദർഭങ്ങൾ വിവരിക്കുന്നത് ഉചിതമാണെന്ന് നമുക്ക് തോന്നുന്നതുവരെ മാർഗ്ഗനിർദ്ദേശത്തിനായി ഒരു ഏകീകൃത മാനദണ്ഡം ശാശ്വതമായി പ്രസ്താവിക്കുന്നതിന് കഴിയുന്നതല്ല. ഇനിവരുന്ന ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ള സന്ദർഭങ്ങൾ ഉദാഹരണങ്ങൾ മാത്രവും അത് സമ്പൂർണ്ണമല്ലാത്തതുമാണ്.

(i) കക്ഷികളുടെ സമ്പൂർണ്ണമായ വിവാഹജീവിതത്തെ കണക്കിലെടുക്കുമ്പോൾ കക്ഷികൾക്ക് ഒരുമിച്ച് ജീവിക്കുന്നത് അസാദ്ധ്യമാക്കിത്തീർത്തതുപോലെയുള്ള കഠിനമായ മനോവ്യഥയും മരണതുല്യമായ കഷ്ടപ്പാടുകളും യാതനയും മാനസിക ക്രൂരതയുടെ വിശാലമായ പരിധിയ്ക്കുള്ളിൽ വരുന്നതാണ്.

(ii) കക്ഷികളുടെ വിവാഹജീവിതത്തെ സമഗ്രമായി വിലയിരുത്തുമ്പോൾ, ദ്രോഹം ചെയ്ത കക്ഷിയോട് അപ്രകാരമുള്ള പെരുമാറ്റം അവസാനിപ്പിച്ച് മറ്റേ കക്ഷിയോടൊപ്പം ജീവിക്കുന്നത് തുടരുന്നതിന് ന്യായമായും പറയുവാൻ കഴിയാത്ത പ്രകാരമുള്ള സാഹചര്യമാണെന്ന് വളരെ വ്യക്തമാകുന്നതാണ്.

(iii) നിരുന്മേഷമോ സ്നേഹക്കുറവോ മാത്രം ക്രൂരതയാകുന്നില്ല. നിരന്തരം പരുഷമായി സംസാരിയ്ക്കുക, നിസ്സാരകാര്യങ്ങൾക്ക് കോപിക്കുക, ഉപേക്ഷയും അവഗണനയും പ്രകടിപ്പിക്കുക എന്നിവ ദമ്പതികളിൽ ഒരാൾക്ക് വിവാഹ ജീവിതത്തെ തീർച്ചയായും അസഹനീയമാക്കുന്ന പ്രകാരമുള്ള ഒരു അവസ്ഥയിൽ എത്തിക്കാം.

(iv) മാനസിക ക്രൂരത എന്നത് മനസ്സിന്റെ ഒരു അവസ്ഥയാണ്. ദമ്പതിമാരിൽ ഒരാളുടെ ദീർഘനാളത്തെ പെരുമാറ്റം മറ്റേ ആളിൽ ഉണ്ടാക്കുന്ന തീവ്രമായ മനോവേദന, നിരാശ, ഇച്ഛാഭംഗം എന്നീ വികാരങ്ങൾ മാനസിക ക്രൂരതയാകുന്നതാണ്.

(v) ജീവിത പങ്കാളിയുടെ ജീവിതം കഷ്ടത നിറഞ്ഞതാക്കുന്നതിനായി കരുതിക്കൂട്ടിയുള്ള പീഡനവും, അസൗകര്യങ്ങൾ ഉണ്ടാക്കുന്നതുമായ ശകാരം നിറഞ്ഞതും നാണം കെടുത്തുന്നതുമായ സ്ഥിരമായ പെരുമാറ്റം.

(vi) ദമ്പതിമാരിൽ ഒരു കക്ഷിയുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ, യഥാർത്ഥത്തിൽ ദോഷകരമായി ബാധിയ്ക്കുന്ന രീതിയിലുള്ള മറ്റേ ആളുടെ സ്ഥിരമായ ന്യായീകരിക്കാനാവാത്ത പെരുമാറ്റവും ശീലങ്ങളും. പരാതിപ്പെട്ടിട്ടുള്ള പെരുമാറ്റവും അതുമൂലമുണ്ടാകുന്ന വൈഷമ്യമോ ആശങ്കയോ വളരെ ഗുരുതരവും വാസ്തവവും ഗണ്യവും ആയിരിയ്ക്കേണ്ടതാണ്.

(vii) സ്ഥിരമായുള്ള നിന്ദ്യമായ പെരുമാറ്റം, കൃത്രിമമായ അവഗണന, അല്ലെങ്കിൽ അലംഭാവം കാട്ടുക, മാനസിക ആരോഗ്യത്തിന് ഹാനികരമാവുംവിധം വൈവാഹിക ജീവിതത്തിലെ ദയാവായ്പിന്റെ സാധാരണ നിലവാരത്തിൽ നിന്നും അകന്നു പോകുകയോ ക്രൂരമായ പ്രവർത്തികളിൽ നിന്നും ആനന്ദം കണ്ടെത്തുകയോ ചെയ്യുന്നത് മാനസിക ക്രൂരതയാകുന്നതാണ്.

(viii) പെരുമാറ്റം, എന്നത് സന്തോഷമില്ലായ്മ, അസംതൃപ്തി എന്നിവ മൂലമുണ്ടാകുന്ന അസൂയ, സ്വാർത്ഥത, മറ്റേയാളുടെ സ്നേഹം തന്നോട് മാത്രമെ ആകാവൂ എന്ന നിർബന്ധം, വികാരങ്ങളെ കീഴ്മേൽ മറിക്കുന്ന അസ്വസ്ഥത എന്നിവയ്ക്കുമുപരി ആയിരിയ്ക്കേണ്ടതും ഇവ മാനസിക ക്രൂരത കാരണമാക്കിയുള്ള വിവാഹമോചനത്തിനുള്ള ഒരു കാരണം ആകുന്നതല്ലാത്തതു മാണ്.

(ix) ചെറിയ ചെറിയ അലോസരങ്ങൾ, ദൈനംദിന ജീവിതത്തിൽ സംഭവിക്കാവുന്ന വഴക്കുകൾ, വിവാഹജീവിതത്തിലെ സാധാരണ രീതിയിലുള്ള ഉരസലുകൾ എന്നിവ മാനസിക ക്രൂരത കാരണമാക്കി വിവാഹമോചനം അനുവദിയ്ക്കുന്നതിന് മതിയായ കാരണങ്ങളല്ല.

(x) വിവാഹജീവിതത്തെ മൊത്തത്തിൽ വിലയിരുത്തേണ്ടതും ഏതാനും വർഷക്കാലയളവിലെ ഒറ്റപ്പെട്ട സംഭവങ്ങൾ ക്രൂരത ആകുന്നതല്ലാത്തതുമാണ്. മോശമായ പെരുമാറ്റം ന്യായമായും ഒരു ദീർഘകാലത്തേയ്ക്ക് ഒരേപോലെ നിൽക്കുന്നത് ആയിരിയ്ക്കേണ്ടതും ദമ്പതിമാരിൽ ഒരു കക്ഷിയുടെ ആ പ്രവർത്തികളും പെരുമാറ്റവും മൂലം ഒരു പരിധിവരെ ബന്ധം ഉലഞ്ഞിട്ടുള്ളതും തെറ്റുകാരനായ കക്ഷി മറ്റേ കക്ഷിയോടൊപ്പം തുടർന്നും ജീവിക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള തായും കാണുകയാണെങ്കിൽ അത് മാനസിക ക്രൂരതയാകുന്നതാണ്.

(xi) ഭർത്താവ് വൈദ്യശാസ്ത്രപരമായ കാരണങ്ങൾ ഇല്ലാതെയും ഭാര്യയുടെ സമ്മതമോ അറിവോ ഇല്ലാതെയും വന്ധ്യംകരണ ശസ്ത്രക്രിയയ്ക്കു വിധേയനാകുകയോ അതുപോലെ തന്നെ വൈദ്യശാസ്ത്രപരമായ കാരണങ്ങൾ ഒന്നും ഇല്ലാതെ ഭാര്യ ഭർത്താവിന്റെ സമ്മതമോ അറിവോ ഇല്ലാതെ വന്ധ്യംകരണ ശസ്ത്രക്രിയയോ ഗർഭഛിദ്രമോ നടത്തിയാൽ ഭാര്യയുടെ/ഭർത്താവിന്റെ അപ്രകാരമുള്ള ഒരു പ്രവർത്തി മാനസിക ക്രൂരതയിലേയ്ക്ക് നയിക്കാവുന്നതാണ്.

(xii) ശാരീരികമായ ശേഷിക്കുറവോ മതിയായ കാരണമോ ഇല്ലാതെ ഒട്ടധികമായ കാലത്തേയ്ക്ക് ലൈംഗികബന്ധത്തിന് വിസമ്മതിക്കുന്ന ഏകപക്ഷീയമായ തീരുമാനം മാനസിക ക്രൂരതയാകുന്നതാണ്.

(xiii) വിവാഹശേഷം, വിവാഹബന്ധത്തിൽ നിന്നും കുട്ടികൾ വേണ്ട എന്നുള്ള ഭാര്യയുടെയോ ഭർത്താവിന്റെയോ ഏകപക്ഷീയമായ തീരുമാനം ക്രൂരതയാകുന്നതാണ്.

(xiv) തുടർച്ചയായി വേർപിരിഞ്ഞ് താമസിച്ചു വരുന്നത് ദീർഘ കാലമായി ട്ടുള്ളിടത്ത് വിവാഹബന്ധം ശരിപ്പെടുത്താനാവാത്തതിലപ്പുറമാണെന്ന് ന്യായമായും എത്തിച്ചേരാവുന്നതാണ്. നിയമാനുസൃതമായ ഒരു ബന്ധം ഉണ്ടെങ്കിലും വിവാഹം ഒരു സങ്കൽപ്പമായി മാറുന്നു. അങ്ങനെയുള്ള കേസുകളിൽ, നിയമം ആ ബന്ധത്തെ വേർപെടുത്തുന്നത് വിസമ്മതിയ്ക്കുന്നതുവഴി വിവാഹത്തിന്റെ പവിത്രതയെ ഇല്ലാതാക്കുന്നില്ല; മറിച്ച്, കക്ഷികളുടെ വികാരങ്ങൾക്കും മാനസിക വിക്ഷോഭങ്ങൾക്കും മതിയാകാത്ത പരിഗണന മാത്രമെ നൽകുന്നുള്ളൂ എന്നതാണ്. അപ്രകാരമുള്ള സമാനമായ സാഹചര്യങ്ങളിൽ അത് മാനസിക ക്രൂരതയായി തീർന്നേയ്ക്കാം".

വിനീത സക്സേനയും പങ്കജ് പണ്ഡിറ്റും തമ്മിലുള്ള കേസ്സിൽ ((2006)3 എസ് സി സി 778): (എ ഐ ആർ 2006 എസ് സി 1662) കോടതി ഇനിപറയും പ്രകാരം പ്രസ്താവിക്കുകയുണ്ടായി:

"31. ശാരീരികമായ ഹാനിയെക്കാൾ മാനസിക ക്രൂരതയ്ക്ക് കൂടുതൽ ഗുരുതരമായ ആഘാതം ഏൽപ്പിക്കുവാൻ കഴിയുമെന്നും പ്രസ്തുത വകുപ്പിൽ പറയുന്ന പ്രകാരത്തിലുള്ള ആശങ്ക പീഡിപ്പിയ്ക്കപ്പെട്ട അപ്പീൽവാദിയുടെ മനസിൽ ഉണ്ടാക്കുന്നതിന് അതിന് കഴിയുമെന്നും ഒരു നിര വിധിന്യായങ്ങളിലൂടെ ഉറപ്പിച്ചു

പറഞ്ഞിട്ടുള്ളതാണ്. ഇത്, കേസ്സിലെ മൊത്തം വസ്തുതകളെയും ദമ്പതിമാർ തമ്മിലുള്ള വൈവാഹിക ബന്ധത്തെയും കണക്കിലെടുത്തുകൊണ്ട് തീരുമാനിക്കേണ്ട സംഗതിയാണ്. ക്രൂരതയാകുന്നതിന്, കേസിലെ സാഹചര്യങ്ങളെ പരിഗണിച്ചുകൊണ്ട് ദമ്പതിമാരുടെ തുടർന്നുള്ള ഒരുമിച്ചുള്ള ജീവിതം ഹാനികരമോ അപകടകരമോ ആക്കുന്ന രീതിയിലുള്ള യഥാർത്ഥമായതോ ആശങ്ക ഉളവാക്കുന്നതോ ആയ ശാരീരികമോ മാനസികമോ ആയ വേദന ഉണ്ടാക്കുന്ന മനപൂർവ്വമായ പെരുമാറ്റം ഉണ്ടായിരിക്കേണ്ടതാണ്.

32. 'ക്രൂരത' എന്ന പദം നിർവ്വചിച്ചിട്ടില്ലാത്തതും മനുഷ്യന്റെ സ്വഭാവവുമായും പെരുമാറ്റവുമായും ബന്ധപ്പെട്ടാണ് അത് ഉപയോഗിച്ചുവരുന്നത്. ആയത് വിവാഹജീവിതത്തിലുള്ള ചുമതലകളുമായും കർത്തവ്യങ്ങളുമായും ബന്ധപ്പെട്ടതോ അത് സംബന്ധിച്ചുള്ളതോ ആയ പെരുമാറ്റമാണ്. അത് പെരുമാറ്റത്തിന്റെ ഒരു ക്രമമാണെന്നും മറ്റേ കക്ഷിയെ പ്രതികൂലമായി ബാധിക്കുന്ന ഒന്നുമാണ്. ക്രൂരത മാനസികമോ ശാരീരികമോ മനഃപൂർവ്വമായതോ മനഃപൂർവ്വമല്ലാത്തതോ ആകാവുന്നതാണ്. ചില കേസുകളിൽ പരാതിപ്പെട്ടിരിക്കുന്ന പെരുമാറ്റം തന്നെ വളരെ മോശമായതും സ്വയമേവ നിയമവിരുദ്ധമോ നിയമാനുസൃതമല്ലാത്തതോ ആയിരിക്കാവുന്നതാണ്. അങ്ങനെയുള്ളിടത്ത് ജീവിത പങ്കാളിക്ക് ഏറ്റിട്ടുള്ള ആഘാതവും ദോഷകരമായ ഫലവും അന്വേഷിക്കുകയോ കണക്കി ലെടുക്കുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതാണ്. അങ്ങനെയുള്ള കേസുകളിൽ, പെരുമാറ്റം തെളിയിക്കുകയോ സമ്മതിക്കുകയോ ചെയ്താൽ തന്നെ ക്രൂരത നടന്നതായി സ്ഥാപിക്കപ്പെടുന്നതാണ്. നവീൻ കൊഹ്‌ലിയും നീലു കൊഹ്‌ലിയും തമ്മിലുള്ള കേസിൽ ((2006 4 എസ് സി സി 558) : (എ ഐ ആർ 2006 എസ് സി 1675) പരമോന്നത കോടതി ഇപ്രകാരം വിധിയ്ക്കുകയുണ്ടായി:

" ക്രൂരത ഒരാളുടെ പെരുമാറ്റക്രമമാണ്, അത് മറ്റേ കക്ഷിയെ പ്രതികൂലമായി ബാധിക്കുന്നതുമാണ്. ക്രൂരത മാനസികമോ ശാരീരികമോ മനഃപൂർവ്വമായതോ മനഃപൂർവ്വമല്ലാത്തതോ ആകാവുന്നതാണ്. ആരോപിക്കപ്പെടുന്ന കക്ഷി പതിവാക്കുന്ന ജീവിതശൈലിയും അവരുടെ സാമ്പത്തികവും സാമൂഹികവുമായ സാഹചര്യങ്ങളെയും അവരുടെ സംസ്ക്കാരത്തെയും അവർ പ്രാധാന്യം കൽപ്പിക്കുന്ന മാനുഷിക മൂല്യങ്ങളെയും ഒരു വലിയ പരിധിവരെ ക്രൂരത ആശ്രയിച്ചിരിക്കുന്നു. ഓരോ കേസും അതിന്റേതായ ഗുണഫലത്തിൻ മേൽ തീരുമാനിക്കേണ്ടതുണ്ട്."

ബിക്കം റാമും സത്യാദേവിയും തമ്മിലുള്ള കേസിൽ (എ ഐ ആർ 2011 എച്ച് പി 106) ഇപ്രകാരം വിധിക്കുകയുണ്ടായി:

"ഭാര്യ ഭർത്താവിനെതിരെ കള്ളക്കേസ് ഫയൽ ചെയ്യുകയും ആയത് തള്ളിപ്പോകുകയും ചെയ്യുമ്പോൾ ക്രൂരതയാകുന്നതാണ്- ഭാര്യ ഭർത്താവിനെതിരെ കള്ള ആരോപണങ്ങൾ നിരത്തുന്നതും ക്രൂരതയാകുന്നതാണ്- ഈ സാഹചര്യങ്ങളെല്ലാം തെളിയിക്കുന്നത് ഭർത്താവിനെ ക്രൂരതയ്ക്ക് വിധേയമാക്കപ്പെട്ടിട്ടുണ്ട് എന്നാണ്-ഭർത്താവ് വിവാഹമോചന ഡിക്രിയ്ക്ക് അർഹനാണ്.

xxx xxx xxx

8. ക്രൂരത ശാരീരിക ക്രൂരത മാത്രമല്ല മാനസിക ക്രൂരതയുമാകാവുന്നതാണ്. ഒരു ഭാര്യ അഞ്ചു വർഷത്തിലധികമായി യാതൊരു കാര്യമോ കാരണമോ കൂടാതെ അവരുടെ ഭർത്താവുമൊത്ത് ദാമ്പത്യത്തിൽ ഏർപ്പെടാൻ വിസമ്മതിക്കുക യാണെങ്കിൽ അത് തന്നെ ക്രൂരതയാകുന്നതാണ്. ഭാര്യ, ഭർത്താവിനെതിരെ കള്ള കേസ്സുകൾ ഫയൽ ചെയ്യുകയും അത് തള്ളിക്കളയുകയും ചെയ്താൽ അതും ക്രൂരതയാകുന്നതാണ്. ഭാര്യ ഭർത്താവിനെതിരെ വ്യാജ ആരോപണങ്ങൾ നിരത്തുകയാണെങ്കിലും അതും ക്രൂരതയാകുന്നതാണ്. എന്റെ കാഴ്ചപ്പാടിൽ, ബഹു. വിചാരണ കോടതി പ്രസക്തമായ ഈ എല്ലാ സംഗതികളും കണക്കിലെടുക്കാതെ ഗുരുതരമായ തെറ്റ് വരുത്തിയിട്ടുണ്ടെന്നും ഭർത്താവിനോട് ഭാര്യ ക്രൂരമായി പെരുമാറിയിട്ടുണ്ടെന്നും തെളിയിക്കുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ലായെന്ന് വിധി പ്രസ്താവിക്കുന്നതിന് നിയമ വ്യവസ്ഥകളെ മൊത്തത്തിൽ തെറ്റായി വ്യാഖ്യാനിച്ചിട്ടുള്ളതുമാണ്.

12. ........................ കൂടാതെ, ഭർത്താവിനെതിരെ അവർ വ്യാജ ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളതാണ്. അവരുടെ പരാതിയിന്മേലാണ് ഭർത്താവിന് ക്രിമിനൽ നടപടികളെ നേരിടേണ്ടിവന്നിട്ടുള്ളതും ക്രിമിനൽ കോടതികളിലെ വിധിന്യായം പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞതെന്തെന്നാൽ ഭാര്യ നടത്തിയിട്ടുള്ള പ്രസ്താവനകൾ തെറ്റാണെന്ന് കണ്ടെത്തിയിട്ടുള്ളതും, ആയതിനാൽ ഭർത്താവിനെ കുറ്റവിമുക്തനാക്കിയിട്ടുള്ളതുമാണ് എന്നാണ്. ഭർത്താവിനെതിരെ ഭാര്യ വ്യാജപരാതി നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ, അയാൾക്ക് ക്രിമിനൽ നടപടികളെ നേരിടേണ്ടി വരുന്നു എന്നതു തന്നെ ക്രൂരമായ ഒരു പ്രവർത്തിയാണ്".

ജി. വി. എൻ കാമേശ്വരറാവും വി.ജി. ജബില്ലിയും തമ്മിലുള്ള കേസ്സിൽ (2002 (2) എസ് സി സി 296): (എ ഐ ആർ 2002 എസ് സി 576) ഇപ്രകാരം പറയുന്നു:

"സമൂഹ ജീവിതത്തിൽ വിവാഹങ്ങൾക്കുള്ള പവിത്രതയും പ്രാധാന്യവും കണക്കിലെടുത്തുകൊണ്ട്, കോടതി പരിഗണിക്കേണ്ടതെന്തെന്നാൽ എതിർ കക്ഷിയുടെ പെരുമാറ്റം ഹർജിക്കാരന് ഇനി ഒട്ടും താങ്ങാൻ കഴിയുകയില്ലെന്നും ഒരുമിച്ച് താമസിക്കുന്നതിന് ഒട്ടും സാദ്ധ്യതയില്ലായെന്നുമുള്ള ഒരു ഘട്ടത്തിൽ എത്തി നിൽക്കുകയാണോ എന്നുള്ളതാണ്. അതിനുശേഷം മാത്രമേ എതിർകക്ഷിയുടെ ഭാഗത്ത് ക്രൂരതയുണ്ടെന്ന് കണ്ടെത്താൻ കോടതിയ്ക്ക് കഴിയുകയുള്ളൂ".

വിശ്വനാഥ്, സൺ ഓഫ് സീതാറാം അഗർവാളും സൗ. സർലാ വിശ്വനാഥ് അഗർവാളും തമ്മിലുള്ള കേസിൽ (2012 കെ എച്ച് സി 4353): (എ ഐ ആർ 2012 എസ് സി 2586) സുപ്രീം കോടതി ഇനിപ്പറയും പ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

"'ക്രൂരതയും' 'മാനസിക ക്രൂരതയും'"- അവരുടെ ഭർത്താവ് ഒരു സ്ത്രീലമ്പടനായിരുന്നുവെന്നും കുടിയനാണെന്നും അദ്ദേഹത്തിന് വിവാഹേതര ബന്ധമുണ്ടെന്നുള്ളതിനെ സംബന്ധിച്ചുള്ള സംസ്ക്കാരമില്ലാത്ത ആരോപണങ്ങളും ഉന്നയിച്ചു കൊണ്ട് പത്രത്തിൽ പരസ്യം ചെയ്യുന്ന ഭാര്യയുടെ പെരുമാറ്റവും, ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ 494-ഉം 498 എ-യും വകുപ്പുപ്രകാരം ക്രിമിനൽ കേസ്സിൽപ്പെടുത്തുന്നതിന് പരിശ്രമങ്ങളും ആയതിൽ അദ്ദേഹത്തെ കുറ്റവിമുക്തനാക്കിയിട്ടുള്ളതും, അപ്പീൽ വാദിയായ ഭർത്താവിൽ ആഴത്തിലുള്ള മാനസിക വേദനയും വിഷാദവും കഷ്ടപ്പാടും ഇച്ഛാഭംഗവും മാനസിക ക്രൂരതയും ഉണ്ടാക്കിയിട്ടുണ്ട്".

12. അപ്പീൽ വാദിയെ കീഴ്കോടതിയിൽ പി ഡബ്ല്യൂ 1 ആയി വിസ്തരിച്ചിട്ടുള്ളതും വിവാഹശേഷം എതിർകക്ഷി അദ്ദേഹത്തിന്റെ വസ്തുക്കളുടെ 1/3 ഓഹരി ആവശ്യപ്പെട്ടെന്നും അവർ വളരെയധികം ക്രൂരതയോടെയാണ് പെരുമാറിയിരുന്നതെന്നും മാനസികമായും ശാരീരികമായും ക്രൂരമായിട്ടാണ് അദ്ദേഹത്തോട് ഇടപെട്ടിരുന്നതെന്നും അദ്ദേഹം മൊഴി നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ആദ്യ ഭാര്യയുടെ മരണശേഷം, കുട്ടികളുടെ സമ്മതത്തോടെയാണ്

പി ഡബ്ല്യൂ 1 എതിർകക്ഷിയെ വിവാഹം ചെയ്തിട്ടുള്ളത്. ക്രൂരത തുടർന്നപ്പോൾ, പാലാ ഡി. വൈ. എസ്. പി. മുമ്പാകെ അദ്ദേഹം എക്സിബിറ്റ് എ 4 ഫയൽ ചെയ്യുകയുണ്ടായി. പിന്നീട്, എക്സിബിറ്റ് എ 5 കരാർ ഉണ്ടാക്കുകയും മൂന്ന് സെന്റ് സ്ഥലം വാങ്ങുകയും അതിനുശേഷം ആ വസ്തുവിൽ ഒരു കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുള്ളതാണ്. വീണ്ടും 19-8-2004-ൽ, അപ്പീൽവാദിക്കും മക്കൾക്കുമെതിരായി അവർ 498 എ വകുപ്പ് പ്രകാരം എക്സിബിറ്റ് എ-9 എഫ്. ഐ. ആർ. ഫയൽ ചെയ്തു. പാലാ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള പരാതിയുടെ പകർപ്പാണ് എക്സിബിറ്റ് എ-10. അത് സംബന്ധിച്ച അന്തിമ റിപ്പോർട്ടാണ് എക്സിബിറ്റ് എ-11. ഭാര്യ ഭർത്താവിനും കുട്ടികൾക്കുമെതിരായി വ്യാജ ആരോപണങ്ങൾ ഉന്നയിക്കുക യാണെങ്കിൽ, അതും മാനസിക ക്രൂരതയാകുന്നതാണ്. 28-01-2005-ൽ വനിത കമ്മീഷൻ മുമ്പാകെയും അവർ അപ്പീൽ വാദിയ്ക്കെതിരായി പരാതി നൽകിയിട്ടുള്ളതും അതിൻ പ്രകാരം കമ്മീഷൻ നൽകിയിട്ടുള്ള നോട്ടീസാണ് എക്സിബിറ്റ് എ-12. മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെയും അവർ മറ്റൊരു പരാതി സമർപ്പിച്ചിട്ടുള്ളതും ആ കമ്മീഷന്റെ സമൻസാണ് എ-13. മറ്റൊരു പരാതി ലോക് അദാലത്തിൽ സമർപ്പിച്ചിട്ടുള്ളതിന്റെ നോട്ടീസാണ് എക്സിബിറ്റ് എ 14. മേല്പറഞ്ഞ ഫോറങ്ങൾക്കു മുമ്പാകെ ഈ എല്ലാ പരാതികളും അവർ സമർപ്പിച്ചിട്ടുള്ളതാണെന്നും ഈ പരാതികളെല്ലാം വ്യാജമാണെന്ന് കണ്ടെത്തിയതിനാൽ അതനുസരിച്ച് അവയിലെല്ലാം തീർപ്പു കൽപ്പിച്ചിട്ടുള്ളതു മാണെന്ന് ആർ ഡബ്ല്യൂ 1 ആയി വിസ്തരിച്ചിട്ടുള്ള എതിർകക്ഷി വിസ്താര വേളയിൽ സമ്മതിച്ചിട്ടുള്ളതുമാണ്. അപ്പീൽവാദിക്ക് മറ്റൊരു സ്ത്രീയുമായി വിവാഹേതരബന്ധമുണ്ടെന്നുള്ള വ്യാജ ആരോപണവും കൂടി അവർ നടത്തിയിട്ടുള്ളതാണ്.

13. അടുത്തതായി ഉറപ്പിച്ച് പറഞ്ഞിട്ടുള്ള ഒരു സംഗതി എന്തെന്നാൽ വിവാഹസമയത്ത് ആർ ഡബ്ല്യൂ 1 ഒരു സാരവത്തായ വസ്തുത മറച്ചു വെച്ചിരുന്നു എന്നുള്ളതാണ്. വിവാഹത്തിനു മുൻപ്, അപ്പീൽവാദിയ്ക്ക് അവർ എക്സിബിറ്റ്-ബി -1 കത്ത് അയച്ചിരുന്നെന്നും അതിൽ അവരുടെ ഗർഭപാത്രം നീക്കം ചെയ്തത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ലാത്തതുമാണ്. അവർക്ക് പ്രാഥമിക വിദ്യാഭ്യാസം മാത്രമേയുള്ളൂ എന്നും അവർ സമ്മതിച്ചിട്ടുള്ളതാണ്. എക്സിബിറ്റ്-ബി 1 കത്ത് പരിശോധിച്ചതിൽ നിന്നും ഞങ്ങൾക്ക് കാണാൻ കഴിഞ്ഞതെന്തെന്നാൽ എതിർകക്ഷി ആരോപിച്ചിട്ടുള്ള സംഗതി പിന്നീട് എഴുതി

ചേർത്തതാണെന്നും അദ്ദേഹത്തിൽ നിന്നും അവർ ആ വസ്തുത മറച്ചു വെയ്ക്കുകയുമുണ്ടായി എന്നുമാണ്. അവരുടെ ഗർഭപാത്രം വിവാഹത്തിനു മുൻപ് നീക്കം ചെയ്തിട്ടുള്ളതാണെന്ന് അവർ സമ്മതിച്ചിട്ടുള്ളതും ഇത് അപ്പീൽവാദിയോട് വെളിപ്പെടുത്തേണ്ടതായിരുന്ന ഒരു സാരവത്തായ വസ്തുതയാണ്. 2004 വർഷത്തിൽ അപ്പീൽ വാദിയുടെ വീട്ടിൽ ഒരു പ്രാർത്ഥനായോഗം നടത്തിയിട്ടുണ്ടെന്നും അതിൽ പി ഡബ്ല്യൂ 4-ഉം മറ്റ് അതിഥികളും പങ്കെടുത്തിയിട്ടുണ്ടായിരുന്നു എന്നും തെളിവുകൾ വ്യക്തമാക്കുന്നുണ്ട്. പ്രാർത്ഥനക്കുശേഷം, പങ്കെടുത്ത എല്ലാവരേയും ആഹാരം കഴിക്കുന്നതിന് ക്ഷണിച്ചപ്പോൾ എതിർകക്ഷി ഇറങ്ങി വരികയും പ്രാർത്ഥനയ്ക്കായി ഒത്തു ചേർന്ന എല്ലാ അതിഥികളെയും അധിക്ഷേപിക്കുകയും അതോടെ അവർ ആഹാരം കഴിക്കാതെ വീട്ടിൽ നിന്നും ഇറങ്ങിപ്പോയിട്ടുള്ളതുമാണ്. ഈ സംഭവം അപ്പീൽവാദിക്കും മറ്റ് അതിഥികൾക്കും വളരെ മാനസിക വിഷമം ഉണ്ടാക്കിയിട്ടുള്ളതാണ്.

14. ഞങ്ങളുടെ കാഴ്ചപ്പാടിൽ, ആത്മഹത്യ ചെയ്യുന്നതിനായി ഭാര്യ നടത്തിയ ശ്രമവും 'ആത്മഹത്യ ചെയ്യുമെന്നുള്ള' അവരുടെ ഭീഷണിയും ക്രൂരത യാകുന്നതാണ്. ഒരവസരത്തിൽ എതിർകക്ഷി, അവരുടെ വീടിന്റെ ടെറസ്സിൽ ആത്മഹത്യ ചെയ്യുന്നതിനുള്ള ഒരു ശ്രമം നടത്തിയിട്ടുണ്ടെന്ന് ക്രോസ് വിസ്താര വേളയിൽ അവർ സമ്മതിച്ചിട്ടുള്ളതാണ്. ഡോ. എൻ. ജി ദസ്തെനെയും മിസ്സിസ്സ് ദസ്തെനെയും തമ്മിലുള്ള കേസ്സിൽ (എ ഐ ആർ 1975 എസ്. സി. 1534) സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടുള്ളതെന്തെന്നാൽ, ഭാര്യ, താൻ ആത്മഹത്യ ചെയ്യുമെന്ന് ഭീഷണി മുഴക്കുന്നതും ക്രൂരതയാകുമെന്നുമാണ്. ശ്രീമതി സാവിത്രി ബാലചന്ദ്രനും മുൽചന്ദ് ബാലചന്ദാനിയും തമ്മിലുള്ള കേസ്സിൽ (എ ഐ ആർ 1987 ഡൽഹി 52) ഡൽഹി ഹൈക്കോടതി ഇനി പറയും പ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: "താൻ ആത്മഹത്യ ചെയ്യുമെന്ന് ഭാര്യ മുഴക്കുന്ന ഭീഷണിയും ഭർത്താവിനോടുള്ള ക്രൂരത തന്നെയാണ്." ആരോപണങ്ങളെ സംബന്ധിച്ച് ആർ ഡബ്ല്യൂ 1- ന് നേരിട്ടുള്ള അറിവില്ലെന്നുള്ളതും അദ്ദേഹത്തിന്റെ കേട്ടുകേൾവിയിലുള്ള തെളിവുകൾ അംഗീരിക്കത്തക്കതല്ലാത്തതുമാണ്. അപ്പീൽവാദി 89 സെന്റു ഭൂമി എതിർകക്ഷിക്ക് ഏല്പിച്ച് നൽകിയിരുന്നെന്നും അവരുടെ പെരുമാറ്റം മൂലം പിന്നീട് അത് റദ്ദു ചെയ്യുകയുണ്ടായെന്നും തെളിവുകളിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. ഇതിനു ശേഷം, അദ്ദേഹം 3 1/2 സെന്റു വസ്തു അവർക്ക് കൊടുക്കുകയും അതിൽ ഒരു കെട്ടിടം നിർമ്മിച്ച് നൽകിയിട്ടുള്ളതുമാണ്.

15. വാക്കാലും രേഖാമൂലമുള്ള തെളിവുകളും ഉയർത്തിക്കാണിച്ചിട്ടുള്ള ചില സംഭവങ്ങളും വിശകലനം ചെയ്യുന്നതിൽനിന്നും വ്യക്തമാകുന്നത് എന്തെന്നാൽ എതിർകക്ഷി അപ്പീൽവാദിയോട് ക്രൂരമായിട്ടാണ് പെരുമാറിയിരുന്നതെന്നും അതു കാരണം, അയാൾ അവരുടെ സഹവാസം ഉപേക്ഷിക്കുകയും ഒരു വാടക കെട്ടിടത്തിൽ താമസിക്കുകയും ചെയ്തിരുന്നു എന്നാണ്. എതിർകക്ഷി, വിവിധ ഫോറങ്ങൾ മുമ്പാകെ ആവർത്തിച്ച് പരാതികൾ നൽകിയിട്ടുള്ളതും അവയെല്ലാം വ്യാജമാണെന്നും കണ്ടെത്തിയിട്ടുള്ളതും അന്വേഷണത്തിനുശേഷം അവയിലെല്ലാം തീർപ്പ് കൽപ്പിച്ചിട്ടുള്ളതുമാണ്. വനിത കമ്മീഷന്റെയും ലോകായുക്തയുടെയും സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെയും മുമ്പാകെ ഭർത്താവിനെതിരെ വ്യാജ പരാതികൾ സമർപ്പിച്ചിട്ടുള്ളതും മാനസികമായ ക്രൂരതയുണ്ടാക്കുന്ന സംഭവങ്ങളാണ്. ഇതിനുപുറമെ, വ്യാജവും നിരർത്ഥകവുമായ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ഭർത്താവിനെ ക്രിമിനൽകേസ്സിൽ പെടുത്തുന്നതും മാനസികമായ ക്രൂരതയാകുന്നതാണ്. അപ്പീൽവാദിക്ക് മറ്റൊരു സ്ത്രീയുമായി വിവാഹേതര ബന്ധമുണ്ടെന്നുള്ള വ്യാജ ആരോപണങ്ങൾ കൂടി അവർ ഉന്നയിച്ചിട്ടുള്ളതാണ്. തന്റെ ഗർഭപാത്രം വിവാഹത്തിനുമുൻപ് നീക്കം ചെയ്യുകയുണ്ടായി എന്ന സാരവത്തായ വസ്തുത അവർ മറച്ച് വെച്ചിട്ടുള്ളതും ആയത് ഭാര്യ ഭർത്താവിനോട് തുറന്നു പറയേണ്ടതുമായിരുന്നു. മേൽപ്പറഞ്ഞ പ്രവർത്തികളും പെരുമാറ്റങ്ങളും വളരെക്കാലം വാദിയുടെ മനസ്സിൽ വലിയ നിരാശയും ഇച്ഛാഭംഗവും ഉണ്ടാക്കിയിട്ടുള്ളതും അത് അദ്ദേഹത്തിന് കഠിനമായ മനോവ്യഥയിലും വേദനയിലും കലാശിച്ചിട്ടുള്ളതുമാണ്. ശകാരരൂപത്തിലുള്ളതും നാണം കെടുത്തുന്നതുമായ പെരുമാറ്റം ഭർത്താവിന്റെ ജീവിതത്തെ ദുരിത പൂർണ്ണമാക്കിത്തീർത്തു. ഒരു സാധാരണ ദാമ്പത്യ ജീവിതത്തിലെ ഉരസലുകളായി മേൽപ്പറഞ്ഞ പെരുമാറ്റങ്ങളെ കാണാൻ കഴിയുന്നതല്ല. ക്രൂരതയിൽ ആനന്ദം കണ്ടെത്തുന്നതായ അവരുടെ പെരുമാറ്റം വൈവാഹികജീവിതത്തെ വഷളാക്കി. എല്ലായ്പ്പോഴും വളരെ ക്രൂരമായി അവർ പെരുമാറുകയും അപ്പീൽ വാദിയ്ക്കെതിരായി ക്രിമിനൽ കേസ്സുകൾ ഫയൽ ചെയ്യുമെന്ന് ഭീഷണി പ്പെടുത്തിയിട്ടുള്ളതുമാണ്. വിവിധ സംഭവങ്ങൾ പരിഗണിക്കുമ്പോൾ, ഞങ്ങളുടെ നിരീക്ഷണമെന്തെന്നാൽ ഭർത്താവിന് നേരേയുള്ള മാനസിക ക്രൂരത തെളിഞ്ഞിട്ടുള്ളതും അക്കാരണത്താൽ തന്നെ അത് വിവാഹമോചനം അനുവദി ക്കുന്നതിനുള്ള തക്കതായ കാരണവുമാണെന്നുള്ളതാണ്.

16. ഭർത്താവിനെയും അദ്ദേഹത്തിന്റെ മക്കളെയും വീട്ടിൽ നിന്നും പുറത്താക്കിക്കൊണ്ട് വളരെക്കാലം അപ്പീൽവാദിയുടെ വീട്ടിൽ അവർ

താമസിച്ചിരുന്നു എന്നതാണ് എതിർകക്ഷിയുടെ തെളിവുകളിൽ നിന്നും വ്യക്തമാകുന്നത്. കുടുംബകോടതി, വിവാഹമോചന ഹർജി തള്ളുന്ന സമയത്ത്, എതിർകക്ഷിയെ വൈവാഹിക വീട്ടിൽ നിന്നും പുറത്താക്കുന്നതിൽ നിന്നും അപ്പീൽവാദിയേയും മക്കളേയും തടഞ്ഞുകൊണ്ട് ഒരു നിരോധന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ കോടതിയിൽ ലഭ്യമായിട്ടുള്ള തെളിവുകളിൽ നിന്നും അപ്പീൽവാദിയും അദ്ദേഹത്തിന്റെ കുട്ടികളും ഒരു വാടക വീട്ടിൽ താമസിക്കുകയാണെന്നും കാണുന്നു. ഭർതൃഗൃഹത്തിലെ വസ്തുവിന്മേലുള്ള ഉടമസ്ഥാവകാശവും കൈവശാവകാശവും അവർക്കുള്ളതാണ്. ഒരു വിവാഹമോചനത്തിലൂടെ അപ്പീൽവാദിയുടെയും എതിർകക്ഷിയുടെയും വിവാഹബന്ധം അവസാനിക്കുമ്പോൾ, അപ്പീൽവാദിയ്ക്കെതിരായി ഒരു നിരോധന ഉത്തരവ് ലഭിക്കുന്നതിന് എതിർകക്ഷിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ആയതിനാൽ, കുടുംബകോടതി പാസ്സാക്കിയിട്ടുള്ള നിരോധന ഉത്തരവ് റദ്ദു ചെയ്യപ്പെടേണ്ടതാണ്.

ഫലത്തിൽ, രണ്ടു മാട്രിമോണിയൽ അപ്പീലുകളായ 696/2007-ഉം 356/2008-ഉം ഇനിപ്പറയും പ്രകാരം തീർപ്പാക്കിയിരിക്കുന്നു:

(1) മാട്രിമോണിയൽ അപ്പീൽ നമ്പർ 696/2007 അനുവദിച്ചിരിക്കുന്നു. 1869-ലെ വിവാഹമോചന ആക്റ്റിലെ 10-ാം വകുപ്പ് പ്രകാരമുള്ള ഒരു വിവാഹമോചന ഡിക്രി മുഖാന്തിരം ഒ. പി. നമ്പർ. 72/2005-ൽ ഹർജിക്കാരനും എതിർകക്ഷിയും തമ്മിൽ 13-11-2000-ൽ ചടങ്ങനുസരിച്ച് നടത്തിയിട്ടുള്ള വിവാഹം ഇതിനാൽ വേർപെടുത്തിയിരിക്കുന്നു.

(2) ഒ.പി. നം. 235/2005 - ലെ ഹർജി പട്ടിക വസ്തുവിലുള്ള വീട്ടിൽ നിന്നും എതിർകക്ഷിയെ പുറത്താക്കുന്നതിൽ നിന്നും അപ്പീൽവാദിയേയും കുട്ടികളെയും തടഞ്ഞു കൊണ്ടുള്ള നിരോധന ഉത്തരവ് ഇതിനാൽ റദ്ദു ചെയ്തിരിക്കുന്നു.

(3) ഈ സാഹചര്യത്തിൽ, ഒ. പി. നമ്പർ 235/2005-ൽ അപ്പീൽവാദി സമർപ്പിച്ചിട്ടുള്ള പ്രത്യവകാശവാദം (കൗണ്ടർ ക്ലെയിം) അനുവദിച്ചിരിക്കുന്നു. 25/1/2003-ലെ കരാർ പ്രകാരം ഹർജി പട്ടിക വസ്തുവിൽ നിന്നും ഭാര്യ ഒഴിഞ്ഞു പോകാൻ ബാദ്ധ്യസ്ഥയാണ്. ഒ. പി. 235/2005-ാം നമ്പർ ഹർജിയിൽ എതിർകക്ഷികൾ ആവശ്യപ്പെട്ട പ്രകാരമുള്ള ഒരു ആജ്ഞാപക ഉത്തരവും നിരോധന ഉത്തരവും അനുവദിച്ചിരിക്കുന്നു. ചെലവിനെ സംബന്ധിച്ച് ഉത്തരവുകളൊന്നും തന്നെയില്ല. അപ്പീൽ അനുവദിച്ചിരിക്കുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

*ബഹു. ചീഫ് ജസ്റ്റിസ് ഡോ. മഞ്ജുള ചെല്ലൂർ,*

*ബഹു. ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ*

**ഗിരി**

അഭി

**കേരളസർക്കാർ**

**റിട്ട് അപ്പീൽ നമ്പർ 334/2013**

2013, മാർച്ച് 15-ാം തീയതി വിധി പ്രസ്താവിച്ചത്

**1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 393-ാം വകുപ്പ് - വസ്തു ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന കാരണത്താൽ കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷ നിരസിക്കാൻ പാടില്ലാത്തതാണ്.**

<u>വിധിന്യായം</u>

*ബഹു. ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ:*

ഒരു വ്യവസായ കേന്ദ്രവും-മിനി ബസ്സ്സ്റ്റാന്റും നിർമ്മിക്കുന്നതിനു വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിൽ അപ്പീൽവാദിക്കുള്ള 6 ആർ 10 ചതുരശ്രമീറ്റർ വസ്തുവും കൂടി ഉൾപ്പെടുന്നു എന്ന കാരണത്താൽ കെട്ടിട നിർമ്മാണ അനുമതിക്കായി അപ്പീൽവാദി സമർപ്പിച്ച അപേക്ഷ നിരസിച്ചതിൽ അപ്പീൽവാദി സങ്കടപ്പെടുകയുണ്ടായി. എക്സിബിറ്റ് പി-3 ഉം പി-4 ഉം മേൽപ്പറഞ്ഞ വസ്തു ഏറ്റെടുക്കുന്നതിനുള്ള ഒരു ഉദ്ദേശം ഉള്ളതായി തെളിയിക്കുന്നതിനാൽ നഗരസഭയോട് കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷ പരിഗണിക്കാൻ നിർദ്ദേശം നൽകുന്നതിൽ യാതൊരുവിധ സാംഗത്യവുമില്ലായെന്ന് ബഹു. സിംഗിൾ ജഡ്ജി കണ്ടെത്തുകയുണ്ടായി.

2. മേൽ വിധിന്യായത്തെ അപ്പീൽവാദി ചോദ്യം ചെയ്തു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 393-ാം വകുപ്പ് മറ്റ് പലതിന്റെയും കൂട്ടത്തിൽ ഒരു കെട്ടിടത്തിന്റെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ ഉള്ള സ്ഥലത്തിന് അനുമതി നിരസിക്കുന്നത് ആ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വിധേയമാകുമ്പോൾ മാത്രമാണെന്നാണ് അഭിഭാഷകൻ ഞങ്ങളുടെ മുമ്പാകെ വാദിച്ചത്. അഭിഭാഷകന്റെ അഭിപ്രായത്തിൽ, എക്സിബിറ്റുകളായ പി -3 ഉം പി-4 ഉം വസ്തു ഏറ്റെടുക്കൽ നടപടികൾ അല്ല കാണിക്കുന്നതെന്നും ആയതിനാൽ, എതിർകക്ഷിയായ നഗരസഭ അപ്പീൽവാദിയുടെ അപേക്ഷ നിരസിക്കാൻ പാടില്ലായിരുന്നു എന്നുമാണ്. കൽപ്പറ്റ മുനിസിപ്പാലിറ്റിയും മോഹൻദാസും തമ്മിലുള്ള കേസ്സിലെ (2012 (1) കെ എൽ റ്റി 62) വിധിന്യായം അവലംബ മാക്കണമെന്നും അഭിഭാഷകൻ വാദിയ്ക്കുകയുണ്ടായി.

3. മേൽപ്പറഞ്ഞ കൽപ്പറ്റ മുനിസിപ്പാലിറ്റി കേസ്സിൽ, മദ്രാസ് നഗരാസൂത്രണ ആക്റ്റ് പ്രകാരം, ഒരു ബസ്സ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി വസ്തു ഏറ്റെടുക്കുന്നതിനുള്ള ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നു. നഗരസഭാ പരിധിക്കകത്ത് ഒരു നിശ്ചിത അളവ് വസ്തു ഒരു പൊതു ആവശ്യത്തിനായി ആവശ്യമാണെന്നും മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 393(1) (vii) പ്രകാരം പ്രസ്തുത വസ്തുവിൽ യാതൊരു നിർമ്മാണവും അനുവദിക്കാൻ പാടില്ലെന്നും അല്ലെങ്കിൽ പ്രസ്തുത വസ്തുവിൽ കെട്ടിടനിർമ്മാണത്തിനുള്ള അനുമതി നൽകാൻ പാടില്ലെന്നും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുമാണ് നഗരസഭയുടെ വാദം. എന്നിരുന്നാലും, മദ്രാസ് നഗരാസൂത്രണ ആക്റ്റ് പ്രകാരം, ഒരു വിജ്ഞാപനം ഉണ്ടെങ്കിൽ പോലും മദ്രാസ് ആക്റ്റിലെ 33-ഉം, 34-ഉം വകുപ്പുകൾ പ്രകാരം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ച തീയതി മുതൽ അങ്ങനെയുള്ള വിജ്ഞാപനത്തിന് പ്രാബല്യം നൽകണമെന്ന് കരുതേണ്ടതായ ഒരു വ്യവസ്ഥയും ഇല്ലായെന്നാണ് ഈ കോടതിയുടെ ഡിവിഷൻ ബഞ്ച് കണ്ടെത്തിയത്. അതിനാൽ, കെട്ടിട നിർമ്മാണ അനുമതി നിരസിച്ചത് നിലനിൽക്കുന്നതല്ല എന്ന് കാണുന്നു.

4. ഈ കേസ്സിലെ രേഖകൾ പരിശോധിച്ചതിൽ നിന്നും കാണാൻ കഴിയുന്നതെന്തെന്നാൽ എക്സിബിറ്റ് പി-3 ന്റെയും പി-4 ന്റെയും അടിസ്ഥാനത്തിലാണ് അപേക്ഷ നിരസിക്കപ്പെട്ടിട്ടുള്ളത്. 1894-ലെ വസ്തു ആർജ്ജനം ആക്റ്റിലെ വകുപ്പ് 4(1) പ്രകാരമുള്ള ഒരു വിജ്ഞാപനമല്ല എക്സിബിറ്റ്

പി-3; വസ്തു ആർജ്ജനം ആക്റ്റിലെ വകുപ്പ് 4(1)-ലെ വിജ്ഞാപനത്തിന് സദൃശമായ ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള ഒരു വിജ്ഞാപനമാണെന്ന് കരുതുന്നതിനും കഴിയുന്നതല്ല. എക്സിബിറ്റ് പി-3 വായിക്കുമ്പോൾ മനസിലാകുന്നതെന്തെന്നാൽ, 01-07-2011-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 124/2011/തസ്വഭവ പ്രകാരം ആവശ്യകത ഖണ്ഡം കാരണമാക്കി കഴക്കൂട്ടം ട്രേഡ് സെന്ററിനും മിനി ബസ്സ്സ്റ്റാന്റിനും വേണ്ടിയുള്ള പ്രോജക്ടിനായി കഴക്കൂട്ടം വില്ലേജിലെ 90.6 സെന്റ് വസ്തു, ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ട് എന്നാണ്. എന്നിരുന്നാലും, സർക്കാരിന് സാമ്പത്തികമോ നിയമപരമോ ആയ ബാദ്ധ്യതകൾ ഉണ്ടാകാത്തവിധമുള്ള നിബന്ധനകളിൻമേൽ എക്സിബിറ്റ് പി-3 വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതിനാൽ വകുപ്പ് 4(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്തതാണ്. അതുപോലെ, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) വസ്തു ഏറ്റെടുക്കുന്നതിന് ആവശ്യമായ തുകയുടെ 80 ശതമാനവും മുൻകൂറായി ജില്ലാകളക്ടർ മുമ്പാകെ നിക്ഷേപിച്ചിരിക്കേണ്ട താണെന്നുള്ള ഒരു പ്രത്യേകമായ വ്യവസ്ഥ എക്സിബിറ്റ് പി-3-ൽ ഉണ്ട്.

5. വസ്തു ആർജ്ജനം ആക്റ്റിലെ 4(1) വകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം 29-06-2005-ൽ പ്രസിദ്ധപ്പെടുത്തിയിരുന്നുവെങ്കിലും വസ്തു ആർജ്ജനം ആക്റ്റിലെ 6-ാം വകുപ്പ് നിഷ്ക്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പ്രഖ്യാപനം പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ വകുപ്പ് 4(1) പ്രകാരമുള്ള വിജ്ഞാപനം അസാധുവായതായി, നിർദ്ദേശപ്രകാരം, സർക്കാർ അഭിഭാഷകൻ ബോധിപ്പിക്കുക യുണ്ടായി. എക്സിബിറ്റ് പി-3 അനുവദിക്കുന്നതിനായി, ട്രിഡ 13-01-2012-ൽ വസ്തു ഏറ്റെടുക്കുന്നതിനുള്ള ഒരു പുതിയ നിർദ്ദേശം സമർപ്പിക്കുമെന്നും വസ്തു ആർജ്ജനം ആക്റ്റിലെ 17(4) വകുപ്പ് പ്രകാരമുള്ള ആവശ്യകത ഖണ്ഡം കാരണമാക്കുന്നതിനുള്ള ഒരു നിർദ്ദേശം ലാന്റ് റവന്യൂ കമ്മീഷണറുടെ മുമ്പാകെ സമർപ്പിച്ചെങ്കിലും ആയത്, ഏറ്റെടുക്കൽ നടപടികൾക്ക് ആവശ്യമായ 80 ശതമാനം ഫണ്ട് മുൻകൂറായി അടച്ചതിനുള്ള വിശദവിവരം സമർപ്പിക്കാത്തതിനാൽ, തിരിച്ച് മടക്കുകയുണ്ടായെന്നും തിരുവനന്തപുരം ജില്ലാ കളക്ടറുടെ നിർദ്ദേശത്തിൻമേൽ സർക്കാർ അഭിഭാഷകൻ ബോധിപ്പിക്കുകയുണ്ടായി. സർക്കാരിന്റെ അഭിപ്രായത്തിൽ, ട്രിഡ ഇക്കാര്യത്തിൽ യാതൊരു പ്രതികരണവും നടത്തിയിട്ടില്ലാത്തതും യാതൊരു തുകയും അടച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ,

ഇപ്പോൾ വസ്തു ആർജ്ജനം ആക്റ്റിലെ വകുപ്പുകൾ 4(1) പ്രകാരമോ 17(4) പ്രകാരമോ ഉള്ള ഒരു വിജ്ഞാപനവും ഇല്ലാത്തതാണ്.

6. ഏറ്റെടുക്കേണ്ടിയിരുന്ന വസ്തുവിനെ സംബന്ധിച്ചിടത്തോളം നേരത്തേ ചില മാറ്റങ്ങൾ വരുത്തിയിരുന്നു എന്നും നിർമ്മാണം നടത്തുന്നതിന് അനുവദിച്ചിരുന്ന ചില വസ്തുക്കളെ ഒഴിവാക്കിയിട്ടുണ്ടെന്നും അങ്ങനെയുള്ള ഒഴിവാക്കലിന് അപ്പീൽവാദിയുടെ വസ്തുവും അർഹമാണെന്നുമുള്ള അപ്പീൽവാദിയുടെ വാദത്തെ അനുകൂലിക്കുന്നതിന് ഞങ്ങൾക്ക് കഴിയുന്നതല്ല. വിവേചനപരമായ പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ അത്തരത്തിലുള്ള ഒരു വാദം ഉന്നയിക്കാനാവുകയില്ല, ഒന്നാമതായി, അപ്പീൽവാദിയുടെ വസ്തുവിൽ യാതൊരു നിർമ്മാണവും നടന്നിട്ടില്ലാത്തതും വസ്തു ആർജ്ജനം ആക്റ്റിൻ കീഴിൽ നടന്നിട്ടുള്ള നടപടിക്രമങ്ങളിൻമേലുള്ള അപ്പീലോ അതിൻ കീഴിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളോ കേൾക്കുന്നതിനായി ഈ കോടതിയ്ക്ക് സാധിക്കുന്നതല്ല. അധികാര സ്ഥാനത്തിന്റെ ഭാഗത്തുനിന്നും ദുരുദ്ദേശം ഉണ്ടായി എന്ന അവകാശവാദം കാര്യമായി ഉന്നയിക്കുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്.

7. എന്നിരുന്നാലും, 2005-ൽ ഈ പദ്ധതിയ്ക്ക് ലക്ഷ്യമിട്ടിട്ടുള്ളതും ഏകദേശം 8 വർഷം കഴിഞ്ഞിട്ടും ഏറ്റെടുക്കലിന്റെ പ്രാഥമികഘട്ടം പോലും ആയിട്ടില്ല എന്നത് ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. വസ്തു ആർജ്ജനം ആക്റ്റ് പ്രകാരം സാധുവായ ഒരു വിജ്ഞാപനം ഇല്ലാത്തിടത്തോളം, നിർമ്മാണത്തിനായുള്ള അപേക്ഷ നിരസിക്കുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 393-ാം വകുപ്പ് കാരണമാക്കാൻ കഴിയുകയില്ല. ഏറ്റെടുക്കൽ നടപടികൾ ചലനാത്മക മാക്കുന്നതിനായി സർക്കാർ ആവശ്യപ്പെട്ട തുകയുടെ 80 ശതമാനം മുൻകൂറായി കെട്ടിവെയ്ക്കാതെയുള്ള ട്രിഡയുടെ എകിസിബിറ്റ് പി-4 ഉത്തരവ്, എതിർകക്ഷിയായ കോർപ്പറേഷന് കണക്കിലെടുക്കേണ്ട യാതൊരു ആവശ്യവും ഇല്ല. ഈ സാഹചര്യത്തിൽ, കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 393-ാം വകുപ്പ് കാരണമാക്കുന്നതിന് എതിർകക്ഷിയായ കോർപ്പറേഷനെ സാദ്ധ്യമാക്കുന്ന ഏറ്റെടുക്കൽ നടപടികൾ ഒന്നും നിലവിലില്ലാത്തതാണ്; ഞങ്ങളുടെ വ്യക്തമായ അഭിപ്രായം എന്തെന്നാൽ എക്സിബിറ്റ് പി-3-നും പി-4-നും നിയമത്തിന്റെ

പിൻബലമില്ലാത്തതും, കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷ തദ്ദേശാധികാരസ്ഥാനം നിയമാനുസൃതം പരിഗണിക്കേണ്ടതുമാണ്.

8. മേൽപ്പറഞ്ഞ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, ഞങ്ങൾ, എക്സിബിറ്റ് പി-2 റദ്ദാക്കുന്നതും ഈ ഉത്തരവിൽ പറഞ്ഞിട്ടുള്ള നിരീക്ഷണങ്ങൾ അനുസരിച്ച് അപ്പീൽവാദിയുടെ അപേക്ഷ, തീർച്ചയായും നിയമാനുസൃതമായി പരിഗണിക്കണമെന്ന് എതിർകക്ഷിയായ കോർപ്പറേഷനോട് നിർദ്ദേശിക്കുന്നു. ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിക്കുന്ന തീയതി മുതൽ രണ്ട് മാസ കാലയളവിനുള്ളിൽ എതിർകക്ഷിയായ കോർപ്പറേഷൻ അപേക്ഷയിലുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

റിട്ട് അപ്പീൽ അനുവദിച്ചിരിക്കുന്നു, എന്നിരുന്നാലും, ചെലവ് സംബന്ധിച്ച് യാതൊരു ഉത്തരവുമില്ലാത്തതുമാണ്.

## *കേരള ഹൈക്കോടതി മുമ്പാകെ*

*ബഹു. ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ,*

*ബഹു. ജസ്റ്റിസ് ബി. കമാൽ പാഷ*

**സന്തോഷ് കുമാർ**

***അഭി***

**പഞ്ചായത്ത് ഡയറക്ടർ**

**റിട്ട് ഹർജി (സി) നമ്പർ 158/2013**

2013, മാർച്ച് 12-ാം തീയതി വിധി പ്രസ്താവിച്ചത്

**ഭാരതത്തിന്റെ ഭരണഘടന, അനുച്ഛേദം 226 - 1985-ലെ അഡ്മിനി സ്ട്രേറ്റീവ് ട്രിബ്യൂണലുകൾ ആക്റ്റിലെ 15(1)(ബി) വകുപ്പ് - 1994-ലെ (കേരള) പഞ്ചായത്ത് രാജ് ആക്റ്റിലെ 180-ാം വകുപ്പ് - പഞ്ചായത്ത്/ മുനിസിപ്പൽ പൊതു സർവ്വീസിലെ ജീവനക്കാർ സർക്കാർ ജീവനക്കാരാണെന്നും പഞ്ചായത്ത് ജീവനക്കാരുടെ സർവ്വീസ് തർക്കങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ സ്വീകരിക്കുന്നതിനുള്ള അധികാരിത സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനാണ്.**

### വിധിന്യായം

*ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ:*

ഒരു ഗ്രാമ പഞ്ചായത്തിലെ ആഫീസ് അറ്റന്റൻഡ്, അദ്ദേഹത്തെ കേരള സർക്കാരിലെ അധികാരിതയുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം, മറ്റൊരു ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റിയതിനെ ചോദ്യം ചെയ്യുന്നു. അധികാരിത സംബന്ധിച്ച ചോദ്യം പരിഗണിക്കുന്ന സമയത്ത് മിനിമോളും മുനുസിപ്പാലിറ്റി ഡയറക്ടറും തമ്മിലുള്ള കേസ്സിലെ വിധിന്യായവുമായി യോജിക്കുന്നതിന് ബഹു. സിംഗിൾ ജഡ്ജിന് സാധിക്കുന്നില്ലായെന്ന് അദ്ദേഹം കണ്ടെത്തുകയുണ്ടായി, എന്തെന്നാൽ

കേരളത്തിൽ സംസ്ഥാന അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ രൂപീകരിച്ചതിനുശേഷവും, 1985-ലെ അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ ആക്റ്റിലെ (ചുരക്കത്തിൽ 'എ റ്റി ആക്റ്റ്') 15-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം മുനിസിപ്പൽ പൊതു സർവ്വീസിലെ ജീവനക്കാർക്ക് തങ്ങളുടെ സർവ്വീസ് തർക്കങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ ഹൈക്കോടതിയിൽ സമർപ്പിക്കുവാൻ കഴിയുമെന്നുള്ളതുതന്നെ. ആയതിനാലാണ്, ഡിവിഷൻ ബഞ്ചിലേയ്ക്കുള്ള ഈ റഫറൻസ്.

2. എല്ലാ പഞ്ചായത്ത് ജീവനക്കാരും (കണ്ടിജെന്റ് ജീവനക്കാരൊഴികെ) പൂർണ്ണതോതിലുള്ള സർക്കാർ ജീവനക്കാർ ആണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 180-ാം വകുപ്പിലെ (1)-ാം ഉപ വകുപ്പിൽ വിവക്ഷിച്ചിരിക്കുന്നു എന്നത് റഫർ ചെയ്തുകൊണ്ടുള്ള റഫറൻസ് ഉത്തരവിൽ ബഹു. സിംഗിൾ ജഡ്ജി ചൂണ്ടിക്കാണിച്ചിട്ടുള്ളത് പരിഗണിയ്ക്കേണ്ട വിഷയമാണ്.

3. ഭരണഘടനയുടെ 73-ാം ഭേദഗതി പ്രകാരം കൊണ്ടുവന്ന IX-ാം ഭാഗം അനുസരിച്ച് പഞ്ചായത്തുകൾക്ക് ലഭിച്ച പദവി അവയ്ക്ക് മുൻപു ഉണ്ടായിരുന്ന സ്ഥാനത്തേക്കാൾ വളരെ ഉയർന്ന സ്ഥാനത്ത് പഞ്ചായത്തുകളെ നിർത്തുന്നു എന്ന് ഹർജിക്കാരനുവേണ്ടിയുള്ള അഭിഭാഷകൻ വാദിച്ചു. പഞ്ചായത്തുകൾ ഇപ്പോൾ നിയമാധിഷ്ടിത സ്ഥാപനങ്ങൾ മാത്രമല്ലെന്നും അവയ്ക്ക് സ്വതന്ത്രമായ ഭരണഘടനാ പശ്ചാത്തലമുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ കോടതിയുടെ രവീന്ദ്രനും കേരള സംസ്ഥാനവും (2006 (1) കെഎൽറ്റി 427) തമ്മിലുള്ള കേസ്സിലെ വിധിയിലേയ്ക്ക് അഭിഭാഷകൻ പരാമർശം നടത്തുകയുണ്ടായി. ഈ പദവി ഭരണഘടനയുടെ 73-ാം ഭേദഗതിയുടെ ഫലമായി ലഭിച്ചതാണെങ്കിൽ അതിന്റെ പരിണിതഫലമായി പഞ്ചായത്തിൽ ജോലി ചെയ്യുന്ന വ്യക്തികളെ സർക്കാർ ജീവനക്കാരായി കണക്കാക്കാൻ കഴിയുകയില്ല എന്തെന്നാൽ എ റ്റി ആക്റ്റിന്റെ 15 (1) (ബി) വകുപ്പിന്റെ പരിധിയ്ക്കുള്ളിൽ ജീവനക്കാരെ കൊണ്ടുവരത്തക്കവിധം പഞ്ചായത്തുകളെ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമായി കണക്കാക്കുവാനും കരുതുവാനും കഴിയുകയില്ല എന്നും അഭിഭാഷകൻ തുടർന്നും വാദിക്കുകയുണ്ടായി.

4. നേരെ മറിച്ച്, കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ചട്ടങ്ങൾ പരിശോധിക്കുമ്പോൾ മുനിസിപ്പൽ കോമൺ സർവ്വീസും ഒരു പബ്ലിക്ക് സർവ്വീസാണെന്ന് കാണാൻ കഴിയുമെന്ന് ഈ കോടതി പല തവണ

വിധിച്ചതാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സ്റ്റാന്റിങ്ങ് കൗൺസിലും സർക്കാർ അഭിഭാഷകനും വാദിക്കുകയുണ്ടായി. ബാലകൃഷ്ണൻ നായരും രാംമോഹൻ നായരും തമ്മിലുള്ള കേസ്സിലേയക്ക് (1998(1) കെഎൽറ്റി 766 (എഫ്.ബി.)) ശ്രദ്ധ ക്ഷണിക്കുകയും ഹരിയാന സംസ്ഥാനവും ഡി.ആർ. ശംഗറും തമ്മിലുള്ള കേസ്സിലെ (എഐആർ 1976 എസ് സി 1199) വിധിയും അത്തരമൊരു നിഗമനത്തിലേയ്ക്കാണ് എത്തുന്നതെന്ന് ചൂണ്ടിക്കാണിക്കുയുണ്ടായി. ആന്ധ്രപ്രദേശ് ഹൈക്കോടതിയുടെ മുഹമ്മദ് അസ്മത്ത് അലിയും ഇന്റർമീഡിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറും തമ്മിലുള്ള കേസ്സിലെ (2012(2) കെഎൽറ്റി എസ്എൻ 106 (സി. നമ്പർ. 101) എ.പി. (എഫ്.ബി)), വിധിയിലേയ്ക്കും സർക്കാർ അഭിഭാഷകൻ ശ്രദ്ധക്ഷണിക്കുകയും പ്രസ്തുത വിധിയുടെ പൂർണ്ണരൂപം സീനിയർ അഭിഭാഷകനായ ശ്രീ. എസ്. ശ്രീകുമാർ, ഞങ്ങൾ പ്രത്യേകമായി വിധി പറഞ്ഞ മറ്റൊരു റിട്ട് ഹർജിയുമായി ബന്ധപ്പെട്ട് നടത്തിയ വാദത്തിനിടയിൽ, ഞങ്ങൾക്ക് ലഭ്യമാക്കിയിരുന്നു. പഞ്ചായത്ത് കോമൺ സർവ്വീസുകളും മുനിസിപ്പൽ കോമൺ സർവ്വീസുകളും സർക്കാർ സർവ്വീസുകളാണെന്ന് ഈ കോടതി വിധിച്ച സതീശനും കേരള സംസ്ഥാനവും തമ്മിലുള്ള കേസ്സിലെ (1990 (2) കെഎൽറ്റി 705) വിധിന്യായത്തേയും കേരള പബ്ലിക് സർവ്വീസ് കമ്മീഷനുവേണ്ടിയുള്ള സ്റ്റാൻഡിങ്ങ് കൗൺസിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

5. ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികളുടെ ഫലമായും ഭരണഘടനയിൽ പ്രസ്തുത ഭേദഗതികൾ പ്രകാരം കൊണ്ടുവന്ന IX-ഉം IX-എ-യും ഭാഗങ്ങളിലേതുൾപ്പെടെയുള്ള വ്യവസ്ഥകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പദവി ശ്രദ്ധിക്കുമ്പോൾ പഞ്ചായത്തുകൾക്കോ മുനിസിപ്പാലിറ്റികൾക്കോ പ്രത്യേകമായ സർവ്വീസോ ജീവനക്കാരേയോ നൽകുന്നതോ ആവശ്യപ്പെടുന്നതോ ആയ ഒരു വ്യവസ്ഥയും ഭരണഘടനയിലില്ല എന്ന് ഞങ്ങൾക്ക് തറപ്പിച്ചു പറയാൻ കഴിയും. ഏതെങ്കിലും അങ്ങനെയുള്ള സർവ്വീസ് സൃഷ്ടിക്കുന്നതിന് അല്ലെങ്കിൽ പഞ്ചായത്തുകളിലോ മുനിസിപ്പാലിറ്റികളിലോ ഏതെങ്കിലും ജീവനക്കാരെ നിയമിയ്ക്കുന്നതിനു വേണ്ടി ഏതെങ്കിലും നിയമം ഉണ്ടാക്കുന്നതിന് അധികാരപ്പെടുത്തുന്ന ഒരു വ്യവസ്ഥയും ഭരണഘടന യിലില്ലാത്തതിനാൽ ഞങ്ങൾ ഇപ്രകാരം ഉറപ്പിച്ചുപറയുന്നു. ഇതിനു വിപരീതമായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട II-ാം അദ്ധ്യായത്തിൻ കീഴിലുള്ള അനുച്ഛേദം 318-ൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ

അങ്ങനെയുള്ള കമ്മീഷനിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച് റഗുലേഷനുകൾ ഉണ്ടാക്കുന്നതിന് പ്രത്യേകമായി അധികാരപ്പെടുത്തുന്നു എന്ന് ഞങ്ങൾ കാണുന്നു. സർക്കാരിൽ നിന്നും പബ്ലിക് സർവ്വീസുകളിൽ നിന്നും വേറിട്ട് പഞ്ചായത്തിലേയും മുനിസിപ്പാലിറ്റികളിലേയും സർവ്വീസുകൾക്ക് ഭരണഘടനയിൽ വ്യവസ്ഥകൾ ഇല്ല എന്നുള്ളതിന് ധാരാളം സൂചനകൾ ഉണ്ടെന്നുള്ളതിനാലാണ് ഈ സമയത്ത് ഞങ്ങൾ ഈ നിരീക്ഷണം നടത്തുന്നത്.

6. പഞ്ചായത്തുകൾക്ക് ഏതെല്ലാം രീതിയിൽ ഉദ്യോഗസ്ഥരെ അല്ലെങ്കിൽ ജീവനക്കാരെ നിയോഗിക്കാൻ കഴിയും എന്നതിനെ ക്കുറിച്ച് ഞങ്ങൾ, അതിനാൽ, പരിശോധിക്കാൻ പോകുകയാണ്. പഞ്ചായത്തുകളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനയുടെ ഭാഗം IX ശ്രദ്ധിച്ചാൽ പഞ്ചായത്തുകളുടെ രൂപീകരണവും ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അതുപോലുള്ള മറ്റു സംഗതികളും ബന്ധപ്പെട്ട സംസ്ഥാന നിയമസഭകൾ ഉണ്ടാക്കുന്ന നിയമങ്ങളിൽ ഉൾപ്പെട്ടിരിക്കേണ്ടതാണെന്ന് കാണാൻ കഴിയുന്നതാണ്. മേൽപ്പറഞ്ഞ ഭരണഘടന ഭേദഗതി പ്രകാരം ഉണ്ടാക്കിയ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, ചുരുക്കത്തിൽ "കെപിആർ ആക്റ്റ്"-ലെ വ്യവസ്ഥകൾ നോക്കുമ്പോൾ ഇപ്പോൾ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ അതീവ പ്രാധാന്യമുള്ളത് പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സംബന്ധിക്കുന്ന ഭാഗം XVI ആണ്. പ്രസ്തുത ആക്റ്റിലെ 179-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് സർക്കാർ ജീവനക്കാരനായ ഒരാളെ പഞ്ചായത്ത് സെക്രട്ടറിയായി നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ബന്ധപ്പെട്ട പഞ്ചായത്തു കൾക്ക് നിയമാധിഷ്ടിതമായി നൽകപ്പെട്ടിട്ടുള്ള പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് ഇക്കാര്യത്തിൽ അഭിപ്രായം പറയത്തക്കവിധത്തിൽ പഞ്ചായത്ത് സെക്രട്ടറിയെ സംബന്ധിക്കുന്ന വിവിധ വിഷയങ്ങൾ പരസ്പര സംബന്ധമായി 179-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു. 180-ാം വകുപ്പ് പരിശോധിയ്ക്കുമ്പോൾ, പഞ്ചായത്തിൽ ജോലി ചെയ്യുന്ന എല്ലാ ആളുകളും സർക്കാർ ജീവനക്കാരാണെന്ന് പ്രസ്തുത നിയമാധിഷ്ടിത വ്യവസ്ഥ വ്യക്തമാക്കുന്നതായി കാണാൻ കഴിയുന്നതാണ്. പഞ്ചായത്തിലെ കണ്ടിജെന്റ് ജീവനക്കാരൊഴികെയുള്ള ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാരായിരിക്കുന്നതാണെന്ന് 180-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നതുകൊണ്ട് ഞങ്ങൾ അങ്ങനെ പറയുന്നു. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരം തിരിക്കൽ, നിയമനത്തിന്റെ രീതികൾ, സേവന വ്യവസ്ഥകൾ, വേതനവും ബത്തയും അവരുടെ അച്ചടക്കവും

പെരുമാറ്റവും 1968-ലെ കേരള പബ്ലിക്ക് സർവ്വീസസ് ആക്റ്റിലെ ചുരുക്കത്തിൽ 'കെ പി എസ് ആക്റ്റ്' പ്രകാരം സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾ പ്രകാരം ക്രമീകരിക്കേണ്ടതാണെന്ന് 180-ാം വകുപ്പിലെ (4)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. അങ്ങനെയുള്ള ചട്ടങ്ങൾ കെ. പി. ആർ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. സംസ്ഥാനത്തിന് മൊത്തമായോ ഓരോ ജില്ലയ്ക്കും വേണ്ടിയോ പഞ്ചായത്തുകളിലെ ഏതെങ്കിലും വിഭാഗം ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിനായി ആ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്. ഈ വ്യവസ്ഥ വിവിധ പഞ്ചായത്തുകളിലേയ്ക്ക് ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ നൽകുന്നതിലേക്കായി സർവ്വീസ് ഉണ്ടാക്കുന്നതിനും തരം തിരിയ്ക്കുന്നതിനും നിർദ്ദേശിയ്ക്കുന്നു. കെ.പി.എസ് ആക്റ്റിൻകീഴിൽ ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണെന്നും ഇത് സ്പഷ്ടമാക്കുന്നു. അതിനാൽ, തീർച്ചയായും, ഭരണഘടനയുടെ 309-ഉം 311-ഉം അനുച്ഛേദങ്ങൾ ഈ പശ്ചാത്തലത്തിൽ സൂചിപ്പിക്കേണ്ടതാണ്. 73-ാം ഭേദഗതിയ്ക്കു ശേഷം ലഭ്യമായ ഭരണഘടനാ പദവി ഇപ്പോഴത്തെ നിയമാധിഷ്ടിത സ്ഥാനമായതിനാൽ പഞ്ചായത്ത്/ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർ സർക്കാർ ജീവനക്കാരാണെന്നുള്ളതിന് യാതൊരു സംശയമില്ലാത്തതും ബാലകൃഷ്ണൻ നായർ കേസ്സിലെ (മുൻപ് ഉദ്ധരിച്ച), ഈ കോടതിയുടെ ഫുൾ ബെഞ്ചിന്റെ, വിധി ഇപ്പോഴും നിലനിൽക്കുന്നതാണ്. വ്യക്തമായും ഇത് കണ്ടിജെന്റ് ജീവനക്കാരെ സംബന്ധിക്കുന്നത് കാരണം കണ്ടിജെന്റ് ജീവനക്കാരെ സർക്കാർ ജീവനക്കാരായി കണക്കാക്കിയിട്ടില്ല. അതിനാൽ, റഫറൻസ് ഉത്തരവിൽ ബഹു. ജസ്റ്റിസ് പി.എൻ രവീന്ദ്രൻ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു.

7. മേൽപ്പറഞ്ഞ കാരണങ്ങളാൽ, കണ്ടിജെന്റ് ജീവനക്കാരൊഴികെ, പഞ്ചായത്തിലേയും മുനിസിപ്പാലിറ്റിയിലേയും ജീവനക്കാർ അവർ ഏതു വിഭാഗത്തിൽപ്പെട്ടവരായാലും അവരെ സംബന്ധിച്ചിടത്തോളം അവരുടെ സേവന വ്യവസ്ഥകളും മറ്റുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ 1985-ലെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആക്റ്റിലെ 15(1) ബി വകുപ്പാണ് ബാധകമാകുന്നത് എന്ന് പ്രസ്താവിച്ചിട്ടുള്ള ബഹു. സിംഗിൾ ജഡ്ജിയുടെ റഫറൻസ് അംഗീകരിച്ചുകൊണ്ട് അത് ശരിവെയ്ക്കുന്നു.

8. ഞങ്ങൾ മേൽപ്പറഞ്ഞതിന്റെ വെളിച്ചത്തിൽ, *മിനിമോൾ* (മുൻപ് ഉദ്ധരിച്ച) കേസ്സ് ശരിയായി തീരുമാനിച്ചിട്ടില്ലാത്തതും ഈ കേസ്സിലെ വിധി ന്യായത്തിന്റെ വ്യാപ്തിയോളം ആ വിധിയെ അസ്ഥിരപ്പെടുത്തുന്നു.

ചുരുക്കത്തിൽ, മേൽപ്പറഞ്ഞ വാദങ്ങൾക്ക് ഭംഗം വരുത്താതെ ഹർജിക്കാരന് ട്രൈബ്യൂണലിനെ സമീപിക്കാനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട് ഈ റിട്ട് ഹർജി തള്ളിയിരിക്കുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

*ബഹു. ജസ്റ്റിസ് എസ്. എസ്. സതീശ് ചന്ദ്രൻ*

**കുമാരൻ കിടാവ്**

**അഭി**

**ദാമോദരൻ നായർ**

**ആർ. എസ്. എ. നമ്പർ 223/2008**

2013, ഫെബ്രുവരി 28-ാം തീയതി വിധി പ്രസ്താവിച്ചത്

**1908-ലെ രജിസ്ട്രേഷൻ ആക്റ്റ്, 43-ാം വകുപ്പ് - മരണപത്രം മുദ്ര വെച്ച് സൂക്ഷിച്ചിരിക്കുന്ന കവറിന് പുറത്ത് രജിസ്ട്രാറുടെ മുദ്രയും ചുരുക്കൊപ്പും ഇല്ലാത്തത് മരണപത്രത്തിന്റെ യഥാർത്ഥതയെ സംശയിക്കത്തക്ക സംശയകരമായ ഒരു സാഹചര്യമല്ല - 1956-ലെ ഹിന്ദു പിൻതുടർച്ച ആക്റ്റ്, വകുപ്പ് 15(2) (ബി) - മകനോ മകളോ മുൻപേ മരിച്ചു പോയ മകനോ മകളോ ഇല്ലാത്ത ഒരു ഹിന്ദു സ്ത്രീ മരണപ്പെട്ടാൽ അവർക്ക് തന്റെ ഭർത്താവിൽ നിന്നോ ഭർത്താവിന്റെ അച്ഛനിൽ നിന്നോ ലഭിച്ച വസ്തുക്കൾ ഉറവിടത്തിലേയ്ക്ക്, അതായത് ഭർത്താവിന്റെയോ ഭർത്താവിന്റെ അച്ഛന്റെയോ, അതതുസംഗതിപോലെ, നിയമാനുസൃത അവകാശികൾക്ക്, പോകേണ്ടതാണെന്ന് ഉറപ്പാക്കുന്ന വ്യവസ്ഥ ആ സ്ത്രീക്ക് തന്റെ വസ്തുക്കളെ മരണപത്രപ്രകാരമുള്ള ഒരു വിന്യാസം നടത്തുന്നതിന് അവരെ അയോഗ്യയാക്കുകയോ വിലക്കുകയോ ചെയ്യുന്നതല്ല.**

## വിധിന്യായം

ഭാഗപത്ര വ്യവഹാരത്തിൽ കൂടുതലായി കക്ഷി ചേർക്കപ്പെട്ട 11-ഉം 12-ഉം എതിർകക്ഷികളാണ് അപ്പീൽവാദികൾ. വ്യവഹാരത്തിലെ വാദിയും 2 മുതൽ 10 വരെയുള്ള പ്രതികളുമാണ് എതിർകക്ഷികൾ.

2. മാതാവായ മാതു അമ്മയുടെ മരണത്തിനു മുൻപേ മരണപ്പെട്ട കൃഷ്ണൻ നായരുടെ സഹോദരനാണ് 1-ാം എതൃകക്ഷി/വാദി. വസ്തു ഭാഗംചെയ്യൽ വ്യവഹാരത്തിൽ ഒമ്പത് ഇനം വസ്തുക്കൾ ഉൾപ്പെട്ടിട്ടുണ്ട്. കൃഷ്ണൻ നായർ, അദ്ദേഹത്തിന്റെ മാതാവ്, വാദി, മറ്റൊരു സഹോദരൻ (രാമൻ നായർ) എന്നിവർക്കും കൂടി ഒരുമിച്ച് ഓഹരിദാനം വഴി ഇനം ഒന്നിൽ അവകാശം സിദ്ധിച്ചിട്ടുള്ളതും പിന്നീട് സഹോദരൻമാരിൽ ഒരാളായ രാമൻനായർ, അദ്ദേഹത്തിന്റെ അവകാശം കൃഷ്ണൻ നായരുടെ പേർക്ക് നൽകുകയുമുണ്ടായി. കൃഷ്ണൻ നായർ ലക്ഷ്മി അമ്മയെ വിവാഹം കഴിക്കുകയും, മക്കൾ ഇല്ലാതെ അദ്ദേഹം മരണപ്പെട്ടതിനാൽ ഇനം ഒന്നിലുള്ള അദ്ദേഹത്തിന്റെ അവകാശം തുല്യമായി അദ്ദേഹത്തിന്റെ അമ്മയ്ക്കും ലക്ഷ്മി അമ്മയ്ക്കും സിദ്ധിക്കുകയുമുണ്ടായി. ശേഷിയ്ക്കുന്ന ഇനങ്ങൾ 2 മുതൽ 9 വരെയുള്ളത്, കൃഷ്ണൻ നായരുടെതായ എല്ലാ വസ്തുക്കളിലും തുല്യ അവകാശത്തോടെ അദ്ദേഹത്തിന്റെ വിധവയ്ക്കും അദ്ദേഹത്തിന്റെ അമ്മയ്ക്കും പിൻതുടർച്ചയായി ലഭിച്ചു. മാതാവായ മാതുഅമ്മയുടെ മരണത്തോടെ, കൃഷ്ണൻ നായരുടെ വസ്തുക്കളിൻമേൽ അവർക്കു സിദ്ധിച്ച പകുതി അവകാശം അവരുടെ നിയമാനുസൃത അവകാശികളായ അവരുടെ മക്കൾക്കും വാദികൾക്കും 2 മുതൽ 4 വരെയുള്ള എതിർകക്ഷികൾക്കും അമ്മയ്ക്കു മുൻപേ മരണപ്പെട്ടുപോയ മറ്റൊരു മകനായ രാമൻ നായരുടെ മക്കളായ ഈ വ്യവഹാരത്തിലെ 5 മുതൽ 7 വരെയുള്ള എതിർകക്ഷികൾക്കും ലഭിയ്ക്കുകയുണ്ടായി. വ്യവഹാരം നടന്നുകൊണ്ടിരിക്കെ 1-ാം എതിർകക്ഷി മരിച്ചുപോയിട്ടുള്ളതും അവരുടെ നിയമാനുസൃത അവകാശികളെ 8 മുതൽ 10 വരെയുള്ള എതിർകക്ഷികളാക്കി കക്ഷി ചേർക്കുകയുമുണ്ടായി; ആ വസ്തു ആർജ്ജിച്ചതുമൂലം വാദിയ്ക്കുലഭിച്ചിട്ടുള്ള 1/4 അവകാശം ഉൾപ്പെടെ ഇനം

ഒന്നിലുള്ള ഓഹരികൾക്കും അന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളതും തിട്ടപ്പെടുത്തി യിട്ടുള്ളതുമായ മറ്റിനങ്ങളിലുള്ള ഓഹരികൾ കിട്ടുന്നതിനും വസ്തു ഭാഗം ചെയ്ത് കിട്ടുന്നതിനും പ്രത്യേക കൈവശാവകാശം ലഭിക്കുന്നതിനും ആയി വാദി അവകാശം ഉന്നയിച്ചിരിക്കുന്നു. രണ്ടാം എതിർകക്ഷി എക്സ്പാർട്ടി ആയിരുന്നു. 1-ഉം, 3 മുതൽ 7 വരെയുള്ള എതിർകക്ഷികൾ അന്യായത്തിലെ അവകാശവാദങ്ങളെ പിന്തുണച്ചു കൊണ്ട് തങ്ങളുടെ ഓഹരികൾ വീതം വെച്ചു കിട്ടുന്നതിലേക്കായി ഒരു കൂട്ടു പത്രിക സമർപ്പിച്ചിട്ടുള്ളതാണ്, എന്നാൽ അവരുടെ വാദം എന്തെന്നാൽ വസ്തുവിൽ നിന്നുള്ള വരുമാനം കൈവശാനുഭവത്തിൽ വെച്ചിട്ടുണ്ടെന്നു പറയപ്പെടുന്ന വാദിയിൽ നിന്നും 2-ാം എതൃകക്ഷിയിൽ നിന്നും തങ്ങൾക്ക് ഇടക്കാല ആദായത്തിന് അവകാശം ഉണ്ടെന്നാണ്. വസ്തുഭാഗം വെയ്ക്കുമ്പോൾ അവരുടെ ഓഹരി പ്രത്യേകം അനുവദിച്ച് ലഭിക്കുന്നതിനായി അവർ കോടതിഫീസും ഒടുക്കിയിട്ടുണ്ട്. മറ്റ് എതിർകക്ഷികളുടെ (ഡി1, ഡി3 മുതൽ ഡി7 വരെ) വാദങ്ങളെ പിന്തുണച്ചുകൊണ്ട് 1-ാം എതൃകക്ഷിയുടെ നിയമാനുസൃത അവകാശികളായി പകരം ചേർത്തിട്ടുള്ള 8 മുതൽ 10 വരെയുള്ള എതിർകക്ഷികൾ ഒരു കൂട്ടു പത്രികയും സമർപ്പിച്ചിട്ടുള്ളതാണ്.

3. മരിച്ചുപോയ ലക്ഷ്മി അമ്മ, അവരുടെ എല്ലാ വസ്തുവകകളും ഒരു മരണപത്രത്തിലൂടെ തങ്ങളുടെയും മറ്റു രണ്ടുപേരുടെയും പേർക്ക് നൽകിയിട്ടുണ്ടെന്ന് വാദിച്ചുകൊണ്ട് കേസ്സിൽ കക്ഷികളല്ലാതിരുന്ന ഈ കേസ്സിലെ അപ്പീൽവാദികൾ തങ്ങളെയും വ്യവഹാരത്തിലെ അഡീഷണൽ എതിർ-കക്ഷികളാക്കി കക്ഷിചേർക്കുവാൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി. വ്യവഹാരത്തിൽ അവരെ 11-ം 12-ം അഡീഷണൽ എതിർകക്ഷികളായി കക്ഷി ചേർത്തു. കൃഷ്ണൻ നായരും ലക്ഷ്മി അമ്മയും കൂടി പരസ്പരം യോജിച്ചും കൂട്ടായും ചേർന്ന്, എക്സിബിറ്റ് ബി 1 മരണപത്രത്തിൽ പറഞ്ഞിട്ടുള്ള ഒരു കെട്ടിടം ഒഴികെ, അവരുടേതായ എല്ലാ വസ്തുക്കൾക്കുമായി പ്രസ്തുത മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വാദിച്ചു കൊണ്ട് അവർ വ്യവഹാരത്തെ എതിർത്തു. അങ്ങനെയുള്ള മരണപത്രത്തിലെ വ്യവസ്ഥകൾ അനുസരിച്ച് കൃഷ്ണൻ നായർ മരണപ്പെട്ടതോടെ അദ്ദേഹത്തിന്റെതായ എല്ലാ വസ്തു

വകകളുടെയും ഏക അവകാശി അവശേഷിക്കുന്ന ലക്ഷ്മി അമ്മ മാത്രമായി തീർന്നു. അവരുടെ കേസ്സ് എന്തെന്നാൽ കൃഷ്ണൻ നായരുടെ മരണത്തോടെ എക്സിബിറ്റ് ബി-1 മരണപത്രം നിലവിൽ വന്നിട്ടുണ്ടെന്നും വ്യവഹാര വസ്തുക്കളിന്മേലുള്ള അദ്ദേഹത്തിന്റെ എല്ലാ അവകാശങ്ങളും ലക്ഷ്മി അമ്മയിൽ മാത്രം വന്നു ചേർന്നു എന്നുള്ളതുമാണ്. പിന്നീട്, ലക്ഷ്മി അമ്മ അവരുടേതായ വസ്തുക്കൾ ഒപ്പിട്ടു പൂർത്തീകരിച്ച എക്സിബിറ്റ് എക്സ്-1 മരണപത്രത്തിലൂടെ ഈ എതിർകക്ഷികളുടെയും മറ്റു രണ്ടു പേരുടെയും പേർക്ക് എഴുതി നൽകിയിട്ടുള്ളതും പാലിക്കേണ്ട നടപടിക്രമങ്ങൾ എല്ലാം പാലിച്ചതിനു ശേഷം ആ മരണപത്രം ഒരു മുദ്രവെച്ച കവറിലാക്കി ജില്ലാ രജിസ്ട്രാറുടെ മുമ്പാകെ സൂക്ഷിക്കാൻ ഏല്പിച്ചു. അവരുടെ മരണശേഷം ആ മുദ്രവെച്ച കവർ തുറക്കുകയും അവരുടെ മരണപത്രമായ എക്സിബിറ്റ് എക്സ് -1 രജിസ്റ്റർ ചെയ്യുകയും ചെയ്തു. എക്സിബിറ്റ് എക്സ്-1 മരണപത്രപ്രകാരം അവരുടെ എല്ലാ വസ്തുവകകളും ഒസ്യത്തവകാശികളായ ഈ എതിർകക്ഷികൾക്കും മറ്റു രണ്ടു പേർക്കും ലഭിയ്ക്കുകയുണ്ടായി. ഇനം ഒന്നിലെ വസ്തുവിൽ മാതു അമ്മയ്ക്കുള്ള 1/4 ഓഹരി സംബന്ധിച്ചു മാത്രമേ വാദിക്കും മറ്റ് എതിർകക്ഷികൾക്കും മാതു അമ്മയുടെ പിൻഗാമികൾക്കും ഭാഗം വെയ്ക്കാൻ ആവശ്യപ്പെടാൻ കഴിയുകയുള്ളൂ എന്നും മേൽപ്പറഞ്ഞ ഇനം ഒന്നിലെ വസ്തുക്കളെ മാത്രം ഈ എതിർകക്ഷികൾ ഉൾപ്പെടെയുള്ള കക്ഷികൾക്ക് ഓരോരുത്തരുടെയും ഓഹരിയനുസരിച്ച് വിഭജിക്കുന്നതിന് അവർക്ക് യാതൊരു ആക്ഷേപവുമില്ലാത്തതുമാണ്. മറ്റ് ഇനങ്ങളെ സംബന്ധിച്ച്, അവർക്ക് എല്ലാപേർക്കും വാദിക്കും മറ്റ് എതിർകക്ഷികൾക്കും അതിൽ യാതൊരു അവകാശവുമില്ലാത്തതും എന്തെന്നാൽ അത് ലക്ഷ്മി അമ്മയ്ക്ക് മാത്രം പൂർണ്ണ അവകാശമുള്ള വസ്തുവാണെന്നും ആ വസ്തുക്കളെ അവർ എക്സിബിറ്റ് എക്സ്-1 മരണപത്രപ്രകാരം വിന്യാസം നടത്തിയിട്ടുള്ളതുമാണെന്നതാണ് ഈ എതിർകക്ഷികളുടെ കേസ്സ്. എക്സിബിറ്റ് എക്സ്-1 മരണപത്ര പ്രകാരം അവശ്യകക്ഷികളായി മറ്റ് രണ്ട് അവകാശികളെ കക്ഷി ചേർത്തിട്ടില്ലാത്തതുകൊണ്ട് ഈ വ്യവഹാരത്തിന് അവശ്യകക്ഷികൾ ചേർക്കപ്പെടാത്തതുകൊണ്ടുള്ള ന്യൂനത ഉണ്ട് എന്നും എതിർകക്ഷികൾ വാദിക്കുന്നു.

4. മുകളിൽപ്പറഞ്ഞ വാദമുഖങ്ങൾ ഉന്നയിച്ചു കൊണ്ട് അഡീഷണൽ എതിർകക്ഷികൾ വ്യവഹാരത്തെ എതിർത്തതിനാൽ മരണപത്രങ്ങളുടെ നിർവ്വഹണാധികാരി വിവിധ കാരണങ്ങളാൽ എക്സിബിറ്റുകളായ ബി -1 ഉം എക്സ്-1 ഉം മരണപത്രങ്ങളുടെ നടപ്പിലാക്കലിനെയും അതിന്റെ യഥാർത്ഥതയേയും നിയമ സാധുതയേയും ചോദ്യം ചെയ്തു കൊണ്ടും ആ ആരോപണങ്ങൾ ഉൾപ്പെടുത്തികൊണ്ടും അന്യായം ഭേദഗതി ചെയ്തു. രണ്ട് മരണപത്രങ്ങളും വ്യാജമാണെന്നും കൃത്രിമമായി ചമച്ചതാണെന്നും ഒസ്യത്ത് കർത്താവല്ല അത് ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതെന്നും വാദി ആരോപിക്കുക യുണ്ടായി. വ്യവഹാര വസ്തുക്കളിൻമേൽ 11-ഉം 12-ഉം എതിർകക്ഷികൾ ഉന്നയിച്ചിട്ടുള്ള അവകാശവാദം/അവകാശത്തെ ചോദ്യം ചെയ്തു കൊണ്ട് മരണപത്രത്തിന്റെ യഥാർത്ഥതയെ എതിർകക്ഷികൾ തർക്കിക്കുകയും ഭേദഗതി ചെയ്യപ്പെട്ട അന്യായത്തിനു അവർ അഡീഷണൽ പത്രിക സമർപ്പിക്കുകയും ചെയ്തു.

5. കക്ഷികളുടെ വാദങ്ങളിൽ നിരവധി പ്രശ്നങ്ങൾ നിരത്തിയിട്ടുണ്ടെങ്കിലും ന്യായനിർണ്ണയത്തിനായി ഉയർന്നുവന്നിട്ടുള്ള വാദം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് വ്യവഹാരത്തെ എതിർക്കുന്നതിനായി വാദികൾ (ഡി 11-ഉം ഡി 12-ഉം) ആശ്രയിച്ചിട്ടുള്ള എക്സിബിറ്റുകളായ ബി 1-ഉം എക്സ് 1 -ഉം മരണ പത്രങ്ങളുടെ യഥാർത്ഥതയെയാണ്. വിചാരണയ്ക്കായി രൂപപ്പെടുത്തിയിട്ടുള്ള തർക്ക വിഷയങ്ങളായ മൂന്നും നാലും ഇങ്ങനെയാണ്:-

3) 10-01-1988- ലെ മരണപത്രം യഥാർത്ഥമാണോ ?

4) 22-01-1995- ൽ ലക്ഷ്മിഅമ്മ ഒരു മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുണ്ടോ ?

വാദികളുടെ ഭാഗത്തു നിന്നും വാദിയെ പി ഡബ്ലിയൂ 1 ആയി വിസ്തരി ക്കുകയും എക്സിബിറ്റുകൾ എ 1 മുതൽ എ 17 വരെ അടയാളപ്പെടുത്തുകയും അപ്പീൽ വാദികൾക്കുവേണ്ടി ഡി ഡബ്ലിയൂ 1 മുതൽ ഡി ഡബ്ലിയൂ 5

വരെയുള്ളവരെ വിസ്തരിക്കുകയും എക്സിബിറ്റുകൾ ബി 1 മുതൽ ബി 7 വരെ അടയാളപ്പെടുത്തുകയും ചെയ്തു. സമൺ ചെയ്യുകയും ഹാജരാക്കുകയും ചെയ്ത രേഖകളെ എക്സിബിറ്റ് എക്സ് -1 മുതൽ എക്സ്-6 വരെയായി അടയാളപ്പെടുത്തി രണ്ടു മരണപത്രങ്ങളും അവയുടെ ഒപ്പിട്ടു പൂർത്തീകരിക്കലിനെയും യഥാർത്ഥതയെയും സംബന്ധിച്ച് നിരവധി സംശയകരമായ സാഹചര്യങ്ങൾ വലയം ചെയ്തിട്ടുണ്ടെന്നും അങ്ങനെയുള്ള സാഹചര്യങ്ങളെ പ്രസ്താവകരായ അപ്പീൽവാദികൾ തൃപ്തികരമായി ദൂരീകരിക്കുകയോ വിശദീകരിക്കുകയോ ചെയ്തിട്ടില്ലെന്നും മേല്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ സമർപ്പിച്ചിട്ടുള്ള രേഖകൾ വിലയിരുത്തികൊണ്ട് തർക്കവിഷയങ്ങൾ അപ്പീൽവാദികൾക്ക് എതിരാണെന്ന് കണ്ടെത്തുകയും എക്സിബിറ്റുകളായ ബി 1-ഉം എക്സ് 1-ഉം യഥാർത്ഥമല്ലെന്ന് പ്രസ്താവിച്ചു കൊണ്ട് ബഹു. സബ് ജഡ്ജി വിധി പ്രസ്താവിച്ചു. രണ്ട് മരണപത്രങ്ങളും യഥാർത്ഥമല്ലെന്ന് കണ്ടെത്തിയതിനാൽ 11-ഉം 12-ഉം അഡീഷണൽ എതിർകക്ഷികളുടെ വാദങ്ങൾ തള്ളിക്കൊണ്ട്, വാദികൾക്കും മറ്റ് എതിർ കക്ഷികൾക്കും അനുകൂലമായി അവർ ചൂണ്ടിക്കാണിച്ചിട്ടുള്ള ഓഹരി അനുസരിച്ച്, അതിൽ ഒരിക്കലും തർക്കമോ അഭിപ്രായഭേദമോ ഇല്ല, നൽകികൊണ്ട് ഒരു അന്തിമ വിധി പുറപ്പെടുവിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് ഒരു പ്രാഥമിക ഡിക്രി പാസ്സാക്കി.

6. വിചാരണ കോടതി അനുവദിച്ച പ്രാഥമിക ഡിക്രിയെ ചോദ്യം ചെയ്തു കൊണ്ട് അപ്പീൽവാദികൾ സമർപ്പിച്ച അപ്പീൽ ബഹു. ജില്ലാ ജഡ്ജി, വാദങ്ങളെയും തെളിവുകളെയും വീണ്ടും വിലയിരുത്തിയതിനുശേഷം, ബഹു. സബ് ജഡ്ജി ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ മരണപത്രങ്ങളെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളെ ആവർത്തിച്ചുകൊണ്ട് എക്സിബിറ്റുകളായ ബി 1-ഉം എക്സിബിറ്റ് എക്സ് 1-ഉം മരണപത്രങ്ങൾ യഥാർത്ഥമല്ലെന്നുള്ള കണ്ടെത്തലുകളുമായി യോജിച്ചുകൊണ്ട്, തള്ളിക്കളഞ്ഞു. 11-ഉം 12-ഉം എതിർ-കക്ഷികളുടെ അപ്പീൽ തള്ളിക്കൊണ്ട് കീഴ് അപ്പലേറ്റ് കോടതി വാദിയ്ക്കും മറ്റ് എതിർകക്ഷികൾക്കും അനുകൂലമായി പാസ്സാക്കിയ പ്രാഥമിക ഡിക്രിയിൽ മാറ്റം വരുത്താതെ ശരി വെച്ചു. വ്യവഹാര വസ്തുക്കളെ പ്രാഥമിക ഡിക്രിയിൽ

നിർദ്ദേശിച്ചിട്ടുള്ള ഓഹരി അനുസരിച്ച് വീതംവെയ്ക്കുന്നതിനും എക്സിബിറ്റുകളായ ബി 1-ഉം എക്സ് 1-ഉം മരണപത്രങ്ങൾ യഥാർത്ഥമല്ലെന്നും ആ മരണപത്രങ്ങൾ സംശയകരമായ സാഹചര്യങ്ങളാൽ കലുഷിതമാണെന്നും പ്രഖ്യാപിച്ചു കൊണ്ട് വാദികൾക്കും മറ്റ് പ്രതികൾക്കും അനുകൂലമായി അനുവദിച്ചു കൊണ്ടുള്ള രണ്ടു കോടതികളുടെയും ഒരേ ഫലമുളവാക്കുന്ന തീരുമാനത്തിനെതിരെയാണ് രണ്ടാമത്തെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

7. ഇനി പറയുന്ന സാരവത്തായ നിയമപ്രശ്നത്തിൻമേലാണ് അപ്പീൽ കേൾക്കുന്നതിനായി എതിർകക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുള്ളത്:

" തെളിവുകളുടെയും എക്സിബിറ്റ് എക്സ് 1 മരണപത്രം രജിസ്ട്രാറുടെ മുമ്പാകെ സൂക്ഷിക്കാൻ ഏല്പിക്കുകയും സബ്- രജിസ്ട്രാറെ സമൺ ചെയ്ത് അത് കോടതിയിൽ ഹാജരാക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ എക്സിബിറ്റ് എക്സ്-1 മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചതിനെ സംബന്ധിച്ച് വലയം ചെയ്ത് സംശയകരമായ സാഹചര്യങ്ങളുണ്ടെന്നും പ്രസ്താവകർ ആ സംശയകരമായ സാഹചര്യങ്ങളെക്കുറിച്ച് വിശദീകരിച്ചിട്ടുമില്ല എന്ന കീഴ് കോടതികളുടെ കണ്ടെത്തലുകൾ നിലനിൽക്കുന്നതാണോ."

8. വ്യവഹാരത്തിൽ വാദിയ്ക്കും മറ്റ് എതിർകക്ഷികൾക്കും അനുകൂലമായി പാസ്സാക്കിയിട്ടുള്ള പ്രാഥമിക ഡിക്രിയുടെ മെരിറ്റ് പരിശോധിക്കുമ്പോൾ പരിഗണനയ്ക്കായി വരുന്നത് എക്സിബിറ്റ് എക്സ്- 1 മരണപത്രത്തിന്റെ സാധുത സംബന്ധിച്ച് രണ്ടു കോടതികളുടെയും കണ്ടെത്തലുകൾ ശരിയാണോ എന്നുള്ളത് മാത്രമാണ്. വ്യവഹാരത്തെ എതിർക്കുന്നതിനും എക്സിബിറ്റ്- ബി 1 മരണപത്രത്തിന്റെ അടിസ്ഥാനത്തിൽ, ആയത് തെളിയിക്കപ്പെട്ടിട്ടില്ലാത്തതും അല്ലെങ്കിൽ യഥാർത്ഥമല്ലാത്തതും സാധുതയില്ലാത്തതുമാണെന്ന് രണ്ടു കോടതികളും ഒരുപോലെ വിധി പ്രസ്താവിച്ചിട്ടുള്ളത് വ്യവഹാര വസ്തുക്കൾ വിഭജിക്കത്തക്കതല്ലെന്ന് അപ്പീൽവാദികൾ എന്തൊക്കെ തടസ്സവാദങ്ങൾ മുന്നോട്ടു വെച്ചാലും അത് അന്തിമവും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമായിത്തീർന്നു.

അപ്പീൽവാദികൾ ആശ്രയിക്കുന്ന എക്സിബിറ്റ്-ബി 1 മരണപത്രം സ്വീകാര്യ മല്ലാത്തതും, കൃഷ്ണൻ നായരുടെ മരണശേഷം അദ്ദേഹത്തിന്റെ സ്വത്തുക്കൾ അദ്ദേഹത്തിന്റെ വിധവ ലക്ഷ്മിഅമ്മക്കും 4-ാം എതിർകക്ഷികളായ അദ്ദേഹത്തിന്റെ അമ്മയ്ക്കും തുല്യമായി ലഭിക്കുമെന്നത് തർക്കമില്ലാത്ത സംഗതിയാണ്. ലക്ഷ്മി അമ്മയുടെ മരണത്തിനു മുൻപെ 4-ാം എതിർകക്ഷി മരിച്ചു. മരണപത്രം എഴുതിവയ്ക്കാതെ ലക്ഷ്മി അമ്മ മരിച്ചുവെന്നും മരണപ്പെട്ട കൃഷ്ണൻനായരുടെ സ്വത്തുക്കളായി അവർക്ക് ലഭിച്ച പട്ടിക വസ്തുക്കൾ മരണപ്പെട്ട കൃഷ്ണൻനായരുടെ അവകാശികളായ വാദിയ്ക്കും ഒന്നു മുതൽ പത്തു വരെയുള്ള എതിർകക്ഷികളായ തങ്ങൾക്കും മാത്രമുള്ളതാണെന്നാണ് വസ്തു ഭാഗം ചെയ്യുന്നതിനുള്ള അവരുടെ കേസ്സ്. ലക്ഷ്മി അമ്മയ്ക്ക് ഭർത്താവിന്റെ സ്വത്തുക്കളിന്മേൽ എന്തെല്ലാം അവകാശങ്ങളുണ്ടെങ്കിലും അവർ മക്കളില്ലാതെ മരിച്ചതിനാൽ ഹിന്ദു പിൻതുടർച്ച ആക്റ്റ്, 15 (2) (ബി) വകുപ്പ് പ്രകാരം അവരുടെ മരണശേഷം സ്വത്തുക്കൾ ഭർത്താവിന്റെ അവകാശികൾക്ക് എത്തിച്ചേരും എന്നതാണ് വസ്തു ഭാഗം വെയ്ക്കുന്നതിനുള്ള അവരുടെ അവകാശ വാദത്തിന്റെ അടിസ്ഥാനം. അപ്പീൽവാദികൾ ഉൾപ്പെടെയുള്ള നാലു പേർക്ക് അവരുടെ എല്ലാ സ്വത്തുക്കളും ഒസ്യത്തായി നൽകി എക്സിബിറ്റ് എക്സ്-1. മരണപത്രം ലക്ഷ്മിഅമ്മ ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുണ്ട് എന്നും അവരുടെ മരണശേഷം അവരുടെ വസ്തുക്കൾ മരണപത്രപ്രകാരമുള്ള പിൻതുടർച്ച അനുസരിച്ച് ഒസ്യത്തവകാശികൾക്ക് ലഭിക്കും എന്നതാണ് വസ്തു ഭാഗം വെയ്ക്കുന്നതിനുള്ള വ്യവഹാരത്തെ എതിർക്കുന്ന അപ്പീൽവാദികളുടെ കേസ്സ്. എക്സിബിറ്റ് എക്സ്-1 മരണപത്രത്തെ സംശയകരമായ ചില സാഹചര്യങ്ങൾ വലയം ചെയ്യുന്നതായി വിശ്വസിച്ചുകൊണ്ട് ആ മരണപത്രത്തിന്റെ യഥാർത്ഥതയെ സംബന്ധിച്ച് ഉന്നയിച്ചിരുന്ന എതിർപ്പിനെ രണ്ടു കീഴ് കോടതികളും അംഗീകരിക്കുകയുണ്ടായി. എക്സിബിറ്റ് എക്സ്-1 മരണപത്രം യഥാർത്ഥ മല്ലാത്തതും സാധുതയില്ലാത്തതുമാണെന്നാണ് രണ്ടു കീഴ്കോടതികളും ഒരേപോലെ കണ്ടെത്തിയത്. രണ്ടു കോടതികളും എക്സിബിറ്റ് എക്സ്-1 മരണപത്രം സാധുതയില്ലാത്തതാണെന്ന് വിധിക്കുന്നതിന് അനുകൂലമായും സ്വീകാര്യമായും കണ്ടത് ആ മരണപത്രത്തെ വലയം ചെയ്യുന്ന സംശയകരമായ

സാഹചര്യങ്ങളുണ്ടെന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്. ആ സാഹചര്യങ്ങൾ സ്വീകാര്യമാണോ എന്നത് പരിശോധിക്കേണ്ടതാണ്.

9. എക്സിബിറ്റ് എക്സ്-1 മരണപത്രം സംബന്ധിച്ച് തീർപ്പു കല്പി ക്കുന്നതിന് രണ്ടു കോടതികളും ആശ്രയിച്ച സംശയകരമായ സാഹചര്യങ്ങൾ ആ മരണപത്രത്തിന്റെ യഥാർത്ഥതയെയും സാധുതയെയും തെളിയിക്കുന്നതിനോ അതിനെകുറിച്ച് പഴി പറയുന്നതിനോ പോലും പര്യാപ്തമല്ലാത്തതാണെന്ന് അപ്പീൽവാദികൾക്കുവേണ്ടി ഹാജരായ ബഹു. അഭിഭാഷകൻ ശ്രീ. കെ. വി. സോഹൻ വാദിച്ചു. ഒസ്യത്ത് കർത്താവായ ലക്ഷ്മി അമ്മ, അവരുടെ പാരമ്പര്യ അവകാശികളെ ഒഴിവാക്കികൊണ്ട് അപ്പീൽവാദികൾക്കും മറ്റു രണ്ട് പേർക്കുമായി മരണസ്വത്ത് എഴുതി വെച്ചത് മരണപത്രത്തിന്റെ യഥാർത്ഥതയെ സംശയിക്കത്തക്ക സാഹചര്യമായി കണ്ടതിന് യാതൊരു അടിസ്ഥാനമോ കഴമ്പോ ഇല്ലെന്നാണ് സാവിത്രിയും മറ്റുള്ളവരും കാർത്യായനി അമ്മയും മറ്റുള്ളവരും തമ്മിലുള്ള കേസ്സിനെ (2007(4) കെ എൽ ടി 811 (എസ് സി) എ ഐ ആർ 2008 എസ് സി 300) ആശ്രയിച്ചുകൊണ്ട് അഭിഭാഷകൻ ബോധിപ്പിച്ചത്. ഒരു മരണപത്രത്തെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളായി വീക്ഷിക്കേണ്ടത് എന്തെല്ലാമാണെന്നും സംശയം എന്തെങ്കിലുമുണ്ടെങ്കിൽ വ്യക്തവും തൃപ്തികരവു മായ തെളിവുകൾ പ്രകാരം അത് ദൂരീകരിക്കേണ്ട ബാദ്ധ്യത പ്രസ്താവക നാണെന്നും ചൂണ്ടിക്കാണിക്കുന്നതിന് എച്ച്. വെങ്കിടാചല അയ്യങ്കാരും ബി.എൻ തിമ്മജാന്മ്മയും മറ്റുള്ളവരും (എ ഐ ആർ 1959 എസ് സി 443) എന്ന കേസ്സിനെയും അഭിഭാഷകൻ ആശ്രയിക്കുകയുണ്ടായി. അഭിഭാഷകന്റെ അഭിപ്രായത്തിൽ, രണ്ടു മരണപത്രങ്ങളെയും വലയം ചെയ്തിരിക്കുന്ന എന്തെങ്കിലും സംശയകരമായ സാഹചര്യങ്ങൾ ഉണ്ടോ എന്നും അവ എന്താണെന്നും പ്രത്യേകം പ്രത്യേകം കണ്ടെത്താതെ എക്സിബിറ്റ് ബി 1- ഉം എക്സിബിറ്റ് എക്സ് 1- ഉം ആയ രണ്ടു മരണപത്രങ്ങളെയും ഒരുമിച്ച് അവയുടെ യഥാർത്ഥതയിന്മേലും സാധുതയിന്മേലും ആരോപിച്ചിട്ടുള്ള സംശയകരമായ സാഹചര്യങ്ങളെ തെറ്റായി രണ്ടു കീഴ്കോടതികളും പരിഗണിക്കുകയുണ്ടായി. എക്സിബിറ്റ് ബി 1 മരണപത്രം കൃഷ്ണൻ നായരും ലക്ഷ്മിഅമ്മയും

കൂട്ടായിച്ചേർന്നും പരസ്പരം സമ്മതിച്ചും ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതും, എക്സിബിറ്റ് എക്സ്- 1 മരണപത്രം കൃഷ്ണൻ നായരുടെ മരണശേഷം ലക്ഷ്മി അമ്മ ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതുമാണ്, അങ്ങനെയായാൽത്തന്നെയും, ആ മരണപത്രങ്ങളുടെ സാധുതയും യഥാർത്ഥതയും പരിശോധിക്കുന്നതിന് അങ്ങനെയുള്ള മരണപത്രത്തെ വലയം ചെയ്തിരിക്കുന്ന സംശയകരമായ സാഹചര്യങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അത് പ്രത്യേകമായി പരിഗണിക്കേണ്ടത് ആവശ്യമാണെന്നും എന്നാൽ രണ്ടു കോടതികളും അത് പാലിച്ചിട്ടില്ലെന്നും അഭിഭാഷകൻ ബോധിപ്പിക്കുകയുണ്ടായി. എക്സിബിറ്റ് എക്സ്-1 മരണപത്രത്തെ സംശയകരമായ സാഹചര്യങ്ങൾ വലയം ചെയ്തിട്ടില്ലെന്നും രണ്ടു കോടതികളും ചില സാഹചര്യങ്ങളെ തെറ്റായി ആശ്രയിച്ചിട്ടുണ്ടെന്നും ആ സാഹചര്യങ്ങൾ മരണപത്രം യഥാർത്ഥതയും സാധുതയുമില്ലാത്തതാണെന്ന് തെറ്റായി വിധി പ്രസ്താവിക്കുന്നതിന് സംശയിക്കത്തക്ക സാഹചര്യങ്ങളായി ഒരിക്കലും കാണാൻ കഴിയുകയില്ലെന്നും അഭിഭാഷകൻ ബോധിപ്പിച്ചു. മരണപത്രം സാക്ഷ്യപ്പെടുത്തിയ വരിൽ ജീവിച്ചിരിപ്പുള്ള ഒരേ ഒരാളായ ഡി ഡബ്ലിയൂ 3 - ന്റെയും കേസ്സിൽ ഡി ഡബ്ലിയൂ 4 ആയി വിസ്തരിച്ച പകർപ്പെഴുത്തുകാരനും നല്കിയ തെളിവുകൾ പ്രകാരം എക്സിബിറ്റ് എക്സ്-1 മരണപത്രം ലക്ഷ്മി അമ്മ സ്വമേധയായും സ്വന്തം ഇഷ്ട പ്രകാരവും ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് തെളിഞ്ഞിട്ടുള്ളതാണ്. എക്സിബിറ്റ് എക്സ്-1 മരണപത്രത്തിനെതിരായുള്ള വാദങ്ങൾ പരാജയപ്പെട്ടാലും മരണപത്രത്തിൽ പറഞ്ഞിട്ടുള്ള മറ്റ് രണ്ട് ഒസ്യത്തവകാശികളെ വ്യവഹാരത്തിൽ കക്ഷി ചേർക്കാത്തതിനാൽ അവശ്യകക്ഷികളെ കക്ഷി ചേർക്കാത്തതുകൊണ്ട് വ്യവഹാരം നിലനിൽക്കുന്ന തല്ലായെന്നും അഭിഭാഷകൻ വീണ്ടും ബോധിപ്പിച്ചു.

10. ഈ കേസ്സിൽ നൽകിയിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ എക്സിബിറ്റ് എക്സ്-1 മരണപത്രത്തിന്റെ യഥാർത്ഥതയേയും നിയമ സാധുതയേയും പരിശോധിക്കേണ്ടത് എക്സിബിറ്റ് എക്സ്-1 മരണപത്രത്തെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങൾ മാത്രം കണക്കിലെടുത്തു കൊണ്ടല്ലെന്നും നിയമസാധുതയില്ലാത്തതും യഥാർത്ഥവുമല്ലാത്തതാണെന്നും അത് സംശയകരമായ സാഹചര്യങ്ങളാൽ വലയം ചെയ്യപ്പെട്ട് കലുഷിതമാണെന്നും നേരത്തെ കണ്ടെത്തിയിട്ടുള്ള എക്സിബിറ്റ് ബി-1 മരണപത്രത്തെ കൂടി

കണക്കിലെടുത്തുകൊണ്ടായിരിക്കണമെന്നും വാദിച്ചുകൊണ്ട് രണ്ട് കീഴ് കോടതികളും ഒരേ പോലെ ഉത്തരവിട്ട ഡിക്രിയെ എതിർക്കുന്നതിനായി ഒന്നുമുതൽ പത്തുവരെയുള്ള എതിർകക്ഷികൾക്കു വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ.ബി.കൃഷ്ണൻ തടസ്സവാദമുന്നയിച്ചു. എക്സിബിറ്റ് ബി -1 മരണപത്രം കൃഷ്ണൻ നായരും ലക്ഷ്മി അമ്മയും കൂട്ടായി ഒപ്പിട്ടു പൂർത്തീകരിച്ചതാണെന്ന് ആരോപിച്ചിട്ടുണ്ടെങ്കിലും അത് എക്സിബിറ്റ് എക്സ് -1 മരണപത്രത്തിൽ പരാമർശിച്ചിട്ടുള്ളതും ഉറപ്പാക്കിയിട്ടുള്ളതുമായതിനാൽ എക്സിബിറ്റ് ബി -1 മരണപത്രം യഥാർത്ഥവും സാധുതയില്ലാത്തതുമാണെന്ന് രണ്ടു കീഴ്കോടതികളും കണ്ടെത്തിയത് എക്സിബിറ്റ് എക്സ്-1 മരണപത്രത്തിന്റെ സാധുതയെ വേരോടെ ഖണ്ഡിക്കുന്നതാണെന്നാണ് അഭിഭാഷകന്റെ വാദം. അതിനുപുറമെ, അഭിഭാഷകന്റെ അഭിപ്രായത്തിൽ, രണ്ടു കോടതികളും കണ്ടെത്തിയതു പോലെ എക്സിബിറ്റ് എക്സ് -1 മരണപത്രത്തെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളെ ഹിന്ദു പിൻതുടർച്ച ആക്റ്റ് 15 (2) (ബി) വകുപ്പിലെ നിയമവ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി പരിശോധിക്കേണ്ട താണ്. നേരത്തെ മരണപ്പെട്ടു പോയ മകന്റേയോ മകളുടെയോ മക്കൾ ഉൾപ്പെടെ മരണപ്പെട്ടയാൾക്ക് മകനോ മകളോ ഇല്ലായെങ്കിൽ ഒരു ഹിന്ദു സ്ത്രീക്ക് മറ്റു വിധത്തിൽ ബാധകമാകുന്ന പിൻതുടർച്ചാപരമ്പര ഭർത്താവിൽ നിന്നോ ഭർത്താവിന്റെ അച്ഛനിൽ നിന്നോ ലഭിച്ച വസ്തുക്കളിന്മേൽ ലഭ്യമാകുന്നതല്ലെന്ന് മേൽപ്പറഞ്ഞ വ്യവസ്ഥ നിർബന്ധിതമാക്കുന്നു. ഒരു ഹിന്ദു സ്ത്രീക്ക് തന്റെ ഭർത്താവിൽ നിന്നോ ഭർത്താവിന്റെ അച്ഛനിൽ നിന്നോ ലഭിച്ച വസ്തു അവരുടെ ഭർത്താവിന്റെ അനന്തരാവകാശികൾക്ക് പിൻതുടർച്ചയായി ലഭിക്കുന്നതാണെന്നും അല്ലാതെ ആക്റ്റിലെ 15(1) വകുപ്പ് പ്രകാരമുള്ള പൊതു പിൻതുടർച്ച പ്രകാരമല്ലായെന്നും ആക്റ്റിലെ 15 (2) (ബി) വകുപ്പിന് വിപരീതമായി എക്സിബിറ്റ് എക്സ്-1 മരണപത്ര പ്രകാരം വസ്തുവിന്റെ വിന്യാസം നടത്തിയതു തന്നെ മരണപത്രത്തെ അസാധുവാക്കുന്നതിനുള്ള ഒരു സംശയകരമായ സാഹചര്യ മാണെന്ന് അഭിഭാഷകൻ വാദിക്കുകയുണ്ടായി. മക്കളില്ലാത്ത ഒരു ഹിന്ദു സ്ത്രീ മരണപത്രം എഴുതിവയ്ക്കാതെ മരണപ്പെടുമ്പോൾ അവർക്ക് പിൻതുടർച്ചയായി ലഭിച്ച വസ്തുക്കൾ ഉറവിടത്തിലേയ്ക്ക് തിരിച്ചുപോകുന്നതാണെന്നും

പിൻതുടർച്ചയായി ലഭിച്ച വസ്തുക്കൾ അപരിചിതരുടെ കൈകളിൽ എത്തുന്നത് തടയുന്നതിനെ ഉറപ്പാക്കുന്നതിനുള്ള ഒരു ഒഴിവാക്കൽ വ്യവസ്ഥയാണ് ആക്റ്റിലെ 15(2) (ബി) വകുപ്പെന്ന് വാദിക്കുന്ന തിനായി അഭിഭാഷകൻ എസ്. ആർ. ശ്രീനിവാസയും മറ്റുള്ളവരും പത്മാവതമ്മയും ((2010)5 എസ്സിസി 274) തമ്മിലുള്ള കേസിനെ ആശ്രയിക്കുകയുണ്ടായി. എക്സിബിറ്റ് എക്സ്-1 മരണപത്രം യഥാർത്ഥമല്ലെന്നും സാധുതയില്ലാത്തതാണെന്നുമുള്ള തീരുമാനത്തിലെത്തുന്ന തിനായി രണ്ടു കീഴ്കോടതികളും വിശദമായി പരിശോധിച്ചിട്ടുള്ള സംശയകര മായ സാഹചര്യങ്ങളെ ചൂണ്ടിക്കാണിച്ചു കൊണ്ടും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ചില വിധിന്യായങ്ങളായ അധിവേക്കയും മറ്റുള്ളവരും ഹനമാവാ കോം വെങ്കിടേഷും തമ്മിലുള്ള കേസ്സ് (2007 എസ് എ ആർ (സിവിൽ) 553), ഗുർദിയാൽകൗറും മറ്റുള്ളവരും കർത്താർകൗറും മറ്റൊരാളും തമ്മിലുള്ള കേസ്സ് (1998 എസ്എആർ (സിവിൽ) 401), കെ. ലക്ഷ്മണനും തേക്കയിൽ പത്മിനിയും മറ്റുള്ളവരും തമ്മിലുള്ള കേസ്സ് (2009 (1) കെ എൽ റ്റി 29 (എസ്സി) = (2009)1 എസ്സിസി 354), അജയ് പി. ആഷറും കിർത്ത പി. ആഷറും മറ്റൊരാളും തമ്മിലുള്ള കേസ്സ് (2011 (3) കെ എൽ റ്റി. എസ് എൻ 110 (സി. നം. 110) = 2011 (3) കെ എച്ച് സി 288) എന്നിവയേയും ആശ്രയിച്ചുകൊണ്ടും മരണപത്രം വിശ്വാസ്യതയും സാധുതയുമുള്ളതാണെന്ന് അംഗീകരിച്ചുകൊണ്ട് അതിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്താവകർ മരണപത്രത്തെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളെ ദൂരീകരിച്ചിട്ടില്ലെന്നും അഭിഭാഷകൻ വാദിക്കുകയുണ്ടായി. എക്സിബിറ്റ് എക്സ്-1 മരണപത്രം യഥാർത്ഥമല്ലെന്നും സാധുതയില്ലാത്തതാണെന്നും വിധി പ്രസ്താവിക്കുന്നതിനായി ആ മരണപത്രത്തെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളിൻമേൽ രണ്ടു കോടതികളും ഒരേപോലെ എത്തിച്ചേർന്നിട്ടുള്ള നിഗമനങ്ങൾ എതിർക്കത്തക്കതല്ലാത്തതായതിനാൽ അപ്പീൽ തള്ളിക്കളയേണ്ടതാണെന്നും എതിർകക്ഷികൾക്കുവേണ്ടി ഹാജരായ അഭിഭാഷകൻ വാദിയ്ക്കുകയുണ്ടായി.

11. എക്സിബിറ്റ് എക്സ്-1 മരണപത്രത്തെ വലയം ചെയ്ത് സംശയകരമായ ചില സാഹചര്യങ്ങളുണ്ടെന്നും ആയതിനാൽ ആ മരണപത്രം യഥാർത്ഥമല്ലെന്നും സാധുതയില്ലാത്താണെന്നുമുള്ള രണ്ടു കീഴ് കോടതികളുടെയും കണ്ടെത്തലുകൾ

ശരിയാണോ എന്ന ചോദ്യം പരിശോധിക്കുന്നതിനു മുൻപായി മരണപത്രം ചമച്ച ലക്ഷ്മി അമ്മക്ക് അവരുടെ വസ്തുക്കളെ ക്രമീകരണം നടത്തുന്നതിനുള്ള ശരിയായ മാനസികാവസ്ഥ ഉണ്ടായിരുന്നോ എന്നും അത്തരം വിന്യാസം നടത്തുന്നതിനായി ഒരു മരണപത്രം തയ്യാറാക്കുന്നതിനുള്ള കഴിവുണ്ടായിരുന്നോ എന്നതിനെ സംബന്ധിച്ചും തർക്കമൊന്നും ഉണ്ടായിരുന്നില്ലെന്നുള്ളതു കൂടി കണക്കിലെടുക്കേണ്ടതാണ്. എക്സിബിറ്റുകളായ ബി 1 -ഉം എക്സ് 1 -ഉം രണ്ടു മരണപത്രങ്ങളും, കൃത്രിമമായി ചമച്ചതാണെന്നും ലക്ഷ്മി അമ്മ എക്സിബിറ്റ് എക്സ്- 1 മരണപത്രം ഒപ്പിട്ടു പൂർത്തീകരിക്കുകയോ സൂക്ഷിക്കുവാൻ ഏല്പിക്കുകയോ ചെയ്തിട്ടില്ലെന്നും ഇപ്പോഴുള്ള അപ്പീൽവാദികൾ വഞ്ചന കാണിച്ചതിന്റെ ഫലമായി അത് നിലവിൽ വന്നതാണെന്നുമുള്ള ആരോപണങ്ങൾ ഉന്നയിച്ച് കൊണ്ട് എക്സിബിറ്റ് എക്സ്-1 മരണപത്രപ്രകാരം ഒസ്യത്ത അവകാശികളിൽ രണ്ടുപേരായ അപ്പീൽവാദികളെ 11-ഉം 12-ഉം എതിർകക്ഷികളായി കക്ഷി ചേർത്തതിനുശേഷം വാദി അന്യായം ഭേദഗതി ചെയ്തെങ്കിലും അങ്ങനെയുള്ള തർക്കങ്ങളുമായി മുന്നോട്ടുപോകുകയോ എക്സിബിറ്റ് എക്സ്-1 മരണപത്രത്തിന്റെ യഥാർത്ഥതയെ ചോദ്യം ചെയ്യുന്നതിനുള്ള എന്തെങ്കിലും സാരവത്തായ തെളിവുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല, അതു മാത്രമാണ് ഞങ്ങൾ ഇപ്പോൾ പരിഗണിയ്ക്കുന്നത്. കോടതി നടപടി വഴി ഒരു മരണപത്രത്തെ എതിർക്കുമ്പോൾ നോക്കേണ്ട ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ ചോദ്യം മരണപത്രം എഴുതിയ ആൾ സ്വന്ത ഇഷ്ടപ്രകാരവും ഇച്ഛാശക്തി ക്കനുസരിച്ചുമാണോ അത് ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളത് എന്നുള്ളതാണ്. മരണപത്രത്തിന്റെ പ്രസ്താവകനുതന്നെയാണ് അങ്ങനെയുള്ള ഒപ്പിട്ടു പൂർത്തീകരണത്തെ സംബന്ധിച്ച് തെളിയിക്കേണ്ട ബാദ്ധ്യത എന്നതിന് യാതൊരു സംശയവുമില്ല. മരണപത്രം എഴുതിയ ആൾ തന്നെയാണ് അത് ഒപ്പിട്ട് പൂർത്തീകരിച്ചതെന്നും അത്തരത്തിലുള്ള ക്രമപ്പെടുത്തൽ നടത്തുന്ന സമയത്ത് അതിനുള്ള നല്ല മാനസികാവസ്ഥയിലായിരുന്നെന്നും ആ ക്രമപ്പെടുത്തലിന്റെ പ്രകൃതത്തെക്കുറിച്ചും അനന്തരഫലത്തെക്കുറിച്ചും അയാൾക്ക് ബോദ്ധ്യ മുണ്ടായിരുന്നെന്നും രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിലാണ് അയാൾ അതിൽ ഒപ്പിട്ടതെന്നും സാക്ഷികൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലും പരസ്പര

സാന്നിദ്ധ്യത്തിലുമാണ് അതിൽ ഒപ്പിട്ടതെന്നും പ്രസ്താവകൻ തന്നെ തെളിയിക്കേണ്ടതാണ്. ഒരു മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചത് തെളിയിക്കുന്നതിനാവശ്യമായ ഘടകങ്ങൾ പ്രസ്താവകൻ ഒരിക്കൽ തെളിയിച്ചു കഴിഞ്ഞാൽ സാധാരണയായി, മരണപത്രം തെളിയിക്കേണ്ട ഭാരത്തിൽ നിന്നും അയാൾ ഒഴിവാകുന്നതാണ്. എന്നിരുന്നാലും, മരണപത്രത്തെ വലയം ചെയ്യുന്ന സംശയകരമായ സാഹചര്യങ്ങൾ ദൂരീകരിക്കുന്നതിനാവശ്യമായ സാരവത്തായ തെളിവുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് ഹാജരാക്കിക്കൊണ്ട് കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള ബാദ്ധ്യത പ്രസ്താവകനുതന്നെയാണ്. അങ്ങനെ യായാൽത്തന്നെയും, മരണപത്രത്തെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, അത് ദൂരീകരിക്കുന്നതുൾപ്പെടെ മരണപത്രം തെളിയിക്കുന്നതിനാവശ്യമായ അത്യാവശ്യ ഘടകങ്ങളെ പരിഗണിച്ചു കൊണ്ട് മരണപത്രം എഴുതിയ ആൾ അത് യഥാർത്ഥമായി ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുണ്ടോ എന്നും പ്രസ്താവകൻ നോക്കേണ്ടതാണ്.

12. എക്സിബിറ്റ് എക്സ്-1 മരണപത്രം സാക്ഷ്യപ്പെടുത്തിയവരിൽ ഒരാൾ ഡി ഡബ്ല്യൂ 3-ഉം മറ്റൊരു സാക്ഷി മരിച്ചു പോയിട്ടുള്ളതുമാണ്. ഡി ഡബ്ല്യൂ-3 വിരമിച്ച ഒരു സബ് രജിസ്ട്രാർ ആണെന്ന് അദ്ദേഹത്തിന്റെ തെളിവ് വ്യക്തമാക്കുന്നു. രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിലാണ് മരണപത്രം എഴുതിയ ആൾ എക്സിബിറ്റ് എക്സ് 1-ൽ ഒപ്പിട്ടതെന്നും ലക്ഷ്മി അമ്മയുടെ സാന്നിദ്ധ്യത്തിലാണ് ആ രേഖ സാക്ഷ്യപ്പെടുത്തിയെന്നുമുള്ള അദ്ദേഹത്തിന്റെ വെളിപ്പെടുത്തൽ എതിർ വിസ്താരത്തിൽ ചോദ്യം ചെയ്യപ്പെടാതെ അവശേഷിക്കുന്നു. എതിർ വിസ്താരവേളയിൽ അയാൾ നൽകിയ ചില ഉത്തരങ്ങൾ അതായത്, മരണപത്രം എഴുതിയത് ഒരു ബാലകൃഷ്ണൻനായരാണെന്നും, എന്നാൽ അത് അങ്ങനെയല്ലെന്നും മരണപത്രം എഴുതിയ ആൾ മരിച്ചുപോയ ഭർത്താവിന്റെ ബന്ധുക്കളുമായി നല്ല രീതിയിലുള്ള ബന്ധം പുലർത്തിയിരുന്നെന്നും അവരുടെ പേരിൽ മരണപത്രം എഴുതി വെയ്ക്കാതെ അപരിചിതരുടെ പേരിൽ മരണപത്രം എഴുതി വെയ്ക്കാൻ പാടില്ലായിരുന്നു എന്നുമുള്ള നിരീക്ഷണങ്ങളും അഭിപ്രായങ്ങളും അദ്ദേഹം പ്രകടിപ്പിച്ചതും മറ്റു പലതിനോടൊപ്പം മരണപത്രത്തെ

വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളാണെന്ന് രണ്ടു കീഴ്കോടതികളും കണക്കിലെടുത്തതായി കാണുന്നു. മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചയാൾക്ക് അത് എഴുതുന്നതിനുള്ള കഴിവിനെ ഒരിക്കലും ചോദ്യം ചെയ്തിട്ടില്ലെന്നും രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിലാണ് അത് ഒപ്പിട്ടതെന്നും സാക്ഷികൾ ലക്ഷ്മിഅമ്മയുടെ സാന്നിദ്ധ്യത്തിലാണ് അത് സാക്ഷ്യപ്പെടുത്തി യിട്ടുള്ളതെന്നുമുള്ള അദ്ദേഹത്തിന്റെ വെളിപ്പെടു ത്തലുകൾ മരണപത്രം ശരിയായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും ഒപ്പിട്ടു പൂർത്തീ കരിച്ചിട്ടുള്ളതുമാണെന്നും തെളിയിക്കുന്നു. ഒസ്യത്തു കാരൻ മരണപത്രം എഴുതി ഒപ്പിട്ടു പൂർത്തീകരിച്ചതിനെ വലയം ചെയ്ത് സംശയകരമായ സാഹചര്യങ്ങൾ ഒന്നും ഇല്ലായെന്ന് സാക്ഷികൾ മുഖേന കണ്ടെത്തിയിട്ടുണ്ട്. മരണപത്രത്തിന്റെ ഉള്ളടക്കം സംബന്ധിച്ചും അതിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുക്കളെ സംബന്ധിച്ചും അത് ആരാണ് എഴുതിയിട്ടുള്ളത്, അത് തെറ്റായി കാണിച്ചിട്ടുണ്ടെങ്കിൽ പോലും, എന്നതിനുള്ള അദ്ദേഹത്തിന്റെ തെളിവുകളും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒസ്യത്തുകാരി അവരുടെ മരണപത്രത്തിൽ അവരുടെ നിയമാനുസൃത അവകാശികൾക്ക് വസ്തുക്കൾ ക്രമപ്പെടുത്തിയിട്ടുള്ളതും മരണപത്രം യഥാർത്ഥമല്ലെന്നും സാധുതയില്ലാത്ത താണെന്നും പ്രസ്താവിക്കുന്നതിന് അവയ്ക്ക് മറ്റേതെങ്കിലും അസാധുവാകുന്ന വസ്തുതകളുമായി ബന്ധം ഇല്ലാത്തിടത്തോളം അവയ്ക്ക് സംശയകരമായ സാഹചര്യങ്ങൾ ആകാൻ ഒരിക്കലും സാധിക്കുന്നതല്ലാത്തതാണ്. ഒരു മരണപത്രത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് ഒരു സാക്ഷി അറിയേണ്ട ആവശ്യമില്ല. മരണപത്രം ആരാണ് എഴുതിയത് എന്നു പറഞ്ഞതല്ലാതെ അദ്ദേഹം വേറൊരു തെറ്റും ചെയ്തിട്ടില്ല, ആയതിന് യാതൊരു പരിണിതഫലവുമില്ലാത്തതാണ്. മരണപത്രം സാക്ഷ്യപ്പെടുത്തിയ മറ്റൊരാളായ അദ്ദേഹത്തെ ബാലകൃഷ്ണൻനായർ ഒരു പകർപ്പെഴുത്തുകാരനായി പരാമർശിച്ചിട്ടുള്ളതും അദ്ദേഹം ഒരു ആധാര മെഴുത്തുകാരനുമാണ്. പകർപ്പെഴുത്തുകാരനായ ഡി ഡബ്ലിയൂ-4 പറഞ്ഞത് മുകളിൽ പറഞ്ഞ ആധാരമെഴുത്തുകാരൻ തന്റെ ഗുരുനാഥൻ ആണെന്നാണ്. ബാലകൃഷ്ണൻ നായരുടെ കീഴിൽ സഹായി ആയി താൻ ജോലി ചെയ്തിട്ടുണ്ടെന്ന് ഡി ഡബ്ല്യൂ-4 തറപ്പിച്ചുപറയുന്നു. ഡിഡബ്ല്യൂ-4 ന്റെ മേൽപ്പറഞ്ഞതായ പ്രസ്താവന ചോദ്യം ചെയ്യപ്പെടാതെ അവശേഷിക്കുന്നു. ബാലകൃഷ്ണൻ നായരുടെ സഹായിയായ

ഡി ഡബ്ല്യൂ4 -ന്റെ കൈപ്പടയിലാണ് യഥാർത്ഥത്തിൽ മരണപത്രം എഴുതിയതെങ്കിലും പകർത്തെഴുത്തുകാരന്റെ പേര് ബാലകൃഷ്ണൻ നായർ എന്നാണെന്ന് ഡി ഡബ്ല്യൂ- 3 തെറ്റായി പ്രസ്താവിച്ചത് എക്സിബിറ്റ് എക്സ് - 1 മരണപത്രത്തിന്റെ ഒപ്പിട്ടുപൂർത്തീകരിക്കലിനെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യമായി കാണാൻ കഴിയുകയില്ല. ലക്ഷ്മി അമ്മ തന്റെ ഒസ്യത്തവകാശം അവരുടെ നിയമാനുസൃത അനന്തരാവകാശികൾക്കു നൽകാതെ അപരിചിതർക്ക് നൽകിയെന്നുള്ള ഡി ഡബ്ല്യൂ- 3 ന്റെ അഭിപ്രായം എന്തുതന്നെയായാലും അത് എക്സിബിറ്റ് എക്സ് - 1 മരണപത്രത്തിന്റെ യഥാർത്ഥതയെ സംശയിക്കുന്നതിനുള്ള സംശയകരമായ സാഹചര്യമായി കാണാൻ കഴിയുന്നതല്ല. എക്സിബിറ്റ് എക്സ് - 1 മരണപത്രം ഒപ്പിട്ടുപൂർത്തീകരിച്ച ലക്ഷ്മിഅമ്മ അത് യഥാർഹമായി ഒപ്പിട്ടു പൂർത്തീകരിച്ചതാണെന്നും ജില്ലാ രജിസ്ട്രാറുടെ മുമ്പാകെ ഒസ്യത്ത് കർത്താവ് തന്നെ മുദ്ര വെച്ച കവറിൽ അത് സൂക്ഷിക്കാൻ ഏൽപ്പിച്ചുവെന്നും അവരുടെ മരണശേഷം അത് തുറക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തു എന്നുമുള്ള തെളിയിക്കപ്പെട്ടിട്ടുള്ള മറ്റു സാഹചര്യങ്ങൾ ഈ കേസ്സിൽ ഡി ഡബ്ല്യൂ - 3 നൽകിയ തെളിവുകൾക്ക് ഉപോത്ബലകമായ തെളിവുകളാണ്. മരണപത്രം മുദ്ര വെച്ച ഒരു കവറിൽ സൂക്ഷിച്ചിരുന്നതും പ്രസ്തുത കവർ തുറക്കുന്നതിന് അനുവർത്തിച്ചിട്ടുള്ള നടപടിക്രമങ്ങളിലും അതിന്റെ രജിസ്ട്രേഷനെ സംബന്ധിച്ചിടത്തോളവും മരണപത്രം സൂക്ഷിച്ചിരുന്ന മുദ്ര വെച്ച കവറിനു പുറത്ത് രജിസ്ട്രാറുടെ ഒപ്പും സീലും ഇല്ലായിരുന്നു എന്നുള്ള തർക്കം ഒഴികെ മറ്റ് വാദമുഖങ്ങളൊന്നും ഉയർത്തിയിട്ടില്ലാത്തതുമാണ്. മരണപത്രം സൂക്ഷിക്കുന്നതിന് അനുശാസിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് രജിസ്ട്രേഷൻ ആക്റ്റിലെ 42 മുതൽ 46 വരെയുള്ള വകുപ്പുകളിൽ വിശദീകരിക്കുന്നുണ്ട്. ആക്റ്റിലെ 43-ാം വകുപ്പ് മരണപത്രങ്ങൾ സൂക്ഷിക്കുമ്പോൾ അനുവർത്തിക്കേണ്ട നടപടി ക്രമങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുന്നു. അത് ഇനിപ്പറയും പ്രകാരമാണ്:-

"**43. മരണപത്രങ്ങൾ സൂക്ഷിക്കുന്നതിനുള്ള നടപടിക്രമം.**-(1) രജിസ്ട്രാർ, അങ്ങനെയുള്ള കവർ കൈപ്പറ്റുമ്പോൾ, അത് സൂക്ഷിക്കുന്നതിനായി സമർപ്പിക്കുന്ന

ആൾ ഒപ്പിട്ടുപൂർത്തീകരിച്ചയാളോ അയാളുടെ ഏജന്റോ ആണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം, അദ്ദേഹത്തിന്റെ 5-ാം നമ്പർ രജിസ്റ്റർ-ബുക്കിൽ മേൽപ്പറഞ്ഞ മേലെഴുത്ത് നോക്കിയെഴുതേണ്ടതും അതേ ബുക്കിലും പ്രസ്തുത കവറിന് പുറത്തും അത് സമർപ്പിച്ചതും കൈപ്പറ്റിയതുമായ വർഷവും മാസവും തീയതിയും സമയവും മരണപത്രം എഴുതിയ ആളുടെയോ ദൂതന്റെയോ തിരിച്ചറിയൽ സാക്ഷ്യപ്പെടുത്തുന്ന ഏതെങ്കിലും ആളുകളുടെ പേരുകളും കവറിലെ മുദ്രയിൽ നിന്നും വ്യക്തമാകുന്ന എന്തെങ്കിലും ആലേഖനങ്ങളും രേഖപ്പെടുത്തേണ്ടതാണ്".

മരണപത്രം ഉള്ളടക്കം ചെയ്തിട്ടുള്ള മുദ്രവെച്ച കവർ സൂക്ഷിക്കുന്നതിന് ഏല്പിക്കുമ്പോൾ രജിസ്ട്രാർ ആ കവറിന് പുറത്ത് അദ്ദേഹത്തിന്റെ ചുരുക്കൊപ്പ് രേഖപ്പെടുത്തണമെന്നും അങ്ങനെയുള്ള കവറിൽ രജിസ്ട്രാറുടെ സീൽ പതിപ്പിക്കണമെന്നും അനുശാസിക്കുന്ന നിർദ്ദേശങ്ങളൊന്നും തന്നെയില്ല. കവറിന് പുറത്ത് രജിസ്ട്രാറുടെ ചുരുക്കൊപ്പും സീലും ഇല്ലാത്തത് മരണപത്രത്തിന്റെ യഥാർത്ഥതയെ സംശയിക്കുന്ന സാഹചര്യങ്ങളിൽ ഒന്നായി രണ്ടു കീഴ് കോടതികളും തെറ്റായി കാണുകയുണ്ടായി. ഇതുകൂടാതെ, മരണപത്രം സൂക്ഷിക്കുന്നതിനായി സമർപ്പിക്കുന്ന ആൾ ഒസ്യത്ത് കർത്താവോ അയാളുടെ ഏജന്റോ ആണെന്ന് രജിസ്റ്റാർക്ക് ബോദ്ധ്യപ്പെടേണ്ടതാണെന്നും ആക്റ്റിലെ 43-ാം വകുപ്പ് നിഷ്കർഷിക്കുന്നു. നിലവിലുള്ള കേസിൽ, മരണപത്രം എഴുതി ഒപ്പിട്ടു പൂർത്തീകരിച്ച ആൾ തന്നെയാണ് അത് സൂക്ഷിക്കാൻ ഏല്പിച്ചത്. ജില്ലാ രജിസ്റ്റാറുടെ മുമ്പാകെ ലക്ഷ്മിയമ്മ അത് സൂക്ഷിക്കാൻ ഏല്പിക്കുമ്പോൾ അവരോടൊപ്പം ഡി ഡബ്ലിയൂ-5 ഉം സന്നിഹിതനായിരുന്നു എന്ന് കാണിക്കുന്ന തിനായി അപ്പീൽ- വാദികൾ അയാളെ വിസ്തരിക്കുകയുണ്ടായി. അദ്ദേഹം നൽകിയ തെളിവുകളെ സംബന്ധിച്ച് തർക്കമുണ്ടെങ്കിലും, എക്സിബിറ്റ് എക്സ്- 2 ലെയും മരണപത്രം ഉള്ളടക്കം ചെയ്ത് മുദ്രവെച്ച് സൂക്ഷിക്കുന്ന തിനായി സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് പി - 5 കവറിലുമുള്ള ഒപ്പും പതിപ്പിച്ചിട്ടുള്ള വിരലടയാളവും ലക്ഷ്മി അമ്മയുടെതാണെന്നതിനെ ചോദ്യം ചെയ്തിട്ടില്ലാത്തതും, അവരല്ല അത് എഴുതിയതെന്ന് കാണിച്ചിട്ടുള്ളതുമാണ്. ആയതിനാൽ, മരണപത്രം

അത് എഴുതി ഒപ്പിട്ടു പൂർത്തീകരിച്ച ലക്ഷ്മിഅമ്മ യഥാവിധി ചെയ്തിട്ടുണ്ടെന്ന് മാത്രമല്ല രജിസ്റ്റാറുടെ മുമ്പാകെ അത് സീൽ ചെയ്ത ഒരു കവറിൽ അവർ സൂക്ഷിക്കാനേല്പിച്ചു എന്നുമുള്ള സാക്ഷ്യപ്പെടുത്തുകാരനായ ഡി ഡബ്ല്യൂ 3-ന്റെയും പകർപ്പെഴുത്തുകാരനായ ഡി ഡബ്ലിയൂ 4 - ന്റെയും ഒസ്യത്തു കർത്താവായ ഡി ഡബ്ലിയൂ 5-ന്റെയും അത് സൂക്ഷിക്കാൻ സമർപ്പിച്ചപ്പോൾ സന്നിഹിതരായിരുന്ന സാക്ഷിയുടെയും തെളിവുകളിൽ നിന്നും വെളിവായിട്ടുള്ളതാണ്. എക്സിബിറ്റ് എക്സ്-2-ൽ കാണുന്ന വിരലടയാളവും ഒപ്പും മരണപത്രം എഴുതി ഒപ്പിട്ടു പൂർത്തീകരിച്ച ലക്ഷ്മിഅമ്മയുടെതല്ലെന്നുള്ള എന്തെങ്കിലും തർക്കം വാദിക്കും 1 മുതൽ 10 വരെയുള്ള എതിർകക്ഷികൾക്കും ഉണ്ടായിരുന്നെങ്കിൽ അങ്ങനെയുള്ള തർക്കങ്ങൾ സാധൂകരിക്കുന്നതിനായി അവർ നടപടികൾ എടുക്കേണ്ടതായിരുന്നു. എന്നാൽ, അങ്ങനെയുള്ള നടപടികൾ ഒന്നും എടുത്തിട്ടില്ലാത്തതാണ്. അതിന്മേൽ ഗൗരവമുള്ള ഒരു തർക്കം പോലും ഉന്നയിച്ചിട്ടില്ല. എക്സിബിറ്റ് എക്സ്-1 മരണപത്രത്തിനെതിരായി അത് യഥാർത്ഥമല്ലെന്ന് ഉയർത്തിക്കൊണ്ടുവന്നിട്ടുള്ള തർക്കങ്ങളിൽ യാതൊരു കഴമ്പുമില്ലെന്നുള്ളത് ശ്രദ്ധിക്കേണ്ടതായ ഒരു സാഹചര്യം കൂടിയാണ്.

13. എക്സിബിറ്റ് ബി-1-ഉം എക്സിബിറ്റ് എക്സ് 1-ഉം മരണപത്രങ്ങളുടെ യഥാർത്ഥതയെ ഒരേപോലെയാണു രണ്ടു കോടതികളും പരിഗണിച്ചിട്ടുള്ളത്. എക്സിബിറ്റ് ബി 1 മരണപത്രം വിവിധ കാരണങ്ങളാൽ തെളിയിക്കാൻ കഴിഞ്ഞിട്ടില്ലായെന്നു കണ്ടെത്തിയിട്ടുണ്ടെങ്കിലും അതിനെക്കുറിച്ച് ഇപ്പോൾ ഞങ്ങൾ ചിന്തിക്കുന്നില്ല. എക്സിബിറ്റ് എക്സ്-1 മരണപത്രത്തെ വലയം ചെയ്ത് എന്തെങ്കിലും സംശയകരമായ സാഹചര്യങ്ങൾ ഉണ്ടോ എന്നു കൂടുതലായി പരിഗണിക്കാതെ ആ മരണപത്രം യഥാർത്ഥവും സാധുതയുമില്ലാത്തതുമാണെന്ന് വിചാരണ കോടതി തീരുമാനമെടുക്കുകയുണ്ടായി. ഡി.ഡബ്ല്യൂ 11-ഉം ഡി.ഡബ്ല്യൂ 12-ഉം മരണപത്രത്തെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളെ കോടതിയുടെ മനസ്സാക്ഷിയെ ബോധ്യപ്പെടുത്തി ദൂരീകരിക്കുന്നതിനായി മുന്നോട്ടു പോയെങ്കിലും അവരെ വിസ്തരിച്ചിട്ടില്ലാത്തതും ദൂരീകരിക്കേണ്ടതായ സംശയകരമായ സാഹചര്യങ്ങൾ എന്താണെന്ന് പരിഗണിക്കാതെ വിചാരണ

കോടതി ഡി ഡബ്ല്യൂ 3-ഉം ഡിഡബ്ല്യൂ 4-ഉം ഡി ഡബ്ല്യൂ- 5-ഉം നൽകിയ തെളിവുകളിലെ വൈരുദ്ധ്യങ്ങളെയും പൊരുത്തമില്ലായ്മയേയും അടിസ്ഥാനപ്പെടുത്തി ഹാനികരമല്ലാത്ത സാഹചര്യങ്ങളിലേയ്ക്ക് മാത്രം കടന്നിട്ടുള്ളതെന്നും അവയ്ക്ക് മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചതുമായി യാതൊരു ബന്ധവുമില്ലാത്തതുമാണെന്ന് നമ്മൾ നേരത്തെ ചർച്ച ചെയ്തിട്ടുള്ളതാണ്. എക്സിബിറ്റ് ബി 1-ഉം എക്സിബിറ്റ് എക്സ് 1-ഉം മരണപത്രങ്ങളെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളായി ചിത്രീകരിച്ചിട്ടുള്ള സാഹചര്യങ്ങളെ ഒരുമിച്ച് രണ്ടു കോടതികളും പരിഗണിച്ചതിന്റെ ഫലമായി എക്സിബിറ്റ് എക്സ് - 1 മരണപത്രത്തെ സംബന്ധിച്ച് തെറ്റായ ഒരു തീരുമാനം കൈക്കൊണ്ടു എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഓരോ മരണപത്രത്തിന്റെയും യഥാർത്ഥതയെ സംബന്ധിച്ച് പ്രത്യേക കണ്ടെത്തലുകൾ നടത്തേണ്ടതും അവ പ്രത്യേകമായി രേഖപ്പെടു ത്തേണ്ടതുമാണ്, എന്നാൽ, രണ്ടു കീഴ്കോടതികളും ഒരു മരണ പത്രത്തെ വലയം ചെയ്തിട്ടുള്ള ചില സാഹചര്യങ്ങളെ കണക്കിലെടുക്കുകയും അവയെ സംശയകരമായ സാഹചര്യങ്ങളായി കണ്ടെത്തുകയും, രണ്ടു മരണപത്രങ്ങളും യഥാർത്ഥമല്ലെന്നുള്ള തീരുമാനത്തിൽ എത്തിച്ചേരുകയുമായിരുന്നു. അപ്പീലിൽ ജില്ലാ ജഡ്ജി പുറപ്പെടുവിച്ച വിധിന്യായം പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നതെന്തെന്നാൽ എക്സിബിറ്റ് ബി-1 മരണപത്രത്തെ വലയം ചെയ്ത് നിരവധി സംശയകരമായ സാഹചര്യങ്ങൾ ഉള്ളതിനാൽ ആ മരണപത്രം യഥാർത്ഥമല്ലെന്നു പ്രസ്താവിച്ചതിനുശേഷം, എക്സിബിറ്റ് എക്സ് -1 മരണപത്രത്തെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളെ സംബന്ധിച്ച് കൂടുതലായി ചർച്ച ചെയ്യാതെ മരണപത്രത്തിന്റെ പ്രസ്താവകർ (ഡി 11-ഉം ഡി-12-ഉം) ഹാജരാക്കിയ തെളിവുകളുടെ അടിസ്ഥാനത്തിൽ ആ മരണപത്രത്തെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളെ അവർ ദൂരീകരിച്ചിട്ടില്ലാത്തതിനാൽ ഒരു തീരുമാനത്തിൽ എത്തിച്ചേർന്നു എന്നുമാണ്, അപ്പീലിൽ എതിർകക്ഷികളുടെ അഭിഭാഷകന്റെ വാദമുഖങ്ങൾ അതായത് എക്സിബിറ്റ് എക്സ്-1 മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചതിനെ വലയം ചെയ്തും സംശയകരമായ സാഹചര്യങ്ങളുണ്ടെന്ന് ഇത് പൂർണ്ണമായി എടുത്തു പറഞ്ഞതല്ലാതെ എന്തെങ്കിലും സംശയകരമായ

സാഹചര്യങ്ങളുണ്ടോയെന്ന് പരിശോധിക്കുന്നതിനായി എക്സിബിറ്റ് എക്സ്-1 മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചതിനെയും അതിന്റെ സാക്ഷ്യപ്പെടുത്തലിനെയും സംബന്ധിച്ച് യാതൊരു പ്രത്യേക വശത്തെക്കുറിച്ചും ജില്ലാജഡ്ജി പരിശോധിച്ചിട്ടില്ലാത്തതാണ്. എക്സിബിറ്റ് എക്സ്-1 മരണപത്രം സൂക്ഷിക്കാൻ ഏല്പിച്ചതിനെ സംബന്ധിച്ച് വിശ്വസനീയമായ യാതൊരു തെളിവുകളും അപ്പീൽവാദികൾ ഹാജരാക്കിയിട്ടില്ലായെന്നത് വാദിയും മറ്റ് എതിർകക്ഷികളും കാര്യമായി തർക്കിച്ചിട്ടില്ലാത്തതും എക്സിബിറ്റ്-2 കവറിൽ സീലോ ചുരുക്കൊപ്പോ ജില്ലാ രജിസ്ട്രാറുടെ ആഫീസ് മുദ്രയോ ഉണ്ടായിരുന്നില്ല എന്നതുമാണ് എക്സിബിറ്റ് എക്സ്-1 മരണപത്രം യഥാർത്ഥമല്ലെന്നും മരണപത്രത്തിന്റെ പ്രസ്താവകരെ വിസ്തരിച്ചിട്ടില്ലാത്തതും ഉയർത്തിക്കാട്ടിയ സംശയകരമായ സാഹചര്യങ്ങളെ ദൂരീകരിക്കുന്നതിന് അവർ പരാജയപ്പെട്ടെന്നും, അതിനാൽ, എക്സിബിറ്റ് എക്സ്-1 മരണപത്രം യഥാർത്ഥമല്ലെന്ന് വിധി പ്രസ്താവിക്കുന്നതിനായി അപ്പീലിൽ ജില്ലാ ജഡ്ജിയ്ക്ക് മുൻപാകെ വന്നിട്ടുള്ള സംശയകരമായ സാഹചര്യങ്ങൾ മുകളിൽ പരാമർശിച്ചിട്ടുള്ള സാഹചര്യങ്ങളിൽ യാതൊരു കഴമ്പുമില്ലാത്തതാണെന്നും എക്സിബിറ്റ് എക്സ്-1 മരണപത്രത്തിന്റെ യഥാർത്ഥതയെ സംശയിക്കുന്നതിനുള്ള സംശയകരമായ സാഹചര്യങ്ങളായി അവ തീരുന്നില്ലായെന്നും ഞാൻ ചൂണ്ടിക്കാണിയ്ക്കുകയുണ്ടായി.

14. ഹിന്ദുപിൻതുടർച്ച ആക്റ്റിലെ 15-ാം വകുപ്പ് (2) (ബി) ഉപവകുപ്പ് ആശ്രയിച്ചു കൊണ്ട് അഭിഭാഷകൻ എക്സിബിറ്റ് എക്സ്-1 മരണപത്രത്തിനെതിരായി കൊണ്ടുവന്നിട്ടുള്ള വാദങ്ങൾക്ക് യാതൊരു കഴമ്പുമില്ലാത്തതാണ്. ആ വകുപ്പ് ഇനിപ്പറയും പ്രകാരമാണ്:-

**"15-ാം വകുപ്പ്. ഹിന്ദുസ്ത്രീകളുടെ സംഗതിയിൽ പിൻതുടർച്ച സംബന്ധിച്ച പൊതു വ്യവസ്ഥകൾ.-**

(1) .........

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും

(എ) ..........

(ബി) മരണപ്പെട്ടയാളുടെ മകനോ മകളോ ഇല്ലാതെ (മുൻപേ മരിച്ചു പോയ മകന്റെ അല്ലെങ്കിൽ മകളുടെ കുട്ടികൾ ഉൾപ്പെടെ) ഒരു ഹിന്ദു സ്ത്രീക്ക് ഭർത്താവിൽ നിന്നോ ഭർത്താവിന്റെ അച്ഛനിൽ നിന്നോ പിൻതുടർച്ചാവകാശമായി ലഭിച്ച ഏതെങ്കിലും വസ്തു (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മറ്റു അനന്തരാവകാശികൾക്ക് അതിൽ നിർദ്ദേശിച്ചിട്ടുള്ള ക്രമത്തിലല്ല, മറിച്ച് ഭർത്താവിന്റെ അനന്തരാവകാശികളിലേക്കാണ് പരമ്പരാഗതമായി എത്തിച്ചേരേണ്ടത്".

മരണപത്രം കൂടാതെയുള്ള പിൻതുടർച്ചയ്ക്ക് മാത്രമാണ് ഈ ഉപവകുപ്പ് ബാധകമാകുന്നത് അല്ലാതെ മരണപത്രം എഴുതിയിട്ടുള്ളതിനല്ല. മകനോ മകളോ മുൻപേ മരിച്ചുപോയ മകനോ മകളോ ഇല്ലാത്ത ഒരു ഹിന്ദു സ്ത്രീ മരണപ്പെട്ടാൽ അവർക്ക് തന്റെ ഭർത്താവിൽ നിന്നോ ഭർത്താവിന്റെ അച്ഛനിൽ നിന്നോ ലഭിച്ച വസ്തുക്കൾ ഉറവിടത്തിലേയ്ക്ക്, അതായത്, ഭർത്താവിന്റെയോ ഭർത്താവിന്റെ അച്ഛന്റെയോ, അതതു സംഗതിപോലെ, നിയമാനുസൃത അവകാശികൾക്ക് പോകേണ്ടതാണെന്ന് ഉറപ്പാക്കുന്ന വ്യവസ്ഥ മേൽപ്പറഞ്ഞ ആക്റ്റിലെ 15(2)(ബി) വകുപ്പിൽ ഉണ്ടെങ്കിലും ആ സ്ത്രീയ്ക്ക് തന്റെ വസ്തുക്കളെ മരണപത്രപ്രകാരമുള്ള ഒരു ക്രമപ്പെടുത്തൽ നടത്തുന്നതിന് അവരെ അയോഗ്യയാക്കുകയോ വിലക്കുകയോ ചെയ്യുന്നില്ല. അവർക്ക് ഭർത്താവിൽ നിന്നോ ഭർത്താവിന്റെ അച്ഛനിൽ നിന്നോ ലഭിച്ചിട്ടുള്ള വസ്തുക്കളെ കൂടി അവരുടെ ഒസ്യത്തു അനുസരിച്ച് മരണപത്രപ്രകാരമുള്ള ക്രമപ്പെടുത്തൽ വഴി കൈയ്യൊഴിക്കുന്നതിന് സാധിക്കുന്നതാണ്. എക്സിബിറ്റ് എക്സ്-2 മരണപത്രത്തിന്റെ നിയമ സാധുതയും യഥാർത്ഥതയും പരിശോധിക്കുന്നതിൽ ആക്റ്റിലെ 15(2)(ബി) വകുപ്പിന് നേരിട്ടുള്ള സ്വാധീനമുണ്ടെന്നു വാദിക്കുന്നതിനായി അഭിഭാഷകൻ എസ്. ആർ ശ്രീനിവാസയും മറ്റുള്ളവരും എസ്. പത്മാവതമ്മയും തമ്മിലുള്ള കേസ്സിനെ (2010) 5 എസ്.സി.സി 274)നെ ആശ്രയിച്ചതിൽ ഒരു കഴമ്പുമില്ലാത്തതാണ്. ആക്റ്റിലെ 15(2) (ബി) വകുപ്പിന്റെ ഉദ്ദേശ്യം ഇനി പറയും പ്രകാരമാണെന്ന് മേല്പറഞ്ഞ കേസ്സിലെ വിധിന്യായത്തിൽ സുപ്രീം കോടതി, പ്രസ്താവിച്ചിരിക്കുന്നു, അതായത്:-

"ഒസ്യത്ത് എഴുതി വെയ്ക്കാതെ മക്കളില്ലാത്ത ഒരു ഹിന്ദു സ്ത്രീ മരണപ്പെടുമ്പോൾ അവർക്ക് പിൻതുടർച്ചാവകാശമായി ലഭിച്ച വസ്തു ഉറവിടത്തിലേയ്ക്ക് തിരികെ പോകുമെന്നുള്ളത് ഉറപ്പാക്കുന്നതാണ് 1956–ലെ ഹിന്ദു പിൻതുടർച്ച ആക്റ്റിലെ 15 (2) വകുപ്പിന്റെ അടിസ്ഥാന ഉദ്ദേശ്യം. അപരിചിതരുടെ കൈകളിലേയ്ക്ക ്പിൻതുടർച്ചാവകാശമായി ലഭിച്ച വസ്തു പോകുന്നത് തടയുന്നതിലേയ്ക്കാണ് ഈ നിയമം ഉണ്ടാക്കിയിരിക്കുന്നത് ".

മക്കളില്ലാത്ത ഒരു ഹിന്ദു സ്ത്രീ ഒസ്യത്ത് എഴുതി വെയ്ക്കാതെ മരണപ്പെടുമ്പോൾ മാത്രമാണ് ആ വകുപ്പ് ബാധകമാകുന്നതെന്നും ഒരു മരണപത്രപ്രകാരം അവർ തനിക്കുള്ള വസ്തുക്കളെ ക്രമപ്പെടുത്തൽ നടത്തിയിട്ടുള്ള സംഗതിയിൽ ഇത് ബാധകമാകുന്നതല്ലാത്തതുമാണ്. അവർക്ക് ഭർത്താവിൽ നിന്നും പരമ്പരാഗതമായി ലഭിച്ച വസ്തുക്കളെ അവരുടെ ഭർത്താവിന്റെ അവകാശികളായ നിയമാനുസൃത അവകാശികൾക്ക് നൽകാതെ എക്സിബിറ്റ് എക്സ് -1 മരണപത്ര പ്രകാരം ഒസ്യത്തുകർത്താവ് അപരിചിതർക്ക് ക്രമപ്പെടുത്തൽ നടത്തുകയുണ്ടായി എന്ന വാദത്തിൽ യാതൊരു കഴമ്പു മില്ലാത്തതാണ്. എക്സിബിറ്റ് എക്സ് -1 മരണപത്രപ്രകാരമുള്ള നാല് ഒസ്യത്ത വകാശികളിൽ ഒരാൾ മരണപത്രം എഴുതിയ ആളിന്റെ അമ്മാവന്റെ മകനും മറ്റൊരാൾ അവരുടെ ഭർത്താവിന്റെ സഹോദരനും (2–ാം എതിർകക്ഷി) ശേഷിക്കുന്ന മറ്റ് രണ്ടു പേർ അവരുടെ അയൽവാസികളും, അതിൽ ഒരാൾ അവരെ പരിചരിച്ചിട്ടുള്ള ജോലിക്കാരിയുമാണ്. വസ്തു അപ്രകാരം ക്രമപ്പെടുത്തൽ നടത്തുന്നതിനായി മറ്റു ചിലരോടൊപ്പം ഭർത്താവിന്റെ അവകാശികളിൽ ഒരാളെ മാത്രമാണ് അവർ തെരഞ്ഞെടുത്തിട്ടുള്ളത്. അവരുടെ ഭർത്താവിന്റെ അവകാശികളെ പിൻതുടർച്ചാവകാശികളാക്കിയില്ല എന്നതല്ല അത് കാണിക്കുന്നത്. നിലവിലുള്ള കേസ്സിൽ, എക്സിബിറ്റ് എക്സ്–1 മരണപത്രം കൃത്രിമമായി ചമച്ചിട്ടുള്ള ഒരു പ്രമാണമാണെന്നും അത് നിലവിൽ കൊണ്ടുവന്നിട്ടുള്ളത് ഡി. ഡബ്യൂ 11–ന്റെയും ആ പ്രമാണ പ്രകാരമുള്ള മറ്റൊരു ഒസ്യത്തവകാശിയുടെയും ആവശ്യപ്രകാരമാണെന്നും കൂടാതെ ആ

പ്രമാണത്തിൽ കാണപ്പെടുന്ന ഒപ്പ് മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ച ആളുടേതല്ലെന്നും വാദിക്കുന്നതല്ലാതെ എക്സിബിറ്റ് എക്സ്-1 മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചതിനെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളെ ഉയർത്തിക്കൊണ്ടു വരുന്നതിനോ തള്ളിക്കളയുന്നതിനോ തെളിയിക്കുന്നതിനോ ഉള്ള യാതൊരു ശ്രമം പോലും ഈ കേസ്സിൽ വാദിയോ 2 മുതൽ 10 വരെയുള്ള എതിർകക്ഷികളോ നടത്തിയിട്ടില്ലാത്തതാണ്. മുകളിൽ പരാമർശിച്ചിട്ടുള്ള വാദമുഖങ്ങൾ പോലും യാതൊരു വസ്തുതകളുടെയും പിൻബലമില്ലാതെ അതേപോലെ നിൽക്കുന്നതും, അവയിൽ ഒരെണ്ണമെങ്കിലും തെളിയിക്കുന്ന തിനായുള്ള യാതൊരു നടപടിയും എടുത്തിട്ടില്ലാത്തതുമാണ്. രണ്ട് കീഴ്കോടതികളുടെയും കണ്ടെത്തലുകൾ അതായത് എക്സിബിറ്റ് എക്സ്-1 മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചതിനെ വലയം ചെയ്ത് സംശയകരമായ സാഹചര്യങ്ങൾ ഉള്ളതിനാൽ അത് യഥാർത്ഥമല്ലെന്നും ആ മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചത് ലക്ഷ്മിയമ്മയാണെന്നും അവർ സ്വതന്ത്രമായ ഇച്ഛയോടും സ്വമനസ്സാലെയും ക്രമപ്പെടുത്തൽ നടത്തുന്നതിനുള്ള നല്ല മാനസികാവസ്ഥ യിലായിരുന്നെന്നും സംശയകരമായ സാഹചര്യങ്ങൾ ഒന്നുമില്ലാതെയും ആണെന്ന് ഈ കേസ്സിൽ മതിയായത്ര തെളിവുകൾ സഹിതം തെളിയിച്ചിട്ടുള്ളതാണ്. മരണപത്രത്തെ സംബന്ധിച്ച് രണ്ടു കീഴ്കോടതികളുടെയും കണ്ടെത്തലുകൾ തെറ്റാണെന്നും ആ മരണപത്രം യഥാർത്ഥമാണെന്നും സാധുതയുള്ളതുമാണെന്നും പ്രസ്താവിച്ചുകൊണ്ട് അപ്പീലിൽ ഉയർത്തിയിട്ടുള്ള സാരവത്തായ പ്രശ്നത്തിന് അപ്പീൽ വാദികൾക്കനുകൂലമായി ഉത്തരവായിട്ടുള്ളതാണ്.

15. എക്സിബിറ്റ് എക്സ് 1 മരണപത്രത്തിൻമേൽ നടത്തിയിട്ടുള്ള കണ്ടെത്തലുകൾ കീഴ്മേൽ മറിഞ്ഞതിനാൽ കൃഷ്ണൻനായരുടെ മാതാവായ മാതുഅമ്മയുടെ നിയമാനുസൃത അവകാശികളായ വാദിക്കും 2 മുതൽ 10 വരെയുള്ള എതിർകക്ഷികൾക്കും എക്സിബിറ്റ് എക്സ്-1 മരണപത്രപ്രകാരം അവകാശമുള്ളതും കക്ഷിചേർക്കാത്തതുമായ മറ്റ് ഒസ്യത്തവകാശികൾക്കും വസ്തുവിന്റെ ഒരു ഭാഗം കൂടി വിഭജിക്കത്തക്ക അവകാശമുള്ള വസ്തുവിനെ ഭാഗം വെയ്ക്കുന്നതിനായി അവരെ കക്ഷി ചേർക്കുന്നതിനുള്ള ഒരു അവസരം കൂടി നൽകണമെന്ന് എതിർകക്ഷികൾക്കുവേണ്ടിയുള്ള അഭിഭാഷകൻ വാദിക്കുക

യുണ്ടായി. കൃഷ്ണൻ നായരുടെ മരണത്തോടെ അദ്ദേഹത്തിന്റെ വസ്തുക്കളിന്മേലുള്ള പകുതി അവകാശം അദ്ദേഹത്തിന്റെ അമ്മയ്ക്കും മറ്റെ പകുതി അവകാശം ലക്ഷ്മിഅമ്മയ്ക്കും പിൻതുടർച്ചയായി കൈവന്നിട്ടുള്ളതാണ്. കൃഷ്ണൻനായരും ലക്ഷ്മിഅമ്മയും സംയുക്തമായി ഒപ്പിട്ടു പൂർത്തീകരിച്ച എക്സിബിറ്റ് ബി-1 മരണപത്രം യഥാർത്ഥമല്ലെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. ലക്ഷ്മിഅമ്മയുടെ എക്സിബിറ്റ് എക്സ്-1 മരണപത്രത്തിനും ആ മരണപത്രമനുസരിച്ച് അവർ ചമച്ച ഒസ്യത്തിനും ഭർത്താവിൽ നിന്നും അവർക്ക് പാരമ്പര്യമായി ലഭിച്ച പകുതി വസ്തുവിന് മാത്രമാണ് ബാധകമാകുന്നത്. അവശ്യമായ കക്ഷികളെ കക്ഷി ചേർക്കാത്തതിനാൽ ആ പ്രശ്നം വാദിക്ക് അനുകൂലമായാണ് വിചാരണ കോടതി വിധിച്ചിട്ടുള്ളത്. കൃഷ്ണൻനായരുടെ മരണത്തോടുകൂടി ലക്ഷ്മി അമ്മയോടൊപ്പം കൃഷ്ണൻനായരുടെ മാതാവായ മാതുഅമ്മയ്ക്ക് ലഭ്യമായ വസ്തുക്കളിന്മേലുള്ള അവകാശം അവരുടെ നിയമാനുസൃത അവകാശികളായ വാദിക്കും 2 മുതൽ 10 വരെയുള്ള എതിർ-കക്ഷികൾക്കും ലഭിച്ചിട്ടുണ്ടെന്നുള്ളതും കൂടി ഈ പശ്ചാത്തലത്തിൽ കണക്കിലെടുക്കേണ്ടതാണ്. ഇപ്പോൾ, എക്സിബിറ്റ് എക്സ്-1 മരണ പത്രപ്രകാരം, ഡി 11-നെയും ഡി 12-നെയും കൂടാതെ മറ്റു രണ്ടു പേർക്കും കൂടി ലക്ഷ്മിഅമ്മയുടെ വസ്തുക്കളിൽ ഒസ്യത്തവകാശം സിദ്ധിച്ചിട്ടുള്ളതാണ്. ഈ വ്യവഹാരത്തിലെ വസ്തുക്കൾ ഭാഗം വെയ്ക്കുന്നതിനായി അവരെയും കൂടി ഈ വ്യവഹാരത്തിൽ കക്ഷി ചേർക്കേണ്ടത് ആവശ്യമാണ്. ഈ വ്യവഹാരത്തിൽ അഡീഷണൽ എതിർകക്ഷികളായി അവരെയും കൂടി കക്ഷി ചേർക്കുന്നതിനായി ഈ കോടതി മുമ്പാകെ ശരിയായ ഒരു അപേക്ഷ സമർപ്പിക്കുന്നതിന് വാദിയ്ക്ക് ഒരു അവസരം നൽകേണ്ടതാണെന്ന് ഞാൻ കാണുന്നു. ഒസ്യത്തു കർത്താവ് എക്സിബിറ്റ് എക്സ്-1 മരണപത്രം ഒപ്പിട്ടു പൂർത്തീകരിച്ചതും അതിന്റെ യഥാർത്ഥതയേയും ചോദ്യം ചെയ്യുന്നതിന് മരണപത്രത്തെ വലയം ചെയ്തിട്ടുള്ള സംശയകരമായ സാഹചര്യങ്ങളെ അതേപോലെ തെളിയ്ക്കുന്നതിനോ സമർത്ഥിക്കുന്നതിനോ വാദികൾക്കും 2 മുതൽ 10 വരെയുള്ള എതിർ-കക്ഷികൾക്കും സാധിച്ചിട്ടില്ലാത്തതിനാൽ ഈ കേസ്സിൽ നൽകിയിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ എതിർകക്ഷികളുടെ അഭിഭാഷകൻ

ആശ്രയിച്ചിട്ടുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള റിപ്പോർട്ടു ചെയ്ത കേസ്സിലെ വിധിന്യായങ്ങളെ പരിശോധിക്കേണ്ട ആവശ്യമില്ല.

16. ഫലത്തിൽ, എക്സിബിറ്റ് എക്സ്-1 മരണപത്രം യഥാർത്ഥമാണെന്നും ലക്ഷ്മിയമ്മയ്ക്ക് ഉടമസ്ഥാവകാശമുള്ള വസ്തുവിന്റെ വ്യാപ്തിയോളം അവർ ഒപ്പിട്ടു പൂർത്തീകരിച്ച ഒസ്യത്തുപ്രകാരം മരണ സ്വത്തിനെ ഈ വ്യവഹാരത്തിലെ കക്ഷികൾക്ക് ഭാഗം വെയ്ക്കുന്നതിലും ഓഹരി അനുവദിച്ചു നൽകുന്നതിലും, പ്രാവർത്തികമാക്കിത്തീർക്കേണ്ടതാണെന്ന് രേഖപ്പെടുത്തുന്ന കണ്ടെത്തലിന് വിധേയമായി, വ്യവഹാരത്തിൽ പുറപ്പെടുവിച്ചിട്ടുള്ള പ്രാഥമിക ഡിക്രി റദ്ദാക്കുകയും കേസ്സ് വീണ്ടും പരിഗണിക്കുന്നതിനായി കീഴ്ക്കോടതിയിലേയ്ക്ക് തിരിച്ചയയ്ക്കുകയും ചെയ്യുന്നു. 25-03-2013-ൽ കീഴ്ക്കോടതി മുമ്പാകെ കക്ഷികൾ ഹാജരാകണമെന്നും നിർദ്ദേശിക്കുന്നു.

മേൽ സൂചിപ്പിച്ച പ്രകാരം അപ്പീൽ അനുവദിച്ചിരിക്കുന്നു, ഇരുഭാഗവും അവരവരുടെ ചെലവുകൾ വഹിക്കേണ്ടതാണെന്നും നിർദ്ദേശം നൽകുന്നു.

# ചട്ടങ്ങൾ

**കേരള സർക്കാർ**

നിയമ (ജി) വകുപ്പ്

# 1991-ലെ കേരള നിയമ സഹായനിധി ചട്ടങ്ങൾ

(2012 മേയ് വരെയുള്ള ഭേദഗതികൾ ഉൾപ്പെടെ)

കേരളസർക്കാർ

**2014**

കേരള സർക്കാർ

നിയമ (ജി) വകുപ്പ്

വിജ്ഞാപനം

നമ്പർ 8513/ജി4/83/നിയമം. തിരുവനന്തപുരം, 1991 മെയ് 23.

**എസ്. ആർ. ഒ. നമ്പർ. 729/1991.**— 1959-ലെ കേരള കോടതി ഫീസും വ്യവഹാര സലയും ആക്റ്റിലെ (1960-ലെ 10) 76-ാം വകുപ്പ് (4)-ാം ഉപവകുപ്പും അതിലെ 85-ാം വകുപ്പും കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:-

**ചട്ടങ്ങൾ**

1. *ചുരുക്കപ്പേരും പ്രാരംഭവും.*— (1) ഈ ചട്ടങ്ങൾക്ക് [1]"1991-ലെ കേരള നിയമ സഹായ നിധി ചട്ടങ്ങൾ" എന്ന് പേര് പറയാം.

(2) [2]ഗസറ്റ് വിജ്ഞാപന പ്രകാരം, സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ ഇവ പ്രാബല്യത്തിൽ വരുന്നതാണ്.

2. *നിർവ്വചനങ്ങൾ.*—ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,-

(എ) "ആക്റ്റ് " എന്നാൽ 1959-ലെ കേരള കോടതി ഫീസും വ്യവഹാര സലയും ആക്റ്റ് എന്ന് അർത്ഥമാകുന്നു;

(ബി) "ബാർ കൗൺസിൽ" എന്നാൽ കേരള ബാർ കൗൺസിൽ എന്ന് അർത്ഥമാകുന്നു;

(സി) "നിധി" എന്നാൽ ആക്റ്റിലെ 76-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട നിയമ സഹായ നിധി എന്ന് അർത്ഥമാകുന്നു;

1. 1991 മെയ് 23-ാം തീയതിയിലെ 663-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 729/91 എന്ന വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയത്.

2. 1998 ഡിസംബർ 18-ാം തീയതിയിലെ 2061-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 1097/98 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപന പ്രകാരം ഈ ചട്ടങ്ങൾ 1991 മെയ് 23-ാം തീയതി നിലവിൽ വന്നു.

(ഡി) "ട്രസ്റ്റീ കമ്മിറ്റി" എന്നാൽ 4-ാം ചട്ട പ്രകാരം സ്ഥാപിതമായ കമ്മിറ്റി എന്ന് അർത്ഥമാകുന്നു.

3. *നിധിയിലേയ്ക്ക് ചില തുകകൾ നിക്ഷേപിക്കൽ.*—(1) [1]നിയമ സഹായ നിധിയിലേക്ക് വരവ് വയ്ക്കേണ്ടതായ തുക "2014-നീതിന്യായനിർവ്വഹണം-800-മറ്റു ചിലവുകൾ-94-നിയമസഹായനിധി-അംശദാനം" എന്ന കണക്കു ശീർഷകത്തിൽ നിന്നും നിയമവകുപ്പ് സെക്രട്ടറി പിൻവലിക്കേണ്ടതും നിധിയിൽ നിക്ഷേപിക്കേണ്ടതുമാണ്. നിധിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ആവശ്യമാണെന്ന് സർക്കാർ കരുതുന്ന അത്രയും തുക ആദ്യംതന്നെ നിധിയിൽ നിക്ഷേപിക്കുന്നതിനുവേണ്ടി അതിന് ലഭ്യമാക്കാവുന്നതാണ്. ഏതു വർഷം മുതലാണോ ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നത് ആ വർഷം മുതൽ യഥാർത്ഥത്തിൽ ചുമത്തിയിട്ടുള്ള കോടതി ഫീസ് സംബന്ധിച്ചുള്ള സ്റ്റേറ്റുമെന്റുകൾ സഞ്ചയിക്കുമ്പോൾ നിധിയിലേക്ക് നൽകേണ്ടതായ യഥാർത്ഥ തുകയിൽനിന്നും ഈ തുക അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

(2) ആക്റ്റിലെ 76-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം ചുമത്തിയിട്ടുള്ളതും പിരിച്ചെടുത്തതുമായ അധിക കോടതി ഫീസ് തുകയും, [1]അതിലെ (2)-ാം ഉപവകുപ്പ് (ii)-ാം ഖണ്ഡപ്രകാരം ചുമത്തിയിട്ടുള്ളതും പിരിച്ചെടുത്തതുമായ കോടതി ഫീസിന്റെ 50%-വും അങ്ങനെയുള്ള അധിക കോടതി ഫീസുകൾ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുമ്പോൾ നിധിയിലേക്ക് കൂട്ടിച്ചേർക്കേണ്ടതാണ്. മുൻ വർഷത്തിൽ പിരിച്ചെടുത്ത സഞ്ചയിച്ച കണക്കിന്റെ അടിസ്ഥാനത്തിൽ ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ തന്നെ ഈ തുക കൂടി നിയമവകുപ്പ് സെക്രട്ടറിക്ക് ലഭ്യമാക്കുന്നതാണ്.

(3) 4-ാം ചട്ടപ്രകാരം രൂപീകരിക്കപ്പെട്ട നിയമ സഹായ നിധി ട്രസ്റ്റീ കമ്മിറ്റിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ [2]സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 'നിധി' ആയി ഈ നിധി നിക്ഷേപിക്കേണ്ടതാണ്.

4. *ട്രസ്റ്റീ കമ്മിറ്റിയുടെ സ്ഥാപിക്കൽ.*—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിച്ചേക്കാവുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി "കേരള നിയമ സഹായ നിധി ട്രസ്റ്റീ കമ്മിറ്റി" എന്ന പേരിൽ ഒരു കമ്മിറ്റി സ്ഥാപിക്കാവുന്നതാണ്.

1. 2005 ജനുവരി 20-ാം തീയതിയിലെ 135-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 63/2005 ആയി 2005, ജനുവരി 20-ാം തീയതിയിലെ ജി.ഒ.(പി)നമ്പർ 31/2005/നിയമം എന്ന വിജ്ഞാപന പ്രകാരം പകരം ചേർത്തത്.

2. 2012 മാർച്ച് 29-ാം തീയതിയിലെ 638-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ.ഒ.നമ്പർ 209/2012 ആയി 2012, മാർച്ച് 29-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 6/2012/നിയമം എന്ന വിജ്ഞാപന പ്രകാരം ചേർത്തത്.

(2) ട്രസ്റ്റീ കമ്മിറ്റി ശാശ്വതമായ പിൻതുടർച്ചാവകാശമുള്ളതും ഒരു പൊതു മുദ്രയുള്ളതും വസ്തു ആർജ്ജിക്കാനും കൈവശംവയ്ക്കാനും ഉള്ള അധികാരത്തോടുകൂടിയതുമായ ഒരു ഏകാംഗീകൃത നികായം ആയിരിക്കുന്നതും, പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ട്രസ്റ്റീ കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്,—

(എ) കേരള അഡ്വക്കേറ്റ് ജനറൽ, അദ്ദേഹം കമ്മിറ്റിയുടെ എക്സ്-ഒഫീഷ്യോ ചെയർമാൻ ആയിരിക്കേണ്ടതാണ്;

(ബി) സെക്രട്ടറി, ബാർ കൗൺസിൽ;

(സി) ബാർ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന അതിലെ രണ്ട് അംഗങ്ങൾ;

(ഡി) [1]കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം;

(ഇ) ഹൈക്കോടതിയുടെ ഒരു നോമിനി;

(എഫ്) സെക്രട്ടറി, നിയമവകുപ്പ്, അദ്ദേഹം കമ്മിറ്റിയുടെ സെക്രട്ടറിയും/ കൺവീനറും ആയിരിക്കേണ്ടതാണ്;

[2](ജി) ട്രഷറികളുടെ ഡയറക്ടർ;

3(എച്ച്) നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി, നിയമ (കെ.എൽ.ബി.എഫ്) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്.

(4) (3)-ാം ഉപചട്ടം (സി) ഖണ്ഡപ്രകാരം ബാർ കൗൺസിലിൽ നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ഒരു നാല് വർഷക്കാലയളവിലേക്കോ ബാർ കൗൺസിലിൽ അവരുടെ അംഗത്വ കാലയളവ് വരെയോ, ഏതാണോ കുറവ്, അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

---

1. 2008 ജനുവരി 22-ാം തീയതിയിലെ 187-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ.ഒ.നമ്പർ 98/2008 ആയി 2008 ജനുവരി 22-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 77/2008/നിയമം എന്ന വിജ്ഞാപന പ്രകാരം പകരം ചേർത്തത്.

2. 2005 ജനുവരി 20-ാം തീയതിയിലെ 135-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ.ഒ. നമ്പർ 63/2005 ആയി 2005 ജനുവരി 20-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 31/2005/നിയമം എന്ന വിജ്ഞാപന പ്രകാരം ചേർത്തത്.

3. 2008 ജനുവരി 22-ാം തീയതിയിലെ 187-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ.ഒ. നമ്പർ 98/2008 ആയി 2008 ജനുവരി 22-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 77/2008/നിയമം എന്ന വിജ്ഞാപന പ്രകാരം പകരം ചേർത്തത്.

1 (5) (3)-ാം ഉപചട്ടത്തിലെ (ഡി) ഖണ്ഡപ്രകാരം കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് അസ്സോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന അംഗം നാല് വർഷക്കാലയളവ് വരെയോ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് അസ്സോസിയേഷനിലുള്ള അയാളുടെ അംഗത്വ കാലയളവ് വരെയോ, ഏതാണോ കുറവ്, അതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

[1](6) (3)-ാം ഉപചട്ടം (ഇ) ഖണ്ഡപ്രകാരം ഹൈക്കോടതിയുടെ ഒരു നോമിനി ഒരു നാല് വർഷക്കാലയളവ് വരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

5. *ട്രസ്റ്റീ കമ്മിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ അയോഗ്യതകളും നീക്കം ചെയ്യലും*.- (1) 4-ാം ചട്ടത്തിലെ (3)-ാം ഉപചട്ടം (സി) ഖണ്ഡം അല്ലെങ്കിൽ (ഇ) ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗം, അയാൾ,—

(എ) ബുദ്ധിസ്ഥിരതയില്ലാത്ത ആൾ ആവുകയോ; അല്ലെങ്കിൽ

(ബി) അവിമുക്തനിർദ്ധനനായി വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(സി) ട്രസ്റ്റീ കമ്മിറ്റിയുടെ അനുവാദം കൂടാതെ കമ്മിറ്റിയുടെ മൂന്നിൽ കൂടുതൽ തുടർച്ചയായ യോഗങ്ങളിൽ ഹാജരാകാതെയിരിക്കുകയോ; അല്ലെങ്കിൽ

(ഡി) സാൻമാർഗ്ഗികാധഃപതനം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് ഒരു ക്രിമിനൽ കോടതിയാൽ കുറ്റസ്ഥാപനം നടത്തുകയും, അത്തരം കുറ്റസ്ഥാപനം അസ്ഥിരപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷമോ; അല്ലെങ്കിൽ

(ഇ) വിശ്വാസ വഞ്ചന നടത്തിയിട്ടുണ്ടെങ്കിലോ,

ട്രസ്റ്റീ കമ്മിറ്റിയിൽ ഒരു അംഗമായിരിക്കുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

(2) (1) -ാം ഉപചട്ടപ്രകാരം അയോഗ്യനാവുകയോ അയോഗ്യനാക്കപ്പെടുകയോ ചെയ്യുന്ന ഏതൊരംഗത്തെയും ട്രസ്റ്റീ കമ്മിറ്റിയിലെ അംഗത്വത്തിൽ നിന്നും സർക്കാരിന് നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ ഏതൊരു അംഗത്തേയും നീക്കം ചെയ്തുകൊണ്ടുള്ള ഒരു ഉത്തരവും, ആ അംഗത്തിന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാത്തപക്ഷം പാസ്സാക്കുവാൻ പാടുള്ളതല്ല. ബാർ കൗൺസിലോ

1. 2012 മേയ് 21-ാം തീയതിയിലെ 1042-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ.ഒ.നമ്പർ 7/2012/നിയമം ആയി 2012 മാർച്ച് 29-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 7/2012/നിയമം എന്ന വിജ്ഞാപന പ്രകാരം ചേർത്തത്.

ഹൈക്കോടതിയോ നാമനിർദ്ദേശം ചെയ്ത അംഗങ്ങളുടെ സംഗതിയിൽ ആ അംഗത്തിനെ നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ് പാസ്സാക്കുന്നതിന് മുമ്പ് ബാർ കൗൺസിലിന്റെയോ ഹൈക്കോടതിയുടെയോ, അതതുസംഗതിപോലെ, അഭിപ്രായങ്ങൾ കൂടി തേടിയിരിക്കേണ്ടതാണ്.

6. *ട്രസ്റ്റീ കമ്മിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ രാജിയും യാദൃശ്ചിക ഒഴിവുകളുടെ നികത്തലും.*- (1) 4-ാം ചട്ടത്തിലെ (3)-ാം ഉപചട്ടം (സി) ഖണ്ഡം അല്ലെങ്കിൽ (ഇ) ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതെങ്കിലും അംഗത്തിന് മൂന്നുമാസത്തെ രേഖാമൂലമുള്ള നോട്ടീസ് സർക്കാരിന് നൽകിക്കൊണ്ട് അയാളുടെ ഔദ്യോഗികസ്ഥാനം രാജി വയ്ക്കാവുന്നതും രാജി സർക്കാർ സ്വീകരിക്കുന്നതോടെ അദ്ദേഹം തന്റെ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതുമാണ്:

എന്നാൽ രാജി സ്വീകരിക്കുന്നതിനുമുമ്പ്, ബാർ കൗൺസിലുമായോ ഹൈക്കോടതിയുമായോ, അതതുസംഗതിപോലെ, സർക്കാർ കൂടിയാലോചിക്കേണ്ടതാണ്.

(2) (1)-ാം ഉപചട്ടത്തിൽ പരാമർശിച്ചിട്ടുള്ള ഒരംഗത്തിന്റെ ഔദ്യോഗിക സ്ഥാനത്തിലുണ്ടാകുന്ന ഒരു യാദൃശ്ചിക ഒഴിവ്, കഴിയുന്നത്രവേഗം, ബാർ കൗൺസിലിനോ ഹൈക്കോടതിക്കോ, അതതുസംഗതിപോലെ, നികത്താവുന്നതും അത്തരത്തിലുള്ള ഒഴിവ് നികത്തുന്നതിനായി അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗം, ഏതൊരംഗത്തിന്റെ സ്ഥാനത്തേക്കാണോ അദ്ദേഹം നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന്റെ ഉദ്യോഗക്കാലാവധിയുടെ ശേഷിക്കുന്ന കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതുമാണ്.

7. *ഒഴിവ്, ന്യൂനത മുതലായവമൂലം ട്രസ്റ്റീ കമ്മിറ്റിയുടെ പ്രവൃത്തികൾ അസാധുവാകുന്നതല്ലെന്ന്.*—ഈ ചട്ടങ്ങൾ പ്രകാരം ട്രസ്റ്റീ കമ്മിറ്റി ചെയ്ത പ്രവൃത്തിയോ എടുത്ത തീരുമാനമോ,—

(എ) കമ്മിറ്റിയിലെ ഏതെങ്കിലും ഒഴിവോ രൂപീകരണത്തിലുണ്ടാകുന്ന ന്യൂനതയോ; അല്ലെങ്കിൽ

(ബി) അതിലെ ഒരംഗമായ ഏതെങ്കിലും ആളെ നാമനിർദ്ദേശം ചെയ്യുന്നതിൽ ഉണ്ടാകുന്ന എന്തെങ്കിലും ന്യൂനതയോ ക്രമക്കേടോ; അല്ലെങ്കിൽ

(സി) കേസിന്റെ ഗുണാഗുണങ്ങളെ ബാധിക്കാത്ത അങ്ങനെയുള്ള പ്രവൃത്തിയിലോ നടപടിയിലോ ഉണ്ടായ ഏതെങ്കിലും ന്യൂനതയോ ക്രമക്കേടോ എന്ന കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

8. *ട്രസ്റ്റീ കമ്മിറ്റിയുടെ ചുമതലകൾ.*—(1) ട്രസ്റ്റീ കമ്മിറ്റി നിധിയുടെ ഭരണ നിർവ്വഹണം നടത്തേണ്ടതാണ്.

(2) നിധിയുടെ ഭരണ നിർവ്വഹണത്തിനുവേണ്ടി, ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ട്രസ്റ്റീ കമ്മിറ്റി,—

(എ) വിശ്വാസപൂർവ്വം നിധിയുടെ വകയായ തുകകളും ആസ്തിയും കൈവശം വയ്ക്കേണ്ടതാകുന്നു;

(ബി) നിധിയുടെ ലക്ഷ്യപുരോഗതിക്കായി ഏതെങ്കിലും ഇനത്തിൽ നേരിടേണ്ടുന്ന ചെലവിനെ സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കേണ്ടതാകുന്നു;

(സി) നിധിയിൽനിന്നും ഉണ്ടായിട്ടുള്ള ചെലവുകളുടെ കണക്കുകൾ സൂക്ഷ്മ പരിശോധന നടത്തേണ്ടതാകുന്നു;

(ഡി) ഈ ചട്ടങ്ങൾ പ്രകാരം ചെയ്യേണ്ടതോ ചെയ്യാവുന്നതോ ആയ അങ്ങനെയുള്ള മറ്റു പ്രവർത്തികൾ നടത്തേണ്ടതുമാകുന്നു.

9. *സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും.*—(1) ട്രസ്റ്റീ കമ്മിറ്റിയുടെ സെക്രട്ടറി,—

(എ) ട്രസ്റ്റീ കമ്മിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് അധികാര സ്ഥാനം ആയിരിക്കുന്നതും, അതിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ടിരിക്കുന്നതുമാണ്;

(ബി) കമ്മിറ്റിക്കുവേണ്ടിയോ കമ്മിറ്റിക്കെതിരായിട്ടോ ഉള്ള എല്ലാ വ്യവഹാരങ്ങളിലും നടപടികളിലും പ്രതിനിധാനം ചെയ്യേണ്ടതാണ്;

(സി) ട്രസ്റ്റീ കമ്മിറ്റിയുടെ എല്ലാ തീരുമാനങ്ങളും നിർദ്ദേശങ്ങളും തന്റെ കയ്യൊപ്പിട്ട് പ്രമാണീകരിക്കേണ്ടതാണ്;

(ഡി) ട്രസ്റ്റീ കമ്മിറ്റിയുടെ ബാങ്ക് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യേണ്ടതാണ്;

(ഇ) ട്രസ്റ്റീ കമ്മിറ്റിയുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും, ഹാജരാകുകയും അതിന്റെ മിനിട്ട്സ് തയ്യാറാക്കേണ്ടതുമാണ്;

(എഫ്) അപ്പോഴപ്പോൾ നിർണ്ണയിക്കപ്പെടാവുന്ന ഫാറങ്ങളും [1]അക്കൗണ്ടുകളും രജിസ്റ്ററുകളും മറ്റു റിക്കാർഡുകളും സൂക്ഷിക്കുകയും, ട്രസ്റ്റീ കമ്മിറ്റിയെ സംബന്ധിച്ച എല്ലാ കത്തിട പാടുകളും നടത്തേണ്ടതുമാണ്.

(ജി) ട്രസ്റ്റീ കമ്മിറ്റിയുടെ കണക്കുകളും രജിസ്റ്ററുകളും അതതുകാലത്ത് പരിശോധിക്കുകയും ഒത്തുനോക്കി ബോധ്യപ്പെടേണ്ടതുമാണ്;

(എച്ച്) ഓരോ സാമ്പത്തിക വർഷവും ട്രസ്റ്റീ കമ്മിറ്റി നടത്തിയ ബിസിനസ്സുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്;

(ഐ) ട്രസ്റ്റീ കമ്മിറ്റി നിർദ്ദേശിക്കുന്ന പ്രകാരമുള്ള മറ്റു പ്രവൃത്തികൾ ചെയ്യേണ്ടതാണ്.

10. *ട്രസ്റ്റീ കമ്മിറ്റിയുടെ യോഗങ്ങൾ.*--(1) ട്രസ്റ്റീ കമ്മിറ്റി ഈ ചട്ടങ്ങൾ പ്രകാരമുള്ള ബിസിനസ്സ് നടത്തുന്നതിനുവേണ്ടി കുറഞ്ഞത് മൂന്ന് കലണ്ടർ മാസത്തിൽ ഒരിക്കലോ ആവശ്യമാണെന്ന് കാണുകയാണെങ്കിൽ അതിൽ കൂടുതൽ പ്രാവശ്യമോ യോഗം ചേരേണ്ടതാണ്.

(2) ട്രസ്റ്റീ കമ്മിറ്റിയുടെ ഒരു യോഗത്തിന് പത്ത് പൂർണ്ണ ദിവസത്തെ നോട്ടീസ് നൽകേണ്ടതാണ്.

(3) ട്രസ്റ്റീ കമ്മിറ്റിയുടെ ഒരു യോഗത്തിനുള്ള ക്വാറം മൂന്ന് ആയിരിക്കേണ്ടതാണ്.

(4) ട്രസ്റ്റീ കമ്മിറ്റിയുടെ യോഗങ്ങൾ സാധാരണയായി കമ്മിറ്റി സെക്രട്ടറിയുടെ ആഫീസിൽ വച്ച് കൂടേണ്ടതാണ്.

(5) ട്രസ്റ്റീ കമ്മിറ്റിയുടെ യോഗങ്ങളിൽ ചെയർമാൻ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും അദ്ദേഹത്തിന്റെ അഭാവത്തിൽ ആ യോഗത്തിൽ ഹാജരായ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുത്ത ഒരു അംഗം ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

1. 2005 ജനുവരി 20-ാം തീയതിയിലെ 135-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ.ഒ. നമ്പർ 63/2005 ആയി 2005, ജനുവരി 20-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 31/2005/നിയമം എന്ന വിജ്ഞാപനപ്രകാരം കൂട്ടിച്ചേർത്തത്.

(6) ട്രസ്റ്റീ കമ്മിറ്റിയുടെ ഒരു യോഗത്തിന് മുമ്പാകെ വരുന്ന ഏതെങ്കിലും വിഷയം യോഗത്തിൽ ഹാജരാവുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷത്താൽ തീരുമാനിക്കേണ്ടതും, വോട്ടുകൾ തുല്യമായി വരുന്ന സംഗതിയിൽ, ചെയർമാനോ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന അംഗത്തിനോ ഒരു കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതുമാണ്.

11. *നിധിയിലേക്ക് കിട്ടേണ്ടതായ തുകയുടെ പിരിച്ചെടുക്കൽ.*—(1) ആക്റ്റിലെ 76-ാം വകുപ്പുപ്രകാരം നിധിയിലേക്ക് വരവ് വയ്ക്കേണ്ടതായ തുക [1]"നിയമ സഹായനിധി" എന്ന വാക്കുകൾ മുദ്രണം ചെയ്ത അൻപതു പൈസ, ഒരു രൂപ, രണ്ടു രൂപ, അഞ്ചു രൂപ, നൂറു രൂപ എന്നീ വ്യത്യസ്ത മൂല്യങ്ങളുടെ ആവശ്യമുള്ള എണ്ണം കോടതി ഫീസ് സ്റ്റാമ്പുകളായി ട്രഷറി ആഫീസുകളിൽ നിന്നും വിതരണം ചെയ്യുമ്പോൾ പിരിച്ചെടുക്കേണ്ടതും അതിന്റെ വിറ്റു വരവ് [2]"0030- സ്റ്റാമ്പ്സും രജിസ്ട്രേഷനും-01 സ്റ്റാമ്പ്സ് ജുഡീഷ്യൽ 800-99 സ്പെഷ്യൽ സ്റ്റാമ്പ്സ് ഓൺ ലീഗൽ ബെനിഫിറ്റ് ഫണ്ട്" എന്ന കണക്ക് ശീർഷകത്തിൽ വരവ് വെയ്ക്കേണ്ടതും, ഒരു വർഷം അങ്ങനെ സമാഹരിച്ച തുക അടുത്തവർഷം നിധിയിലേക്ക് മാറ്റേണ്ടതും വരവ് വെയ്ക്കേണ്ടതുമാണ്.

(2) ഓരോ വർഷവും മാർച്ച് 31-ാം തീയതിയിൽ നിധിയിൽ ലഭ്യമായ തുക സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി കാര്യക്ഷമമായ നിയമസേവനം നൽകുന്ന ആവശ്യത്തിലേക്കും, അഭിഭാഷകവൃത്തിക്ക് സാമൂഹ്യസുരക്ഷാ സംവിധാനം ലഭ്യമാക്കുന്നതിനും വേണ്ടി തുല്യമായി വീതിച്ചു നൽകേണ്ടതാണ്. അഭിഭാഷകവൃത്തിക്ക് സാമൂഹ്യ സുരക്ഷാ സംവിധാനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന തുക, 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിൻകീഴിൽ രൂപീകരിച്ച നിധിയിലേക്ക്, പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഉപയോഗിക്കുന്നതിനുവേണ്ടി, വരവ് വെയ്ക്കുന്നതിനായി അഭിഭാഷക ക്ഷേമ നിധിയുടെ കൺവീനറായ കേരള ബാർ കൗൺസിൽ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

12. *നിധിയിൽ നിന്നും പണം കൊടുക്കൽ.*- സംസ്ഥാനത്തെ ജനങ്ങൾക്കു വേണ്ടി കാര്യക്ഷമമായ നിയമസേവനം നൽകുന്ന ആവശ്യത്തിലേക്കായി ചെലവ് ചെയ്യപ്പെടേണ്ടുന്ന സംഗതികളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നതാണ്, അതായത്.-

1. 1997 സെപ്റ്റംബർ 24-ാം തീയതിയിലെ 1322-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ.ഒ. നമ്പർ 754/97 ആയി 1997 സെപ്റ്റംബർ 24-ാം തീയതിയിലെ 13204/ജി3/95/നിയമം എന്ന വിജ്ഞാപനപ്രകാരം പകരം ചേർത്തത്.
2. 2005 ജനുവരി 20-ാം തീയതിയിലെ 135-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ.ഒ. നമ്പർ 63/2005 ആയി 2005 ജനുവരി 20-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 31/2005/നിയമം എന്ന വിജ്ഞാപനപ്രകാരം പകരം ചേർത്തത്.

(i) അഭിഭാഷകരുടെ ക്ലാർക്കുമാർക്ക് പ്രവർത്തിക്കുന്നതിനുള്ള സ്ഥലം ഏർപ്പാടാക്കുന്നതിനും;

(ii) കോടതികളിൽ ഹാജരാകുന്ന കക്ഷികൾക്കും സാക്ഷികൾക്കും വേണ്ടി വിശ്രമസ്ഥലത്തിനും മറ്റു സൗകര്യങ്ങൾക്കും;

(iii) നിയമ സേവനത്തിൽ താൽപ്പര്യമുള്ള ആൾക്കാർക്കു വേണ്ടി നിയമ സഹായ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും;

(iv) പ്രത്യേക കേസുകളിൽ അഭിഭാഷകരെ ഏർപ്പെടുത്തുന്ന തിനുവേണ്ടിയുള്ള ചെലവുകൾക്കും;

(v) സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിന് നിയമപ്രശ്നങ്ങളെയും കേരള ഹൈക്കോടതിയുടെ പ്രധാനപ്പെട്ട തീരുമാനങ്ങളെയും സംബന്ധിച്ച പ്രസിദ്ധീകരണ ങ്ങൾക്കും; കൂടാതെ

(vi) സംസ്ഥാനത്തെ ജനങ്ങൾക്ക് കാര്യക്ഷമമായ നിയമ സേവനം നൽകുന്നതിനുവേണ്ടി ആവശ്യമെന്നു കമ്മിറ്റിക്ക് തോന്നുന്ന അങ്ങനെയുള്ള മറ്റു കാര്യങ്ങൾക്കും.

13. *കണക്കുകളുടെ ആഡിറ്റ്.*—(1) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ കൊണ്ട് ട്രസ്റ്റീ കമ്മിറ്റിയുടെ കണക്കുകൾ വർഷംതോറും ആഡിറ്റ് ചെയ്യിക്കേണ്ടതാണ്.

(2) ട്രസ്റ്റീ കമ്മിറ്റി, ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ ട്രസ്റ്റീ കമ്മിറ്റിയുടെ കണക്കുകൾ അതിന്റെ ആഡിറ്റ് റിപ്പോർട്ട് സഹിതം സർക്കാരിന് അയച്ചുകൊടുക്കേണ്ടതും സർക്കാരിന് അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉത്തരവുകൾ അതിൻമേൽ പുറപ്പെടുവിക്കാവുന്നതുമാണ്.

(3) ട്രസ്റ്റീ കമ്മിറ്റി (2)-ാം ഉപചട്ടപ്രകാരം സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ജി. ശശിധരൻ,**

ഗവൺമെന്റ് സെക്രട്ടറി,

നിയമവകുപ്പ്.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1959-ലെ കേരള കോടതി ഫീസും വ്യവഹാരസലയും ആക്റ്റിലെ 76-ാം വകുപ്പ് സംസ്ഥാനത്തെ ജനങ്ങൾക്ക് കാര്യക്ഷമമായ നിയമ സേവനം നൽകുന്ന ആവശ്യത്തിലേക്കുവേണ്ടിയും അഭിഭാഷക വൃത്തിക്ക് സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിലേക്കു വേണ്ടിയും ഒരു നിയമ സഹായനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പ് ജനങ്ങൾക്കുള്ള നിയമസഹായവും അഭിഭാഷകവൃത്തിക്കുള്ള സാമൂഹ്യ സുരക്ഷാസംവിധാനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗവും രീതിയും വ്യവസ്ഥ ചെയ്യുന്നതിന് ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. 76-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

(ശരിത്തർജ്ജമ)

**എസ്. കുമാരി സുധ,**

നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി ആന്റ്

ചെയർമാൻ, പരിഭാഷാ സെൽ.

# ലേഖനങ്ങൾ

# മൗലിക കർത്തവ്യങ്ങളുടെ പ്രസക്തി

**എസ്. എച്ച്. ജയകേശൻ,**
*അഡീഷണൽ നിയമ സെക്രട്ടറി, നിയമവകുപ്പ്*
*(രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ)*

ഭാരതത്തിന്റെ ഭരണഘടനയുടെ III-ാം ഭാഗം മൗലിക അവകാശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. നിയമത്തിനു മുമ്പാകെ സമത്വത്തിനുള്ള അവകാശം, മതം, ജാതി, ജനനസ്ഥലം തുടങ്ങിയ കാരണങ്ങളെ അടിസ്ഥാനമാക്കിയുള്ള വിവേചനത്തിന്റെ നിരോധനം, പൊതു ഉദ്യോഗ കാര്യങ്ങളിൽ അവസരസമത്വം, സംസാരത്തിനും ആശയപ്രകടനത്തിനും തൊഴിലോ വ്യാപാരമോ നടത്തുന്നതിനുള്ള സ്വാതന്ത്ര്യം, കുറ്റകൃത്യം ചെയ്ത സമയം പ്രാബല്യത്തിൽ ഇല്ലാതിരുന്ന ഒരു നിയമത്തിന്റെ ലംഘനത്തിന് ശിക്ഷിക്കപ്പെടാതിരിക്കാനുള്ള സംരക്ഷണം, ഒരേ കുറ്റത്തിന് ഒന്നിലധികം പ്രാവശ്യം പ്രോസിക്യൂട്ട് ചെയ്യുന്നതും ശിക്ഷിക്കുന്നതും തടയുക, വിദ്യാഭ്യാസത്തിനുള്ള അവകാശം, മതസ്വാതന്ത്ര്യം തുടങ്ങിയ മൗലിക അവകാശങ്ങളാണ് ഭരണഘടന നമുക്ക് പ്രദാനം ചെയ്യുന്നത്.

മേൽപ്പറഞ്ഞ മൗലികാവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിന് സുപ്രീം കോടതിയെ സമീപിക്കാനുള്ള അവകാശം ഭരണഘടനയുടെ 32-ാം അനുച്ഛേദത്തിൽ ഉറപ്പാക്കിയിട്ടുണ്ട്. ഇതേ ആവശ്യത്തിന് ഹൈക്കോടതികളെ അനുച്ഛേദം 226 പ്രകാരവും സമീപിക്കാവുന്നതാണ്.

ഇപ്രകാരമുള്ള മൗലികാവകാശങ്ങൾക്ക് പുറമേ, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയിലധിഷ്ഠിതമായ സാമൂഹിക വ്യവസ്ഥിതി ഫലപ്രദമായി സംരക്ഷിച്ച് രാഷ്ട്രം ജനങ്ങളുടെ ക്ഷേമം അഭിവൃദ്ധി പ്പെടുത്തണമെന്നും ഭരണഘടന വിഭാവനം ചെയ്യുന്നു.

ഇങ്ങനെയെല്ലാം പൗരന്മാരുടെ സംരക്ഷണം ഉറപ്പാക്കുന്ന ഭരണഘടനയിൽ ചില മൗലിക കർത്തവ്യങ്ങളും നിഷ്ക്കർഷിച്ചിട്ടുണ്ട്.

ഭാഗം IVഎ-യിലാണ് മൗലിക കർത്തവ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത്. യഥാർത്ഥത്തിൽ നമ്മുടെ ഭരണഘടന നിലവിൽ വന്ന സമയത്ത് മൗലികകർത്തവ്യങ്ങൾ അടങ്ങുന്ന ഒരു ഭാഗം ഇല്ലായിരുന്നു. 1976-ലെ ഭരണഘടന 42-ാം ഭേദഗതി ആക്റ്റിന്റെ 11-ാം വകുപ്പ് പ്രകാരമാണ് മൗലികകർത്തവ്യങ്ങൾ അടങ്ങുന്ന അനുച്ഛേദം 51 എ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. ഇതിന് 03-01-1977 മുതൽക്കാണ് പ്രാബല്യം നൽകിയിട്ടുള്ളത്. ശ്രീ. സ്വരൺസിംഗ് അദ്ധ്യക്ഷനായ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു ഭേദഗതി ഭരണഘടനയിൽ വരുത്തിയത്. മനുഷ്യാവകാശം സംബന്ധിച്ച അന്തർദ്ദേശീയ പ്രഖ്യാപനത്തിന്റെയും ജപ്പാൻ, ചൈന എന്നീ രാജ്യങ്ങളുടെയും കൂടാതെ മുൻ സോവിയറ്റ് യൂണിയന്റെയും ഭരണഘടനകളുടെ ആശയങ്ങളും ഉൾക്കൊണ്ടാണ് നമ്മുടെ ഭരണഘടനയിൽ മൗലികകർത്തവ്യങ്ങൾ നിശ്ചയിച്ചത്. മൗലികകർത്തവ്യങ്ങളെക്കുറിച്ചുള്ള അവബോധം എല്ലാ പൗരൻമാർക്കും ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക എന്നതാണ് മൗലികകർത്തവ്യങ്ങളിൽ ഏറ്റവും പ്രഥമം. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയ ആദർശങ്ങളെ പരിപോഷിപ്പിക്കണമെന്നും അവയെ പിൻതുടരണമെന്നും ഭരണഘടന നമ്മോട് നിർദ്ദേശിക്കുന്നു. ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തേണ്ടതും സംരക്ഷിക്കേണ്ടതും നമ്മുടെ മൗലിക കർത്തവ്യമാണ്. രാജ്യത്തെ കാത്ത് സൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കാൻ ആവശ്യപ്പെടുമ്പോൾ അപ്രകാരം ചെയ്യുക, മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ സൗഹാർദ്ദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവുവരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക എന്നിവയും നമ്മുടെ മൗലിക കർത്തവ്യങ്ങളാണ്. രാജ്യത്തിന്റെ സമ്മിശ്ര സംസ്ക്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യണമെന്നും വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യായുള്ള പരിസ്ഥിതി

സംരക്ഷിക്കണമെന്നും അഭിവൃദ്ധിപ്പെടുത്തണമെന്നും ജീവികളോട് കാരുണ്യം കാട്ടണമെന്നും ഭരണഘടന നമ്മോട് നിർദ്ദേശിച്ചിട്ടുണ്ട്.

ഭരണഘടന നിർദ്ദേശിക്കുന്ന മൗലികകർത്തവ്യങ്ങളിൽ പൊതുസ്വത്ത് പരിരക്ഷിക്കുകയും അക്രമം ശപഥം ചെയ്ത് ഉപേക്ഷിക്കുകയും ചെയ്യണമെന്ന കർത്തവ്യം ഏറെ പ്രസക്തവും പ്രധാനപ്പെട്ടതുമാണ്. ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്ക്കരണത്തിനുമുള്ള മനോഭാവവും വികസിപ്പിക്കണമെന്ന് ഭരണഘടന നമ്മോട് ആവശ്യപ്പെടുന്നു. രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കണമെന്ന വലിയ ഉത്തരവാദിത്വമാണ് ഭരണഘടന നമ്മിൽ ഏൽപ്പിച്ചിരിക്കുന്നത്.

2002-ലെ 86-ാം ഭരണഘടനാ ഭേദഗതി പ്രകാരം ആറു മുതൽ പതിനാല് വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും, രാഷ്ട്രം, നിയമം വഴി തീരുമാനിക്കുന്ന അങ്ങനെയുള്ള രീതിയിൽ, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

മൗലിക അവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിന് സുപ്രീംകോടതിയേയും ഹൈക്കോടതിയേയും സമീപിക്കാൻ ഭരണഘടന വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അത്തരം അവകാശങ്ങളുടെ ലംഘനം സംഭവിക്കുമ്പോഴെല്ലാം നാം കോടതിയെ സമീപിക്കാറുണ്ട്. അതിനാൽ, ഒരുപക്ഷേ, നമുക്ക് ഏറെ പരിചിതം മൗലിക കർത്തവ്യങ്ങളെക്കാളുപരി മൗലിക അവകാശങ്ങളെക്കുറിച്ചാണെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ മൗലിക അവകാശങ്ങളും മൗലികകർത്തവ്യങ്ങളും ഒരു നാണയത്തിന്റെ ഇരു വശങ്ങളെന്നപോലെതന്നെ പ്രധാനവും രാഷ്ട്രത്തിനും പൗരന്മാർക്കും വിസ്മരിക്കാനാകാത്തതുമാണ്. ഉത്തമപൗരന്മാർ എന്ന നിലയിൽ മൗലിക കർത്തവ്യങ്ങളെക്കുറിച്ച് നാം പൂർണ്ണമായും ബോധവാന്മാരായിരിക്കേണ്ടതാണ്.

നമ്മുടെ ഭരണഘടനയുടെ ഭാഗം IV-ൽ രാഷ്ട്രനയത്തിന്റെ നിർദ്ദേശക തത്ത്വങ്ങൾ അടങ്ങിയിട്ടുണ്ട്. ജനങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്ന സാമൂഹിക വ്യവസ്ഥിതി രാഷ്ട്രം പ്രാവർത്തികമാക്കണമെന്ന്

നിർദ്ദേശിക്കുന്നതോടൊപ്പം രാജ്യം അനുവർത്തിക്കേണ്ട ചില നയതത്വങ്ങളെ കുറിച്ച് ഈ ഭാഗം നിർദ്ദേശിക്കുകയും ചെയ്യുന്നു. സ്ത്രീക്കും പുരുഷനും തുല്യജോലിക്ക് തുല്യമായ വേതനം നൽകുക, തൊഴിലാളികളായ സ്ത്രീ-പുരുഷന്മാരുടെ ആരോഗ്യത്തിന്, പ്രായത്തിനോ ശക്തിക്കോ അനുയോജ്യമല്ലാത്ത പണികൾ സാമ്പത്തികാവശ്യത്താൽ ചെയ്യാൻ നിർബന്ധിതരായിത്തീരാതിരിക്കാൻ വേണ്ട നടപടി, പുരുഷനും സ്ത്രീക്കും ഒരുപോലെ ഉപജീവന ഉപായങ്ങൾക്ക് അവകാശം നൽകുക തുടങ്ങി നിരവധി നിർദ്ദേശങ്ങളാണ് ഭരണഘടന രാഷ്ട്രത്തോട് നിർദ്ദേശിക്കുന്നത്. എന്നാൽ ഇത്തരം വ്യവസ്ഥകൾ ഏതെങ്കിലും കോടതിക്ക് നടപ്പാക്കാവുന്നതല്ല എന്നും ഭരണഘടനയുടെ 37-ാം അനുച്ഛേദം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറിച്ച് പൗരന്മാർക്ക് മൗലികകർത്തവ്യങ്ങൾ നിശ്ചയിച്ചിട്ടുള്ളതു പോലെ, മേൽപ്പറഞ്ഞ നിർദ്ദേശക തത്ത്വങ്ങൾ രാജ്യഭരണത്തിലും നിയമനിർമ്മാണത്തിലും രാഷ്ട്രത്തിന്റെ മൗലികകർത്തവ്യങ്ങളാണ്.

നമ്മുടെ മൗലികകർത്തവ്യങ്ങൾ രാഷ്ട്രത്തിന്റെ മൗലിക കർത്തവ്യങ്ങൾ സൂചിപ്പിക്കുന്ന ഭാഗം IV-ലെ നിർദ്ദേശകതത്ത്വങ്ങളെപ്പോലെയാണ്. നിർദ്ദേശക തത്ത്വങ്ങളെ കോടതിക്ക് നടപ്പാക്കാൻ കഴിയാത്തതുപോലെ, മൗലിക കർത്തവ്യങ്ങളുടെ ലംഘനത്തിന് പ്രത്യേക ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ മൗലികാവകാശങ്ങളുടെ സംരക്ഷണത്തിനായി കോടതിയെ സമീപിക്കുന്ന ഏതൊരു പൗരനും താൻ അനുച്ഛേദം 51 എ പ്രകാരമുള്ള മൗലികകർത്തവ്യങ്ങൾക്ക് രാഷ്ട്രത്തോട് കടപ്പെട്ടിരിക്കുന്നു എന്നകാര്യം എപ്പോഴും ഓർത്തിരിക്കേണ്ടതുണ്ട്. മറ്റു വിധത്തിൽ പറഞ്ഞാൽ മൗലിക കർത്തവ്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയാൽ മൗലികാവകാശത്തിന് അയാൾക്ക് അർഹതയില്ലെന്ന സ്ഥിതിവിശേഷം ഉണ്ടാകാം. ഇക്കാര്യം സ്വാഭാവികമായും, മൗലികാവകാശ സംരക്ഷണത്തിനായി കോടതിയെ സമീപിക്കുമ്പോൾ അതാത് കേസിലെ വസ്തുതകളും സാഹചര്യവും വിലയിരുത്തി കോടതി തീരുമാനിക്കേണ്ട സംഗതിയാണ്. ഉദാഹരണത്തിന്, ഭരണകൂടത്തോടുള്ള പ്രതിഷേധമെന്ന് പറഞ്ഞ് പ്രകടനമോ സമരമോ നടത്തുകയും ആരെങ്കിലും നമ്മുടെ ഭരണഘടനയോട് അനാദരവ് കാട്ടുന്ന രീതിയിൽ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും തുടർന്ന് അതിന്റെ പകർപ്പിനെ നശിപ്പിക്കുകയോ മറ്റോ ചെയ്തശേഷം അത്തരം നിയമവിരുദ്ധമായ പ്രതിഷേധത്തെ അനുച്ഛേദം 19 പ്രകാരമുള്ള സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള മൗലിക

അവകാശത്തിന്റെ ഭാഗമായി കാണണമെന്ന് പറഞ്ഞാൽ അത് നമ്മുടെ നിയമവ്യവസ്ഥയ്ക്ക് അംഗീകരിക്കാൻ കഴിയാത്ത കാര്യമാണ്.

മൗലികകർത്തവ്യങ്ങളുടെ ലംഘനത്തിന് ഭരണഘടന ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിലും അതിന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നടത്തുന്നതിന് രാഷ്ട്രത്തിന് അധികാരമുണ്ട്. നമ്മുടെ ഭരണഘടനയിൽ മൗലിക കർത്തവ്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനു മുൻപുതന്നെ ഭരണഘടനയുടെ IV-ാം ഭാഗത്തിലെ നിർദ്ദേശക തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ മൗലികകർത്തവ്യങ്ങൾ നിശ്ചയിക്കുന്ന നിയമനിർമ്മാണം നടത്താൻ രാഷ്ട്രത്തിന് കഴിയുമെന്ന് ബഹു:സുപ്രീംകോടതി ചന്ദ്രഭവാൻ കേസിൽ **(എ.ഐ.ആർ 1970 എസ്.സി 2042)** പ്രസ്താവിച്ചിരുന്നു.

പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച മൗലികകർത്തവ്യത്തെക്കുറിച്ച് പൗരന്മാരെ കൂടുതൽ ബോധവന്മാരാക്കുന്നതിനായി ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ പരിസ്ഥിതി സംരക്ഷണവും, വനം, തടാകങ്ങൾ, നദികൾ, വന്യജീവികൾ എന്നിവയുടെ സംരക്ഷണവും സംബന്ധിച്ച കാര്യങ്ങൾ പാഠ്യവിഷയമാക്കണമെന്നും സുപ്രീംകോടതി മേഹ്ത കേസിൽ **[(1988) 1 എസ്.സി.സി 47 ]** കേന്ദ്രസർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. ഇത് നമ്മുടെ രാജ്യത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്.

മൗലികാവകാശങ്ങൾക്ക് ഭരണഘടനപരമായിത്തന്നെ സംരക്ഷണം ലഭിച്ചിട്ടുള്ള ഭാരതവാസികളായ നമുക്ക് അതിൽ അഭിമാനിക്കുന്നതോടൊപ്പം, മൗലികകർത്തവ്യ നിർവ്വഹണത്തിനായി സ്വയം സമർപ്പിക്കുന്നതായി പ്രതിജ്ഞയുമെടുക്കാം.

# വിവരാവകാശം

**സാദിഖ് എം.കെ.**
*അഡീഷണൽ നിയമ സെക്രട്ടറി, നിയമവകുപ്പ്*

നാടിന്റെ നന്മക്കുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്യാൻ സാധ്യതകളുള്ള വളരെ ശക്തമായ ഒരു ആക്റ്റാണ് 2005-ലെ വിവരാവകാശ ആക്റ്റ്. നിർഭാഗ്യവശാൽ ഈ ആക്റ്റ് അതിന്റെ പൊരുൾ ഉൾക്കൊണ്ടുകൊണ്ട് ഉപയോഗിക്കുന്നവർ വളരെ കുറച്ച് പേർ മാത്രം. ഉപയോഗിക്കുന്നവരിൽ തന്നെ പലരും ഈ ആക്റ്റ് ഉദ്യോഗസ്ഥരോടുള്ള ദ്വേഷ്യം തീർക്കുന്നതിനും മനഃപൂർവ്വം ബുദ്ധിമുട്ടാക്കുന്നതിന് വേണ്ടിയും ദുരുപയോഗപ്പെടുത്തുന്നു എന്നുള്ളത് ദുഃഖകരമായ ഒരു സത്യമാണ്. അത്തരം സംഗതികളാണ് ബഹു. സുപ്രീംകോടതിയുടെ 2012-ലെ "വ്യക്തിപരമായ വിവരങ്ങളു" (Personal Information) മായി ബന്ധപ്പെട്ട വിധിന്യായത്തിന് ആധാരം. ഒരു വ്യക്തിയുടെ സ്വകാര്യതയിലേക്ക് കടന്നുകയറ്റമായേക്കാവുന്ന വിവരങ്ങൾ പൊതുതാൽപര്യമുണ്ടെങ്കിൽ മാത്രം നൽകിയാൽ മതി എന്നതാണ് ബഹു. സുപ്രീം കോടതിയുടെ നിഗമനം.

ഈ ആക്റ്റിനെക്കുറിച്ചുള്ള ശരിയായ ധാരണ ഇത് ഉപയോഗിക്കുന്നവരിൽ പലർക്കും ഇല്ല എന്നതുപോലെതന്നെ വിവരങ്ങൾ നൽകേണ്ട ഉദ്യോഗസ്ഥരിൽ പലർക്കും അപ്രകാരം ഒരു ധാരണ ഇല്ല എന്നുള്ളതും പറയാതിരിക്കാൻ നിർവ്വാഹമില്ല. ഈ ആക്റ്റുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി) 2005-മുതൽ പല രീതിയിലുമുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. ഈ കാലയളവിൽ നിരവധി പരിശീലകരെ ഈ വിഷയത്തിൽ ഐ.എം.ജി വളർത്തിയെടുത്തിട്ടുമുണ്ട്. എന്നിട്ടും ഈ ആക്റ്റ് നടപ്പാക്കുന്നതിലുള്ള പോരായ്മകൾക്കുള്ള കാരണം എന്തായിരിക്കുമെന്ന് നമ്മൾ ഓരോരുത്തരും ചിന്തിക്കേണ്ടതാണ്.

<u>എന്താണ് വിവരാവകാശം</u> ?

ഒരു പബ്ലിക് അതോറിറ്റിയിൽ *(പബ്ലിക് അതോറിറ്റി എന്നാണ് സർക്കാർ ആഫീസുകൾക്ക് ഉപയോഗിച്ചിരിക്കുന്ന പദം വളരെ ബൃഹത്തായ നിർവ്വചനവും ഈ ആക്റ്റിൽ പബ്ലിക് അതോറിറ്റിക്ക് നൽകിയിട്ടുണ്ട്)* നിന്നും അല്ലെങ്കിൽ അതിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനത്തിൽ നിന്നോ ഏതൊരു പൗരനും വിവരങ്ങൾ ലഭ്യമാക്കാനാണ് ഈ ആക്റ്റ്. കൂടാതെ ആഫീസുകൾ, സർക്കാർ ജോലികൾ, ഫയലുകൾ മുതലായവ പരിശോധിക്കുവാനും ഈ ആക്റ്റ്പ്രകാരം ഒരു പൗരന് അവകാശമുണ്ട്. മാത്രവുമല്ല സാമ്പിളുകൾ, മോഡലുകൾ മുതലായവ ലഭ്യമാക്കുവാനും ഈ ആക്റ്റിൽ വ്യവസ്ഥയുണ്ട്. വളരെ ചുരുങ്ങിയ ചെലവേ ഇതിനൊക്കെ വേണ്ടൂ എന്നുള്ളത് ഈ ആക്റ്റിന്റെ പ്രത്യേകതയാണ്.

നമ്മുടെ ജനാധിപത്യത്തിന്റെ അടിത്തറ കാത്തുസൂക്ഷിച്ചുകൊണ്ട് തന്നെയാണ് ഈ ആക്റ്റ് ഉണ്ടാക്കിയിട്ടുള്ളത്. ജനാധിപത്യത്തിന് ഹാനികരമാവുന്ന അല്ലെങ്കിൽ സർക്കാർ സ്ഥാപനങ്ങളുടെ നടത്തിപ്പിനെ ബാധിക്കുന്ന തരത്തിലുള്ള വിവരങ്ങൾ നൽകുന്നതിൽ നിന്നും ഈ ആക്റ്റിൽ ഒഴിവ് നൽകിയിട്ടുണ്ട്. എന്നാൽ വ്യക്തി താൽപര്യത്തേക്കാൾ പൊതു താൽപര്യത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം ഈ ആക്റ്റ് നൽകുന്നു. അതുകൊണ്ട് തന്നെ പൊതുതാൽപര്യമുണ്ടെങ്കിൽ ഒഴിവാക്കപ്പെട്ട വിവരങ്ങളും നൽകേണ്ടതുണ്ട് എന്ന വ്യവസ്ഥ ഈ ആക്റ്റിനെ മറ്റ് നിയമങ്ങളിൽ നിന്നും വേറിട്ടു നിർത്തുന്നു.

ഇന്റലിജൻസ് & സെക്യൂരിറ്റി ഓർഗനൈസേഷൻ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളെ ഈ ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും മനുഷ്യാവകാശ ലംഘനം, അഴിമതിയാരോപണം എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഒരു പൗരന് നൽകാൻ ഈ സ്ഥാപനങ്ങൾക്ക് ഈ ആക്റ്റുപ്രകാരം ബാദ്ധ്യതയുണ്ട് എന്നുള്ളതും ഈ ആക്റ്റിന്റെ പ്രത്യേകതയാണ്. ഒരു വ്യക്തിയെ സംബന്ധിച്ച പകർപ്പവകാശലംഘനമാവുന്ന വിവരങ്ങൾ മാത്രമാണ് ഈ ആക്റ്റുപ്രകാരം പൂർണ്ണമായും ഒഴിവാക്കപ്പെട്ട വിവരം.

ഇത്രയൊക്കെ അവസരങ്ങൾ ഉള്ള ആക്റ്റ് ഇന്ത്യയിലെ ഒരു പൗരന് നൽകിയിട്ടും അത് വേണ്ടവിധം ഉപയോഗിക്കുന്നില്ല എന്നുള്ളത് വളരെ ദുഃഖകരമായ ഒരു സത്യമാണ്. ഈ ആക്റ്റ് യഥാവിധി അതിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കേണ്ട ഉത്തരവാദിത്തം സ്റ്റേറ്റ് പബ്ലിക്

ഇൻഫർമേഷൻ ആഫീസർ എന്ന് നാമകരണം ചെയ്തിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർക്കാണ്. ഈ ആക്റ്റിന്റെ ജീവൻ നിലനിൽക്കുന്നത് ഇവരിലാണ് എന്ന് പറഞ്ഞാൽ അത് ഒട്ടും അതിശയോക്തിയാവില്ല. എന്നാൽ പല സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരും ഈ ആക്റ്റിന്റെ പൊരുൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്നുണ്ടോ എന്ന് ചോദിക്കേണ്ട ഒരവസ്ഥയും നിലനിൽക്കുന്നുണ്ട് എന്നുള്ളത് നിഷേധിക്കാനാവാത്ത ഒരു സത്യമാണ്. ഏതൊക്കെ രീതിയിൽ വിവരങ്ങൾ ലഭ്യമാക്കാൻ പറ്റുമോ ആ രീതിയിലൊക്കെ ഒരു പൗരന് വിവരം ലഭ്യമാക്കേണ്ട നിയമപരമായ ബാദ്ധ്യതയുള്ളവരാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാർ. എങ്ങിനെയൊക്കെ വിവരങ്ങൾ നൽകാതിരിക്കാം എന്ന് ഗവേഷണം നടത്തുന്ന ചില സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർമാരും ഇല്ലാതില്ല എന്ന് പറയാതെ വയ്യ.

ജനങ്ങളും ഉദ്യോഗസ്ഥരും ഒരേ രീതിയിൽ ഈ ആക്റ്റിനെ കണ്ടാലേ ഈ ആക്റ്റിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കൂ. ഈ ആക്റ്റിനെക്കുറിച്ചുള്ള ബോധവൽക്കരണം ഇനിയും ഒരുപാട് ആവശ്യമുണ്ട്. അത് ആവശ്യപ്പെടുന്ന വർക്കും അത് നൽകുന്നവർക്കും ഈ രണ്ട് വിഭാഗങ്ങളും ഈ ആക്റ്റിന്റെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊണ്ടെങ്കിൽ മാത്രമേ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയൂ. എങ്കിൽ മാത്രമേ ഈ നാട് ജനാധിപത്യം വിഭാവനം ചെയ്ത ഒരു ക്ഷേമ രാഷ്ട്രമായി മാറുകയുള്ളൂവെന്ന് നമ്മൾ ഓരോരുത്തരും മനസ്സിലാക്കേണ്ടതുണ്ട്. വിവരാവകാശ ആക്റ്റ് നടപ്പിലാക്കിയതിനുശേഷം പല ചൂഷണങ്ങളെപ്പറ്റിയും ജനം ബോധവൻ മാരാകുകയും തത്ഫലമായി അനേകം ചൂഷണങ്ങളിൽ നിന്നും രക്ഷ നേടാനും കഴിഞ്ഞിട്ടുണ്ട്.

പുതുപൊന്നാനിപാലത്തിന്റെ ടോൾപിരിവ് അവസാനിപ്പിക്കാൻ ഇടയായതും അരൂർ കുമ്പളം പാലത്തിന്റെ നിർമ്മാണച്ചെലവിന്റെ ഇരട്ടിയിലധികം തുക പിരിച്ചത് പുറത്തുവന്നതും, സുനാമിഫണ്ട് ദുർവിനിയോഗം ചെയ്തത് കണ്ടെത്തി വിജിലൻസ് അന്വേഷണ ത്തിലേക്ക് നയിച്ചതും ആകാശവിവാദത്തിൽ ബി.സന്ധ്യ, ഐ.ജി-യുടെ റിപ്പോർട്ട് പുറത്തു വന്നതും കള്ളിന്റെ ഉൽപ്പാദനവും വിപണനവും തമ്മിലുള്ള അളവിന്റെ വ്യത്യാസം പുറത്തുവന്നതും, വിദ്യാർത്ഥികൾക്ക് സ്വന്തം ഉത്തരക്കടലാസോ പകർപ്പോ കാണാനുള്ള അവസരം ഉണ്ടാക്കിയതും വിവരാവകാശ ആക്റ്റിന്റെ ശക്തി കാണിക്കുന്നു. മേൽപ്പറഞ്ഞവ

ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രം. ഇങ്ങനെ എത്രയോ നല്ല കാര്യങ്ങൾ ഈ ആക്റ്റുമൂലം  നമ്മുടെ നാട്ടിൽ സംഭവിച്ചിട്ടുണ്ട്.  വളരെ കുറച്ചുപേർ മാത്രം ഉപയോഗിച്ചിട്ട് പോലും ഇത്രയേറെ മാറ്റങ്ങൾ വരുത്താൻ ഈ ആക്റ്റിന് കഴിഞ്ഞെങ്കിൽ ഈ ആക്റ്റ് അതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് കൂടുതൽ ജനങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയാൽ ഉണ്ടാവുന്ന മാറ്റത്തെപ്പറ്റി ഒന്നാലോചിച്ചു നോക്കൂ.

# 2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ട്

**ചന്ദ്രബോസ് പി. വി**
*ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്*
(അസോസിയേറ്റ് ഫെല്ലോ, ഐഎംജി, കൊച്ചി-30.)

## 1. ഉദ്ദേശ്യം

സർക്കാർ വകുപ്പുകളിലെയും പൊതു സ്ഥാപനങ്ങളിലെയും പ്രവർത്തനങ്ങൾ സുതാര്യവും കൂടുതൽ ജനക്ഷേമകരവുമാക്കുന്നതിനുവേണ്ടിയുണ്ടാക്കിയിട്ടുള്ള നിയമങ്ങളിൽ പ്രധാനപ്പെട്ട ഒരു നിയമമാണ് കേരള നിയമസഭ പാസ്സാക്കി 2012 നവംബർ 1-ന് നിലവിൽ വന്ന **കേരള സംസ്ഥാന സേവനാവകാശ ആക്റ്റ്.** ഇന്ത്യയിലെ പൊതു ഭരണസംവിധാനത്തിൽ വളരെ വലിയ മാറ്റം വരുത്തിയ വിവരാവകാശ ആക്റ്റിന്റെ ശ്രേണിയിൽ പെടുത്താവുന്നതാണ് സേവനാവകാശ ആക്റ്റും. കേരള സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള സേവനങ്ങൾ അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി ലഭ്യമാക്കുക എന്നതാണ് സേവനാവകാശ ആക്റ്റിൽ വ്യവസ്ഥ ചെയ്യുന്നത്. നിലവിലുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കുമേൽ പിഴശിക്ഷ വകുപ്പുതല അച്ചടക്ക ലംഘന നടപടി സാദ്ധ്യമാക്കുന്നു എന്നതാണ് ഈ ആക്റ്റിന്റെ സവിശേഷത. സർക്കാർ ആഫീസുകളിൽനിന്നും പൊതുസ്ഥാപനങ്ങളിൽനിന്നും ജനങ്ങൾക്ക് കൃത്യമായ സേവനം ലഭിക്കുന്നതിന് ഈ ആക്റ്റ് സഹായകരമാണ്.

## 2. ആക്റ്റ് ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങൾ

പ്രസ്തുത ആക്റ്റിലെ വകുപ്പ് 2 (ജി) അനുശാസിക്കുന്നത്, സർക്കാരിന്റെ എല്ലാ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുമേഖലാസ്ഥാപനങ്ങളും നിയമം മൂലം സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളും (statutory bodies- ഉദാ: യൂണിവേഴ്സിറ്റികൾ) ആക്റ്റിന്റെ പരിധിയിൽ വരുന്നു എന്നാണ്.

## 3. ലഭ്യമാകുന്ന സേവനങ്ങൾ

(1) സർക്കാർ കാലാകാലങ്ങളിൽ ഉത്തരവുകളിലൂടെപ്രഖ്യാപിക്കുന്ന സേവനങ്ങൾ

(2) ആക്റ്റുപ്രകാരം ലഭ്യമാക്കേണ്ട സേവനങ്ങൾ

ബന്ധപ്പെട്ട സ്ഥാപനങ്ങൾ പ്രസ്തുത സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.

എല്ലാ വകുപ്പു മേധാവികളും സ്ഥാപന മേധാവികളും ആക്റ്റ് നിലവിൽ വന്ന തീയതി മുതൽ ആറ് മാസങ്ങൾക്കുള്ളിൽ, അവരുടെ സേവനങ്ങൾ എന്തെല്ലാമാണെന്നും അവ ലഭ്യമാക്കുന്ന സമയ പരിധിയും നിയുക്ത ഉദ്യോഗസ്ഥർ (Designated Officers), ഒന്നും രണ്ടും അപ്പീലധികാരികൾ (First and Second Appellate Authorities) ആരൊക്കെ എന്നും നിശ്ചയിച്ച് ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നാണ് വകുപ്പ് 3 നിഷ്ക്കർഷിക്കുന്നത്.

## 4. നിയുക്ത ഉദ്യോഗസ്ഥന്റെ ചുമതലകൾ

പ്രസ്തുത ആക്റ്റുപ്രകാരം സേവനങ്ങൾ ലഭ്യമാക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ "നിയുക്ത ഉദ്യോഗസ്ഥൻ" എന്ന് വകുപ്പ് 3 വ്യവസ്ഥ ചെയ്യുന്നുണ്ട്. ഓരോ വകുപ്പു മേധാവിയും സ്ഥാപന മേധാവിയും അവരുടെ നിയുക്ത ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന വിജ്ഞാപനം ചെയ്യേണ്ടതാണ്. നിയുക്ത ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-

(1) സേവനങ്ങൾക്ക് നിലവിലുള്ള അപേക്ഷ ഫാറം തുടരാവുന്നതാണ്. പ്രത്യേക അപേക്ഷ ഫാറം ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(2) അപേക്ഷയ്ക്ക് കൈപ്പറ്റു ചീട്ട് നൽകേണ്ടതാണ്. ഇതിനായി സേവനാവകാശ ചട്ടങ്ങളിലെ 1-ാം നമ്പർ ഫാറം ഉപയോഗിക്കേണ്ടതാണ്.

(3) അപേക്ഷ സ്വീകരിച്ച് കൈപ്പറ്റു ചീട്ട് നൽകുന്നതിന് കീഴുദ്യോഗ സ്ഥനെ ചുമതലപ്പെടുത്തുന്നതിന് നിയുക്ത ഉദ്യോഗസ്ഥന് അധികാരമുണ്ട്. (ചട്ടം 5(2))

(4) അപേക്ഷ സ്വീകരിച്ച ദിവസം മുതൽ നിശ്ചിത സമയപരിധി ആരംഭിക്കുന്നു. സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം പൊതു ഒഴിവു ദിവസങ്ങളെ സമയപരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(5) സേവനാവകാശ ചട്ടങ്ങളിലെ IV-ാം നമ്പർ ഫാറം പ്രകാരമുള്ള **അപേക്ഷ രജിസ്റ്റർ** നിയുക്ത ഉദ്യോഗസ്ഥൻ എഴുതി സൂക്ഷിക്കേണ്ടതാണ്.

(6) അപേക്ഷാ ഫീസ്, അനുബന്ധ പ്രമാണങ്ങൾ/സാക്ഷ്യപത്രങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ലെങ്കിൽ അക്കാര്യം കൈപ്പറ്റു ചീട്ടിൽ രേഖപ്പെടുത്തുകയും ആയവ ഹാജരാക്കുവാൻ അപേക്ഷകന് സമയം അനുവദിക്കേണ്ടതു മാണ്. ആവശ്യമായ ഫീസ്/പ്രമാണങ്ങൾ എന്നിവ ഹാജരാക്കുന്ന ദിവസം മുതലായിരിക്കും നിശ്ചിത സമയപരിധി ആരംഭിക്കുന്നത് - ചട്ടം 4.

(7) വിജ്ഞാപനം ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനം ലഭ്യമാക്കേണ്ടതാണ്. നിലവിലുള്ള ഏതെങ്കിലും ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധമായിരിക്കണം അപേക്ഷയിൽ തീരുമാനമെടുത്ത് സേവനം ലഭ്യമാക്കേണ്ടത്.

**5. ഒന്നാം അപ്പീൽ [വകുപ്പ് 6 (1) മുതൽ 6(3) വരെ]**

ഓരോ സ്ഥാപനവും അവരുടെ ഒന്നാം അപ്പീൽ അധികാരിയെ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം ലഭ്യമാക്കിയിട്ടില്ലെങ്കിലോ സേവനത്തിനുള്ള അപേക്ഷ നിരസിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിലോ പ്രസ്തുത ഒന്നാം അപ്പീലധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

**ഒന്നാമപ്പീലധികാരി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

(1) സേവനത്തിനുള്ള അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് കൈപ്പറ്റിയതിനു ശേഷം അഥവാ സേവനം ലഭ്യമാക്കേണ്ട നിശ്ചിത സമയ പരിധി അവസാനിച്ചതിനുശേഷം മുപ്പത് ദിവസങ്ങൾക്കുള്ളിൽ അപ്പീൽ സമർപ്പിക്കണം.

(2) തക്കതായ കാരണം ബോധിപ്പിച്ചാൽ അപ്പീൽ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കിക്കൊടുക്കേണ്ടതാണ്.

(3) സേവനാവകാശചട്ടങ്ങളിലെ 11-ാം നമ്പർ ഫാറം അഥവാ പ്രസ്തുത ഫാറത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരം ഉൾക്കൊള്ളുന്നവയായിരിക്കണം അപ്പീൽ മെമ്മോറാണ്ടം.

(4) അപ്പീലിനൊപ്പം ഫീസ് ഈടാക്കേണ്ടതില്ല - ചട്ടം 8

(5) ഏതുത്തരവിനെതിരെയാണോ അപ്പീൽ ഫയൽ ചെയ്യുന്നത് പ്രസ്തുത ഉത്തരവിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അപ്പീലിനോടൊപ്പം സമർപ്പിക്കുന്ന രേഖകളുണ്ടെങ്കിൽ അവയുടെ ലിസ്റ്റ് എന്നിവ അപ്പീലിനൊപ്പം ഹാജരാക്കിയിരിക്കണം-ചട്ടം 10.

(6) സേവനം ലഭ്യമാക്കേണ്ടിയിരുന്ന നിശ്ചിത സമയപരിധി തന്നെയാണ് അപ്പീൽ തീർപ്പാക്കുന്നതിനുള്ള സമയപരിധിയും. *ഉദാ:* വരുമാനസർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതിനുള്ള സമയപരിധി 6 ദിവസമാണ്. ആയതിനാൽ ബന്ധപ്പെട്ട അപ്പീൽ തീർപ്പാക്കിയിരിക്കേണ്ടത് 6 ദിവസങ്ങൾക്കുള്ളിലാണ്.

(7) നിശ്ചിത സമയത്തിനുള്ളിൽ സേവനം ലഭ്യമാക്കുവാൻ നിയുക്ത ഉദ്യോഗസ്ഥനോട് ആവശ്യപ്പെടാൻ ഒന്നാം അപ്പീലധികാരിക്ക് അധികാരമുണ്ടായിരിക്കും - വകുപ്പ് 6(2)

(8) സേവനാവകാശചട്ടങ്ങളിലെ IV-ാം നമ്പർ ഫാറത്തിലെ നിർദ്ദിഷ്ട രജിസ്റ്റർ ഒന്നാമപ്പീലധികാരി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 6. രണ്ടാം അപ്പീൽ [വകുപ്പ് 6(4) മുതൽ 6(9) വരെ]

ഓരോ സ്ഥാപനവും രണ്ടാം അപ്പീൽ അധികാരിയെ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. ഒന്നാമപ്പീലധികാരിയുടെ തീരുമാനം തൃപ്തികര മല്ലെങ്കിൽ അറുപതു ദിവസങ്ങൾക്കുള്ളിൽ രണ്ടാം അപ്പീൽ സമർപ്പിക്കേണ്ടതാണ്.

**രണ്ടാം അപ്പീൽ നടപടിയെ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:-**

(1) തക്കതായ കാരണം ബോധിപ്പിച്ചാൽ അപ്പീൽ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി കൊടുക്കേണ്ടതാണ്.

(2) നിശ്ചിത സമയത്തിനുള്ളിൽ സേവനം ലഭ്യമാക്കുവാൻ നിയുക്ത ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുവാൻ രണ്ടാം അപ്പീലധികാരിക്ക് അധികാര മുണ്ടായിരിക്കും.

(3) സേവനം ലഭ്യമാക്കേണ്ടിയിരുന്ന നിശ്ചിത സമയപരിധിതന്നെയാണ് രണ്ടാം അപ്പീൽ തീർപ്പാക്കുന്നതിനുള്ള കാലപരിധിയും.

(4) സേവനാവകാശചട്ടങ്ങളിലെ IV-ാം നമ്പർ ഫാറപ്രകാരമുള്ള നിർദ്ദിഷ്ട രജിസ്റ്റർ രണ്ടാം അപ്പീലധികാരി എഴുതി സൂക്ഷിക്കേണ്ടതാണ്.

ഒന്നാം അപ്പീലോ രണ്ടാം അപ്പീലോ തീർപ്പാക്കിക്കൊണ്ട് ബന്ധപ്പെട്ട അപ്പീലധികാരി നൽകിയ നിർദ്ദേശം നിയുക്ത ഉദ്യോഗസ്ഥൻ അനുസരിക്കാത്തപക്ഷം രണ്ടാം അപ്പീലധികാരിമുമ്പാകെ അപ്രകാരമുള്ള അനുസരിക്കാതിരിക്കൽ ബോധിപ്പിച്ചുകൊണ്ട് അപേക്ഷ സമർപ്പിക്കുന്നതിനും പ്രസ്തുത അപേക്ഷ രണ്ടാം അപ്പീലുപോലെ തന്നെ പരിഗണിച്ച് നടപടി കൈക്കൊള്ളേണ്ടതാണെന്നും വകുപ്പ് 6(8)-ഉം 6(9)-ഉം നിഷ്ക്കർഷിക്കുന്നുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ രണ്ടാം അപ്പീലധികാരിയെ നേരിട്ട് സമീപിക്കുന്നതിന് അപേക്ഷകന് അവസരം ലഭിക്കുന്നു എന്നുള്ളതാണ് ഈ വ്യവസ്ഥയുടെ പ്രത്യേകത.

ഒന്നാം അപ്പീലധികാരിക്കും രണ്ടാം അപ്പീലധികാരിക്കും സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കും. അതായത് പ്രമാണങ്ങൾ പരിശോധിക്കുന്നതിന് ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതാണ്;

അപേക്ഷകനെയോ ഉദ്യോഗസ്ഥരെയോതെളിവെടുപ്പിനായി ഹാജരാകുവാൻ സമൻസ്അയക്കുന്നതിനുമുള്ള അധികാരവുണ്ടായിരിക്കുമെന്ന് വകുപ്പ് 7 പറയുന്നു.

**7. ശിക്ഷ (വകുപ്പ് 8)**

(1) ശിക്ഷ ചുമത്തുന്നതിനുള്ള അധികാരം രണ്ടാം അപ്പീലധികാരിയിൽ നിക്ഷിപ്തമാണ്.

(2) സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയ നിയുക്ത ഉദ്യോഗസ്ഥനുമേൽ 500 രൂപ മുതൽ 5000 രൂപ വരെ പിഴ ചുമത്താവുന്നതാണ്.

(3) സേവനം നൽകുന്നതിൽ കാലതാമസം വരുത്തിയാൽ ഓരോ ദിവസത്തിനും 250 രൂപ നിരക്കിൽ 5000 രൂപയിൽ കവിയാത്ത പിഴ നിയുക്ത ഉദ്യോഗസ്ഥനുമേൽ ചുമത്താവുന്നതാണ്.

(4) നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ഒന്നാം അപ്പീലിൽ തീരുമാന മെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഒന്നാം അപ്പീലധികാരിക്കുമേൽ 500 രൂപ മുതൽ 5000 രൂപ വരെയുള്ള പിഴ ചുമത്താവുന്നതാണ്.

(5) സേവനാവകാശആക്റ്റുപ്രകാരമുള്ള ചുമതലകളിൽ വീഴ്ച വരുത്തുന്ന നിയുക്ത ഉദ്യോഗസ്ഥനെതിരെയും ഒന്നാം അപ്പീലധികാരി ക്കെതിരെയും ബന്ധപ്പെട്ട സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്കലംഘന നടപടികൾ എടുക്കുന്നതിനുള്ള ശുപാർശ ചെയ്യുന്നതിന് രണ്ടാം അപ്പീലധി കാരിക്ക് അധികാരമുണ്ടായിരിക്കും.

(6) പിഴ ശിക്ഷ ചുമത്തുന്നതിനുമുമ്പേ നിയുക്ത ഉദ്യോഗസ്ഥനും ഒന്നാം അപ്പീലധികാരിക്കും പറയാനുള്ളത് ബോധിപ്പിക്കാൻ ന്യായമായ അവസരം രണ്ടാം അപ്പീലധികാരി നൽകിയിരിക്കേണ്ടതാണ്.

(7) അപ്പീലിൻമേലെടുക്കുന്ന ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ടവർക്ക് നൽകിയിരിക്കണം- ചട്ടം 11(1)

(8) പിഴ സംഖ്യ ശമ്പളത്തിൽനിന്ന് പിടിക്കുന്നതിനുള്ള നിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട അധികാരിക്ക് രണ്ടാം അപ്പീലധികാരി ഉത്തരവിന്റെ പകർപ്പ് അയച്ചു കൊടുക്കേണ്ടതാണ്- ചട്ടം 11(3)

(9) അച്ചടക്ക നടപടി ശുപാർശയുള്ളപ്പോൾ ബന്ധപ്പെട്ട അധികാരിക്ക് അപ്പീലുത്തരവിന്റെ പകർപ്പ് രണ്ടാം അപ്പീലധികാരി അയച്ചു കൊടുക്കേണ്ടതാണ് - ചട്ടം 11(4)

(10) ശമ്പളത്തിൽനിന്ന് പിടിച്ചെടുത്ത പിഴ സംഖ്യ"0070-60-800-27" എന്ന അക്കൗണ്ട് ഹെഡിൽ അടയ്ക്കേണ്ടതാണ്- ചട്ടം 7

8. സേവനാവകാശ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് ഉത്തമ വിശ്വാസത്തിൽ തീരുമാനമെടുത്ത ഉദ്യോഗസ്ഥർക്കെതിരെ വ്യവഹാരമോ പ്രോസീക്യൂഷനോ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല-വകുപ്പ് 9. നിർഭയമായും നിഷ്പക്ഷമായും ചുമതലകൾ നിർവ്വഹിക്കുന്നതിന് ഈ വകുപ്പ് ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുന്നു.

9. സേവനാവകാശ ആക്റ്റ് പ്രകാരമെടുത്ത ഉത്തരവുകൾക്കെതിരെ യാതൊരു വ്യവഹാരമോ നടപടിയോ സിവിൽ കോടതിയിൽ നിലനിൽ ക്കുന്നതല്ല- വകുപ്പ് 10.

10. സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ നിയുക്ത ഉദ്യോഗസ്ഥൻ പതിക്കേണ്ട വിവരം-ചട്ടം 6

(1) സേവനങ്ങളും അവ ലഭ്യമാക്കുന്ന നിശ്ചിത സമയപരിധിയും

(2) നിയുക്ത ഉദ്യോഗസ്ഥനെക്കുറിച്ചുള്ള വിവരം

(3) ഒന്നാം അപ്പീലധികാരിയെക്കുറിച്ചുള്ള വിവരം

(4) രണ്ടാം അപ്പീലധികാരിയെക്കുറിച്ചുള്ള വിവരം

(5) സേവനങ്ങൾക്കുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ/സാക്ഷ്യ പത്രങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരം

(6) സേവനാവകാശ ചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറങ്ങൾ

മേൽ പറഞ്ഞ വിവരങ്ങൾ ആഫീസിന്റെ മുൻവശത്ത് ജനങ്ങൾക്ക് സൗകര്യപ്രദമായി വായിക്കത്തക്ക വിധത്തിൽ സ്ഥിരമായി പ്രദർശിപ്പിക്കേണ്ടതാണ്.

2012 -ലെ **കേരള സംസ്ഥാന സേവനാവകാശ ആക്റ്റും, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളും** (Kerala State Right to Service Rules, 2012) 2012 ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. **സേവനാവകാശ ആക്റ്റ്** വകുപ്പ് 3 പ്രകാരമുള്ള വിജ്ഞാപനം ഓരോ വകുപ്പും പ്രത്യേകമായി ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. പ്രസ്തുത ആക്റ്റും ചട്ടങ്ങളും നോട്ടിഫിക്കേഷനുകളും അനുസരിച്ചുള്ള നടപടികൾ കൈകൊണ്ടാൽ സേവനാവകാശ ആക്റ്റ് ഗുണകര മായി നടപ്പിലാക്കുവാൻ സാധിക്കും. ചുരുക്കത്തിൽ, **സേവനാവകാശ ആക്റ്റ്** ഉദ്യോഗസ്ഥർക്കും നല്ലതാണ്. കാരണം, ബാഹ്യ പ്രേരണകൾക്കോ സ്വാധീനങ്ങൾക്കോ നിർബന്ധിതരാകാതെ സുതാര്യമായും ഉത്തരവാദിത്വത്തോടു കൂടിയും സേവനങ്ങൾ ജനങ്ങൾക്ക് കൃത്യമായി ലഭ്യമാക്കാനുള്ള അവസരമാണ് പ്രസ്തുത ആക്റ്റുമൂലം കൈവന്നിരിക്കുന്നത്. ഈ ആക്റ്റ് പൊതു സേവനമേഖലയ്ക്ക് മുതൽക്കൂട്ടാണ്.

# *രജിസ്ട്രേഷൻ നിയമങ്ങൾ:*

## ഒരു വിഹഗ വീക്ഷണം

**രാജശേഖരക്കുറുപ്പ് ആർ.**
*അണ്ടർ സെക്രട്ടറി, നിയമവകുപ്പ്*
*(ലാ ആഫീസർ, ഐ.ജി. ഓഫ് രജിസ്ട്രേഷൻ)*

ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് രേഖ ഉണ്ടായിരിക്കുക എന്നത് സമാധാനം നിലനിർത്തുന്നതിന് ഒഴിച്ചുകൂടാനാവാത്ത ഒരു നിയമസംവിധാനമായി കണക്കാക്കപ്പെടുന്നു.

നമ്മുടെ രാജ്യത്ത് അവകാശങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ 1882-ലെ വസ്തു കൈമാറ്റ ആക്റ്റും 1908-ലെ രജിസ്ട്രേഷൻ ആക്റ്റും മറ്റു പല അനുബന്ധ നിയമങ്ങളും നിലവിൽ വരികയുണ്ടായി. നിയമപ്രകാരം വസ്തു കൈമാറ്റത്തിന് ആധികാരികത കൈവരിക്കുന്നതിനായി അവയിൽ പലതിനും രജിസ്ട്രേഷൻ നിർബന്ധമാക്കപ്പെട്ടു. ആധാരങ്ങളുടെ സുരക്ഷിതത്വവും കലർപ്പില്ലായ്മയും ഉറപ്പാക്കുകയായിരുന്നു ഈ ആക്റ്റുകളുടെ മുഖ്യ ലക്ഷ്യം.

ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ടതാണ് 1908-ലെ രജിസ്ട്രേഷൻ ആക്റ്റ്. ആധാരം എന്ന വാക്ക് ഈ ആക്റ്റിൽ നിർവ്വചിക്കപ്പെട്ടിട്ടില്ല. അതിനാൽ, 1897-ലെ സാമാന്യ ഖണ്ഡങ്ങൾ ആക്റ്റിലെ (General Clauses Act) 3(18)-ാം വകുപ്പിലെ 'Document' എന്ന പദത്തിന്റെ നിർവ്വചനത്തെയാണ് ഇതിനായി ആശ്രയിക്കാവുന്നത്. അതനുസരിച്ച് Document എന്നത് "any matter written, expressed, or described upon any substance by means of letters, figures or marks" എന്നതാണ്.

അതായത് എന്തെഴുതിയും, എഴുതിയ തീയതി, കക്ഷികളുടെ വിവരണം അവരുടെ ഒപ്പ് ഉണ്ടെങ്കിൽ അതൊരു ആധാരമാണ്. എന്തൊക്കെ എഴുതണമെന്ന് എഴുതിയ ആളോ എഴുതിക്കുന്ന ആളോ തീരുമാനിക്കുന്നതാണ്. എന്നാൽ രജിസ്റ്റർ ചെയ്യുന്നതിന് സ്വീകരിക്കണമെങ്കിൽ രജിസ്ട്രേഷൻ ആക്റ്റും അതിൻ കീഴിലുണ്ടാക്കിയ ചട്ടവും മുദ്രപത്ര ആക്റ്റും അതിൻകീഴിലുണ്ടാക്കിയ ചട്ടവും മൂലം നിർബന്ധമായും എഴുതേണ്ട വിവരങ്ങൾ എഴുതിയിരിക്കണം.

എന്നാൽ വസ്തുവിലെ അവകാശങ്ങളെയോ ബാദ്ധ്യതകളെയോ സംബന്ധിച്ചുള്ള ആധാരമാണെങ്കിൽ അവയ്ക്കു ബാധകമായ നിയമ വ്യവസ്ഥകൾ പാലിക്കപ്പെടണം. കരാർ, ട്രസ്റ്റ്, മുക്ത്യാർ, മരണപത്രം, ദത്തെടുക്കൽ തുടങ്ങി പലവിധ നിയമങ്ങളുടെയും പരിധിയിൽ വരുന്ന ആധാരങ്ങളിൽ ആ നിയമങ്ങളിലെ വ്യവസ്ഥകളും പാലിക്കപ്പെടണം. അതുപോലെ മുദ്രപത്ര ആക്റ്റും പാലിക്ക പ്പെടേണ്ടതുണ്ട്.

രജിസ്ട്രേഷൻ ആക്റ്റ് ഇടപാടുകളെക്കാളുപരി ആധാരങ്ങളെ നിയന്ത്രിക്കുന്നു. രജിസ്ട്രേഷൻ ആക്റ്റിന്റെ ലക്ഷ്യം പ്രധാനമായും ഇനിപറയുന്നവയാണ്.

(1) ആധാരങ്ങളുടെ കലർപ്പില്ലായ്മയ്ക്കു നിരാക്ഷേപമായ തെളിവുകളുണ്ടാക്കുക.

(2) ഇടപാടുകൾക്ക് പ്രചരണം നൽകുക

(3) വഞ്ചന (കൃത്രിമം) തടയുക

(4) ഒരു വസ്തു കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താൻ സൗകര്യം നൽകുക.

(5) അവകാശപത്രങ്ങൾക്ക് (title deeds) സുരക്ഷിതത്വം നൽകുക, അസ്സലാധാരങ്ങൾ നഷ്ടപ്പെടുകയോ, നശിച്ച് പോകുകയോ ചെയ്താൽ അവകാശങ്ങൾ സ്ഥാപിക്കുന്നതിനു സൗകര്യം നൽകുക.

ഒരു ആധാരം സൃഷ്ടിക്കപ്പെടുമ്പോൾ തന്നെ അതു സാധു വായിരിക്കണം. സാധുവല്ലാത്ത ആധാരം രജിസ്റ്റർ ചെയ്യുന്നതുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കണമെന്നില്ല. സാധുവായ ആധാരങ്ങളുടെ സൃഷ്ടി

ആരംഭിക്കുന്നതിനു മുമ്പ് അറിഞ്ഞിരിക്കേണ്ട നിയമങ്ങളും തത്വങ്ങളും അറിയേണ്ടത് അത്യാവശ്യമാണ്. ആധാരങ്ങളുടെ സാധുത എപ്രകാരം ഉറപ്പാക്കാം എന്ന കാര്യത്തിൽ ജനങ്ങളും അവരിൽ പ്രത്യേകിച്ച് അഭ്യസ്തവിദ്യർപോലും ഇപ്പോഴും ബോധവാൻമാരല്ല.

ഏതൊരാളും വസ്തു കൈമാറ്റം ചെയ്യുന്നതിനു മുമ്പായി രജിസ്ട്രേഷൻ നിയമങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ്. സാധാരണക്കാരെ സംബന്ധിച്ചിട ത്തോളം വളരെ കഷ്ടപ്പെട്ടും ബുദ്ധിമുട്ടിയും സമ്പാദിക്കുന്ന പണംകൊണ്ടു വസ്തുവോ വീടോ മറ്റോ വാങ്ങുമ്പോൾ അതു നഷ്ടപ്പെട്ട് പോകാതിരിക്കാൻ രജിസ്ട്രേഷൻ നിയമങ്ങളെ ക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതു അത്യാവശ്യമാണ്.

വസ്തുവിന്റെ ഒരാധാരം നമ്മുടെ പേരിൽ കൈവശം ഉണ്ടെന്നതുകൊണ്ട് മാത്രം ആ വസ്തുവിന്റെ ഉടമസ്ഥാവകാശം നമുക്ക് ലഭിക്കണമെന്നില്ല. ആധാരങ്ങൾ രജിസ്റ്റർ ചെയ്തതുകൊണ്ടുമാത്രം അവകാശങ്ങൾ സിദ്ധിക്കുന്നതല്ല. അവകാശങ്ങൾക്ക് നിയമദൃഷ്ട്യാ സാധുത ഉണ്ടായിരിക്കണം. അപ്രകാരമുള്ള അവകാശങ്ങൾക്ക് നിയമം നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചാൽ മാത്രമേ അവയ്ക്കു നിയമപ്രബല്യം ഉണ്ടാകുകയുള്ളൂ. നിയമത്താൽ നിർദ്ദേശിക്കപ്പെട്ടി ട്ടുള്ള നടപടിക്രമങ്ങളിലൂടെ മാത്രമേ അവകാശത്തിന്റെ അല്ലെങ്കിൽ സ്വത്തിന്റെ ലയനം (vesting) നടക്കുകയുള്ളൂ. ഒരു സ്വത്ത് തന്നിൽ ലയിച്ചു കിട്ടാത്തിടത്തോളംകാലം യാതൊരാൾക്കും അതിന്റെ ഉടമസ്ഥാവകാശം ലഭിച്ചതായി കണക്കാക്കാൻ സാദ്ധ്യമല്ല.

രാജ്യത്തെ മിക്കവാറും നിയമങ്ങളെല്ലാം തന്നെ പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നവയാണ്. അതുകൊണ്ട് ഏതാനും ചില നിയമങ്ങൾ സംബന്ധിച്ച് മാത്രം അറിവുണ്ടായിരിക്കുകയെന്നത് കൃത്യമായ കാര്യ നിർവ്വഹണത്തിന് ഉപകരിച്ചെന്ന് വരുകയില്ല. സാധാരണ നിയമത്തിന്റെ ഏത് വകുപ്പ് പരിശോധിച്ചാലും അത് മറ്റൊരു നിയമത്തിന്റെ മറ്റൊരു വകുപ്പിലേക്കും അവിടെ നിന്നും വേറൊരു നിയമത്തിന്റെ പുതിയൊരു വകുപ്പിലേക്കും ചെന്നെത്തുന്നു. ഇങ്ങനെ ചെന്നെത്തുന്നവയുടെ അടിത്തട്ട് തെളിഞ്ഞ് കിട്ടുമ്പോഴാണ് യഥാർത്ഥ നിയമത്തിന്റെ വ്യക്തത ഉണ്ടാകുന്നത്.

1908-ലെ രജിസ്ട്രേഷൻ ആക്റ്റ് (1908-ലെ 16-ാം ആക്റ്റ്) രജിസ് ട്രേഷനെപ്പറ്റി പ്രതിപാദിക്കുന്ന പ്രധാന നിയമമാണ്. ഇതു പ്രധാനമായും രജിസ്ട്രേഷൻ

നടപടിക്രമങ്ങൾ വ്യവസ്ഥപ്പെടുത്തുന്ന ഒരു ആക്റ്റാണ്. അതു സ്വയം അവകാശം സൃഷ്ടിക്കുകയോ നിർണ്ണയിക്കുകയോ തുടങ്ങിയ അടിസ്ഥാന കാര്യങ്ങളൊന്നും നിർവ്വഹിക്കുന്നില്ല.

1908-ലെ രജിസ്ട്രേഷൻ ആക്റ്റിനു പുറമേ, രജിസ്ട്രേഷൻ ചട്ടങ്ങൾ, രജിസ്ട്രേഷൻ മാന്വൽ, 1959-ലെ കേരള സ്റ്റാമ്പ് റൂൾസ്, 1899-ലെ ഇന്ത്യൻ സ്റ്റാമ്പ് ആക്റ്റ്, 1882-ലെ വസ്തുകൈമാറ്റ ആക്റ്റ്, 1882-ലെ ട്രസ്റ്റ് ആക്റ്റ്, 1925-ലെ ഇന്ത്യൻ പിൻതുടർച്ചാവകാശ ആക്റ്റ്, 1937-ലെ ശരിയത്ത് ആക്റ്റ്, 1872-ലെ കരാർ ആക്റ്റ്, 1963-ലെ ലാന്റ് റിഫോംസ് ആക്റ്റ്, 1960-ലെ ലാന്റ് അസൈൻമെന്റ് ആക്റ്റ് തുടങ്ങിയവ ഇതിൽ പ്രധാനപ്പെട്ടവയാണ്.

രജിസ്ട്രേഷൻ ആക്റ്റ് കൈകാര്യം ചെയ്യുന്നത് പ്രധാനമായും രജിസ്ട്രേഷൻ വകുപ്പാണ്. രജിസ്ട്രേഷൻ ആക്റ്റ് അനുസരിച്ച് രജിസ്ട്രേഷനായി ഹാജരാക്കുന്ന ആധാരങ്ങൾ രജിസ്റ്റർ ചെയ്യുകയാണ് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന ചുമതല.

രജിസ്ട്രേഷൻ ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം രജിസ്ട്രാക്കുന്ന ആധാരങ്ങളുടെ സാധുതയും കക്ഷിക്കുള്ള അവകാശങ്ങളും രജിസ്ട്രേഷൻ ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടണമെന്ന് ആക്റ്റ് അനുശാസിക്കുന്നില്ല. രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 67 ഇതു വ്യക്തമാക്കുന്നു. എന്നാൽ 03-09-2010-ൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായമനുസരിച്ച് (നോബിൾ ജോൺ അഭി കേരളസർക്കാർ 2010(3) കെ.എൽ.റ്റി. 941) വസ്തു കൈമാറ്റത്തിന് അധികാരമില്ലാത്ത ഒരു കക്ഷി ഒപ്പിട്ടു ഹാജരാക്കുന്ന ആധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കേണ്ട താണെന്ന് നിർദ്ദേശിക്കുകയുണ്ടായി.

കേരളം രൂപീകരിക്കുന്നതിനുമുമ്പ് മലബാറിൽ 1865-ൽ രജിസ്ട്രേഷൻ വകുപ്പ് പ്രവർത്തനം ആരംഭിച്ചിരുന്നു. അതുപോലെ തിരുവിതാംകൂറിൽ 1868-ലും കൊച്ചിയിൽ 1875-ലും രജിസ്ട്രേഷൻ വകുപ്പ് പ്രവർത്തനം ആരംഭിച്ചിരുന്നു. 1956 നവംബർ 1-ന് കേരളം രൂപീകൃതമായതോടെ ഇവയെല്ലാം ഏകീകരിച്ച് രജിസ്ട്രേഷൻ വകുപ്പ് രൂപീകരിച്ചു. അങ്ങനെ 1908-ലെ രജിസ്ട്രേഷൻ ആക്റ്റ് കേരള മൊട്ടാകെ 1956 മുതൽ പ്രാബല്യത്തിൽ കൊണ്ടുവന്നു. അതിനു മുമ്പ് മലബാർ പ്രദേശത്ത് 1/1/1909 മുതലും മുൻ തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് 1/4/1951 മുതലും 1908-ലെ രജിസ്ട്രേഷൻ ആക്റ്റ് പ്രാബല്യത്തിൽ വന്നിരുന്നു.

രജിസ്ട്രേഷൻ ആക്റ്റനുസരിച്ച് തയ്യാറാക്കിയിട്ടുള്ള ഒരു ആധാരം യഥാവിധി രജിസ്റ്റർ ചെയ്യുന്നതിനായി പ്രസ്തുത പ്രദേശത്ത് അധികാരപരിധിയുള്ള രജിസ്ട്രേഷൻ ആഫീസർ മുമ്പാകെ ഹാജരാക്കേണ്ടതാണ്. വ്യക്തമായി ഒഴിവാക്കിയിട്ടുള്ള ആധാരങ്ങൾ ഒഴിച്ച് മറ്റുള്ളവയെല്ലാം ലൈസൻസുള്ള ആധാരമെഴുത്തുകാരൻ തയ്യാറാക്കേണ്ട താണ്. എന്നാൽ അഡ്വക്കേറ്റുമാർക്കും ആധാരം തയ്യാറാക്കാൻ വ്യവസ്ഥയുണ്ട്. ഇവർക്ക് പ്രത്യേക ലൈസൻസിന്റെ ആവശ്യമില്ല.

ആധാരം തയ്യാറാക്കി രജിസ്ട്രേഷനായി ഹാജരാക്കുമ്പോൾ 1959-ലെ കേരള സ്റ്റാമ്പ് ആക്റ്റ് അനുസരിച്ചുള്ള സ്റ്റാമ്പ് ഡ്യൂട്ടി പതിച്ചിരിക്കേണ്ടതാണ്. അതുപോലെ ആധാരം രജിസ്ട്രേഷൻ ആഫീസിൽ ഹാജരാക്കുമ്പോൾ ആവശ്യമായ ഫീസും അടയ്ക്കേണ്ടതാണ്. 1908-ലെ രജിസ്ട്രേഷൻ ആക്റ്റിൽ 2007 മേയ് മാസം നിലവിൽ വന്ന ഭേദഗതി നിയമമനുസരിച്ച് (1908-ലെ രജിസ്ട്രേഷൻ ആക്റ്റ് 32 എ വകുപ്പ്) സ്ഥാവരവസ്തുവിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച ആധാരത്തിൽ വാങ്ങുന്ന ആളുടെയും വിൽക്കുന്ന ആളുടെയും ഫോട്ടോയും വിരലടയാളവും ഉൾപ്പെടുത്തേണ്ടതാണ്.

1908-ലെ രജിസ്ട്രേഷൻ ആക്റ്റിലെ 17-ാം വകുപ്പിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ട ആധാരങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഇതനുസരിച്ച്, സ്ഥാവര വസ്തുവിന്റെ ദാനം സ്ഥാവരസ്വത്ത് സംബന്ധിച്ച മരണശാസനമല്ലാത്ത മറ്റു കരണങ്ങൾ, പാട്ടച്ചീട്ടുകൾ, കോടതിയുടെ ഡിക്രി, ഉത്തരവ്, പ്രതിഫലത്തിനു വേണ്ടി കൈമാറ്റം ചെയ്യുന്നതിനുള്ള കരാറുകൾ എന്നിവ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടവയാണ്. 2003-ലെ രജിസ്ട്രേഷൻ ആക്റ്റിലെ ഭേദഗതി അനുസരിച്ച് (2003-ലെ 31-ാം ആക്റ്റ്) സ്ഥാവരവസ്തുവിന്റെ കൈമാറ്റത്തിനുവേണ്ടി ബന്ധുക്കൾ അല്ലാത്തവരുടെ പേരിൽ ചമയ്ക്കുന്ന മുക്ത്യാർ നാമം നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടവയുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ 2003-ലെ പ്രസ്തുത ഭേദഗതിയിലൂടെ ഒരാൾ മറ്റൊരാളായി ആൾമാറാട്ടം നടത്തി രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങൾ അന്വേഷണത്തിനു ശേഷം റദ്ദാക്കുന്നതിനുള്ള അധികാരവും ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷന് നൽകിയിട്ടുണ്ട്.

സർക്കാരിന്റെയോ സർക്കാർ പൊതുമേഖലാ സ്ഥാപനത്തിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ വകയായിട്ടുള്ളതോ അവയിൽ നിക്ഷിപ്തമായിട്ടുള്ളതോ ആയ സ്ഥാവരവസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള പ്രമാണം, സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് സഹിതം ഹാജരാക്കാത്തപക്ഷം രജിസ്ട്രേഷൻ നിരസി

ക്കാവുന്നതാണ്. ഇപ്രകാരമല്ലാതെ ഏതെങ്കിലും ആധാരം രജിസ്റ്റർ ചെയ്തതായി കണ്ടെത്തിയാൽ അവ അന്വേഷണത്തിനുശേഷം റദ്ദാക്കാവുന്നതാണ്.

രജിസ്റ്റർ ചെയ്യേണ്ട ആധാരങ്ങൾ രജിസ്റ്റർ ചെയ്യാതിരുന്നാലുള്ള ഭവിഷ്യത്തുകളെക്കുറിച്ച് രജിസ്ട്രേഷൻ ആക്റ്റിലെ 49-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നു. അതനുസരിച്ച്, നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ട ഒരാധാരം, രജിസ്റ്റർ ചെയ്യാതിരുന്നാൽ അതിൽ ഉൾപ്പെട്ട എന്തെങ്കിലും സ്ഥാവരവസ്തുക്കളെ ബാധിക്കുകയോ ആ അധികാരത്തെ നൽകുന്നതോ ആയ ഏതെങ്കിലും തെളിവായി സ്വീകരിക്കപ്പെടുകയോ ചെയ്യുന്നതല്ല.

രജിസ്റ്റർ ചെയ്ത ഒരു ആധാരം നഷ്ടപ്പെടുകയാണെങ്കിൽ അവകാശങ്ങൾ സ്ഥാപിക്കുന്നതിനും അതിന്റെ പകർപ്പ് ലഭിക്കുന്നതിനും രജിസ്ട്രേഷൻ ഉപകരിക്കുന്നുണ്ട്.

രജിസ്ട്രേഷൻ ആക്റ്റനുസരിച്ച് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകുന്ന പ്രധാനപ്പെട്ട ഒരു രേഖയാണ് വസ്തുവിനെ സംബന്ധിച്ച ബാദ്ധ്യതാ സർട്ടിഫിക്കറ്റ് (Encumbrance Certificate). ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കാനുള്ളത് ഈ സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങളുടെയും മറ്റു രേഖകളുടെയും അടിസ്ഥാനത്തിൽ മാത്രം നൽകുന്ന ഒരു രേഖയാണ്. അതുകൊണ്ടുതന്നെ രജിസ്ട്രേഷൻ വകുപ്പിൽ രജിസ്റ്റർ ചെയ്യാത്ത യാതൊരു ബാദ്ധ്യതയും പ്രസ്തുത സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടുവരുന്നതല്ല. ഉദാഹരണമായി കോർട്ട് ജപ്തി, റവന്യൂ ജപ്തി, ആധാരം ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള ബാദ്ധ്യത എന്നിവയൊന്നും ബാദ്ധ്യതാ സർട്ടിഫിക്കറ്റിൽ ഉൾപ്പട്ടുവരണമെന്നില്ല. ആകയാൽ, വസ്തുവും കെട്ടിടവും മറ്റും വാങ്ങാൻ ഉദ്ദേശിക്കുന്നവർ മറ്റു ബാദ്ധ്യതകൾ വല്ലതും ഉണ്ടോ എന്നു കൂടി പരിശോധിച്ചതിനു ശേഷമായിരിക്കണം വസ്തു വാങ്ങുന്നതിനും മറ്റുമുള്ള നടപടികളിൽ ഏർപ്പെടേണ്ടത്. അല്ലെങ്കിൽ ഇവ അനാവശ്യമായ നിയമ പ്രശ്നങ്ങൾക്ക് ഇടയാക്കും.

ഏതൊരാളും വസ്തു കൈമാറ്റം ചെയ്യുന്നതിനുമുമ്പ് രജിസ്ട്രേഷൻ നിയമങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടത് ഭാവിയിൽ ഇതു സംബന്ധിച്ച് ഉണ്ടാകാനിടയുള്ള കഷ്ട നഷ്ടങ്ങൾ ഒഴിവാക്കാൻ വളരെ പ്രയോജന പ്രദമായിരിക്കും.

# *വിവാഹേതര ബന്ധം :*
# സ്ത്രീ പുരുഷ സമത്വവും ഇൻഡ്യൻ ശിക്ഷാ നിയമവും

**രഹ്ന വി.എം.**
സെക്ഷൻ ആഫീസർ, നിയമവകുപ്പ്

**"അവർ നിങ്ങൾക്ക് വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും വസ്ത്രമാകുന്നു".** ഭാര്യാ-ഭർതൃ ബന്ധത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നതാണ് വിശുദ്ധ ഖുറാനിലെ ഈ മഹത് വചനം. സ്ത്രീ-പുരുഷ വിഭാഗങ്ങളിൽ നിന്നും രണ്ട് വ്യക്തികളെ ഇണകളാക്കി ഭാര്യാഭർത്താക്കന്മാരായി ജീവിക്കാൻ നിയമപരമായി അനുവദിക്കുന്ന പ്രക്രിയയാണ് വിവാഹം. വൈവാഹിക ബന്ധത്തിലൂടെ പങ്കാളികളാകുന്ന പുരുഷനും സ്ത്രീയ്ക്കും പരസ്പരം കടമകൾ ഉള്ളതുപോലെ നിയമപരമായ അവകാശങ്ങളുമുണ്ട്. കുടുംബ ജീവിതത്തിൽ സദാചാരം കാത്തു സൂക്ഷിക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുകയെന്നത് വൈവാഹിക നിയമങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഈ ധാർമ്മിക ഉത്തരവാദിത്വത്തിന് നിയമ പരിരക്ഷ നൽകുന്നതിനും ഇത് ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ കൈകൊള്ളുന്നതിനുമുള്ള വ്യവസ്ഥകൾ നമ്മുടെ ശിക്ഷാ നിയമസംഹിതയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയിലെ 497-ാം വകുപ്പിലാണ് 'വ്യഭിചാരം' അഥവാ 'അഡൽറ്ററി' സംബന്ധിച്ച നിയമ വ്യവസ്ഥ ഉൾപ്പെട്ടിരിക്കുന്നത്. ഇവിടെ 'വ്യഭിചാരം' എന്ന പദം അർത്ഥമാക്കുന്നത് 'വിവാഹേതര ശാരീരിക ബന്ധം' അഥവാ 'അവിഹിത വേഴ്ച' എന്നാണ്. "വിവാഹ സംബന്ധമായ കുറ്റങ്ങളെക്കുറിച്ച്" എന്ന ശീർഷകത്തിൽ അധ്യായം XX-ൽ ഉൾപ്പെട്ടുവരുന്ന താണ് പ്രസ്തുത വകുപ്പ്. അത് ഇപ്രകാരമാണ്, **"മറ്റൊരു പുരുഷന്റെ ഭാര്യ യായിരിക്കുകയും മറ്റൊരു പുരുഷന്റെ ഭാര്യയാണെന്ന് താൻ അറിയുകയോ തനിക്ക് വിശ്വസിക്കാൻ കാരണമുണ്ടായിരിക്കുകയോ ചെയ്യുകയും ചെയ്യുന്ന**

**ഒരാളുമായി, ആ പുരുഷന്റെ സമ്മതമോ മൗനാനുവാദമോ കൂടാതെ ബലാത്സംഗകുറ്റമാകാത്ത ലൈംഗിക സംഗം ചെയ്യുന്ന ഏതൊരാളും വ്യഭിചാരക്കുറ്റത്തിന് അപരാധിയാകുന്നതും, അയാൾ അഞ്ച് വർഷത്തോളമാകാവുന്ന കാലത്തേയ്ക്ക് രണ്ടിലേതെങ്കിലും തരത്തിൽപ്പെട്ട തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു. അങ്ങനെയുള്ള സംഗതിയിൽ ഒരു പ്രേരക എന്ന നിലയിൽ ഭാര്യ ശിക്ഷിക്കപ്പെടുവാൻ പാടുള്ളതല്ല".** ഇതനുസരിച്ച്, ഒരു പുരുഷൻ മറ്റൊരു പുരുഷന്റെ ഭാര്യയുമായി, അയാളുടെ അറിവോ സമ്മതമോ കൂടാതെ, ശാരീരിക ബന്ധത്തിൽ ഏർപ്പെടുന്നപക്ഷം പുരുഷനാണ് ശിക്ഷിക്കപ്പെടുന്നത്. പുരുഷന്റെ പങ്കാളിയായ സ്ത്രീയെ കുറ്റക്കാരിയായോ അക്രമപ്രേരകയായോ പരിഗണിക്കുന്നതിനോ ശിക്ഷിക്കുന്നതിനോ വ്യവസ്ഥയില്ല. അവിഹിത വേഴ്ചയിൽ ഏർപ്പെടുന്നത് വഴി മറ്റൊരാളുടെ ദാമ്പത്യബന്ധത്തിന്റെ പവിത്രത കളങ്കപ്പെടുത്തുന്ന പുരുഷൻ ശിക്ഷിക്കപ്പെടണമെന്നതാണ് 497-ാം വകുപ്പിന്റെ ഉദാത്തമായ ലക്ഷ്യം. ഇവിടെ ആവലാതിക്കാരനും പ്രതിയും പുരുഷനാണ്. ഇത്തരം കുറ്റ കൃത്യങ്ങളുടെ വിചാരണ സംബന്ധിച്ച നടപടികൾ ക്രിമിനൽ നടപടി നിയമ സംഹിതയുടെ 198-ാം വകുപ്പിലാണുള്ളത്. ഇതനുസരിച്ച് അവിഹിത വേഴ്ചയിൽ ഏർപ്പെടുന്ന സ്ത്രീയുടെ ഭർത്താവിന് മാത്രമേ ഒരു നീതിന്യായ കോടതിയെ സമീപിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഭർത്താവ് ഇല്ലാത്ത സ്തീയുടെ കാര്യത്തിൽ കോടതിയുടെ അനുമതിയോടുകൂടി ആ സ്ത്രീയുടെ സംരക്ഷണ ചുമതലയുള്ള മറ്റൊരാൾക്ക് കേസ് ഫയൽ ചെയ്യാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചുരുക്കത്തിൽ വിവാഹേതര ശാരീരിക ബന്ധത്തിൽ ഏർപ്പെടുന്ന ഭർത്താവിനെതിരെ നടപടി കൈക്കൊള്ളുന്നതിന് അയാളുടെ ഭാര്യയ്ക്ക് അവകാശമില്ല. മേൽ വിവരിച്ചതിൽ നിന്നും, വ്യഭിചാരി യായ ഭർത്താവിനെതിരെ 'ക്രിമിനൽ നടപടി' എന്ന ആയുധം പ്രയോഗിക്കുന്നതിൽ നിന്നും ഭാര്യയെ തടയുകയെന്ന സദുദ്ദേശമാണ് ക്രിമിനൽ നടപടി നിയമസംഹിതയുടെ 198-ാം വകുപ്പിൽ അടങ്ങിയിട്ടുള്ളതെന്നും വ്യക്തമാണ്.

ആർഷഭാരത സംസ്കാരത്തിൽ കുടുംബം, വിവാഹം എന്നീ വ്യവസ്ഥിതികൾക്ക് നൽകിവന്നിരുന്ന പവിത്രതയുടെയും, ധാർമ്മിക നീതിയുടെയും, ഉദാഹരണങ്ങളായി ചൂണ്ടികാണിക്കാവുന്നതാണ് പ്രസ്തുത നിയമവ്യവസ്ഥകൾ. ബഹുഭാര്യത്വം സർവ്വസാധാരണമായി രുന്ന അക്കാലത്ത് മറ്റ് ഭാര്യമാർക്കൊപ്പം ഭർത്താവിനെ പങ്കുവെച്ചിരുന്ന സ്ത്രീകൾ ഏറെയും വൈവാഹിക ജീവിതം പവിത്രമായി കണക്കാക്കിപോന്നു. ശാരീരികവും

സാമ്പത്തികവും സാമൂഹികവുമായ അരക്ഷിതാവസ്ഥയിലുള്ള അത്തരം സ്ത്രീകളെ വ്യഭിചാരകുറ്റത്തിന്റെ സൂത്രധാരകരായല്ല, ഇരകളായി പരിഗണിക്കുന്നതാണ് ഉചിതമെന്ന് നിയമജ്ഞർ കണക്കാക്കിയിരുന്നത്. 497-ാം വകുപ്പ് ഇത്തരത്തിൽ ചിട്ടപ്പെടുത്താനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കുന്ന താണ് ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയുടെ ഗ്രന്ഥ കർത്താവായ മെക്കാളെപ്രഭുവിന്റെ ഈ വാക്കുകൾ:-

"Though we well know that the dearest interests of the human race are closely connected with the chastity of women and the sacredness of the nuptial contract, we cannot but feel that there are peculiarities in the state of society in this country which may well lead a humane man to pause before he determines to punish the infidelity of wives. The condition of the women of this country is, unhappily, very different from that of the women of England and France; they are married while still children: they are often neglected for other wives while still young. They share the attentions of a husband with several rivals. To make laws for punishing the inconstancy of the wife, while the law admits the privilege of the husband to fill his zenana with women, is a course which we are most reluctant to adopt. We are not so visionary as to think of attacking, by law and evil so deeply rooted in the manners of the people of this country as polygamy. We leave it to the slow, but we trust the certain, operation of education and of time. But while it exists, while it continues to produce its never failling effects on the happiness and respectability of women, we are not inclined to throw into a scale, already too much depressed the additional weigh of the penal law".

ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയുടെ 497-ാം വകുപ്പ്, ക്രിമിനൽ നടപടി നിയമ സംഹിതയുടെ 198-ാം വകുപ്പ് എന്നിവയെ അനുകൂലിച്ചും പ്രതികൂലിച്ചും നിരവധി വാദമുഖങ്ങൾ ഇന്നും നിലനിൽക്കുന്നു. 497-ാം വകുപ്പ് സ്ത്രീവിരുദ്ധമാണെന്നും സ്ത്രീകൾ ഭർത്താവിന്റെ സ്വത്ത് ആണെന്ന സങ്കല്പത്തിൽ നിന്നാണ് 497-ാം വകുപ്പ് ചിട്ടപ്പെടുത്തിയിട്ടുള്ളതെന്നും

അക്കാരണത്താൽ അത് റദ്ദ് ചെയ്യപ്പെടേണ്ടതുമാണെന്നാണ് സ്ത്രീപക്ഷക്കാരുടെ ആവശ്യം. ക്രിമിനൽ നടപടി നിയമസംഹിത 198-ാം വകുപ്പനുസരിച്ച് വ്യഭിചാരകുറ്റത്തിൽ ഏർപ്പെടുന്ന ഭർത്താവിനെതിരെ ക്രിമിനൽ നടപടി കൈകൊള്ളുന്നതിൽ നിലവിൽ സ്ത്രീകൾക്കുള്ള വിലക്ക് നീക്കം ചെയ്യുക, ഭർത്താവിന്റെ ലൈംഗിക അച്ചടക്കമില്ലായ്മയ്ക്കെതിരെ കേസ് ഫയൽ ചെയ്യുന്നതിന് ഭാര്യയ്ക്ക് അവകാശം നൽകുക, 198-ാം വകുപ്പിന്റെ ആവശ്യത്തിലേക്ക് ഭാര്യയെ സങ്കടക്കാരി/പരാതിക്കാരിയായി പരിഗണിക്കുക എന്നീ ആവശ്യങ്ങൾക്കായുള്ള ഭേദഗതി നിർദ്ദേശങ്ങളും അവർ മുന്നോട്ട് വയ്ക്കുന്നു മറിച്ച്, 497-ാം വകുപ്പ് സ്ത്രീ പുരുഷ സമത്വം എന്ന ആശയത്തിന് വിരുദ്ധമാണെന്നും അതുകൊണ്ട് വ്യഭിചാരകുറ്റത്തിൽ പുരുഷനോടൊപ്പം സ്ത്രീയും ശിക്ഷിക്കപ്പെടേണ്ടതുമാണെന്നാണ് പുരുഷവാദികളുടെ ആവശ്യം. മാറിയ സാമൂഹിക ക്രമത്തിൽ സ്ത്രീകൾ അവർക്ക് അനുകൂലമായ ഈ നിയമവ്യവസ്ഥ ദുരുപയോഗം ചെയ്യുമെന്നും മറ്റുമാണ് ഇക്കൂട്ടർ ആശങ്കപ്പെടുന്നത്.

ഇത്തരുണത്തിലാണ്, 497-ാം വകുപ്പിന് കേന്ദ്ര സർക്കാർ നിയോഗിച്ച നീതിന്യായ വ്യവസ്ഥാപരിഷ്കരണം സംബന്ധിച്ച ജസ്റ്റീസ് മളീമഠ് കമ്മിറ്റിയുടെ ഭേദഗതി നിർദ്ദേശം ശ്രദ്ധേയമാകുന്നത്. വ്യഭിചാരം സംബന്ധിച്ച കുറ്റവ്യവസ്ഥയുടെ പരിധിയിൽ പുരുഷനോടൊപ്പം സ്ത്രീയെ കൂടി ഉൾപ്പെടുത്തണമെന്ന ഭേദഗതി നിർദ്ദേശമാണ് ഈ കമ്മിറ്റി അതിന്റെ റിപ്പോർട്ടിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. പരസ്ത്രീകളുമായി ശാരീരിക ബന്ധം പുലർത്തുന്ന പുരുഷനെ ശിക്ഷിക്കുന്നു എന്ന കാരണത്താൽ പരപുരുഷനുമായി ശാരീരിക ബന്ധം പുലർത്തുന്ന സ്ത്രീയേയും ശിക്ഷിക്കേണ്ടതാണെന്നും അതിലേക്ക് ഇൻഡ്യൻ ശിക്ഷാ നിയമസംഹിത ഭേദഗതി ചെയ്യേണ്ടതുണ്ടെന്നുമാണ് കമ്മിറ്റിയുടെ അഭിപ്രായം.

മേൽ വിവരിച്ച ഭേദഗതി നിർദ്ദേശങ്ങൾ സ്ത്രീകൾക്ക് ഗുണകര മാണോയെന്നതും, വൈവാഹിക ജീവിതത്തിന്റെ കെട്ടുറപ്പിക്കുന്നതിന് പര്യാപ്തമാണോയെന്നതും സംബന്ധിച്ച പ്രായോഗിക വശങ്ങളാണ് ഇവിടെ പരിഗണിക്കപ്പെടേണ്ടത്. ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 15(3)- ൽ സ്ത്രീകൾക്ക് നൽകിയിട്ടുള്ള പ്രത്യേക പരിരക്ഷ കണക്കിലെടുക്കുമ്പോൾ ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയുടെ 497-ാം വകുപ്പ് ക്രിമിനൽ നടപടി നിയമസംഹിതയുടെ 198-ാം വകുപ്പ് എന്നിവയ്ക്ക് സ്ത്രീപക്ഷക്കാർ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികൾ കൊണ്ടുവരുന്നതിൽ നിയമ തടസ്സമില്ല.

ഇക്കാര്യത്തിൽ കോടതികളും അവയുടെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ 497-ാം വകുപ്പ്, ക്രിമിനൽ നടപടി നിയമസംഹിതയിലെ 198-ാം വകുപ്പ് എന്നിവ ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിന് വിരുദ്ധമാണെന്ന് ചൂണ്ടികാണിച്ചുകൊണ്ട് ഫയൽ ചെയ്യപ്പെട്ട കേസുകളിൽ ഭരണഘടനാപരമായി സ്ത്രീകൾക്കുള്ള പ്രത്യേക സംരക്ഷണ വ്യവസ്ഥകൾക്ക് ഊന്നൽ നൽകികൊണ്ടുള്ള വിധിന്യായങ്ങളാണ് ഉന്നതനീതിപീഠങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. **സൗമിത്രി വിഷ്ണു അഭി യൂണിയൻ ഓഫ് ഇൻഡ്യ** (എ.ഐ.ആർ 1985 എസ്.സി. 1618) എന്ന കേസിൽ 497-ാം വകുപ്പ് റദ്ദാക്കണമെന്ന ആവശ്യം തള്ളികളഞ്ഞ ബഹുമാനപ്പെട്ട സുപ്രീംകോടതി പ്രസ്തുത നിയമവ്യവസ്ഥയ്ക്ക് ഉചിതമായ ഭേദഗതികൾ കൊണ്ടുവരേണ്ടതുണ്ടോയെന്ന് പരിശോധിക്കേണ്ടത് നിയമനിർമ്മാണസഭകളാണെന്നും അഭിപ്രായപ്പെട്ടു. ഭാരതത്തിലെ ഭൂരിഭാഗം വരുന്ന വനിതകളുടെ, പ്രത്യേകിച്ചും ഗ്രാമീണമേഖലയിലെ വനിതകളുടെ, പിന്നോക്കാവസ്ഥയും, സാമൂഹികസാമ്പത്തിക രാഷ്ട്രീയ മേഖലകളിലെ അവരുടെ മന്ദഗതിയിലുള്ള പുരോഗതിയും കണക്കിലെടുക്കുമ്പോൾ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ 497-ാം വകുപ്പിന്റെ ആവശ്യത്തിലേക്ക് പുരുഷനൊപ്പം സ്ത്രീയും ശിക്ഷിക്കപ്പെടേണ്ടതാണെന്ന വാദവും നീതീകരിക്കാവുന്നതല്ല. മാറിയ സാമൂഹിക ക്രമത്തിൽ, സ്ത്രീകൾ അവർക്ക് അനുകൂലമായ ഈ നിയമവ്യവസ്ഥ ദുരുപയോഗം ചെയ്യുമെന്നും മറ്റുമുള്ള ആശങ്കകൾക്കും അടിസ്ഥാനമുണ്ടെന്ന് കരുതുവാൻ ന്യായമില്ല.

നിലവിൽ വൈവാഹികേതര ശാരീരികബന്ധത്തിന് ഇൻഡ്യൻ ശിക്ഷാ നിയമസംഹിത പൂർണ്ണമായ വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. അവിവാഹിത/വിധവ എന്നിവരുമായുള്ള ശാരീരികബന്ധം, വിവാഹിതയായ സ്ത്രീയുടെ ഭർത്താവിന്റെ അറിവോ സമ്മതത്തോടെയോ ഉള്ള ശാരീരികബന്ധം എന്നിവ 497-ാം വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നതും ശ്രദ്ധേയമാണ്. വ്യഭിചാരിയായ പുരുഷനൊപ്പം സ്ത്രീയും ശിക്ഷിക്കപ്പെടുന്നത് പുരുഷനോ/സ്ത്രീയ്ക്കോ ഗുണകരമാകുന്നില്ലെന്ന് മാത്രമല്ല, അതുവഴി സ്ത്രീ-പുരുഷ സമത്വം കൈവരിക്കാനാകുമെന്ന ഒരു കൂട്ടരുടെ വാദം സ്ത്രീകൾക്ക് തിരിച്ചടി മാത്രം നൽകുന്നതായിരിക്കും. ഇൻഡ്യൻ ശിക്ഷാ നിയമസംഹിത പ്രകാരം, അവിഹിതവേഴ്ച കുറ്റകരമാക്കിയിട്ടുണ്ടെങ്കിലും, ഇൻഡ്യൻ തെളിവു നിയമത്തിന്റെ കാർക്കശ്യ സ്വഭാവം നിമിത്തം പലപ്പോഴും പ്രസ്തുത കുറ്റം നീതിന്യായ കോടതികളിൽ തെളിയിക്കപ്പെടുന്നത് ദുഷ്ക്കരമാണ്. നിലവിലെ നിയമ

വ്യവസ്ഥയനുസരിച്ച് "വ്യഭിചാര ജീവിതം നയിക്കുന്നു" എന്നത് ജീവിത പങ്കാളിയിൽ നിന്നും വിവാഹമോചനം നേടുന്നതിനുള്ള മതിയായ ഒരു കാരണമാണ്. എന്നിരുന്നാലും, വിവാഹബന്ധം നിലനിർത്തുന്നതിനായി തന്റെ ഇണയുടെ പരസ്ത്രീ/പരപുരുഷ ബന്ധത്തെ സ്വധർമ്മത്തിൽ നിന്നുള്ള കേവല വ്യതിചലനമായി മാത്രം കണ്ട് അത്തരം തെറ്റുകൾ പൊറുത്ത് മാപ്പാക്കുകയോ അവർക്കെതിരെ ക്രിമിനൽ നടപടി അവലംബിക്കുന്നതിനു പകരം മറ്റ് പരിഹാരമാർഗങ്ങൾ തേടുകയോ ചെയ്യുന്ന ധാരാളം ഉദാഹരണങ്ങളും ഉണ്ട്.

ചുരുക്കത്തിൽ 497-ാം വകുപ്പിന് ജസ്റ്റിസ് മളീമഠ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കാനിടയുള്ളതാണ്. നിലവിലുള്ള നിയമ വ്യവസ്ഥയുടെ പ്രായോഗികമായ ഉദ്ദേശ്യ ലക്ഷ്യം മനസ്സിലാക്കാതെയുള്ള വ്യാഖ്യാനങ്ങളും ഭേദഗതി നിർദ്ദേശങ്ങളുമാണ് ഇപ്പോൾ കണ്ടുവരുന്നത്. ഭാര്യാഭർതൃ ബന്ധത്തിൽ വ്യക്തികളുടെ പദവിയോ സ്ഥാനമോ അല്ല; മറിച്ച് 'കുടുംബം' എന്ന വ്യവസ്ഥിതിയുടെ ഭദ്രതയും സദാചാരവും കാത്തുസൂക്ഷിക്കുന്നതിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. ഇതിനുള്ള ധാർമ്മിക ഉത്തരവാദിത്വം പുരുഷനിൽ നിക്ഷിപ്തമാക്കപ്പെട്ടു എന്നുമാത്രം. ഇത് മനസ്സിലാക്കാതെയുള്ള വ്യാഖ്യാനങ്ങളും ഭേദഗതി നിർദ്ദേശങ്ങളുമാണ് തെറ്റായ വിശകലനങ്ങളിലേയ്ക്കും നിഗമനങ്ങളിലേയ്ക്കും നയിക്കുന്നത്. ഇത് തിരിച്ചറിഞ്ഞു കൊണ്ട് വേണം 497-ാം വകുപ്പിനെ സമീപിക്കേണ്ടത്. വിവാഹേതര ശാരീരിക ബന്ധം ഒരു ക്രിമിനൽ കുറ്റം ആയി നിലനിർത്തേണ്ടതുണ്ടോ എന്നതു സംബന്ധിച്ച ചർച്ചകളും ഇന്ന് അനിവാര്യമായിരിക്കുകയാണ്. ധാർമികതയ്ക്ക് വില കൽപ്പിക്കുന്ന മറ്റു പല ലോക രാഷ്ട്രങ്ങളിലും വിവാഹേതര ശാരീരിക ബന്ധം ഇപ്പോൾ ക്രിമിനൽ കുറ്റം അല്ല; പകരം ഒരു സിവിൽ പരിഹാരമാർഗ്ഗമായാണ് പരിഗണിച്ചിട്ടുള്ളത്. ഇതിനു പുറമേ, നിലവിലുള്ള മറ്റു സ്ത്രീ സംരക്ഷണ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത രീതിയിൽ, വ്യഭിചാരിയായ ഭർത്താവിൽ നിന്നും വിശ്വാസ ലംഘനത്തിനോ അപകീർത്തിപ്പെടുത്തലിനോ നഷ്ടപരിഹാരം തേടുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കുന്ന നിയമ പരിഷ്കരണ നടപടികളും അവലംബിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ദേശീയ തലത്തിൽ ഒരു അഭിപ്രായസമന്വയം ഉണ്ടാക്കിയ ശേഷം അതനുസരിച്ച് നിയമങ്ങൾ ചിട്ടപ്പെടുത്തുന്നതാകും ഉചിതം.

# പൊതുതാത്പര്യഹർജികളുടെ പ്രസക്തി

**റ്റി. ജയകുമാർ,**
*അസിസ്റ്റന്റ് ലീഗൽ ആഫീസർ, നിയമവകുപ്പ്*

ഇന്നത്തെ ഇന്ത്യയുടെ സാമൂഹ്യ വ്യവസ്ഥിതിയിൽ പൊതുതാത്പര്യ ഹർജികളുടെ പ്രസക്തിയേറി വരികയാണ്. ചരിത്രപരമായ ഈ ദൗത്യം ഏറ്റെടുക്കുന്നതിൽ നമ്മുടെ നീതിന്യായവിഭാഗം ഒട്ടും വൈമുഖ്യം കാട്ടിയിട്ടില്ലയെന്നുള്ളത് നീതി നിഷേധിക്കപ്പെട്ട നിശബ്ദ ജനലക്ഷങ്ങൾക്ക് ആശ്വാസം പകരുന്ന സംഗതിയാണ്. ഭരണകൂടങ്ങൾ ഭരണഘടനയുടെ അന്തഃസത്തയ്ക്ക് വിരുദ്ധമായി നീങ്ങുമ്പോൾ, അവരെ നേർവഴിയ്ക്കു നയിയ്ക്കേണ്ട കടമയാണ് കോടതികൾക്ക് ഇന്നുള്ളത്. അലസതയിലും നിഷ്ക്രിയത്വത്തിലും ആണ്ടുപോയ കാര്യനിർവ്വഹണ വിഭാഗത്തിന്റെയും നിയമനിർമ്മാണ സഭയുടെയും പ്രവർത്തനങ്ങളിൽ കോടതികൾ ഇടപെടുമ്പോൾ, അതിനെ കോടതികളുടെ അതിസാഹസികത എന്നും ജുഡീഷ്യൽ ആക്റ്റിവിസം (അതിക്രീയത്വം) എന്നുമൊക്കെ പറഞ്ഞ് വിമർശിക്കുന്നവർ ഏറെയുണ്ട്.

**<u>ഉത്ഭവം</u>**

1980-കളിൽ അമേരിക്കൻ ഐക്യനാടുകളിലാണ് പൊതു താത്പര്യ ഹർജികൾ ഉത്ഭവിച്ചത്. പൊതുതാത്പര്യ ഹർജി (Public Interest Litigation) എന്ന പദം ആദ്യമായി ഉപയോഗിച്ചത് അമേരിക്കൻ നിയമ പണ്ഡിതനായ ശ്രീ. എബ്രഹാം ഷായേസ് ആണ് (The Role of the judge in Public Interest Litigation, 89 Harwad Law Review 1281 (May 1976). കോടതി ഉത്തരവുകളിലൂടെ നിലവിലുള്ള നിയമങ്ങൾ മാറ്റിയോ പുതിയ വ്യാഖ്യാനങ്ങൾ നൽകിയോ പുതിയ പൊതുനിയമങ്ങൾ/നയങ്ങൾ ആവിഷ്ക്കരിച്ച് സാമൂഹ്യമാറ്റം വരുത്തുവാൻ ശ്രമിക്കുന്ന വക്കീലന്മാരുടെയും പൊതുകാര്യപ്രസക്തരുടെയും

പ്രവണതയാണ് അദ്ദേഹം പൊതുതാത്പര്യഹർജികൾ എന്ന് വിളിച്ചത്. ഒരു കേസ് കൊടുക്കണമെങ്കിൽ Locus standi (കോടതിയിൽ കേസ് കൊടുക്കുന്നതിനുള്ള അവകാശം) ഉണ്ടായിരിക്കണമെന്ന നിബന്ധനയിൽ ഇളവുവരുത്തുവാൻ കോടതികൾ തുനിഞ്ഞതോടെ പൊതുതാത്പര്യ ഹർജികൾ ഉദയം ചെയ്യാൻ തുടങ്ങി.

<u>നിർവ്വചനം</u>

ദാരിദ്ര്യം കൊണ്ടോ അജ്ഞത കൊണ്ടോ സാമൂഹ്യമായ അവശത കൊണ്ടോ മറ്റേതെങ്കിലും ന്യായമായ കാരണങ്ങൾകൊണ്ടോ കോടതിയെ സമീപിയ്ക്കുവാൻ കഴിവില്ലാത്തവർക്കുവേണ്ടി പൊതുകാര്യങ്ങളിൽ താത്പര്യ മുള്ളവർ കൊടുക്കുന്ന വ്യവഹാരമാണ് പൊതുതാത്പര്യഹർജികൾ. ബ്ലാക്കിന്റെ പ്രസിദ്ധമായ നിയമ ഡിക്ഷണറിയിൽ പൊതുതാത്പര്യഹർജികളെ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്.

"പൊതുതാത്പര്യം നടപ്പിലാക്കുന്നതിനുവേണ്ടിയോ പൊതുജനങ്ങളുടേയോ ഏതെങ്കിലും വിഭാഗത്തിന്റെയോ സാമ്പത്തികമായതോ മറ്റേതെങ്കിലും താത്പര്യത്തേയോ ബാധിക്കുന്ന സാമാന്യ അവകാശങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടിയോ നിയമ കോടതികളിൽ ആരംഭിക്കുന്ന നിയമ വ്യവഹാരമാണ് പൊതുതാത്പര്യഹർജികൾ. ഒരു നിയമത്തിലും പൊതുതാത്പര്യഹർജികളെ സംബന്ധിച്ച നിർവ്വചനമില്ല. കോടതികളാണ് പൊതുതാത്പര്യം എന്താണെന്ന് നിർവ്വചിച്ചു കൊണ്ടിരിക്കുന്നത്"

<u>ഇന്ത്യയിലെ ഉത്ഭവം</u>

അമേരിക്കൻ കോടതികൾ ആവിഷ്ക്കരിച്ച പൊതുതാത്പര്യ ഹർജികളുടെ ഒരു വകഭേദമാണ് ഇന്ത്യയിലെ പൊതുതാത്പര്യഹർജികൾ. ജസ്റ്റീസ്.പി.എൻ ഭഗവതിയും ജസ്റ്റീസ്. വി.ആർ കൃഷ്ണയ്യരുമാണ് ഇന്ത്യയിൽ ആദ്യമായി പൊതുതാത്പര്യ ഹർജികൾ കോടതിയിൽ ഫയൽ ചെയ്യുവാൻ അനുവാദം നൽകിയത്(1979) ഹുസൈനറ ഖാത്തൂൻ അഭി സ്റ്റേറ്റ് ഓഫ് ബീഹാർ എന്ന കേസിൽ, ഇന്ത്യൻ എക്സ്പ്രസ് ദിനപത്രത്തിൽ വന്ന 'വിചാരണ കാത്ത്' ജയിലിൽ കഴിയുന്ന തടവുകാർ അനുഭവിക്കുന്ന പീഡനങ്ങൾ സംബന്ധിച്ച വാർത്തയിൻമേൽ ജസ്റ്റിസ്. ഭഗവതി, 'സത്വരമായ വിചാരണ'യും നീതിയും ഒരു മൗലികാവകാശമാണെന്ന് പ്രഖ്യാപിച്ചു.

പൊതുതാത്പര്യഹർജികൾ ജനകീയമാക്കിയതിൽ ശ്രീ. എം. സി.മേത്തയുടെ പങ്ക് സ്മരണീയമാണ്. ഗംഗാനദിയുടെ മലിനീകരണം, ബാലവേല നിരോധനം, ട്രാൻസ്പോർട്ട് സിസ്റ്റം മലിനീകരണ മുക്തമാക്കൽ തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹം നൽകിയ പൊതു താത്പര്യഹർജികളിന്മേൽ സുപ്രീംകോടതിയുടെ പ്രസിദ്ധമായ വിധിന്യായങ്ങൾ ഇന്ത്യൻ നീതിന്യായ ചരിത്രത്തിലെ ഉജ്ജ്വലമായ ഏടുകളാണ്.

കല്ല്യാണേശ്വരി അഭി യൂണിയൻ ഓഫ് ഇന്ത്യ (WPL-260/2004- Judgement dt. 21-01-2011) എന്ന കേസിൽ കത്ത് മുഖാന്തിരമുള്ള പൊതുതാത്പര്യഹർജികൾ ഏതൊക്കെയായിരിക്കണമെന്ന് താഴെ പറയുന്ന രീതിയിൽ സുപ്രീംകോടതി നിബന്ധനകൾ വെച്ചു.

(i) അടിമവേല

(ii) ഉപേക്ഷിയ്ക്കപ്പെട്ട കുട്ടികൾ

(iii) മിനിമം വേതനം നൽകാതിരിക്കൽ, തൊഴിൽ നിയമം ലംഘിക്കൽ, സാധാരണ തൊഴിലാളികളെ ചൂഷണം ചെയ്യൽ തുടങ്ങിയവ.

(iv) ജയിലിലെ പീഡനം/14 വർഷം തടവിന് ശേഷമുള്ള വിടുതൽ/ കാലാവധിയ്ക്ക് മുമ്പുള്ള ജയിൽ മോചനം/ജയിൽ മരണം/ജയിൽ സ്ഥലം മാറ്റം/സ്വന്തം ജാമ്യത്തിന് മേൽ ജയിൽ മോചനം/ത്വരിത വിചാരണ മുതലായവ.

(v) പോലീസിന് എതിരായ കേസ് രജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുന്നത് സംബന്ധിച്ച പരാതി/പോലീസ് പീഡനം/പോലീസ് കസ്റ്റഡി മരണം മുതലായവ.

(vi) സ്ത്രീകൾക്ക് എതിരായ അതിക്രമം, ഭാര്യാ പീഡനം, ഭാര്യയെ തീപ്പൊള്ളൽ ഏൽപ്പിക്കൽ, ബലാത്സംഗം/കൊലപാതകം/തട്ടി ക്കൊണ്ടുപോകൽ.

(vii) പട്ടികജാതി/പട്ടിക വർഗ്ഗ/ദാരിദ്ര്യ വിഭാഗങ്ങളെ പോലീസോ മറ്റ് അധികാരികളോ പീഡിപ്പിക്കൽ മുതലായവ.

(viii) പരിസ്ഥിതി മലിനീകരണം/പരിസ്ഥിതി സംതുലനം തടസ്സ പ്പെടുത്തൽ/മയക്കുമരുന്ന്/ഭക്ഷ്യവസ്തുക്കളിലെ മായംചേർക്കൽ/സംസ്ക്കാര

ത്തേയും പൈതൃകത്തേയും നിലനിറുത്തൽ/പുരാവസ്തുക്കൾ/വനം വന്യജീവി സംരക്ഷണം/പൊതു പ്രാധാന്യമുള്ള വിഷയങ്ങൾ

(ix) കലാപത്തിന് ഇരയായവർ

(x) കുടുംബ പെൻഷൻ

ചുവടെ വിവരിക്കുന്ന സാഹചര്യങ്ങളിൽ പൊതുതാത്പര്യ ഹർജികൾ അംഗീകരിക്കപ്പെടാറില്ല.

(i) വസ്തു ഉടമ-വാടകക്കാരൻ സംബന്ധിച്ച വിഷയങ്ങൾ.

(ii) സർക്കാർ സർവ്വീസ് /പെൻഷൻ/ഗ്രാറ്റ്യൂറ്റി.

(iii) മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനം തുടങ്ങിയവ

(iv) ഹൈക്കോടതിയിലേയും കീഴ്ക്കോടതികളിലേയും വിചാരണ ത്വരിതപ്പെടുത്തൽ.

സുനിൽ ബാത്ര അഭി ഡൽഹി അഡ്മിനിസ്ട്രേഷൻ (1978) 4 എസ്.സി.സി (494) എന്ന കേസിൽ ജയിൽ അധികൃതരുടെ പീഡനത്തെ സംബന്ധിച്ചു ലഭിച്ച ഒരു കത്തിനെ സുപ്രീംകോടതി പൊതു താത്പര്യഹർജിയായി പരിഗണിച്ചു. ഷീലബഴ്സെ അഭി സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര (1983) 2 എസ്.സി.സി 96-എന്ന കേസിൽ സ്ത്രീ തടവുകാരുടെ പ്രശ്നങ്ങൾ ജേർണലിസ്റ്റായ ശ്രീമതി ഷീലബഴ്സെ ഉയർത്തിക്കൊണ്ടുവരികയും കോടതി അതിന്മേൽ സത്വര നടപടി കൈകൊള്ളുകയുമുണ്ടായി. വിശാഖ അഭി സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ (1997) 6 എസ്.സി.സി 241) എന്ന കേസിലെ ലിംഗനീതിയെ സംബന്ധിച്ച സുപ്രീംകോടതിയുടെ ഇടപെടൽ ഇത്തരുണത്തിൽ സ്മരണീയമാണ്. 1992-ൽ രാജസ്ഥാനിൽ വെച്ച് ശൈശവവിവാഹം തടയാൻ ശ്രമിച്ചതിന്റെ വിരോധം നിമിത്തം, ശ്രീമതി. ഭൻവാരി ദേവി എന്ന സാമൂഹ്യ പ്രവർത്തക സമൂഹത്തിന്റെ ഉന്നത ശ്രേണിയിലുള്ളവരാൽ അതിക്രൂരമായി കൂട്ടബലാത്സംഗം ചെയ്യപ്പെട്ടു. ധീരയായ ആ സ്ത്രീ ഈ അതിക്രമത്തിനെതിരെ നിയമയുദ്ധം നടത്തിയെങ്കിലും വിചാരണ കോടതിയിൽ പ്രതികൾ കുറ്റവിമുക്തരാക്കപ്പെട്ടു. എങ്കിലും ശ്രീമതി ഭൻവാരി ദേവി, ശ്രീമതി വിശാഖയുടെ നേതൃത്വത്തിലുള്ള സ്ത്രീപക്ഷ

സംഘടനകളുമായി ഈ അനീതിക്കെതിരെ സുപ്രീംകോടതിയിൽ, ജോലി ചെയ്യുന്ന സ്ത്രീകളുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പൊതുതാത്പര്യ ഹർജി ഫയൽ ചെയ്തു. ഈ കേസിൽ ജോലി സ്ഥലങ്ങളിലെ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ സുപ്രീംകോടതി പുറപ്പെടുവിച്ചു. ലൈംഗികാതിക്രമമെന്നാൽ ശാരീരികബന്ധം മാത്രമല്ലെന്നും, അതിനുവേണ്ടിയുള്ള ഏതൊരു ശ്രമവും, മാനസിക പീഢനം, ലൈംഗികചുവയുള്ള സംഭാഷണം, രതിവൈകൃത ചിത്രങ്ങൾ കാണിക്കൽ, സ്തീകൾക്ക് അസ്വീകാര്യമായ ലൈംഗിക ചുവയുള്ള വാക്കോ ആംഗ്യമോ കൂടി ലൈംഗികാതിക്രമത്തിന്റെ പരിധിയിൽ വരുമെന്നും സുപ്രീം കോടതി പ്രസ്താവിക്കുകയുണ്ടായി. ജോലി സ്ഥലത്തെ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക ചൂഷണം തടയുന്നതിന് സ്ത്രീകളുടെ നേതൃത്വത്തിലുള്ള പരാതി പരിഹാര സമിതികൾ ഉണ്ടാക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു.

എസ്.പി. ഗുപ്ത അഭി യൂണിയൻ ഓഫ് ഇന്ത്യ [(1981) സപ്ലി. എസ്.സി.സി 87] എന്ന കേസിൽ ബാർ അസോസിയേഷനുകൾക്കും അതുപോലുള്ള സംഘടനകൾക്കും പൊതുതാത്പര്യഹർജികൾ മുഖേന വ്യവഹാരപ്പെടുവാനുള്ള അവകാശമുണ്ടെന്ന് പ്രസ്താവിച്ചുകൊണ്ടുള്ള വിധിന്യായം വളരെ ശ്രദ്ധേയമാണ്. വന സംരക്ഷണത്തിനായി സുപ്രീംകോടതിയിൽ കൗൺസിൽ ഫോർ എൻവയോൺമെന്റ് ആക്ഷൻ അഭി യൂണിയൻ ഓഫ് ഇന്ത്യ (1996 എ.ഐ.ആർ എസ്.സി 1446) എന്ന കേസിൽ 'ഗ്രീൻ ബെഞ്ച്' രൂപീകരിച്ചതും ഒരു പൊതുതാത്പര്യ ഹർജി പ്രകാരമാണ് . രാഷ്ട്രീയക്കാർക്കെതിരായുള്ള പല അഴി മതി കേസ്സുകളും വെളിച്ചം കണ്ടത് പൊതുതാത്പര്യഹർജികൾ മൂലമാണെന്നുള്ള കാര്യം നമുക്ക് മറക്കാൻ കഴിയില്ല. അഴിമതിപോലുള്ള സാമൂഹ്യ അനീതികൾ

സമൂഹത്തിലെ പാവപ്പെട്ടവരെയാണ് ദോഷകരമായി ബാധിക്കുന്നത്. ഇവിടെയും പൊതുതാത്പര്യ ഹർജികളാണ് രക്ഷകന്റെ റോളിൽ അവതരിച്ചത്....

എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷി ക്കേണ്ട സർക്കാരുകൾ പാവപ്പെട്ടവരുടെ ജീവിക്കുവാനുള്ള മൗലികാവകാശത്തെ തന്നെ ചോദ്യം ചെയ്യുമ്പോൾ, നിശബ്ദ ജനങ്ങൾക്ക് തങ്ങളുടെ അവകാശങ്ങൾ പുനഃസ്ഥാപിച്ചു കിട്ടുന്നതിനും അന്യായങ്ങൾക്കെതിരെ നടപടിയെടുക്കുന്നതിനും വേണ്ടി കോടതികളെ ശരണം പ്രാപിക്കേണ്ടിവരുന്നു. അവകാശബോധമുള്ള ജനത കോടതിയെ തങ്ങളുടെ ഏക ആശ്രയമായി കാണുന്നുവെങ്കിൽ അവരെ കുറ്റ

പ്പെടുത്തിയിട്ടു കാര്യമില്ല. ഇങ്ങനെ തങ്ങളുടെ ചെറിയ ചെറിയ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി പൊതുതാത്പര്യ ഹർജികൾ ഉപയോഗപ്പെടുത്തേണ്ടിവ രുന്നുവെന്നുള്ളത് ഭരണവ്യവസ്ഥയുടെ ദൗർബല്യത്തിലേക്കാണ് വിരൽ ചൂണ്ടുന്ന ത്. ഈയടുത്ത കാലത്ത് കൊതുകുശല്യത്തിന് പരിഹാരമുണ്ടാക്കാൻവരെ പൊതു താത്പര്യഹർജി ഉപയോഗപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. കാര്യനിർവ്വഹണ വിഭാഗം ചെയ്യേണ്ട ചെറിയ ജോലികൾക്കു വരെ പൊതുതാത്പര്യ ഹർജികൾ ഉപയോഗ പ്പെടുത്തുന്നത് കോടതികളുടെ വിലപ്പെട്ട സമയവും പണവും നഷ്ടപ്പെടുത്തു വാനും കാര്യനിർവ്വഹണ വിഭാഗത്തിന്റെ ദിശാബോധവും ചുമതലാബോധവും ആത്മവീര്യവും നഷ്ടപ്പെടുത്തുവാനും മാത്രമേ ഉപകരിക്കൂ.

**<u>നടപടിക്രമങ്ങൾ</u>**

പൊതുതാത്പര്യ ഹർജികൾ കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ വളരെ ലളിതമാണ്. പൊതുതാത്പര്യ ഹർജികളുടെ പ്രത്യേകതകൾ ഇനി പറയുന്നവയാണ്:

(i) പ്രായപൂർത്തിയായ ആർക്കും പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ (PIL) എന്ന നിലയിൽ കേസു കൊടുക്കാം.

(ii) ഒരു സത്യവാങ്മൂലവും പരാതിയും തയ്യാറാക്കി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ശരിപകർപ്പാണെന്ന് സാക്ഷ്യപ്പെടുത്തി കോടതിയിൽ ഫയൽ ചെയ്യണം. എതിർകക്ഷിക്ക് ഓരോ പകർപ്പും (അതായത് 10 പ്രതികൾ ഉണ്ടെങ്കിൽ 3+10 പകർപ്പ്) കോടതിയിൽ ഫയൽ ചെയ്യണം. ഗവൺമെന്റ് പ്ലീഡർക്ക് പകർപ്പു കൊടുക്കണം. കേന്ദ്ര സർക്കാരിനെ സംബന്ധിച്ചാണെങ്കിൽ കേന്ദ്ര സർക്കാരിന്റെ വക്കീലിനും പകർപ്പു കൊടുക്കണം. പകർപ്പിന്റെ കൂടെ ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി കൊടുത്തിരിക്കണം.

(iii) 226-ാം അനുച്ഛേദ പ്രകാരമാണ് പൊതുതാത്പര്യ ഹർജികൾ ഫയൽ ചെയ്യുന്നത്.

(iv) ജനങ്ങളെ പൊതുവായി ബാധിക്കുന്ന ഏതു വിഷയത്തിന്മേലും ഹൈക്കോ ടതിയിൽ പൊതുതാത്പര്യ ഹർജി കൊടുക്കാം. ദുരിതമനുഭവിക്കുന്ന എല്ലാ വർക്കും കൂടി പൊതുവായി ഒരു ഹർജി മതിയാകും. ഹർജി ഫയൽ ചെയ്യുന്ന ആൾ ദുരിതമനുഭവിക്കുന്ന ആൾ ആകണമെന്നില്ല.

(v) 226-ാം അനുച്ഛേദപ്രകാരമുള്ള ഹർജികൾ മൗലികാവകാശങ്ങൾ പുനഃസ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി മാത്രമല്ല, നിയമപരമായ ഏത് അവകാശങ്ങളും പുനഃസ്ഥാപിച്ചു കിട്ടുന്നതിനും നീതി ലഭ്യമാക്കുന്നതിനും ദുരിതമകറ്റുന്നതിനും നിയമപരമായ കടമകൾ അതാത് സ്ഥാപനങ്ങളെക്കൊണ്ട് നിർവ്വഹിപ്പിക്കുന്നതിനുവേണ്ടിയും നിയമപരമായ മറ്റ് ഏത് ആവശ്യത്തിനും പൊതുതാത്പര്യഹർജികൾ ഫയൽ ചെയ്യാം.

(vi) എതിർകക്ഷികൾ ഹാജരാകാതെ വരികയാണെങ്കിൽ, കോടതിക്ക് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

(vii) പൊതുതാത്പര്യ ഹർജികൾ സ്വീകരിക്കാനും തള്ളിക്കളയാനും ഇനി പറയുന്ന സാഹചര്യങ്ങളിൽ കോടതികൾക്ക് വിവേചനാധികാരമുണ്ട്.

(a) ദുഃഖനിവാരണത്തിന് മറ്റ് വ്യവസ്ഥാപിത മാർഗ്ഗങ്ങളുണ്ടെങ്കിൽ

(b) പരാതിക്കാരന്റെ ചെയ്തികൾ അയാളെ ദുഃഖനിവാരണത്തിന് അനർഹനാക്കുന്നുവെങ്കിൽ

(c) ഹർജിയിൽ വസ്തുതാപരമായി എന്തെങ്കിലും തർക്ക വിഷയങ്ങൾ ഉണ്ടെങ്കിൽ

(d) നീതി ലഭ്യമാക്കുന്നതിന് കോടതിയുടെ ഉത്തരവ് ആവശ്യമില്ലാതായി വരുമ്പോൾ

(e) കോടതിയുത്തരവ് ഫലവത്തല്ലെങ്കിൽ

(f) ഹർജിയിൽ ആരോപിക്കുന്ന നിയമമോ ഉത്തരവുകളോ ഇതുവരെയും പ്രാബല്യത്തിൽ വന്നിട്ടില്ലായെങ്കിൽ

(viii) ദാരിദ്ര്യം കൊണ്ടും സാമൂഹ്യപരവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥകൊണ്ടും കോടതിയെ സമീപിക്കുവാൻ കഴിവില്ലാത്തവർക്കുവേണ്ടി, പൊതുകാര്യങ്ങളിൽ താത്പര്യമുള്ള ആർക്കും കോടതിയിൽ പൊതുതാത്പര്യ ഹർജി കൊടുക്കാം.

(ix) ഹർജിയിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ അതാത് ഹൈക്കോടതികളുടെ അധികാര പരിധിക്കുള്ളിലായിരിക്കണം.

(x) യഥാർത്ഥ വസ്തുതകൾ അറിയുന്നതിനുവേണ്ടി ബന്ധപ്പെട്ട കോടതികൾക്ക് അന്വേഷണ കമ്മീഷനെ നിയമിക്കുന്നതിന് അധികാരമുണ്ട്.

(xi) ചില സാഹചര്യങ്ങളിൽ ഇൻലന്റിലോ കാർഡിലോ എഴുതുന്ന കത്തുകൾ പോലും പൊതുതാത്പര്യ ഹർജികളായി പരിഗണിച്ചുകൊണ്ട് കോടതികൾ നടപടികൾ എടുക്കാറുണ്ട്.

പൊതുതാത്പര്യ ഹർജികളുടെ യഥാർത്ഥ ലക്ഷ്യം സമൂഹത്തിന്റെ പൊതുവായുള്ള നന്മയായിരിക്കണം. എങ്കിലും പൊതു താത്പര്യ ഹർജികളും റിട്ട് ഹർജികളും കൈകാര്യം ചെയ്യുമ്പോൾ വ്യക്തിയുടെ താത്പര്യവും സമൂഹത്തിന്റെ താത്പര്യവും തമ്മിൽ ഒരു സംതുലിതാവസ്ഥ ഉണ്ടാക്കുവാൻ കോടതികൾ ശ്രമിക്കാറുണ്ട്. സമൂഹതാത്പര്യത്തിന് അൽപ്പം മുൻതൂക്കം കൊടുത്തുകൊണ്ടായിരിക്കും ഹർജികളിൽ തീർപ്പു കൽപ്പിക്കുന്നത്. എങ്കിലും വ്യക്തിയുടെ ന്യായമായ അവകാശങ്ങളും ഈ സന്ദർഭത്തിൽ കോടതികൾ പരിഗണിക്കാറുണ്ട്.

<u>ബാലിശവും ശല്യപ്പെടുത്തുന്നതുമായ പൊതുതാത്പര്യ ഹർജികൾ</u>

പൊതുതാത്പര്യത്തിന്റെ മറവിൽ വ്യക്തി താൽപര്യം സംരക്ഷിയ്ക്കാനായി ഫയൽ ചെയ്യുന്ന ഹർജികൾ, ബാലിശവും ശല്യപ്പെടുത്തുന്ന തരത്തിലുള്ളതും കോടതിയുടെ വിലപ്പെട്ട സമയം അപഹരിയ്ക്കുന്ന തരത്തിലുള്ള ഹർജികൾ, പ്രശസ്തിയ്ക്കു വേണ്ടിയും വ്യക്തി വിരോധത്തിന്റെ അടിസ്ഥാനത്തിലും ദ്രോഹ ചിന്തയോടെ നൽകുന്ന ഹർജികൾ, കോടതി നടപടികൾ ദുരുപയോഗം ചെയ്യുന്നതിനും ഉത്തമ ബോധ്യത്തോടെയല്ലാതെയും ഫയൽ ചെയ്യുന്ന ഹർജികൾ, തുടങ്ങിയ പൊതുതാത്പര്യ ഹർജികളെ കോടതികൾ അവഗണിക്കുകയാണ് പതിവ്. പ്രഥമ ദൃഷ്ട്യാ ബാലിശവും ശല്യപ്പെടുത്തുന്നതുമായ, ഉത്തമബോധ്യമില്ലാതെ പൊതുതാത്പര്യഹർജികൾ നൽകുന്നവരെ ശല്യക്കാരായ വ്യവഹാരിയായി പ്രഖ്യാപിക്കുകയും പിഴയും മറ്റ് ലഘുശിക്ഷകളും അത്തരക്കാരിൽ ചുമത്താറുമുണ്ട്. പൊതുതാത്പര്യ ഹർജികളിൽ ചിലതെങ്കിലും ഇപ്രകാരം ബാലിശമായതും ശല്യപ്പെടുത്തുന്ന തരത്തിലുള്ളതുമാണെന്ന് പറയേണ്ടിവരുന്നത് പൊതുതാത്പര്യ ഹർജികളുടെ പകിട്ട് കുറയ്ക്കുന്ന ഒന്നാണ്.

അതുപോലെതന്നെ ശ്രദ്ധേയമായ മറ്റൊരു കാര്യം പൊതുതാത്പര്യ ഹർജികളുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവാണ്. പൊതുതാത്പര്യ ഹർജികൾ സമൂഹത്തിലുണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ പഠനവിധേയമാക്കേണ്ടതാണ്.

എന്തു തന്നെയായാലും, ദരിദ്രനാരായണന്മാരുടെ ഈ നാട്ടിൽ തങ്ങളുടെ അന്തസ്സായി ജീവിക്കുവാനുള്ള അവകാശവും വ്യക്തി സ്വാതന്ത്ര്യവും പുനഃസ്ഥാപിച്ചു കിട്ടുന്നതിനുള്ള ഏറ്റവും ചെലവു കുറഞ്ഞതും കാര്യക്ഷമവുമായ മാർഗ്ഗം റിട്ട് ഹർജികളും പൊതുതാത്പര്യ ഹർജികളുമാണ്. വർഷം ചെല്ലുംതോറും പൊതുതാത്പര്യ ഹർജികളുടെ എണ്ണത്തിലുള്ള വർദ്ധന, നമ്മുടെ നീതിന്യായ വിഭാഗത്തിന്റെ കാര്യക്ഷമതയ്ക്കും നിഷ്പക്ഷതയ്ക്കുമുള്ള സാക്ഷിപത്രമാണ്. നിശബ്ദ ജനലക്ഷങ്ങൾക്ക് നമ്മുടെ കോടതികളിൽ അളവറ്റ വിശ്വാസമുണ്ടെന്നു വരുന്നത് ചക്രവാളത്തിലെ രജത രേഖയാണ്. കൂരിരുട്ടിലെ മിന്നൽപിണരാണ്.

# ഉൾത്താളുകളിൽ

സുപ്രീം കോടതി വിധിന്യായങ്ങ ൾ....................................................................3

ഹൈറേ ാടതി വിധി ന്യായങ്ങ ൾ.....................................................................24

ചട്ടങ്ങ ൾ...................................................................................................103

***ലേഖനങ്ങ ൾ***

മൗലിക കർത്തവ്യങ്ങ ളുടെ പ്രസക്തി..........................................................117

*—എസ്. എൻ. ജയകേശൻ*

വിവരാവകാശം ........................................................................................122

*— എം. കെ. സാദിഖ്*

2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്റ്റ് ...............................126

*—പി. വി. ചന്ദ്രബോസ്*

രജിസ്ട്രേഷൻ നിയമങ്ങ ൾ : ഒരു വിഹഗ വീക്ഷണം............................134

*— ആർ. രാജശേഖരൻ കുറുപ്പ്*

വിവാഹേതര ശാരീരിക ബന്ധത്തിലെ സ്ത്രീ-പുരുഷ സമത്വവും
ഇൻഡ്യൻ ശിക്ഷാ നിയമവും..........................................................140

*— വി. എം. രഹ്ന*

പൊതു താത്പര്യഹർജ്ജികളുടെ പ്രസക്തി..................................................146

*—റ്റി. ജയകുമാർ*